# സാഹിത്യഭൂഷണം.

Sahitya Bhooshanam

032:1:9
98

ണമണി പി. വി. ചാക്കൊ
വിദ്വാൻ എം. ഒ. അവരാ

032:1:9 G8
CHACO (P. V.) and
AVARA (M. O.).
Sahityabhushanam.

165332
032:1:9
G8

MUL
165332

**Madras University Library.**

DOCTRINA VIM PROMOVET INSITAM

Call Number 032:1:9 G8

Accession Number 165332

Available for loan from

This book should be returned on or before the date last marked below.

O. 61

Sahitya Bhushanam

# സാഹിത്യഭൂഷണം.

Venmani P. V. Chaco
and
Vidwan M. O. Avara

സമാഹർത്താക്കൾ


വെണ്മണി പി. വി. ചാക്കൊ

വിദ്വാൻ എം. ഒ. അവരാ



PUBLISHED BY

SREE VILASOM BOOK DEPOT,

N. Parur, Travancore.

1114.

[1st Edition.] [വില 1 ക.]


എല്ലാം പ്രതികളിലും പ്രസാധകന്റെ അടയാളമുണ്ടായിരിക്കും.


UNIVERSITY LIBRARY
29 MAR 1956

S G. PRESS, PARUR.

165332
38260
032:1:9
G8

# പ്രസ്താവന.

രസാത്മകങ്ങളും സദാചാരസുബോധകങ്ങളുമായ കവനതല്ലജങ്ങൾ സർവ്വലോകസമാദരണീയങ്ങളാണല്ലോ. അവയെ പാരായണം ചെയ്യുവാനുള്ള അഭിരുചിയും സൌകര്യവും എല്ലാവർക്കും വേണ്ടപോലെ ഉണ്ടായി എന്നു വരുന്നതല്ല. ഇത്തരം കാവ്യരത്നങ്ങളുമായി യുവജനങ്ങൾ പരിചയപ്പെടുന്നതിനും, മനോമോഹനമായ അവയുടെ മാധുരിയെ സമാസ്വാദിക്കുന്നതിനും, തദ്വാരാ സാംസ്കാരികമായ സന്മനോഭാവം അവരിൽ ദൃഢമൂലം വളരുന്നതിനും പര്യാപ്തമാകുമാറു്, നിഷ്കൃഷ്ടയോടുകൂടി ശേഖരിച്ചുനിബന്ധിച്ചിട്ടുള്ളതാണു് ഈ പ്രബന്ധം.

ജീവിതസത്യത്തെ പ്രകാശിപ്പിക്കുന്നവയും സാരോപദേശസഹിതങ്ങളുമായ ഈ പദ്യഖണ്ഡങ്ങൾ യുവഹൃദയങ്ങളെ തട്ടിയുണർത്തുവാൻ സർവ്വഥാ ശക്തങ്ങളായിപ്പരിണമിക്കുമെന്നാണു് ഞങ്ങളുടെ പ്രതീക്ഷ. ഭാഷാസാഹിത്യത്തിന്നു് ആശാസ്യമായ ഒരുൽകൃഷ്ടപദവിയെ പ്രദാനം ചെയ്ത കവികോകിലങ്ങളെപ്പററിയുള്ള സാമാന്യമായ ജ്ഞാനം യുവാക്കളിലുദ്ഭൂതമാക്കുവാൻ ഇപ്പരിശ്രമം പ്രയോജകമായാൽ സമാഹർത്താക്കൾ കൃതാർത്ഥരായി.

പദ്ർത്തരായ ചെറുശ്ശേരി, തുഞ്ചൻ, കുഞ്ചൻ, ഉണ്ണായിവാര്യർ, കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ,

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കട്ടക്കയം, കുമാരനാശാൻ എന്നീ മഹാകവികളുടെ ജീവചരിത്രങ്ങളേയും കാവ്യകലാകൌശല്യങ്ങളേയും കുറിച്ചുള്ള സംക്ഷിപ്തവിവരണങ്ങളും ഇതിലുൾപ്പെടുത്തിയിട്ടുണ്ട്.

ഗുരുതരങ്ങളായ കൃത്യാന്തരശതങ്ങൾക്കിടയിൽ അമൂല്യമായ ഒരവതാരികമൂലം ഈ ഗ്രന്ഥത്തെ അനുഗ്രഹിച്ച, സാഹിത്യപഞ്ചാനനനും സഹൃദയതിലകവുമായ രാജശ്രീ പി. കെ. നാരായണപിള്ള അവർകളോടും, ഇതിലേയ്ക്കാവശ്യമായ ലേഖനങ്ങൾ സസന്തോഷമയച്ചുതന്നു സഹായിച്ച ഉദാരമതികളായ മഹത്തുക്കളോടും സമാഹത്താക്കൾക്കുള്ള കൃതജ്ഞതയെ സബഹുമാനം പ്രസ്താവിച്ചുകൊള്ളുന്നു.

അവതാരകനായ പി. കെ. അവർകൾ തൽകൃത്യനിർവ്വഹണാനന്തരം അചിരേണ ദിവംഗതനായതിൽ ഞങ്ങൾക്കുള്ള അപാരമായ ദുഃഖത്തേയും രേഖപ്പെടുത്തിക്കൊള്ളട്ടെ.

സമാഹത്താക്കൾ.

# അവതാരിക.

മഹാകവികളുടെ ജീവിതചരിത്രങ്ങളും സഹൃദയാഹ്ലാദകങ്ങളായ കാവ്യമുക്താവലികളുമടങ്ങിയ ഒരു ഗ്രന്ഥമാണ് ഈ "സാഹിത്യഭൂഷണം." ആധുനിക വിദ്യാഭ്യാസസമ്പ്രദായത്തിൽ പല ന്യൂനതകളുമുണ്ടെന്നു ചിന്തകന്മാരായ പണ്ഡിതവര്യന്മാർ അഭിപ്രായപ്പെടുന്നു. എന്നാൽ പഠനപരിപാടിയിലോ, പാഠ്യവിഷയങ്ങളിലോ എന്തെല്ലാം വ്യതിയാനങ്ങളാണ് വരുത്തേണ്ടതെന്നും, ഏതുരീതിയെയാണ് അംഗീകരിക്കേണ്ടതെന്നും ആരും നിഷ്കൃഷ്ടമായി പ്രസ്താവിച്ചുകാണുന്നില്ല. കേരളത്തിലെ കലാലയങ്ങളിലും ആംഗലപാഠശാലകളിലും അടുത്തകാലംവരെ കേവലം ഒരു ചടങ്ങായി മാത്രം നിർവ്വഹിക്കപ്പെട്ടുപോന്നിരുന്ന മാതൃഭാഷാഭ്യസനത്തിനു മലയാളസാഹിത്യത്തിന്റെ ഈ അഭിനവഘട്ടത്തിൽ ഒരു നവോത്തേജനം വന്നുകൂടിയിട്ടുണ്ടെന്നുകാണുന്നതു് അഭിമാനജനകമായിരിക്കുന്നു.

സരസമായി കൃത്യാകൃത്യോപദേശം ചെയ്യുകയത്രേ കവിതയുടെ മൌലികമായ ഉദ്ദേശം. എന്നാൽ ഓരോരുത്തരുടേയും അഭിരുചിയുടെ വൈവിധ്യമനുസരിച്ച് കവിതയും ഭിന്നരുചിയായിട്ടേയിരിക്കൂ. സഹൃദയന്മാരായ വായനക്കാർക്കും നവരസങ്ങളിലുള്ള അനുഭൂതി പ്രത്യേകം പ്രത്യേകമായിട്ടാണ് കാണപ്പെടുന്നതു്. അപക്വങ്ങളായ യുവഹൃദയങ്ങളെ

ആകഷിച്ചുരസിപ്പിച്ച് അവരെ കൃത്യോന്മുഖരും അകൃത്യവിമുഖരുമാക്കിത്തീക്കുന്ന കാര്യം കുറെ സൂക്ഷ്മദൃഷ്ടിയുപയോഗിച്ചു സാധിക്കേണ്ടിയിരിക്കുന്നു. വിവിധരസങ്ങളിലും വിവിധവിഷയങ്ങളിലുമായി പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പ്രൌഢങ്ങളും സാരോപദേശഗർഭങ്ങളുമായ പതിന്നാലു കവിതാവിഭാഗങ്ങൾ ഇതിൽ അടങ്ങിയിട്ടുണ്ട്. ഇവ കാലോചിതങ്ങളും പ്രയോജനപ്രദങ്ങളുമായിട്ടുണ്ടെന്നു സൂക്ഷ്മദ്രഷ്ടാക്കൾക്കു മനസ്സിലാക്കുവാൻ കഴിയും. ചെറുശ്ശേരി, എഴുത്തച്ഛൻ, ഉണ്ണായിവാര്യർ, നമ്പ്യാർ മുതലായ പുരാതന കവിചക്രവത്തികളുടേയും, കൊച്ചുണ്ണിത്തമ്പുരാൻ, കുഞ്ഞിക്കുട്ടൻ തമ്പുരാൻ, കുമാരനാശാൻ മുതലായ തദനന്തരകവിശ്രേഷ്ഠന്മാരുടേയും, ഉള്ളൂർ, വള്ളത്തോൾ മുതലായ ആധുനിക കവിവര്യന്മാരുടേയും കാവ്യകലാപാടവത്തെ പ്രസ്പഷ്ടമാക്കുക, ഓരോ പ്രത്യേക ഘട്ടത്തെ കാണിച്ച് അദ്ധ്യേതാക്കളുടെ ഹൃദയങ്ങളെ തദുന്മുഖമാക്കുക എന്നിവയാണ് സമ്പാദകന്മാരുടെ ഉദ്ദേശ്യം. അതു് സവിശേഷം നിർവ്വഹിക്കപ്പെട്ടതായിക്കാണുന്നതിൽ എനിക്കു വളരെ സന്തോഷമുണ്ട്.

ആ മഹാകവികളുടെ സുഗമസുന്ദരങ്ങളായ ജീവിതചരിത്രസംക്ഷേപങ്ങൾ തൽകവിതാമകരന്ദാസ്വാദനത്തിന് ഏററവും പ്രയോജകീഭവിക്കുന്നതാണ്. സരസങ്ങളും അക്ലിഷ്ടങ്ങളുമായ വാക്യങ്ങളിൽ ലാളിത്യമേളത്തോടുകൂടി പ്രതിപാദിതങ്ങളായിരിക്കുന്ന ഇതിലെ ജീവിതചരിത്രങ്ങൾ സംക്ഷിപ്തമായ ഒരു സാഹിത്യചരിത്രമായിത്തീന്നിട്ടുണ്ട്. ഓരോ കവിയു

ടേയും രീതി ഓരോവിധത്തിലായിരിക്കകൊണ്ടും, എല്ലാകവികളുടേയും എല്ലാക്കവിതകളും അദ്ധ്യയനം ചെയ്യുക അസാദ്ധ്യമാകകൊണ്ടും, ജീവിതചരിത്രപഠനത്തിൽ അവരുടെ ഇതര കവിതകളെക്കുറിച്ചുള്ള സാമാന്യജ്ഞാനംകൂടി അദ്ധ്യേതാക്കൾക്കു സിദ്ധിക്കാനിടയാകുന്നതുകൊണ്ടും ഈ രീതി ഏററവും ഉപയുക്തവും കൌതുകോദ്ദീപകവുമാണെന്നു നിസ്സംശയം അഭിപ്രായപ്പെടാവുന്നതാണ്.

ലോകരംഗത്തിൽനിന്നല്ലെങ്കിലും സാഹിത്യരംഗത്തിൽനിന്നു തിരോധാനം ചെയ്തിട്ടില്ലാത്ത സാഹിത്യസമ്രാട്ടുകൾ, ഇന്നും സാഹിത്യപ്രണയികൾക്കും മററുള്ളവക്കും ഉദ്ബോധനവും ചോദനയും നൽകിക്കൊണ്ടാണിരിക്കുന്നതു്. സാഹിത്യസാമ്രാജ്യത്തിലെ അന്തഃഛിദ്രങ്ങളെ ഇല്ലാതാക്കുന്നതിനും, മനുഷ്യജീവിതത്തെ ഉൽകൃഷ്ടമാക്കുന്നതിനും, യുവസാഹിത്യകാരന്മാരെ പ്രോത്സാഹിപ്പിച്ചു മുന്നണിയിലേയ്ക്കു് ആനയിക്കുന്നതിനും, പേരെടുത്തിട്ടുള്ള സാഹിതീബന്ധുക്കൾക്കു് യഥോചിതം യോഗ്യത കല്പിക്കുന്നതിനും, കൈരളിയെ നാൾക്കുനാൾ അഭിവൃദ്ധിപ്പെടുത്തുന്നതിനുംവേണ്ടി സാഹിത്യവിഷയത്തിൽ സർവ്വസ്വാതന്ത്ര്യമായ അഭിപ്രായം പുറപ്പെടുവിച്ചുകൊണ്ടുള്ള ആ സമ്രാട്ടുകളുടെ സാഹിതീസേവനങ്ങൾ ഇന്നും സമുജ്ജ്വലങ്ങളായിത്തന്നെയിരിക്കുന്നു. അവരുടെ ഹൃദയവിശാലത, മനോനൈർമ്മല്യം, പരസുഖകാംക്ഷ, ഈശ്വരഭക്തി മുതലായ ഗുണങ്ങൾ ഏതുകാലത്തും സർവ്വരാലും സമാദരണീയങ്ങളായിത്തന്നെയിരിക്കും.

ആദൎശസ്വീകരണമാണു് മനുഷ്യനെ ആശാസ്യമായ ഉൽകൃഷ്ടപദവിയിലെത്തിക്കുന്നതു്. തന്മൂലം പാഠവിഷയസ്വീകരണത്തിൽ ജീവിതചരിത്രങ്ങൾക്കു പ്രഥമവും പ്രധാനവുമായ സ്ഥാനം കല്പിക്കേണ്ടിയിരിക്കുന്നു. സാഹിത്യസാമ്രാജ്യത്തെ വിവേകപൂൎവ്വം ഭരിച്ചിരുന്ന വീരന്മാരുടെ ജീവിതചരിത്രസംക്ഷേപം യുവസാഹിത്യകാരന്മാൎക്കു മാൎഗ്ഗദൎശകമായും, കൈരളിക്കു ഭൂഷണമായും, കേരളീയൎക്കു് അഭിമാനകരമായും തീരത്തക്കവിധത്തിൽ സമുചിതമായും, അനതിവിസ്തൃതമായും ഈ പ്രബന്ധത്തിൽ നിബന്ധിക്കപ്പെട്ടിരിക്കുന്നു.

ഈ ഗ്രന്ഥം ബഹുധാ രസാവഹവും ചിത്തോന്മേഷകവുമായിട്ടുണ്ടെന്നാണു് എൻെറ വിശ്വാസം. ഭാഷാസാഹിത്യത്തിനും സാഹിത്യോപാസകന്മാൎക്കും ഭൂഷണമായ ഈ ലേഖനസമാഹാരം സകലസിദ്ധികളോടും പ്രചുരപ്രചാരമായി പരിലസിക്കട്ടെ എന്നു പ്രാൎത്ഥിക്കുന്നു. ഔചിത്യബോധത്തോടുകൂടി, യുക്തമായ ഈ മഹാരംഭത്തിലേൎപ്പെട്ടു സാഹിതീദേവിയെ പ്രീണിപ്പിക്കുവാൻ ഹാൎദ്ദമായി ശ്രമിച്ച സമാഹൎത്താക്കളെ ഹൃദയപൂൎവ്വം അഭിനന്ദിച്ചുകൊണ്ടു് ഈ ഗ്രന്ഥത്തെ സഹൃദയസമക്ഷം അവതരിപ്പിച്ചുകൊള്ളുന്നു.

തിരുവനന്തപുരം,
18—12—1937.

പി. കെ. നാരായണപിള്ള
ബി. എ., ബി. എൽ.
റിട്ടയാൎഡ് ഹൈക്കോൎട്ടു് ജഡ്ജി.

# വിഷയവിവരം.

## സാഹിത്യഭൂഷണം

### ( പൂവ്വഭാഗം )

### പീഠിക.


| | | പേജ് |
|---|---|---|
| 1. | ചെറുശ്ശേരിയും സാഹിത്യവും. ... ...<br>വിദ്വാൻ എം. ഒ. അവരാ. | 1 |
| 2. | എഴുത്തച്ഛനും ഭാഷാസാഹിത്യവും. ...<br>വിദ്വാൻ പൌലോസ് കളപ്പറമ്പൻ. | 9 |
| 3. | ഉണ്ണായിവാര്യരും<br>സാഹിത്യപ്രസ്ഥാനവും. ...<br>വിദ്വാൻ കെ. കെ. മാധവപ്പണിക്കർ. | 20 |
| 4. | കുഞ്ചൻനമ്പ്യാരും<br>സാഹിത്യപോഷണവും. ...<br>വിദ്വാൻ പി. നാരായണമേനോൻ. | 37 |
| 5. | കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനും<br>സാഹിത്യസംസ്കാരവും. ..<br>വിദ്വാൻ എം. ഒ. അവരാ. | 48 |
| 6. | കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാനും<br>സാഹിത്യസരണിയും. ...<br>വിദ്വാൻ കെ. കെ. മാധവപ്പണിക്കർ. | 61 |
| 7. | കുട്ടക്കയവും സാഹിത്യാഭിവൃദ്ധിയും. ...<br>വെണ്മണി. പി. വി. ചാക്കോ. | 84 |
| 8. | ആശാനും കൈരളിയും. ... ...<br>വിദ്വാൻ പി. വി. ഉണ്ണിത്താൻ. | 95 |

# സാഹിത്യഭൂഷണം (ഉത്തരഭാഗം)

പേജ്

1. രാജധാനി .. .. .. .. ചെറുശ്ശേരി. 111
2. ഉൽകൃഷ്ടബന്ധങ്ങൾ .. .. എഴുത്തച്ഛൻ. 113
3. ആത്മബന്ധു .. .. .. ഉണ്ണായിവാര്യർ. 119
4. മതിഭ്രാന്തി .. .. .. .. കുഞ്ചൻനമ്പ്യാർ. 123
5. സൈരന്ധ്റി .. .. കവിസാർവ്വഭൌമൻ 127
കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ.
6. മഹാത്യാഗം .. .. മഹാകവി കട്ടക്കയം. 131
7. ഉഗ്രകോപം .. സരസദ്രുത കവികിരീടമണി 136
കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.
8. സ്വയംകൃതാനർത്ഥം .. .. .. .. 141
മഹാകവി കുമാരനാശാൻ.
9. ഒരു വീരമാതാവ് .. ... .. 148
സാഹിത്യഭൂഷണൻ മഹാകവി
റാവുസാഹിബ് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ
M. A. B. L. & M. R.A. S.
10. ഭിക്ഷുവിൻെറ അലംഭാവം .. ... 156
കുററിപ്പുറത്തു കേശവൻ നായർ.
11. പുരാണങ്ങൾ .. ... ... 160
കവിസാർവ്വഭൌമൻ വള്ളത്തോൾ.
12. സോദോം ദഹനം ... ... ... 164
മഹാകവി കെ. വി. സൈമൺ.
13. കാലം ... ... വിദ്വാൻ ജി. ശങ്കരക്കുറുപ്പ്. 171
14. പുൽക്കൂട്ടിലെ രാജകുമാരകൻ ... ... 178
സരസഗായകകവി
വിദ്വാൻ കെ. എം. മാത്തൻ തരകൻ M. R. S. L.

# സാഹിത്യഭൂഷണം.

## (പൂവ്വഭാഗം)

---

## പീഠിക.

---

UNIVERSITY LIBRARY
29 MAR 1956
MADRAS

### 1. ചെറുശ്ശേരിയും സാഹിത്യവും.

ഭാഷാസാഹിത്യസൌധത്തിൻെറ അസ്ഥിവാരം കൃഷ്ണഗാഥയാണെന്നുള്ള വിഷയത്തിൽ ആക്കും ഭിന്നാഭിപ്രായമുണ്ടാകുവാനിടയില്ല. കൈരളീദേവി പ്രസന്നവദനയായി നടനംചെയ്യുന്ന ഇതരകൃതികൾ ഭാഷയിൽ അപൂവ്വമാണ്. പ്രാചീന കവിസാവ്വഭൌമന്മാരായ തുഞ്ചൻ, കുഞ്ചൻ മുതലായ അനുഗൃഹീതകവികൾ കേരളഭാഷാദേവിയെ അണിയിച്ച ദിവ്യാഭരണങ്ങൾ ഇന്നും ദീപ്യമാനങ്ങളായിത്തന്നെ ആ ദേവിയുടെ വക്ഷസ്സിൽ വിലസിക്കൊണ്ടിരിക്കുന്നുണ്ടെങ്കിലും അവയിൽ നിഷ്കളങ്കമായ സുഷമാപൂരത്തോടുകൂടി സ്ഫുരിച്ചുകൊണ്ടിരിക്കുന്ന രത്നഭൂഷണം കൃഷ്ണഗാഥയാകുന്നു. അതിൻെറ കത്താവു് ചെറുശ്ശേരി നമ്പൂതിരിയാണെന്നു പരക്കെ വിശ്വസിക്കപ്പെട്ടുവരുന്നു. ഭാഷാചരിത്രകാരൻെറ അഭിപ്രായവും അപ്രകാരം തന്നെയാണു്. അതിൻെറ രചയിതാവു് പുനം നമ്പൂതിരിയാണു് എന്നൊരഭിപ്രായം ഇടക്കാലത്തു ചില പണ്ഡിതാഗ്രേസരന്മാർ പുറപ്പെടുവിക്കാതിരു

ന്നില്ല. എന്നാൽ യുക്തിഭംഗം നിമിത്തം ആ അഭിപ്രായം വിജയകോടിയിലെത്താതെ ഇടയ്ക്കു പംഗുവായിക്കിടന്നുപോയി. പുനത്തിന്റെ കൃതികളെ സൂക്ഷ്മനിരീക്ഷണം ചെയ്യുന്നതായാൽ, അദ്ദേഹത്തിന്റെ കാലത്തിനു വളരെ മുമ്പുതന്നെ ഭാഷാകവിത സാമാന്യം പ്രചാരത്തിലെത്തിയിരുന്നുവെന്നു മനസ്സിലാക്കാം. സംസ്കൃതസാഹിത്യസമ്പർക്കത്താൽ മലയാളഭാഷ ഒരു നല്ല നിലയിലെത്തിയശേഷമാണ് പുനം, മേല്പത്തൂർ, എഴുത്തച്ഛൻ മുതലായ കവികളുടെ കൃതികൾ ഉത്ഭവിച്ചിട്ടുള്ളതു്. അവയിലെ മണിപ്രവാളപ്രയോഗങ്ങൾതന്നെ അതിന് ഉത്തമദൃഷ്ടാന്തങ്ങളാണ്. പ്രസ്തുത മഹാകവികളുടെ കാലത്തിനുമുമ്പുള്ള ഒരു കൃതിയാണ് കൃഷ്ണഗാഥയെന്നൂഹിക്കുവാൻ വേറെയും ന്യായങ്ങളുണ്ട്. 'അങ്കി,' 'നണ്ണി', 'തിട്ടതി', 'പുകണ്ണു' മുതലായ പുരാതന മലയാളപദങ്ങൾ കൃഷ്ണഗാഥയിലല്ലാതെ മററു കൃതികളിൽ കാണുന്നില്ല. ആംഗ്ലഭാഷയുടെ യാതൊരു പ്രകടനങ്ങളും കൃഷ്ണഗാഥയിൽ ഇല്ല. വസ്ത്രധാരണത്തിന് അക്കാലത്തു പ്രശസ്തി സമ്പാദിച്ചിരുന്നവ സമീപസ്ഥലങ്ങളിൽനിന്നും വാങ്ങിവന്ന ചേലകളാണെന്നുള്ളതിനു കൃഷ്ണഗാഥയിൽ കാണുന്ന 'കണ്ടിക്കൻചേല'യും, 'ചെന്തുലുക്കൻചേല'യും, 'മാന്തളിർച്ചേലയും, 'പൊന്നെഴുത്തൻചേല'യും സാക്ഷ്യംവഹിക്കുന്നു. ഈ കാരണങ്ങളാൽ പുനം, മേല്പത്തൂർ മുതലായവരുടെ ജീവിതകാലത്തിനു മുമ്പാണ് കൃഷ്ണഗാഥ നിർമ്മിതമായതെന്നു തെളിയുന്നുണ്ട്.

ചെറുശ്ശേരി രചിച്ചതും കുറേക്കാലംമുമ്പു ചിറയ്ക്കൽ കോവിലകത്തെ ഗ്രന്ഥപ്പുരയിൽനിന്നു കണ്ടുകി

ട്ടിയതും, ആ കോവിലകത്തെ ഒരംഗമായ രാമവർമ്മരാജാവു പ്രസിദ്ധീകരിച്ചതുമായ "ചെറുശ്ശേരിഭാരത"മാണു് കൃഷ്ണഗാഥാകർത്തൃത്വം ചെറുശ്ശേരിക്കുതന്നെ സമാർജ്ജിച്ചുകൊടുത്തതു്. ഈ രണ്ടു ഗ്രന്ഥങ്ങളിലേയും ഭാഷയുടെ പഴക്കവും, വൃത്തസാമ്യവും, കോലത്തുനാട്ടു് ഉദയവർമ്മതമ്പുരാനെപ്പററിയുള്ള പരാമർശങ്ങളും, അദ്ദേഹത്തിൻെറ സ്വർഗ്ഗാരോഹണം മുതലായ ഭാഗങ്ങളും ഈ വിഷയത്തിൽ അല്പശങ്കയ്ക്കുപോലും ഇടമുണ്ടാക്കുന്നില്ല.

പ്രശസ്തനായ ആ കവികോകിലം ജീവിച്ചിരുന്നതു് 650-നും, 750-നും മദ്ധ്യേയാണെന്നു ഭാഷാചരിത്രകാരൻ അഭിപ്രായപ്പെടുന്നു. അദ്ദേഹത്തിൻെറ പേരു്, ജനനസ്ഥലം, മാതാപിതാക്കന്മാർ, ബാല്യം, വിദ്യാഭ്യാസം മുതലായവയെപ്പററി ഊഹിക്കുവാൻപോലും നിർവ്വാഹമില്ലാത്തവിധത്തിൽ അവ അത്രയ്ക്കു് അസ്പഷ്ടങ്ങളായിരിക്കുന്നു.

"ആജ്ഞയാ കോലഭൂപസ്യ
പ്രാജ്ഞസ്യോദയവർമ്മണാ
കൃതായാം കൃഷ്ണഗാഥായാം."

എന്നു കൃഷ്ണഗാഥയുടെ ഫലശ്രുതിയിൽ,

"പാലാഴിമാതുതാൻ പാലിച്ചുപോരുന്ന
കോലാധിനാഥനുദയവർമ്മൻ
ആജ്ഞയെച്ചെയ്കയാലജ്ഞനായുള്ള ഞാൻ
പ്രാജ്ഞനെന്നിങ്ങനെ ഭാവിച്ചിപ്പോൾ."

എന്നു പ്രാരംഭഖണ്ഡത്തിലും കാണുന്നതിനാൽ അദ്ദേ

ഹം മിക്കവാറും ഉത്തരകേരളീയനായിരിക്കണമെന്നും കോലത്തുനാട്ടുരാജാവിൻെറ സദസ്യനായ ഒരു കവിയായിരുന്നുവെന്നും വിശ്വസിക്കുവാൻ വഴിയുണ്ട്.

കൃഷ്ണഗാഥ മിക്കവാറും ഭാഗവതം ദശമസ്കന്ധത്തിൻെറ അനുകരണതർജ്ജിമയാണ്.

"ക്ഷേത്രാണിസസ്യസമ്പൽഭിഃ
കഷ്കാണാം മുദം ദദൌ,"

എന്ന മൂലശ്ലോകത്തിന് അതേ അൎത്ഥത്തിൽ കൃഷ്ണഗാഥയിലുള്ള

"വഷ്ത്തെപ്പൂണ്ടുള്ള കഷ്കന്മാരെല്ലാം
ഹഷ്ത്തെപ്പൂണ്ടു തുടങ്ങീതപ്പോൾ."

എന്ന ഭാഗംതന്നെ അതിനു മകുടോദാഹരണമാണ്. കഥാമദ്ധ്യത്തിൽ നവീനങ്ങളായി ചില സ്തുതികളും വേദാന്തഭാഗങ്ങളും കവി കൂട്ടിക്കലൎത്തിയിട്ടുണ്ട്. ചെറുശ്ശേരിയാൽ സ്വീകൃതമായ മൂലത്തിലെ ആശയങ്ങൾ അതേപടി കൃഷ്ണഗാഥയിലേയ്ക്കു പകൎത്തുകയല്ല അദ്ദേഹം ചെയ്തിട്ടുള്ളതു്. പ്രത്യുത, രസനിഷ്യന്ദികളായ പ്രസ്തുതഭാഗങ്ങൾ, പരിഷ്കൃതവും അഭികാമ്യവുമായ രൂപത്തിൽ പ്രകടിപ്പിക്കുവാനാണ് ആ മഹാകവി യത്നിച്ചിട്ടുള്ളതു്. ഭാഗവതത്തിൽ കാണുന്ന അസ്വാരസ്യങ്ങൾ ഹൃദയാകഷ്കമായ ഒരു സ്വാതന്ത്ര്യമാൎഗ്ഗത്തിൽക്കൂടി കൃഷ്ണഗാഥയിൽ വരുത്തുവാൻ അദ്ദേഹം ശ്രമിച്ചിട്ടുണ്ട്. തദ്വാരാ രസവിനിവേശനത്തിൽ കൃഷ്ണഗാഥ ഭാഗവതത്തേക്കാൾ ഒരു പടികൂടി കവിഞ്ഞുനില്ക്കുന്നുവെന്നുതന്നെ പറയാം. കൃഷ്ണഗാഥയുടെ ഇതിവൃത്തമായി ചെറുശ്ശേരി തിരഞ്ഞെടുത്തതു ദശമസ്കന്ധത്തിലെ കഥയാണെങ്കിലും, സംസ്കൃതഭാഷാഭിജ്ഞതെ

നായിരുന്ന ആ കവികോകിലം ഭാഷാസാഹിത്യത്തിൽ പ്രാധാന്യമഹിക്കുന്ന പല ഗ്രന്ഥങ്ങളിലേയും അനേകം ആശയങ്ങൾ യഥാവസരം അതിൽ പ്രയോഗിച്ചിട്ടുണ്ട്. സൌന്ദര്യലഹരി, വിക്രമോർവ്വശീയം, കുമാരസംഭവം, രഘുവംശം, അനർഘരാഘവം മുതലായ മഹാഗ്രന്ഥങ്ങളിലെ ചില ഭാഗങ്ങൾ കൃഷ്ണഗാഥയിൽ പലയിടങ്ങളിലും പ്രതിബിംബിച്ചുകാണുന്നു. അതിന്ന് ഒരു ദൃഷ്ടാന്തമുദ്ധരിക്കാം.

"വൈദർഭ് നിർദ്ദിഷ്ടമസൌകുമാരഃ
കൢപ്തേന സോപാന പഥേനമഞ്ചം
ശിലാവിഭാഗൈർമ്മൃഗരാജശാബ-
സ്തുംഗന്നഗോത്സംഗമിവാരുരോഹഃ."

(രഘുവംശം)

"ചെന്നു തുടങ്ങിനാർ വമ്പുററ സിംഹങ്ങൾ
കുന്നിന്മേൽ മേന്മേലെ ചെല്ലുംപോലെ."

(കൃഷ്ണഗാഥ)

ഒരു ഗ്രന്ഥത്തിൻെറ ഗുണദോഷവിചാരവേളയിൽ കവിയുടെ ജീവിതസമ്പ്രദായവും സ്വഭാവവും സ്പഷ്ടമാകുന്നതാണ്. കൃഷ്ണഗാഥ ആദ്യവസാനം വായിക്കുന്ന ഒരുവന്ന് അതിൻെറ കർത്താവ് ഒരു മലയാളബ്രാഹ്മണനാണെന്നു തോന്നാതിരിക്കുകയില്ല. കൃഷ്ണഗാഥയിൽ ഹാസ്യരസസ്ഫുരണം ഇടയ്ക്കിടയ്ക്കു പ്രത്യക്ഷീഭവിക്കുന്നുണ്ട്. എന്നാൽ അതു വികടമോ, കഠോരമോ, പ്രസ്ഫുടമോ ആയിട്ടല്ല പ്രയോഗിക്കപ്പെട്ടിരിക്കുന്നതു്. ഗ്രന്ഥകർത്താവിന്നു സിദ്ധിച്ചിരുന്ന അപാ

രമായ പാണ്ഡിത്യവും, സജ്ജനസഹവാസവുമാണ് ആ പ്രയോഗത്തെ അല്പം ശാന്തമാക്കിയതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. എങ്കിലും ചിലഭാഗത്ത് അതിനു വളരെ ശക്തികാണുന്നുണ്ട്. മനുഷ്യസ്വഭാവത്തെ സൂക്ഷ്മാവലോകനംചെയ്ത് ഓരോരുത്തരിലും ഒളിഞ്ഞുകിടക്കുന്ന ദൂഷ്യങ്ങളെ പുറത്തുകാണിച്ചു പുച്ഛിക്കുന്നതിൽ ചെറുശ്ശേരിക്കുള്ള പാടവം അനന്യലബ്ധമാണ്. കൃഷ്ണഗാഥയിൽ അതിനു വളരെ ഉദാഹരണങ്ങളുണ്ട്.

"പിന്നെ യൊരുത്തി യമ്മല്ലവിലോചനൻ
തന്നുടെ ചാരത്തു ചെന്നുനിന്നു.
ദീനതതന്നുള്ളിൽ വന്നാതങ്ങെല്ലാമേ
മാനിച്ചുചൊല്ലുണമെന്നുനണ്ണി.
'എന്തൊനീയിങ്ങനെ' യെന്നങ്ങു ചൊല്ലുമ്പോൾ
കണ്ണുനീർ തിണ്ണമെഴത്തുടങ്ങി.
ഇണ്ടൽ തിരണ്ടപ്പോൾ തൊണ്ടവിറച്ചിട്ടു
മിണ്ടരുതാതെ യങ്ങായി പ്പോയി."

ഈദൃശമായ ഹാസ്യരസസ്ഫുരണം ശൃംഗാരരംഗത്തിൽ മാത്രമല്ല മികച്ചുകാണുന്നത്. കൃഷ്ണഗാഥയിൽ എല്ലാഭാഗങ്ങളിലും ഈ രസം പ്രശാന്തമായും ഹൃദയാവജ്ജകമായും കളിയാടിക്കൊണ്ടിരിക്കുന്നു. ശൃംഗാരവർണ്ണനയിലാണ് കവി തൻെറ ജന്മസിദ്ധമായ വാസനയെ പൂർണ്ണമായി പ്രകടിപ്പിച്ചിട്ടുള്ളത്.

യഥാർത്ഥമായ കവിത വായിക്കുമ്പോൾ പെട്ടെന്ന് ഒരു വികാരം ഹൃദയത്തിലുദിക്കുക സഹൃദയന്മാ

ക്ക് അനുഭവസിദ്ധമാണല്ലോ. കൃഷ്ണഗാഥയേപ്പോലെ വായനക്കാരെ വികാരപരവശരാക്കുന്ന ഇതര കവിതകൾ മലയാളഭാഷയിൽ ദുർല്ലഭമാണ്. യാഥാസ്ഥിതികമായ ഒരു പദാർത്ഥത്തെ ഭാവനാശക്തിയുടെ വ്യാപ്തികൊണ്ടു രൂപാന്തരപ്പെടുത്തിപ്പറയുമ്പോൾ അതു കവിതയായിത്തീരുന്നുവെന്നാണ്ത്രേ പണ്ഡിതമതം. ഇതനുസരിച്ച് ആ ഗ്രന്ഥത്തെ അഭിവീക്ഷണം ചെയ്താൽ കഥാവിഷയത്തിൽ തൽകർത്താവിനെ അധികമായി അഭിനന്ദിക്കേണ്ടതില്ലെങ്കിലും പ്രതിപാദനത്തിൽ അദ്ദേഹം അത്യന്തം ശ്ലാഘ്യനെന്നു കാണാവുന്നതാണ്. അതിലെ ഓരോഭാഗവും അത്രമാത്രം ഉത്തമവും ഹൃദയംഗമവുമായ രീതിയിൽ വർണ്ണിക്കപ്പെട്ടിരിക്കുന്നു. ശ്രീകൃഷ്ണന്റെ ശൈശവവർണ്ണനതന്നെ ഇതിനുദാഹരണമാണ്.

പദപ്രയോഗത്തിലും കവിയ്ക്കുള്ള വൈഭവം സ്തുത്യർഹമത്രേ. ശ്രവണസുഖവും, പ്രാസാദ്യലങ്കാരങ്ങളുടെ സാരള്യവും, പ്രതിപാദനത്തിലുള്ള തന്മയത്വവും മൂലം പണ്ഡിതപാമരഭേദമന്യേ സർവ്വരേയും കൃഷ്ണഗാഥ ഹഠാദാകർഷിക്കുന്നു. പ്രയോഗിക്കുന്ന ശബ്ദങ്ങൾക്കു വിവക്ഷിതത്തെ സൂക്ഷ്മമായി പ്രകാശിപ്പിക്കുവാൻ ശക്തിയുണ്ടെന്നുള്ളതു് ആ ഗ്രന്ഥത്തിന്റെ ഒരു പ്രത്യേക വൈശിഷ്ട്യമാണ്. പ്രാസപ്രയോഗങ്ങൾക്കുവേണ്ടി കവി യാതൊരു പ്രയത്നവും ചെയ്തു കാണുന്നില്ല.

“പൈതങ്ങളോടു പറഞ്ഞുനിന്നിങ്ങനെ
പൈ, തങ്ങളേതു മറിഞ്ഞീലൊട്ടും.”

ഇത്യാദി പ്രയോഗങ്ങൾതന്നെ ഇതിന് ഉത്തമസാക്ഷ്യങ്ങളാണ്. പ്രാസത്തിനവേണ്ടി ആശയങ്ങളെ ദാസീഭവിപ്പിക്കുന്നതിൽ ചെറുശ്ശേരി വിമുഖനമായിരുന്നു.

ഉദാഹരണം നോക്കുക:—

"വേണുന്ന കാന്തനെ ക്കാണുന്ന നേരത്തു
നാരിമാർ നന്മുഖ മെന്നപോലെ."

കൃഷ്ണഗാഥയിലെ പ്രയോഗങ്ങളെല്ലാം ലക്ഷണസംയുക്തങ്ങളും ആലോചനാമൃതങ്ങളുമാണ്. അതിശയോക്തികൂടാതെയുള്ള സ്വഭാവസ്ഥിതിവർണ്ണനയിലും ചെറുശ്ശേരി ഒട്ടും പിന്നോക്കമല്ല. മനോധർമ്മംകൊണ്ട് ആലങ്കാരികമായി വരുത്തിയിട്ടുള്ള കാവ്യഭംഗിയാണ് കൃഷ്ണഗാഥയെ ഭാസുരമാക്കിത്തീർത്തു്.

പൂർവ്വകാലങ്ങളിൽ നാരീജനങ്ങളുടെ നിത്യപാരായണത്തിനു കൃഷ്ണഗാഥ ഉപയോഗിച്ചുവന്നു. അതു് കോലത്തിരിരാജാവിൻെറ കളത്രത്തിനു പാരായണംചെയ്യാൻ നിർമ്മിച്ചതാണെന്നും, രാജാവിനു നേരിട്ട ചതുരംഗപ്പരുങ്ങലിൽ "ഉന്തുന്തുന്തു്" എന്നിങ്ങനെ കുട്ടിയെ ഉറക്കുന്നതിനു രാജപത്നി ചൊല്ലിയ താരാട്ടിൽക്കൂടി അർത്ഥഗർഭമായി വഴി പറഞ്ഞുകൊടുത്തുവെന്നും, ആ രീതിയിൽത്തന്നെ കൃഷ്ണഗാഥ രചിക്കപ്പെട്ടുവെന്നും ഒരു ഐതിഹ്യമുണ്ട്. അതിൻെറ ഉത്ഭവം എങ്ങിനെയുമിരിക്കട്ടെ; അതു മലയാളഭാഷയ്ക്കു് എന്നും വിലയേറിയ ഒരു ഭൂഷണമായിപ്പരിലസിക്കുമെന്നുള്ളതിനു സംശയമില്ല.

## 2. എഴുത്തച്ഛനും ഭാഷാസാഹിത്യവും.

സാഹിത്യചക്രവത്തിയായ തുഞ്ചത്തു രാമാനുജാചാൎയ്യരേപ്പററി കേട്ടിട്ടില്ലാത്തവരായി ഇന്നു മലയാളക്കരയിൽ അധികമാളുകളുണ്ടായിരിക്കുകയില്ല. ആ മഹാനുഭാവൻെറ ഹൃദയനിർത്ധരിയിൽനിന്നും കവിഞ്ഞു പ്രവഹിച്ച കാവ്യരസത്തെ ആസ്വാദിക്കുവാൻ ആൎക്കെങ്കിലും ഇടയായിട്ടില്ലെങ്കിൽ അതു് അവരുടെ ഭാഗ്യഹീനതയാണെന്നുവേണം വിചാരിക്കുവാൻ. അദ്ദേഹത്തിൻെറ വചസ്സുധയിൽ ലയിച്ച് എത്രപേർ ഐഹികാമുഷ്മികസുഖങ്ങളെ ഒരേമാത്രയിൽത്തന്നെ അനുഭവിച്ചിരിക്കണം? ആ യോഗിവൎയ്യൻെറ ഹൃദയാന്തർഭാഗത്തുനിന്നും വിസൃമരമായ ഭക്തിരസത്തിൽ ആറാടി എത്രലക്ഷം ആളുകളാണു് ജീവന്മുക്തരായിരിക്കുന്നതു്? ഈ അവസ്ഥകളെ പ്രാപിക്കുവാൻ ഇനി എത്രയെത്രപേൎക്കു് അദ്ദേഹത്തിൻെറ കൃതികൾ പൎയ്യാപ്തങ്ങളായിത്തീരുകയില്ല? ജനപരമ്പരാജനിയുടെ വിരാമദശവരെ അദ്ദേഹത്തിൻെറ കൃതികൾ സൎവ്വാരാധ്യങ്ങളായും സന്മാൎഗ്ഗബോധപ്രദീപങ്ങളായും നിലനില്ക്കുമെന്നുള്ളതിനു് അവയുടെ ആരംഭദശമുതൽ ഇതഃപൎയ്യന്തം ജനതാമദ്ധ്യത്തിൽ അവയ്ക്കുണ്ടായിട്ടുള്ള മതിപ്പുതന്നെ ഉത്തമദൃഷ്ടാന്തമാണു്. ഇപ്രകാരം ബാഹ്യജനാന്തരംഗങ്ങളിൽ പ്രതിഷ്ഠാപിതനായിരിക്കുന്ന ആ ഋഷിശ്രേഷ്ഠൻെറ യഥാൎത്ഥചരിത്രം അജ്ഞാതമായിപ്പരിണമിച്ചതു കൈരളിയുടെ കാലദോഷമെന്നല്ലാതെ എന്തു പറയട്ടെ!

ജീവചരിത്രവിഷയത്തിൽ എഴുത്തച്ഛനേപ്പറ്റി നമുക്കുള്ള അറിവ് കേവലം അപൂൎണ്ണവും ഏററവും സന്ദേഹസങ്കലിതവുമാകുന്നു. സമ്പൂജ്യനായ അദ്ദേഹത്തിൻെറ നാമധേയം തന്നെ എന്താണെന്നു തീൎത്തുപറയുവാൻ നിവൃത്തിയില്ല. പണ്ഡിതവരേണ്യന്മാരായ പലരുടേയും ഇടയിൽ അതു് ഒരു വിവാദവിഷയമായിത്തീൎന്നിട്ടുണ്ടു്. ഇദാനീന്തനന്മാർ 'രാമാനുജൻ' എന്ന പേരിൽ അദ്ദേഹത്തെ പ്രശംസിച്ചു വരുന്നു. എഴുത്തച്ഛൻെറ അന്തേവാസികളായ പണ്ഡിതന്മാരാണു് രാമാനുജൻ എന്ന നാമധേയം സൃഷ്ടിച്ചതെന്നു ചില നിരൂപകന്മാർ അഭിപ്രായപ്പെടുന്നു. പ്രസ്തുതനാമനിൎമ്മാണത്തിനു് അവർ ആധാരമായി സ്വീകരിച്ചതു താഴെക്കാണുന്ന ഭാഗമാണു്.

"അഗ്രജൻ മമ സതാം വിദുഷാമഗ്രേസരൻ
മദ്ഗുരുനാഥനനേകാന്തേവാസികളോടും
ഉൾക്കരുന്നിങ്കൽ വാഴ്ക രാമനാമാചാൎയ്യനും
മുഖ്യന്മാരായ ഗുരുഭ്രാതന്മാർ മററുമുള്ളോരും."

അദ്ധ്യാത്മരാമായണത്തിലുള്ള ഈ ഭാഗത്തു നിന്നു 'രാമൻ' എന്ന പേരോടുകൂടി അദ്ദേഹത്തിനു് ഒരു ജ്യേഷ്ഠനുണ്ടായിരുന്നുവെന്ന തരത്തിലല്ല വ്യാഖ്യാനിച്ചു് അൎത്ഥഗ്രഹണം ചെയ്യേണ്ടതെന്നും, ഉദ്ധൃതത്തിൽ കാണുന്ന രാമനാമാചാൎയ്യശബ്ദംകൊണ്ടു പരാമൃശിതമായിരിക്കുന്നതു് ഏതോ ഒരു ഗുരുവിൻെറ നാമമാണെന്നും ചില ചിന്തകന്മാർ അഭിപ്രായപ്പെടുന്നുണ്ടു്.

"രാമഭക്താഢ്യനാകും രാമശിഷ്യനീലിദം
സോമനാം കുണ്ഡപുരാധീശൻ തന്നനുഗ്രഹാൽ."

ഇപ്രകാരം ബ്രഹ്മാണ്ഡപുരാണത്തിൻെറ അവസാനത്തിൽ കാണുന്ന പാദങ്ങളെക്കൊണ്ടു് എഴുത്തച്ഛൻെറ പേരു് രാമൻ എന്നായിരുന്നുവെന്നാണു് അവർ തെളിയിച്ചിരിക്കുന്നതു്. ഏതായാലും ഈദൃശാനുമാനങ്ങളാൽ സംശയാസ്പദമായ ആ അനുഗൃഹീതനാമം അജ്ഞാതമെന്നു വിചാരിക്കുവാനല്ലാതെ ഗത്യന്തരമില്ല.

അദ്ദേഹത്തിൻെറ ജനനസ്ഥലം പൊന്നാനിത്താലൂക്കിൽ തൃക്കണ്ടിയൂർ അംശത്തിൽ തൃക്കണ്ടിയൂർ ശിവക്ഷേത്രത്തിനു് അല്പം പടിഞ്ഞാറുമാറിയുള്ള തുഞ്ചൻപറമ്പാണെന്നാണു് വിദ്വന്മതം. ആ സ്ഥലം പൊന്നാനിയാററിൻെറ തീരത്തും തിരൂർ തീവണ്ടിസ്റ്റേഷനിൽനിന്നു് ഏകദേശം ഒരു നാഴിക തെക്കുപടിഞ്ഞാറു മാറിയും സ്ഥിതിചെയ്യുന്നു. ആധുനികദേശാഭിമാനികളുടെ പരിശ്രമഫലമായി ഇപ്പോൾ അവിടെ ഒരു ഗുരുമഠം സ്ഥാപിച്ചിട്ടുണ്ടു്. ആ മഠത്തിൻെറ സ്ഥാനത്തു് ഒരു പഴയ പുരത്തറയുണ്ടായിരുന്നതായും പറഞ്ഞുവരുന്നു. ഏകദേശം നാനൂറു സംവത്സരങ്ങൾക്കു മുമ്പു് ആ മഹായോഗിയുടെ ദിവ്യതേജസ്സിനാൽ പരിപാവനമാക്കപ്പെട്ടിരുന്ന ഭവനത്തിൻെറ അവശിഷ്ടമായിരുന്നു അതെന്നു വിശ്വസിച്ചുപോരുന്നു. പ്രസ്തുത ഗൃഹാവശിഷ്ടങ്ങൾ കൂടാതെ പഴക്കംമൂലം പ്രായേണ തൂർന്നതായ ഒരു കിണറും ഒരു കുളവും ഇന്നും അവിടെ കാണ്മാനുണ്ടു്. എഴുത്തച്ഛനെ പലപ്പോഴും പത്രച്ഛായയിലിരുത്തി ആശ്വസിപ്പിച്ചു വന്നതായ ഒരു വൃദ്ധകാരസ്കരവും അവിടെയുള്ളതായി പറയപ്പെടുന്നു. കുട്ടികളെ എഴുത്തിനിരുത്തുന്നതിനു ത

ദ്ദേശവാസികൾ ആ തുഞ്ചൻപറമ്പിൽ നിന്നു മണ്ണു വാരിക്കൊണ്ടുപോവുകയും, നവരാത്രിയാഘോഷങ്ങൾ നടത്തിവരികയും ചെയ്യുന്നതു കേരളഭാഷാസാഹിത്യകുലപതിയായ ആ ആചാര്യൻെറ ജന്മഭൂമിയുടെ ദിവ്യതയെ ദ്യോതിപ്പിക്കുന്ന കർമ്മങ്ങളാണു്.

ഇങ്ങനെ ജന്മദേശവിഷയത്തിൽ എഴുത്തച്ഛൻ സർവ്വവിദിതനാണെങ്കിലും മാതാപിതാക്കന്മാർ, ജനനം, ബാല്യം, വിദ്യാഭ്യാസം മുതലായവയെക്കുറിച്ചുള്ള പരിച്ഛേദ്യമായ ജ്ഞാനം നമുക്കു സിദ്ധിച്ചിട്ടില്ല. എഴുത്തച്ഛൻെറ ജനനത്തെപ്പററി പരക്കെ വിശ്വസിക്കപ്പെട്ടുവരുന്നതും, ഭാഷാചരിത്രകാരനാൽ നിർദ്ദിഷ്ടവുമായ ഐതിഹ്യമനുസരിച്ചു് അദ്ദേഹത്തിൻെറ പിതാവു് ഒരു നമ്പൂതിരിയായിരുന്നുവെന്നു പലരും ധരിക്കുവാനിടയായിട്ടുണ്ടു്. ഏതദ്വിഷയത്തിലും അഭിപ്രായഭേദമുള്ള പണ്ഡിതന്മാർ ഇല്ലെന്നില്ല. ഇങ്ങനെ മുഖവൈപരീത്യമായ ഈ ഐതിഹ്യം പിൽക്കാലസൃഷ്ടിയാണെന്നും, എഴുത്തച്ഛൻെറ യശഃസമ്പത്തിയെ വ്യാഖ്യാനിക്കുവാൻ നിർമ്മിച്ചതാണെന്നുമാണു് സാഹിത്യപഞ്ചാനനനും അഭിനവഭാഷാഭിജ്ഞന്മാരിൽ അഗ്രഗണ്യനും നിരൂപകാഗ്രേസരനുമായിരുന്ന രാജശ്രീ പി. കെ. നാരായണപിള്ള ബി. ഏ., ബി. എൽ. അവർകളുടെ അഭിപ്രായം. അനുപപത്തികൾകൊണ്ടു ദുഷ്ടമായ ഈ ഐതിഹ്യം യുക്തിയുക്തമായിരിക്കുന്നില്ലെന്നു് അദ്ദേഹം സമർത്ഥിച്ചിരിക്കുന്നു.

എഴുത്തച്ഛൻെറ ജീവിതകാലം ക്ലിപ്തപ്പെടുത്തുന്നതും ഇതുപോലെ തന്നെ ദുഷ്കരമായിരിക്കുന്നു.

ഭാഷാചരിത്രകൎത്താവായ പി. ഗോവിന്ദപ്പിള്ള അവർ കൾ, ആർ. നാരായണപ്പണിക്കർ അവർകൾ മുതലായ പല വിദ്വൽകേസരികളും ഏതദ്വിഷയത്തിൽ അതീവ ശ്രമം ചെയ്തിട്ടുണ്ട്. അതിനു സൎവ്വാധാരമായി നില്ക്കുന്നതു് അദ്ദേഹത്തിൻെറ കൃതികൾ മാത്രമാണ്. അനന്തമായ മഹാസമുദ്രത്തിലെ ഇളകിമറിഞ്ഞു വരുന്ന ഏതെങ്കിലും ഒന്നോ രണ്ടോ വീചികളെ നോക്കിക്കൊണ്ടു് ആ മഹോദധിയുടെ അതിരു നിൎണ്ണയിക്കുവാൻ ശ്രമിക്കുന്നതും അദ്ദേഹത്തിൻെറ കവനപരമ്പരയിലെ ഒന്നോ രണ്ടോ നിർദ്ദിഷ്ടപാദങ്ങളെ സ്വകപോലകല്പിതങ്ങളായ ബഹുയുക്തികൾ പ്രയോഗിച്ചു വ്യാഖ്യാനിച്ചു് എഴുത്തച്ഛൻെറ ജീവിതകാലം നിൎണ്ണയിക്കുന്നതും ഒന്നുപോലെ ദുഷ്കരവും സാഹസവുമായിരിക്കും. പ്രസ്തുതവിഷയത്തിൽ സാഹിത്യപഞ്ചാനനൻഅവർകൾക്കുള്ള അഭിപ്രായമാണു് യുക്തിയുക്തവും സ്വീകാൎയ്യവുമായിത്തീൎന്നിരിക്കുന്നതു്. ഹരിനാമകീൎത്തനത്തിലെ 'ശ്രീനീലകണ്ഠഗുരു' എന്ന ഭാഗത്തു നിന്നും എഴുത്തച്ഛനു നീലകണ്ഠൻ എന്നു പേരോടുകൂടിയ ഒരു ഗുരുവുണ്ടായിരുന്നുവെന്നും, ആ നീലകണ്ഠൻ സ്ഥലകാലാനുയോജ്യതയാ 'തന്ത്രസംഗ്രഹം' എന്ന സംസ്കൃതകൃതിയുടെ കൎത്താവായ 'നീലകണ്ഠസോമയാജി'യായിരിക്കണമെന്നും, അതുകൊണ്ടു് എഴുത്തച്ഛൻ ആ സോമയാജിയുടെ അടുത്തകാലത്താണു് ജീവിച്ചിരുന്നതെന്നും അദ്ദേഹം പ്രവചിക്കുന്നു. തന്ത്രസംഗ്രഹത്തിലെ

"ഹേ വിഷ്ണോ നിഹിതം കൃൽസ്നം
ജഗന്മയ്യേവ കാരണേ."

എന്ന ആരംഭശ്ലോകത്തിലെ ആദ്യപാദം ആ ഗ്രന്ഥം എഴുതിത്തുടങ്ങിയ ദിവസത്തിലേയും,

"ലക്ഷ്മീശനിഹിതദ്ധ്യാനൈ-
രിഷ്ടം സർവ്വംഹിലഭ്യതെ."

എന്ന അവസാനപദ്യത്തിലെ ആദ്യപാദം ഗ്രന്ഥം അവസാനിപ്പിച്ച ദിവസത്തിലേയും കലിദിന സംഖ്യകളാണെന്നു കാണുന്നതിനാൽ ആ ഗ്രന്ഥം നിൎമ്മിച്ചതു് 667-ാമാണ്ടാണെന്നും, എഴുത്തച്ഛന്റെ ജീവിതകാലം 700-ാമാണ്ടിടയ്ക്കാണെന്നും മഹാനായ പി. കെ. അഭിപ്രായപ്പെട്ടിരിക്കുന്നു.

എഴുത്തച്ഛന്റെ കൃതികൾ ഏതെല്ലാമെന്നു നിൎണ്ണയിക്കുന്നതും അത്ര എളുപ്പമല്ല. മഹാഭാരതവും, അദ്ധ്യാത്മരാമായണവും, ഹരിനാമകീൎത്തനവും അദ്ദേഹത്തിന്റെ കൃതികളാണെന്നു് എല്ലാവരും സമ്മതിക്കുന്നുണ്ടു്. ഇവയിൽ എഴുത്തച്ഛന്റെ കൃതികളെന്നു സുപ്രശസ്തിയുള്ളവ രാമായണം, മഹാഭാരതം എന്നീ രണ്ടു കിളിപ്പാട്ടുകളാണെന്നും, അവ രണ്ടും ഭാഷാസാഹിത്യനഭോമണ്ഡലത്തിലെ ആദിത്യചന്ദ്രന്മാരേപ്പോലെ വിലസുന്നുവെന്നും രാജശ്രീ പി. കെ. നാരായണപിള്ള അവർകൾ അദ്ദേഹത്തിന്റെ 'തുഞ്ചത്തെഴുച്ഛൻ' എന്ന നിരൂപണഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. മഹാഭാഗവതം, ദേവീമാഹാത്മ്യം, ഉത്തരരാമായണം, ശിവപുരാണം മുതലായ കിളിപ്പാട്ടുകളും, ചിന്താരത്നം, കൈവല്യനവനീതം, ഇരുപത്തിനാലുവൃത്തം മുതലായ മററുകൃതികളും എഴുത്തച്ഛനാൽ നിൎമ്മി

ക്കപ്പെട്ടുവെന്നാണ് സാമാന്യജനങ്ങളുടെ വിശ്വാസം. എന്നാൽ രാമായണാദിഗ്രന്ഥങ്ങളിലെ ചിലഭാഗങ്ങളെ അവലംബിച്ച് ഇവ എഴുത്തച്ഛൻെറ കൃതികളല്ലെന്നു സമർത്ഥിക്കുവാൻ പലരും ശ്രമിച്ചിരുന്നു. ഈ കൃതികളിലെ മററു ഭാഗങ്ങൾ ഉദ്ധരിച്ചുകൊണ്ടു് അവയ്ക്കും, എഴുത്തച്ഛൻെറ കൃതികളെന്നു വിഖ്യാതി നേടിയ രാമായണം, ഭാരതം എന്നീഗ്രന്ഥങ്ങളിലെ ചില ഭാഗങ്ങൾക്കുമുള്ള സാദൃശ്യത്തെ അടിസ്ഥാനമാക്കി ഭാഗവതാദികൃതികളും അദ്ദേഹത്തിൻെറ അമാനുഷ മേധാശക്തിയാൽ ജാതങ്ങളാണെന്നു മററുചിലർ അഭിപ്രായപ്പെടുന്നു. അതിനാൽ മേല്പറഞ്ഞ കൃതികളും എഴുത്തച്ഛൻെറ വകയാണെന്നുതന്നെ വിചാരിക്കാവുന്നതാണ്. അദ്ദേഹത്തിൻെറ സൽകീർത്തിയെ ആചന്ദ്രതാരം പരിപാലിക്കുന്നതിനുള്ള വൈശിഷ്ട്യം രാമായണത്തിനും ഭാരതത്തിനുമുണ്ടു്. അവയുടെ മൂലഗ്രന്ഥങ്ങൾ സംസ്കൃതത്തിലുള്ള അദ്ധ്യാത്മരാമായണവും മഹാഭാരതവുമാണെന്നുള്ളതിനു സംശയമില്ല. എഴുത്തച്ഛൻെറ കൃതികൾ മൂലത്തിൻെറ ശരിയായ തർജ്ജിമയല്ലെന്നാണ് ചിലരുടെ മതം. ആ കൃതികളിൽ ചിലഭാഗം മൂലത്തെ അനുവർത്തിച്ചുള്ള വിവർത്തനമാണെന്നുള്ളതു സ്പഷ്ടമായിരിക്കുന്നു. മൂലത്തിലില്ലാത്ത പല ഭാഗങ്ങളും ചേർത്തു പലയിടങ്ങളിലും രസസമ്പൂർത്തി വരുത്തിയിട്ടുമുണ്ടു്. ഇങ്ങനെ ആലോചിച്ചാൽ മൂലകഥയെ ഉപജീവിച്ച് സ്വവാസനാനുസൃതങ്ങളായ പല പരിഷ്കാരങ്ങളും ചേർത്തു മിനുക്കി പണ്ഡിതപാമരഭേദമെന്യേ സകലരേയും ഹഠാദാകർഷിക്കത്തക്കവിധത്തിൽ വാർത്തുണ്ടാക്കിയ രണ്ടു ദിവ്യകവനങ്ങളാണു് ഇവ

യെന്നു മനസ്സിലാക്കാം. ഏതദ്വിഷയത്തിൽ എഴുത്തച്ഛൻെറ കാലത്തു സാഹിത്യത്തിൽ സ്ഥായിയായ പ്രതിഷ്ഠ സിദ്ധിച്ചുകഴിഞ്ഞിരുന്ന കണ്ണശ്ശരാമായണത്തെയും അദ്ദേഹം ചിലദിക്കിൽ അനുകരിച്ചിട്ടുണ്ടു്. ഇങ്ങനെ പ്രായേണ കണ്ണശ്ശനേയും ചിലപ്പോൾ മൂലകവിയേയും അനുഗമിക്കുന്നുണ്ടെങ്കിലും, മൂലത്തിലും കണ്ണശ്ശരാമായണത്തിലും കാണാത്ത പല നൂതനാശയങ്ങളും സ്വമനോധർമ്മമനുസരിച്ചു വിസ്തരിച്ചും ചിലപ്പോൾ സംക്ഷേപിച്ചുമുള്ള കവനഗതിയിൽ അദ്ദേഹം സർവ്വഥാ സ്വതന്ത്രനായിരുന്നു. ലോകസ്വഭാവം സൂക്ഷ്മമായി കണ്ടുമനസ്സിലാക്കി തത്വോപദേശം ചെയ്യുവാൻ എഴുത്തച്ഛനേപ്പോലെ കണ്ണശ്ശനോ മൂലകർത്താവിനോ സാധിച്ചിട്ടുണ്ടോ എന്നു സംശയമാണു്. ഇപ്രകാരം എഴുത്തച്ഛൻെറ കൃതികൾക്കുള്ള അവിച്ഛിന്ന സ്വാരസ്യം പ്രശംസനീയമായിരിക്കുന്നു.

ഉദാ:— "അഗ്രജൻ തന്നെപ്പരിചരിച്ചെപ്പൊഴു—
മഗ്രേ നടന്നുകൊള്ളേണം പിരിയാതെ
രാമനെ നിത്യം ദശരഥനെന്നുള്ളി-
ലാമോദമോടു നിരൂപിച്ചുകൊള്ളണം
എന്നെ ജ്ജനകാത്മജയെന്നുറച്ചുകൊൾ
പിന്നെയയോദ്ധ്യയെന്നോർത്തീടടവിയെ".

അനന്യദർശിതമായ മറെറാരുഗുണം ഈ കൃതികളിൽ പലയിടത്തും തെളിഞ്ഞുകാണുന്നുണ്ടു്. അതു് അദ്ദേഹത്തിൻെറ സംഗ്രഹണസാമർത്ഥ്യമാണു്. വേദാന്തതത്വപ്രതിപാദനത്തിലും അദ്ദേഹത്തിനു് അനി

തരസാധാരണമായ പാടവമുണ്ടായിരുന്നു. ഇവയെയും അതിക്രമിച്ച് അദ്ദേഹത്തിൻെറ കൃതികളിൽ ആപാദചൂഡം പ്രസ്ഫുരിക്കുന്ന ഭക്തിരസവും ഭാഷാപ്രയോഗചാതുരിയും ഏവരേയും ആശ്ചര്യപരതന്ത്രരാക്കിത്തീക്കുന്നതാണ്. ശൃംഗാരാദി രസങ്ങൾ എഴുത്തച്ഛൻെറ കൃതികളിൽ സ്ഫടികസങ്കാശമായിക്കാണാമെങ്കിലും ഭക്തിരസത്തിൻെറകാര്യം! ഹാ! അതിനേപ്പററി എന്താണ് പറയേണ്ടതു്! ഭക്തിരസത്തിലുള്ളതുപോലെ മറെറാന്നിലും അദ്ദേഹത്തിന് ഇഷ്ടമുണ്ടായിരുന്നില്ല. ബഹിർല്ലോകവിജ്ഞാനമോ സ്വാത്മസ്മൃതിയോ ഇല്ലാത്ത ഒരുവനേപ്പോലെ ഭക്തിപാരവശ്യത്താൽ സച്ചിദാനന്ദസ്വരൂപനിൽ ആ പരമസാത്വികൻ ലയിച്ചുപോവുകയാണ് പതിവ്.

ഭക്തിരസത്തിൻെറ അടുത്ത പടിയിൽ എഴുത്തച്ഛന്ന പ്രിയമായിക്കാണുന്നത് കരുണമാകുന്നു. സീതാപരിത്യാഗഘട്ടം, ദശരഥൻെറ ചരമഗതി മുതലായ പല ഭാഗങ്ങളും ഇതിന്നു മകുടോദാഹരണങ്ങളാണ്. ഇത്തരം ഭാഗങ്ങൾ വായിക്കുമ്പോൾ കരുണരസം കഥാപാത്രങ്ങളേക്കാൾ കൂടുതൽ, കവിയുടെ ഹൃദയത്തെ ചലിപ്പിക്കുന്നില്ലേ എന്നു തോന്നിപ്പോകും. ശോകവർണ്ണനയുടെ പൂർവ്വപീഠികയായി, ശോകഭാക്കാകുന്നവരുടെ നിശ്ശങ്കമനഃസ്ഥിതികൊണ്ടു് മററുള്ളവരുടെ ഹൃദയത്തെ തട്ടിയുണത്തുന്ന രീതി എഴുത്തച്ഛൻെറ സാധാരണ കൌശലമാണ്.

ഉദാഹരണം:—

"വൈകുവാനെന്തുമൂലം മമ നന്ദന
വേഗേന തണ്ണീർ തരികനീ സാദരം"
"പുത്രനല്ലല്ലയോദ്ധ്യാധിപനാകിയ
പൃത്ഥ്വീവരൻ ഞാൻ ദശരഥനെന്നു പേർ
*    *    *    *    *    *
അമ്പയച്ചേനറിയാതെയത്തും ബലാൽ
പുത്രനു കൊണ്ടതനേരത്തു കരച്ചിൽ കേ-
ട്ടെത്രയും ഭീതനായ് തത്ര ചെന്നീടിനേൻ"

ശൃംഗാരവീരരൌദ്രാദിരസങ്ങൾ പ്രയോഗിക്കുന്നതിലും എഴുത്തച്ഛൻ ഒട്ടും പിന്നോക്കമല്ല. അദ്ദേഹം പ്രശാന്തമായും നിശിതമായും ഹാസ്യരസവും പ്രയോഗിച്ചിരുന്നു.

എഴുത്തച്ഛൻെറ ഭാഷ മണിപ്രവാളത്തിൻെറ ഒരു പ്രത്യേകപാകമാണെന്നു വേണം പറയുവാൻ. ഭാഷാപദപ്രയോഗവിഷയത്തിൽ അദ്ദേഹത്തെ അതിക്രമിക്കുന്ന ഒരു കവി ഇതേവരെ ഉണ്ടായിട്ടില്ല. രസസ്ഫൂർത്തീകരണത്തിനു് അനുയോജ്യങ്ങളായ പദങ്ങളേക്കൊണ്ടു് ഉദ്ദിഷ്ടവികാരത്തെ മനുഷ്യഹൃദയങ്ങളിൽ തുളച്ചുകയററുവാൻ എഴുത്തച്ഛനേപ്പോലെ കഴിവുള്ള കവികൾ അപൂർവ്വമത്രേ. ഇങ്ങനെ അദ്ദേഹത്തിൻെറ കവനാവലിയിൽ സർവ്വത്ര മിന്നിമിന്നങ്ങിക്കൊണ്ടിരിക്കുന്ന അഭംഗുരഭംഗിയെ എത്രമാത്രം പ്രശംസിച്ചാലും അസ്ഥാനത്താവുകയില്ല.

ഭാഷാസാഹിത്യകുലഗുരുവായ ആ ആചാൎയ്യപാദരുടെ സന്മാൎഗ്ഗനിഷ്ഠയ്ക്കു് അണുമാത്രം വിഭ്രംശം വരുത്തുന്ന ഒരു വരിയെങ്കിലും അദ്ദേഹത്തിന്റെ കൃതികളിൽ കാണുന്നില്ല. പ്രത്യുത, അദ്ദേഹം സദ്വൃത്തനും, പരമഭക്തനും, അധൎമ്മഭീരുവുമാണെന്നുതന്നെ ആ കൃതികൾ സാക്ഷ്യം വഹിക്കുന്നു.

ഇപ്രകാരം സ്വഭാവസംസ്കരണത്തിലും കവനസാമൎത്ഥ്യത്തിലും അദ്വിതീയനായ ഒരാദൎശപുരുഷനായിരുന്നു തുഞ്ചത്തെഴുത്തച്ഛൻ. കൈരളീസാഹിത്യത്തിന്റെ കുലപതിയും അദ്ദേഹം തന്നെയാണു്. ദ്രാവിഡവൃത്തങ്ങളേയും സംസ്കൃതവൃത്തങ്ങളേയും അദ്ദേഹം സംഘടിപ്പിച്ചു. സംസ്കൃതഭാഷയേയും മലയാളഭാഷയേയും ഉചിതമായി യോജിപ്പിച്ചതും അദ്ദേഹം തന്നെ. കിളിപ്പാട്ടുകൾ സംഗീതത്തിന്നു് അത്യന്തം വശംവദങ്ങളാകയാൽ സാഹിത്യസംഗീതസമ്മേളനത്തിനുള്ള സരണി സജ്ജീകരിച്ചതും അദ്ദേഹമാണു്. അബ്രാഹ്മണൎക്കു് അനധിഗമ്യമായിരുന്ന അദ്ധ്യാത്മജ്ഞാനകവാടങ്ങളെ അദ്ദേഹം തുറന്നു. മാതൃഭക്തി, പിതൃഭക്തി, ഈശ്വരഭക്തി, സജ്ജനഭക്തി മുതലായി സദാചാരനിഷ്ഠയ്ക്കു് അധിവാസസ്ഥാനങ്ങളായ സൽസാഹിത്യസരണികളെ ആ സഹൃദയോത്തംസം കേരളീയൎക്കു സമ്പാദിച്ചുകൊടുത്തു. ഇപ്രകാരം കേരളീയരുടെ പ്രത്യേകബഹുമാനത്തിന്നു സൎവ്വഥാ യോഗ്യനായ ഒരു മഹാത്മാവായിരുന്നു തുഞ്ചത്തെഴുത്തച്ഛൻ.

## 3. ഉണ്ണായിവാരിയരും സാഹിത്യപ്രസ്ഥാനവും.

'ആലോചനാമൃത'മായ സാഹിത്യവും, 'ആപാദമധുര'മായ സംഗീതവും ഒന്നുചേൎന്ന്, താളമേളങ്ങളോടുകൂടി ശ്രോതാക്കളേയും ദ്രഷ്ടാക്കളേയും പണ്ഡിതപാമരസാധാരണ്യേന ആനന്ദിപ്പിക്കുന്ന ആട്ടക്കഥാപ്രസ്ഥാനം സംസ്കൃതാലങ്കാരികന്മാരുടേയോ, നാട്യശാസ്ത്രകൎത്താക്കളുടേയോ സുവ്യവസ്ഥിതമായ നിൎബ്ബന്ധങ്ങൾക്കു മുഴുവൻ കീഴ്പ്പെട്ടതല്ല.

രംഗസംവിധാനം, കാലദേശൈക്യം, സ്ഥലാനുരൂപ്യം, വേഷപരിഷ്കാരം എന്നീ വിഷയങ്ങളിൽ നാടകവും കഥകളിയും തമ്മിൽ വളരെ അന്തരം കാണുന്നതുകൊണ്ട്, കഥകളി ശുദ്ധമായ ഒരു ദൃശ്യകാവ്യമാണോ എന്ന കാൎയ്യം സന്ദിഗ്ദ്ധാവസ്ഥയിലാണിരിക്കുന്നതു്. എന്നിരുന്നാലും കൎത്തവ്യാകൎത്തവ്യജ്ഞാനവിതരണത്തിലും, സഹൃദയഹൃദയാഹ്ലാദനത്തിലും, വ്യുല്പത്തിപ്രദാനത്തിലും ഒട്ടും പിന്നോക്കമല്ലാത്ത ഈ പ്രസ്ഥാനം കാവ്യകോടിയിലുൾപ്പെടുന്നില്ലെന്നോ, ദൃശ്യവകുപ്പിൽപ്പെടാത്തവയല്ലെന്നോ തീൎത്തുപറയുവാൻ ഒരു ന്യായവും കാണുന്നില്ല.

ഭാഷയുടെ വളൎച്ചയെ അടിസ്ഥാനപ്പെടുത്തി, കരിന്തമിഴകാലം, മണിപ്രവാളകാലം, നവീനമലയാളകാലം എന്നിങ്ങനെ മൂന്നു കാലഘട്ടങ്ങളായി വിഭജിക്കുന്നതിൽ മണിപ്രവാളകാലമായ മദ്ധ്യഘട്ടത്തിന്റെ അന്തിമദശയിലുദിച്ച പ്രസ്ഥാനമാണു് ആട്ടക്കഥ.

കൊട്ടാരക്കരത്തമ്പുരാനും, കൃഷ്ണനാട്ടത്തിൻെറ കർത്താവായ സാമൂതിരിയും തമ്മിലുണ്ടായ വിരോധത്തിൽ നിന്നുദിച്ചതാണു് 'രാമനാട്ടം' അല്ലെങ്കിൽ കഥകളി എന്ന സംഗതി ഭാഷാബന്ധുക്കൾക്കെല്ലാം അറിവുള്ളതാണല്ലോ. ആദ്യമായി ഈ പ്രസ്ഥാനത്തിൽ കൈവച്ച ആ തമ്പുരാൻ, രോഹിണിതിരുനാൾ വീരകേരളരാജാവിൻെറ അനന്തിരവളുടെ മകനാണെന്നും, അദ്ദേഹത്തിൻെറ ഗുരു ശങ്കരകവിയാണെന്നും, ജീവിതകാലം ഏകദേശം 7-ാംശതവർഷത്തിൻെറ ഒടുവിലോ 8-ാംശതകത്തിലോ ആയിരിക്കണമെന്നുമാണു് ഊഹം.

1. പുത്രകാമേഷ്ടി. 2. സീതാസ്വയംവരം. 3. വിച്ഛിന്നാഭിഷേകം. 4. ഖരവധം. 5. ബാലിവധം. 6. തോരണയുദ്ധം. 7. സേതുബന്ധം. 8. യുദ്ധം എന്നിവയാണു് ആദ്യമായി ആവിർഭവിച്ച ആട്ടക്കഥാഗ്രന്ഥങ്ങൾ. കൊട്ടാരക്കരത്തമ്പുരാൻെറ കാലശേഷം വടക്കേവെട്ടത്തുനാട്ടു രാജാവായ കോട്ടയത്തുതമ്പുരാൻ, പ്രസ്തുത പ്രസ്ഥാനത്തെ വേഷഭൂഷാദികളാൽ പരിഷ്കരിച്ചു് 'വെട്ടത്തുസമ്പ്രദായ'മെന്ന പേരിൽ പ്രചരിപ്പിച്ചുവെന്നും, കാലക്രമേണ പണ്ഡിതന്മാരായ പല അനുഗൃഹീതകവികളുടേയും പരിശ്രമത്താൽ അതു് ഇത്രമാത്രം പരിപുഷ്ടനിലയിലെത്തിയെന്നുമാണു് കഥകളിയെ സംബന്ധിച്ചു നമുക്കു ലഭിക്കുന്ന സംക്ഷിപ്തവിവരം.

എന്നാൽ സാഹിത്യസംഗീതങ്ങളുടെ സമുചിതസമ്മേളനം, ഗാംഭീര്യം, ഉദാരബന്ധം, സ്വകപോ

ലകല്പനകളുടെ നൂതനഭംഗി, ആലോച്യമാനമധുരമായ വ്യംഗ്യചമൽകാരം, പ്രയോഗവൈചിത്ര്യം, സമുചിതാലങ്കാരസന്നിവേശനം എന്നീ ഉൽകൃഷ്ടഗുണഗണങ്ങളാൽ ഉജ്ജ്വലിക്കുന്ന "നളചരിതംആട്ടക്കഥ" ഏതത് പ്രസ്ഥാനത്തിൻെറ നടുനായകമെന്നപോലെയാണു് പ്രശോഭിക്കുന്നതു്.

"ആസീൽപുരാ പരമപാവനകീർത്തിഭൂമാ-
നാകോപമേ നിഷധനീവൃതി നീതിശാലീ
രാജാരതീശ സുഭഗോ ജഗദേകവീരഃ
ശ്രീവീരസേനതനയോ നളനാമധേയഃ"

എന്നുതുടങ്ങി,

"ഈവണ്ണം നാരദൻവന്നരുളിന വചസാ
തോഷിതെ നൈഷധേന്ദ്രേ
താവും മംഗല്യവാദ്യധ്വനിതമുഖരിതാ-
ശേഷ ദിക്ചക്രവാളെ
സൌവർണ്ണോദ്ദണ്ഡകേതുപ്രചുരവരചമൂ-
വേഷ്ടിതോ ഭീമനും വ-
ന്നാവിർമ്മോദം പുരസ്താൽ സഹനിജസുതയാ
വ്യാഹരദ്വൈരസേനീം."

എന്നിങ്ങനെ നാലുദിവസത്തെ കളികൊണ്ടു് അവസാനിപ്പിക്കുന്ന ആ ഗ്രന്ഥത്തിലെ ഇതിവൃത്തം, ചൂതുകളിച്ചുതോററു കാട്ടിൽതാമസിക്കുന്ന പാണ്ഡവന്മാരെ പല മഹർഷിമാരും വന്നു സമാശ്വസിപ്പിക്കുന്നതിനിട

യിൽ 'ബൃഹദശ്വൻ' എന്നൊരു മുനി ഉപദേശിച്ചുകൊടുക്കുന്ന മഹാഭാരതം വനപർവ്വത്തിലെ പുരാണകഥയാണ്. ഈ "നളോപാഖ്യാനം", ഭാരതത്തിൽ 52 മുതൽ 79 വരെയുള്ള അദ്ധ്യായങ്ങളെക്കൊണ്ടാണ് പ്രതിപാദിച്ചിട്ടുള്ളത്.

പുരാണകഥ മിക്കവൎക്കും അറിയാവുന്നതാകയാൽ അതു് ഇവിടെ പ്രത്യേകം വിസ്തരിക്കണമെന്നില്ലല്ലോ. എന്നാൽ ചൂതുകളികൊണ്ടുള്ള ദോഷം ഉപപാദിക്കുന്ന പുരാണകഥാകാരന്റേയും, സരസമായ ഒരു വാസ്തവകഥയെ സംവാദരൂപത്തിൽ രംഗപ്രവേശം ചെയ്യിച്ച് സഹൃദയരെ ആനന്ദിപ്പിക്കുവാനൊരുങ്ങുന്ന ആട്ടക്കഥാകൎത്താവിന്റേയും ആശയഗതി, ഘടനാരീതി എന്നിവയിൽ വന്നുചേൎന്നിട്ടുള്ള ഏറക്കുറവുകൾ എന്തെല്ലാമാണെന്ന് ഒന്നു ചിന്തിക്കേണ്ടതുണ്ട്.

ആട്ടക്കഥാകാരൻ പുരാണകഥയുടെ പ്രധാനാംശത്തിൽ പറയത്തക്ക ഭേദഗതികൾ ഒന്നുംതന്നെ ചെയ്തിട്ടില്ലെങ്കിലും ബാഹ്യാംശത്തിൽ ചില നവീനതയും സ്വാതന്ത്ര്യകല്പനകളും കലൎത്താതിരുന്നിട്ടില്ല.

പ്രധാനമായി അഞ്ചുസംഗതികളിലാണ് ഭാരതത്തിലെ നളോപാഖ്യാനവും, നളചരിതം ആട്ടക്കഥയും തമ്മിൽ വ്യത്യാസപ്പെട്ടുകാണുന്നതു്.

1\. സ്വയംവരമണ്ഡപത്തിൽ ദേവദാനവയക്ഷഗന്ധൎവ്വാദികളെ വരുത്തിയിരുത്തുന്നു. ഇതു് മഹാകവി 'ശ്രീഹൎഷൻ' എഴുതിയ നൈഷധകാവ്യത്തിന്റെ അനുകരണം മാത്രമാണ്.

2. ദൌത്യം വഹിച്ച നളനേക്കൊണ്ടു് ഊരും പേരും പറയിക്കുന്നില്ല. ഇതു് കവി ഔചിത്യബോധത്തോടുകൂടി ഉപേക്ഷിച്ചിട്ടുള്ളതാണു്.

3. സ്വയംവരാവസരത്തിൽ അസുരരാക്ഷസസംവാദം. ഇതു് ഒരു സ്വതന്ത്രകല്പനമാണു്. അതുവരെ ഏകാന്തസാമ്യത്തെ പ്രദർശിപ്പിച്ച രംഗത്തിൽ ക്രൂരവേഷങ്ങളുടെ പുറപ്പാടുകൊണ്ടു് ഒരു ഭിന്നരസം ഉദിപ്പിച്ചു കാണികൾക്കു് ഉണർവ്വും ഉന്മേഷവും ഉണ്ടാക്കിത്തീക്കണമെന്ന ഏകോദ്ദേശത്തിന്മേലാണു് കവി ആ രണ്ടു പാത്രങ്ങളെ സൃഷ്ടിച്ചിട്ടുള്ളതു്.

4. ആദിയിലും അവസാനത്തിലും നാരദമുനിയുടെ സമാഗമം. ഇതും കവിയുടെ സ്വതന്ത്രകല്പനമാണു്.

ആട്ടക്കഥാകത്താവു് നാരദനെ കഥാവസ്തുവിൻെറ ഒരു നിവ്വാഹകനായിട്ടാണു് വിചാരിച്ചിട്ടുള്ളതു്. നായികാനായകന്മാരുടെ അന്യോന്യാനുരാഗോദയം, ഇന്ദ്രാദ്യാഗമനം, സ്വയംവരനിവ്വിഘ്നനിവ്വഹണം, കാർക്കോടകദംശനം, ബ്രഹ്മസന്ദേശകഥനം എന്നിങ്ങനെയുള്ള പ്രധാനകഥാഭാഗങ്ങളിൽ ചിലതു നാരദൻ നേരിട്ടും ചിലതു തൽപ്രേരണകൊണ്ടും നടക്കുന്നതായിട്ടാണു് കവി സങ്കല്പിച്ചിട്ടുള്ളതു്.

5. അരയന്നത്തിൻെറ പുനസ്സമാഗമം. അരയന്നവും നാരദനും ബ്രഹ്മസന്ദേശം വഹിച്ച

കൊണ്ടാണ് അവസാനത്തിൽ നളസവിധത്തിലെ ത്തുന്നതു്. ഒരേ ഒരുദ്ദേശത്തെ നിറവേററുവാൻവേണ്ടി രണ്ടു കഥാപാത്രങ്ങളെ ഒന്നിനുമീതെ മററൊന്നൊന്നനിലയിൽ അടുത്തടുത്തു രംഗപ്രവേശം ചെയ്യിച്ചിട്ടെന്താണാവശ്യമെന്നു സന്ദേഹിപ്പാനവകാശമുണ്ടു്. എന്നാൽ,

"ജീവിതം തേ സംഹരാമി; നാവ്മനോ-
ഭാവമുള്ള ദുർമ്മതേ! ചിരായവേപസേ കിം?"

എന്നു പുഷ്കരനോടു കയർത്തു് ആ ദുഷ്ടനെ കൊല്ലുകയോ വിട്ടയയ്ക്കുകയോ എന്താണ് വേണ്ടതെന്നു സന്ദേഹിച്ചുനിൽക്കുന്ന കഥാനായകന്റെ മനഃസ്ഥിതിയ്ക്കു് അല്പം ശാന്തത വരുത്തുവാനാണ് ആ പ്രകൃതത്തിൽത്തന്നെ ഹംസത്തെ പുനഃപ്രവേശിപ്പിച്ചതെന്നു് ഹംസാവതരണം പ്രതിപാദിക്കുന്ന പദ്യത്തിൽനിന്നു വേണ്ടപോലെ വെളിവാകുന്നുണ്ടു്.

"കൊല്ലാഞ്ഞാലോ കൊൽകിലോ നല്ലതെന്ന-
ങ്ങല്ലാസത്തോടോർത്തു നിന്നു നളൻതാൻ
നില്ലാതോളം കൌതുകാൽ വന്നിതപ്പോൾ
കല്യാണാത്മാ ഹംസരാജൻ ബഭാഷേ."

അന്നു് ഉദ്യാനത്തിൽവെച്ചു പിടിച്ചുവിട്ട ഹംസം പ്രത്യക്ഷമാകുന്ന ആ സന്ദർഭത്തിൽ നളരാജാവിന്റെ മനഃസ്ഥിതി എന്തായിരിക്കുമെന്നു പ്രത്യേകിച്ചു

പറയേണ്ടതില്ലല്ലോ. മനോഭാവം പകൎത്തുവാൻ ഹംസത്തേപ്പോലെ ഉചിതമായ മററൊരു കഥാപാത്രവുമില്ല.

ഉചിതമായ ആ കഥാപാത്രംതന്നെ ബ്രഹ്മസന്ദേശവും കഥിയ്ക്കുന്ന നിലയ്ക്കു നാരദമാമുനിയെ രണ്ടാമതും എഴുന്നള്ളിച്ചതു് എന്തിനാണെന്നു ചിലർ ചോദിച്ചേക്കാം. എന്നാൽ ഇതിവൃത്തനിൎവ്വാഹകനായ ആ മുനിവൎയ്യൻതന്നെ ഉപസംഹാരാവസരത്തിലെത്തി ബ്രഹ്മസന്ദേശവും ആശീൎവ്വാദവും നൽകുന്നതുകൊണ്ടു് തൻെറ ഗ്രന്ഥം മംഗളപൎയ്യവസായിയായിത്തീരട്ടെ എന്നായിരിക്കണം കവി ഈ സംഗതിയിൽ ഉദ്ദേശിച്ചിട്ടുള്ളതു്. ഏതായാലും മുൻപറഞ്ഞ അഞ്ചു വ്യത്യാസങ്ങൾകൊണ്ടു കഥയുടെ പ്രധാനാംശത്തിനു പറയത്തക്ക യാതൊരു ന്യൂനതയും വന്നുചേൎന്നിട്ടില്ലെന്നു വേണം വിചാരിക്കുവാൻ.

ഇനി അതിൻെറ കൎത്താവായ 'ഉണ്ണായിവാരിയർ' അവർകളേപ്പററി നമുക്കൊന്നു ചിന്തിച്ചുനോക്കാം. ഉണ്ണായിവാരിയരുടെ ജീവചരിത്രത്തേയും മററും പററി ഗണനീയങ്ങളായ പല മഹദഭിപ്രായങ്ങളും കാണ്മാനുണ്ടു്. അദ്ദേഹം മഹാകവി കുഞ്ചൻനമ്പ്യാരുടെ സമകാലികനും, 905 മുതൽ 933 വരെ തിരുവിതാംകൂർരാജ്യം ഭരിച്ചിരുന്ന മാൎത്താണ്ഡവൎമ്മ മഹാരാജാവിൻേറയും തദനന്തരം രാമവൎമ്മ മഹാരാജാവിൻേറയും സദസ്യനും ആയിരുന്നുവെന്നു ഭാഷാചരി

ത്രത്തിന്റെ ഒന്നാംപതിപ്പിലും, പരിഷ്കരിച്ചാവത്തി ച്ച പുതിയ പതിപ്പുകളിലും ശ്രീമാൻ ഗോവിന്ദപ്പിള്ള അവർകൾ പ്രസ്താവിക്കുന്നുണ്ടു്.

മഹാമഹിമശ്രീ രാജരാജവമ്മ കോയിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു് അദ്ദേഹത്തിന്റെ 'കാന്താരതാരക'ത്തിന്റെ അവതാരികയിൽ പ്രസ്തുതാഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തി ഉണ്ണായിവാരിയരുടെ ജനനം 915-ാമാണ്ടിലാണെന്നും, അദ്ദേഹം ഏകദേശം 60 വയസ്സിനുമേൽ ജീവിച്ചിരുന്നുവെന്നുമുള്ള ഊഹം രേഖപ്പെടുത്തിയിരിക്കുന്നു.

മഹാകവി ബ്രഹ്മശ്രീ ഉള്ളൂർ എസ്സ്. പരമേശ്വരയ്യരവർകൾ ഉണ്ണായിവാരിയരുടെ ഇതരകൃതിയാണെന്നുപറയുന്ന 'ഗിരിജാകല്യാണം ഗീതപ്രബന്ധ'ത്തിന്റെ അവതാരികയിൽ വാരിയരുടെ കാലം 900-ാമാണ്ടിനു വളരെ മുമ്പാണെന്നുള്ളതിനു പല ഹേതുക്കളും ഉപപാദിച്ചു് പൂർവ്വാഭിപ്രായങ്ങളെ ഖണ്ഡിച്ചു സ്വമതം സ്ഥാപിക്കുന്നു. അതിന്നു് ഹേതുക്കളായി വാരിയർഅവർകളുടെ പ്രശസ്തകൃതിയായ "രാമപഞ്ചശതീസ്തവ"ത്തിൽ കാണുന്ന "പരിണമേൽ പ്രസത്യൈ" എന്ന കലിസംഖ്യകൊണ്ടു് കൊല്ലവർഷം 798 ഇടവം 11-ാംതീയതി എന്നു കിട്ടുന്നുവെന്നും അറംപററി അററുതിവന്ന വാരിയരുടെ വംശത്തിൽ 1020-നുശേഷമുണ്ടായിരുന്ന ധത്രിമനായ ശങ്കുവാരിയർ ചാത്തമൂട്ടുന്ന അവസരത്തിൽ ഉണ്ണായിവാരിയ

രുടെ സാക്ഷാന്നാമമായ രാമസംജ്ഞ ഓക്കുന്നില്ലെന്നും, കാത്തികതിരുനാഠം രാമവമ്മമഹാരാജാവു തിരുമനസ്സുകൊണ്ടു വാരിയക്ക് അനുഭവാവകാശമൊന്നും കൊടുത്തിട്ടില്ലെന്നും, ഭാഷയ്ക്കു പഴക്കമുണ്ടെന്നും, ഗിരിജാകല്യാണവും രാമപഞ്ചശതിയും വലിയകൊട്ടാരംഗ്രന്ഥപ്പുരയിൽ ഇല്ലാത്തതുകൊണ്ടു വാരിയർ തിരുവനന്തപുരത്തു താമസിച്ചിട്ടില്ലെന്നും മറവുമാണ് അദ്ദേഹത്തിൻെറ അഭിപ്രായം.

മഹാകവി ഉള്ളൂരിൻെറ അഭിപ്രായങ്ങളെ ചച്ച്ചെയ്ത് ഭാഷാചരിത്രകാരാദികളുടെ മതമാണ് സ്വീകാര്യമെന്നു 'സാഹിത്യപഞ്ചാനനൻ' പ്രസ്താവിക്കുന്നു. ഉള്ളൂർ അവർകഠം കാണിച്ച 'കലിസൂചകമായ പദ്യഖണ്ഡം, ഗ്രന്ഥത്തിൻെറ ആദിയിലോ അവസാനത്തിലോ അല്ലാത്തതിനാൽ അതു കലിയാക്കി സ്വീകരിക്കുന്നതു് അയുക്തമാണെന്നും, ദത്രിമനായ ശങ്കുവാരിയർ ചാത്തമൂട്ടുന്ന അവസരത്തിൽ ഉണ്ണായിവാരിയരെ സ്മരിക്കാത്തതുകൊണ്ടു പ്രസ്തുതകവി അതിപ്രാചീനനാണെന്നു സ്ഥാപിക്കുന്നതു് അനുപപന്നമാണെന്നും, അദ്ദേഹത്തിനു തിരുവനന്തപുരത്തുനിന്നു് അവകാശമൊന്നും ലഭിച്ചിരുന്നില്ലെന്നു പറയുന്നതു സാധുവല്ലെന്നും, ഭാഷയുടെ പഴക്കം അത്രമാത്രം സ്പഷ്ടമല്ലെന്നും, വലിയ കൊട്ടാരം ഗ്രന്ഥപ്പുരയിൽ അദ്ദേഹത്തിൻെറ ഗ്രന്ഥങ്ങഠം ഇല്ലാത്തതുകൊണ്ടു് അദ്ദേ

ഹം തിരുവനന്തപുരത്തു താമസിച്ചിട്ടേയില്ലെന്നു വാദിക്കുന്നതു സ്വീകാര്യമല്ലെന്നുമാണ് 'പി. കെ.' അഭിപ്രായപ്പെട്ടിരിക്കുന്നതു്. കൂടാതെ ചരിത്രസംബന്ധമായ തെളിവുകൾ നോക്കുമ്പോൾ കൃമ്മീരവധാദികളുടെ കത്താവായ കോട്ടയത്തുതമ്പുരാൻെറ ജീവിതകാലം ഏകദേശം കൊല്ലവഷം 850-നു ശേഷമാണെന്നു തെളിയുന്ന നിലയ്ക്കു് ഉണ്ണായിവാരിയർ കോട്ടയം തമ്പുരാൻെറ അനന്തരകാലികനെന്നല്ലാതെ പൂവ്വകാലികനാണെന്നു സ്ഥാപിക്കുന്നതു സുസംഗതമല്ലെന്നും അദ്ദേഹം സൂചിപ്പിച്ചിരിക്കുന്നു.

ഉണ്ണായിവാരിയർ കുഞ്ചൻനമ്പ്യാരുടെ സഹജീവിയായിരുന്നുവെന്നും, രണ്ടുപേരും തിരുവനന്തപുരം രാജസദസ്സിൽ പരിലസിച്ചിരുന്നുവെന്നുമുള്ളതിനു 'കാതിലോല' 'നല്ലതാളി' 'കരികലക്കിയ കുളം' 'കളഭം കലക്കിയ കുളം' എന്നിങ്ങനെയുള്ള സരസമായ ചോദ്യോത്തരങ്ങൾ കലന്ന ഐതിഹ്യം സാക്ഷ്യം വഹിക്കുന്നുണ്ടെന്നുമാണ് ചിലരുടെ അഭിപ്രായം.

ചെറുപ്പത്തിൽ മഹാവികൃതിയായിരുന്ന വാരിയരുടെ ദുശ്ശീലം സഹിക്കവയ്യാതെ വയസ്സനായ അമ്മാവൻ ഒരു കൊടിയ തടിയെടുത്തു് അടിപ്പാൻ ചെന്നുവെന്നും, താൻ പേടിച്ചോടി പുറത്തുചാടി കൂടൽമാണിക്യത്തിൻെറ തിരുനടയിൽ ചെന്നു കൈകൂപ്പിയപ്പോൾ സരസ്വതീപ്രസാദമുണ്ടായെന്നും,

"താഡിക്കേണ്ടെന്നുചൊല്ലിക്കൊടിയതടിയുമായ്
പ്രാണനിർവ്വാണകാല-
ത്തോടിച്ചാടിക്കൃതാന്തത്തടിയനടിയനെ-
പ്പേടികാട്ടും ദശായാം.
കോടക്കാർ മേഘവർണ്ണം തടവിന തിരുമാ-
ലാ വിഭൂഷാഞ്ചിതം ത്തേ
കൂടെക്കാണായ്വരേണം തിരുവുടലുടനേ
കൂടൽമാണിക്യമേ! മേ."

എന്നിങ്ങനെ ഇദംപ്രഥമമായ കവിത ചൊല്ലി ദേവനെ സ്തുതിച്ചുവെന്നും, അതിനുശേഷമാണ് വാരിയരുടെ വിദ്യാഭ്യാസം പരിപൂർണ്ണമായതെന്നും മററുമുള്ള ഐതിഹ്യങ്ങൾ മഹാകവി ഉള്ളൂർ ഗിരിജാകല്യാണത്തിൻെറ അവതാരികയിൽ ഉദ്ധരിച്ചിരിക്കുന്നു.

ഇതുപോലെ സരസങ്ങളും സഹൃദയഹൃദയാവർജ്ജകങ്ങളുമായ അനേകം കീർത്തനപദ്യങ്ങൾ ഉണ്ണായിവാരിയരവർകൾ രചിച്ചിട്ടുണ്ട്. കൂടൽമാണിക്യത്തിൻെറ അടുത്തുള്ള തെക്കേട്ടുവാരിയത്ത് അപൂർണ്ണങ്ങളും അമുദ്രിതങ്ങളുമായ ചില ഗ്രന്ഥങ്ങൾ ഇപ്പോഴുമുണ്ടെന്നാണ് കേൾവി. അവ തിരഞ്ഞെടുത്തു പ്രസിദ്ധീകരിക്കുന്നതിനു ഭാഷാസാഹിത്യഗവേഷകന്മാർ സത്വരശ്രദ്ധ പതിപ്പിക്കുമെന്നു വിശ്വസിക്കാം.

നളചരിതം ആട്ടക്കഥയിലെ ഭാഷ മണിപ്രവാളംതന്നെയാണെങ്കിലും, അതിൽ സംസ്കൃതം അധികമായിപ്പോയെന്നുള്ള ആക്ഷേപം സാഹിത്യവേദികളുടെയിടയിൽ ഉദിക്കാതിരുന്നിട്ടില്ല. എഴുത്തച്ഛന്റെ കാലം മുതല്ക്കാണല്ലോ നവീനമണിപ്രവാളകാലം ആവിർഭവിച്ചതു്. കുഞ്ചൻനമ്പിയാർ ആ ഭാഷയെ ഒന്നുകൂടി ലളിതമാക്കി പണ്ഡിതപാമരസാധാരണമായി നൃത്തം ചെയ്യിച്ചു. ഉണ്ണായിവാരിയരാകട്ടെ, എഴുത്തച്ഛന്റേയോ, നമ്പ്യാരുടേയോ രീതിയെയല്ല ആശ്രയിച്ചതു്. സംസ്കൃതത്തിലും, മലയാളത്തിലും ഒരുപോലെ പാടവം പ്രദർശിപ്പിക്കത്തക്ക ശേഷിയും ശേമുഷിയും തനിക്കുണ്ടെന്നു് അദ്ദേഹം പ്രയോഗവൈചിത്ര്യംകൊണ്ടു വിശദമാക്കി.

വ്യാകരണകാര്യങ്ങൾ വകവയ്ക്കാതേയും, ഭാഷാനിയമങ്ങളെ കൂട്ടാക്കാതേയും ഒരു പുതിയതരം സാഹിത്യഭാഷയെ ഇന്നും സാഹിത്യലോകം സശിരഃകമ്പം സമ്മതിക്കുമാറു നടപ്പിൽ വരുത്തിയ വാരിയരവർകൾ,

"വിദന്തി കവയഃ കവയഃ
കേവലകവയസ്തു കേവലം കപയഃ

എന്ന മഹദഭിപ്രായത്തിന്നു പാത്രീഭവിച്ച കവികോകിലകുലത്തിൽ അഗ്രഗണ്യസ്ഥാനം അർഹിക്കുന്നുണ്ടു്. സംസ്കൃതമായാലും വേണ്ടില്ല; മലയാളമായാലും വേണ്ടില്ല; രണ്ടും തുല്യനിലയിൽ കലർത്തി

അൎത്ഥത്തിനും രസത്തിനും ഹാനിതട്ടാതെ താളത്തിനൊപ്പം പ്രാസം പ്രയോഗിച്ച് ശ്രോതാക്കളുടെ കൎണ്ണനാളങ്ങളിലും, ഹൃദയാന്തരാളങ്ങളിലും നാദബ്രഹ്മാമൃതം നിറയ്ക്കണമെന്നോ അദ്ദേഹത്തിനു മോഹമുണ്ടായിരുന്നുള്ളു.

"പറന്നിച്ഛകൊത്തവഴിഗച്ഛനീ"
'വസ്ത്രമേതദ്ദത്സ്യജാമിചാമിവ'
'അങ്ങോടടടൻ പുനരിങ്ങോടടടൻ'
'സുന്ദരീ വിദുഷീസാ'
"ഞാക്കഥകേട്ടെന്തു ദുഃഖമില്ലാത്തുവാം."

ഇത്യാദി പ്രയോഗങ്ങളിലുള്ള 'ഇച്ഛ'യും 'ഗച്ഛ'യും, 'ജാമി'യും 'ചാമി'യും മററും ഉച്ഛൃംഖലമായ തന്റെ പ്രാസഭ്രമത്തെ സാമാന്യത്തിലധികം വെളിവാക്കുന്നുണ്ട്.

"സ്വരത്തിനുടെ മാധുര്യ്യം കേട്ടാ-
ലൊരുത്തിയെന്നതു നിശ്ചേയം
സ്വൈരംചാരെ ചെന്നാവളുടെ ഞാൻ
സുമുഖിയൊടാരിതിപ്പുഛേയം
മരത്തിനിടയിൽ കാണാമേ സുന്ദരത്തി
നുടെ സാദൃശ്യേയം
കേനവിയോഗാൽ കേണീടുന്നിവൾ
കേനനുവിധിനാവശ്യേയം
അകൃത്രിമദ്യുതിരനവദ്യേയം അത്ഥു
ചെന്നിനിയനുപശ്യേയം

ആകൃതികണ്ടാലതിരംഭേയം ആരാലി-
വരം തന്നാധരം പേയം."

"അപുത്രമിത്രകാന്താരം പുക്കനെത്ഥഗ-
ത്തേ വീണാളേ

ആനന്ദിച്ചേവാഴേണ്ടുന്നവളല്ലേ കമനീ
നീണാളേ."

ഇത്യാദി പ്രയോഗങ്ങളിൽ അനുപ്രാസത്തിനുവേണ്ടി കവി ചെയ്യുന്ന കഠിനക്രിയകരം വിസ്മയനീയങ്ങരം തന്നെയാണ്. ഭാഷാവിഷയക്ലേശങ്ങരം പലതുമുണ്ടെങ്കിലും ചൊല്ലിക്കേരംക്കുമ്പോഴുണ്ടാകുന്ന മാധുര്യാമൃതത്തിൽ മങ്ങിയ മനസ്സിന് അവയിലെ ദോഷാംശങ്ങളെ സ്മരിപ്പാൻപോലും കരുത്തുണ്ടായിത്തീരുന്നില്ല.

"നലമുള്ളൊരു നവഗുണ പരിമളനെ
നളനെന്നൊരു നൃപനെ അവരം വരിച്ചു."

വിശേഷണവിശേഷ്യങ്ങരംക്കു ലിംഗവചനവിഭക്തിപ്പൊരുത്തം കല്പിക്കുന്ന സംസ്കൃതസമ്പ്രദായം മലയാളഭാഷയിലും പകൎത്തുവാൻ അദ്ദേഹത്തിനു് ഒരു ക്ലേശവുമില്ല.

"അതുമായം, അതമായം, അതുമായുന്നതുമല്ലുലകിൽ"
"അറിവാനും, പറവാനും, ഫണവാനും കഴിവുണ്ടോ"
"വനവാസെ സവിലാസെ അനുഭൂതെ പുനരേതെ..."
"അതിചണ്ഡീപുഷണ്ഡഗളഖണ്ഡന പണ്ഡിത-
ഭുജദണ്ഡഖലദണ്ഡധരമണ്ഡിതഭ്രൂഖണ്ഡ"

"സജലാ സസിലാ തടിനീ ജനനീ"
അധുനാ വിധിനാ കരുണാ ഗുരുണാ"

ഇത്യാദി ശബ്ദാലങ്കാര കോലാഹലങ്ങൾ വിസ്തരഭയത്താൽ ഇനിയും പകത്തുവാനൊരുങ്ങുന്നില്ല.

അത്ഥാലങ്കാരപ്രയോഗങ്ങളിലും അദ്ദേഹം നല്ലവണ്ണം നിഷ്കൃഷ്ചെയ്തിട്ടുണ്ട്.

"വലുതഹോ വിധി ജഗതി
കണ്ടവരാർ വിധിദുശ്ശീലം"

എന്നു തുടങ്ങിയ അത്ഥാന്തരന്യാസാലങ്കാരങ്ങളും,

"നിശാന്തശാന്തെ തത ആവിരാസീ-
ദ്ഭാന്താമൃതാവാങ്മയകൌമുദീയം"

ഇത്യാദി രൂപകാലങ്കാരങ്ങളും,

"അണ്ണവം തന്നിലല്ലാ നിമ്നഗചേന്നു ഞായം
അന്യഥാ വരുത്തുവാൻ കുന്നുകൾ മുതിരുമോ?"

മുതലായ ദൃഷ്ടാന്താലങ്കാരങ്ങളും മററും കവി ഉചിതവും ഉത്തമവുമായ രീതിയിൽ സന്ദഭാനുസാരം പ്രയോഗിച്ചിട്ടുണ്ട്.

"അവടങ്ങൾ സങ്കടങ്ങൾ അകമേ ദുഷ്ടമൃഗങ്ങൾ
അധികം ഭീതികരങ്ങൾ
"സദനങ്ങൾ ശോഭനങ്ങൾ സാധുസഭാതലങ്ങൾ
സരസങ്ങൾ ഗഹനങ്ങൾ"

എന്നിങ്ങനെയുള്ള വണ്ണനവൈശദ്യങ്ങൾ അവർണ്ണ്യങ്ങളായിരിക്കുന്നു.

രസാനുഗുണ്യമായ ശബ്ദപ്രയോഗത്തിനു വാരിയരവർകൾക്കുള്ള വൈദഗ്ദ്ധ്യം ഒന്നു വേറെതന്നെയാണ്.

വിരഹിതനായ നളൻ പശ്ചാത്താപാകുലനായി വിലപിക്കുന്നു.

"അരുതേ! ശിവശിവ! സുചരിതേ നിന്നെനിനപ്പാൻ
കീരവാണി! ഭൈരവാണി സാരവ
ഘോരവാണി ഘോരകാനനാനിച".

എന്ന ഭാഗം ചൊല്ലിക്കഴിയുമ്പോഴേയ്ക്കും കരളലിഞ്ഞു കരഞ്ഞുപോകാത്തവരുണ്ടായിരിക്കുമോ എന്നു സംശയമാണ്. ശോകോദ്ദീപിതമായ വിപ്രലംഭശൃംഗാരത്തെ ഉദ്ബുദ്ധമാക്കുവാനുതകുന്ന ആ പദപ്രയോഗങ്ങളാണ് ആസ്വാദ്യമധുരങ്ങളായിത്തോന്നുന്നത്.

ഈ ആട്ടക്കഥയിലെ അംഗിയായ രസം ശൃംഗാരമാണ്. നായികാനായകന്മാരുടെ സമാഗമത്തിനു മുമ്പു പൂർവ്വവിപ്രലംഭവും, ചൂതിന്നുള്ള പോർവിളിയിൽ വീരവും, ഹംസപ്രലാപത്തിൽ കരുണവും, നളനും കലിയും തമ്മിലുള്ള സംവാദത്തിൽ രൌദ്രവും, ജീവലാദികളുടെ സംഭാഷണത്തിൽ അത്ഭുതരസവും അംഗങ്ങളായി പ്രയോഗിച്ചിട്ടുണ്ട്.

സംഗീതത്തിലും വാരിയരവർകൾ സവിശേഷമായ പ്രാവീണ്യവും സ്വാതന്ത്ര്യവും പ്രദർശിപ്പിച്ചിരിക്കുന്നു. അനുപല്ലവിയില്ലാതെയും, ചരണങ്ങളിൽ അക്ഷ

രസംഖ്യകൾക്കുള്ള ക്രമം അനുസരിക്കാതെയും ചില പദങ്ങൾ ഇടയ്ക്കിടയ്ക്കു പ്രയോഗിച്ചിട്ടുണ്ടെങ്കിലും,

"അലസതാ വിലസിത"
"കുണ്ഡിന നായക"
"പ്രിയമാനസ"
ഘോരവിപിനമെന്നാ......"

ഇത്യാദി ഗാനങ്ങൾ ഗായകശിരോമണികളുടെ മാനദണ്ഡമായിട്ടാണ് ഇന്നും വിളയാടുന്നത്.

സാഹിത്യവും സംഗീതവുമെന്നപോലെതന്നെ സംസ്കൃതവും മലയാളവും രസാനുഗുണം ഇണക്കിക്കോർത്തു സഹൃദയഹൃദയങ്ങളെ സമുല്ലസിപ്പിക്കുന്ന നളചരിതംആട്ടക്കഥ ആകപ്പാടെ "നളപാക" മായിട്ടാണ് പ്രശോഭിക്കുന്നതു്. നാദബ്രഹ്മത്തിൽ അലിഞ്ഞുപോകുന്ന ശബ്ദങ്ങളും, ശബ്ദങ്ങളെ തിളക്കുന്ന അലങ്കാരങ്ങളും, അലങ്കാരങ്ങളെ ആവിഷ്കരിക്കുന്ന ആശയങ്ങളും, അവയുടെ പ്രയോഗവൈചിത്ര്യങ്ങളും എല്ലാംകൂടി നോക്കുമ്പോൾ ഉണ്ണായിവാരിയരും ആട്ടക്കഥാപ്രസ്ഥാനവും തമ്മിൽ അവിഭാജ്യമായ എന്തോ ഒരു ബന്ധമുണ്ടെന്നുതന്നെ തോന്നിപ്പോകുന്നു.

പദവാക്യപ്രയോഗങ്ങളാൽ വൈയാകരണനും, അലങ്കാരങ്ങളാൽ ആലങ്കാരികനും, രസവിനിവേശനത്താൽ രസികനും, ഭാഷാസാങ്കര്യത്താൽ ഭാഷാഭിമാനികൾക്കും, കൂടാതെ സംഗീതവേദികളായ

സകലൎക്കും ആഹ്ലാദദായകമായ 'നളചരിതംആട്ട ക്കഥ' സാഹിത്യദേവിയുടെ തിരുമാറിലൎപ്പിച്ച വാടാമ ല്ലികയായി ലാലസിക്കുന്നു.

---

## 4. കുഞ്ചൻനമ്പ്യാരും സാഹിത്യപോഷണവും.

ഭാഷാസാഹിത്യനഭോമണ്ഡലത്തിൽ അത്യ ന്തം ഭാസുരമായി പ്രശോഭിക്കുന്ന ഒരു സുന്ദരതാരമാ ണ് കുഞ്ചൻനമ്പ്യാർ. സുവ്യക്തമായി സംസാരിക്കുവാ ൻപോലും ശക്തരാകാത്ത ചെറുബാലന്മാർ മുതൽ ഐഹികചിന്തയിൽനിന്നു മിക്കവാറും വിമുക്തരായ പടുവൃദ്ധന്മാർവരെയുള്ള സകല കേരളീയൎക്കും സുപ രിചിതനായ ഒരു മഹാകവിയാണ് ഈ അഭിവന്ദ്യദേ ഹം. അദ്ദേഹത്തിൻെറ നാമശ്രവണമാത്രയിൽത്തന്നെ കേരളീയർ അത്യാഹ്ലാദചിത്തവൃത്തികളായിത്തീരുന്നു. പ്രസന്നമധുരമായി സച്ഛന്ദപ്രവാഹംചെയ്യുന്ന അദ്ദേ ഹത്തിൻെറ കവിതാപീയൂഷനിൎഝരിയുടെ സ്വൎശനഭാ ഗ്യം ലഭിക്കുന്ന ഏതൊരുവനും—അവനെത്ര ശിലാതു ല്യഹൃദയനാകട്ടെ, പാരത്രികാന്തരീക്ഷത്തിൽ പ്രത്യു പ്തഹൃദയനായ യതിവൎയ്യനാകട്ടെ, തീവ്രമായ നിരാശാ നലനാൽ ദഗ്ദ്ധഹൃദയനായ ഒരു ഐഹികസുഖ കാം ക്ഷിയാകട്ടെ, ആരായാലും ശരി—അതിൽ ആറാടിക്ക ളിക്കാതെ പിന്തിരിയുകയില്ല. ശ്രവണേന്ദ്രിയസുഖ

സമ്പാദകവും, മാനസോല്ലാസസമുദ്ഭൃതവുമായ തു ള്ളൽപ്പാട്ടുകളാണ് ആ മഹാകവിയുടെ പ്രധാനകൃതി കളായി പരിഗണനം ചെയ്യപ്പെട്ടിരിക്കുന്നതു്. അവ ത ന്നെ ഇപ്പോൾ എണ്ണത്തിൽ അൻപതിലധികമുണ്ടു്. വേറെയും പലകൃതികൾ ആ വിദ്വൽകേസരിയുടെ സരസകോമള വചോവിലാസത്തിൻെറ സ്മാരകസ്തംഭ ങ്ങളായി ഇന്നും കേരളക്കരയിൽ നിലകൊള്ളുന്നു. കേ രളഭാഷാമധുരിമയെ സ്വമാതൃസ്തന്യത്തോടുകൂടി പാ നംചെയ്യുവാൻ ഭാഗ്യംലഭിക്കുന്ന ഒരു കുഞ്ഞുപോലും അവശേഷിക്കുന്നകാലംവരെ പണ്ഡിതശിരോമണിയും ഫലിതാഗ്രേസരനുമായ കുഞ്ചൻനമ്പ്യാരുടെ പ്രശസ്തി യും നിലനിൽക്കുന്നതാണ്. അത്ര സുപ്രസിദ്ധനായ ആ കവിവര്യൻെറ സൂക്ഷ്മചരിത്രങ്ങൾ ഊഹമാത്രങ്ങ ളായിട്ടല്ലാതെ സംപ്രാപ്യമല്ലെന്നുവന്നിരിക്കുന്നതു കേ രളീയരായ നമുക്കേവക്കും അനഭിമാനജന്യമത്രേ. പ്രാ ചീനഭാഷാകവിവിരന്മാരായ എഴുത്തച്ഛൻ, ചെറുശ്ശേ രി മുതലായവരെപ്പററി പരിചിന്തനം ചെയ്യുമ്പോഴും ഈ വിഷയത്തിൽ നമുക്കു നിരാശയ്ക്കേ അവകാശമു ള്ളു; എങ്കിലും അവരെ അപേക്ഷിച്ചു് അല്പംകൂടി പ്ര സ്ഫുടങ്ങളായ ചരിത്രഭാഗങ്ങളാണ് നമ്പ്യാരെ ആ വരണംചെയ്തിരിക്കുന്നതു്. അദ്ദേഹത്തിൻെറ കവന പരമ്പരതന്നെ ഇക്കാര്യത്തിൽ നമുക്കു മാൎഗ്ഗദൎശക മായിപ്പരിണമിച്ചിട്ടുണ്ടു്.

കുഞ്ചൻനമ്പ്യാരുടെ മൂലകുടുംബം ബ്രിട്ടീഷുമല ബാറിൽ ലക്കിടി തീവണ്ടിസ്റ്റേഷനുസമീപം കിള്ളിക്കു

റിശ്ശിമംഗലത്തുള്ള കലക്കത്ത് എന്ന പാവനഭവനമാകുന്നു. ഇഷ്ടദൈവതമായി അദ്ദേഹം ആരാധിച്ചുവന്നതു കിള്ളിക്കുറിശ്ശിയിലെ പ്രതിഷ്ഠാമൂർത്തിയായ ശ്രീപരമേശ്വരനേയാണ്. മിക്കവാറും എല്ലാ തുള്ളൽക്കഥകളുടെയും ആദ്യഭാഗങ്ങളിൽ നിഷ്കളങ്കഭക്തിയോടുകൂടി ശിവവന്ദനം ചെയ്യപ്പെട്ടിട്ടുണ്ട്. അദ്ദേഹത്തിൻെറ ജനനം ഏകദേശം 880-ാമാണ്ടിടയ്ക്കാണെന്നും അച്ഛൻ ഒരു നമ്പ്യാരായിരുന്നുവെന്നുമാണ് പരക്കെ വിശ്വസിച്ചുപോരുന്നതു്.

സ്വദേശത്തുവച്ചു ബാല്യവിദ്യാഭ്യാസം കഴിഞ്ഞശേഷം നമ്പ്യാർ കോട്ടയം താലൂക്കിൽ കിടങ്ങൂർ എന്ന സ്ഥലത്തുവന്നു താമസിക്കുന്നതിനിടയായി. നമ്പ്യാരുടെ അച്ഛന് അവിടെ ഒരു ജോലിയുണ്ടായിരുന്നുവത്രേ.

കിടങ്ങൂർവച്ച് അദ്ദേഹം കുറനാൾ വിദ്യാഭ്യാസം ചെയ്തതായി കാണുന്നുണ്ട്. അമ്പലപ്പുഴരാജാവിൻെറ മന്ത്രിയായിരുന്ന മാത്തൂർപ്പണിക്കരുടെ സഹായത്താൽ തൊള്ളായിരാമാണ്ടിടയ്ക്കു നമ്പ്യാർ ആ രാജാവിൻെറ പ്രീതിയ്ക്കു പാത്രീഭൂതനായി. അവിടെ വച്ചും നമ്പ്യാർ ദ്രോണമ്പള്ളി ആചാര്യനേയും കണ്ടങ്കരിക്കാവിലെ ചണ്ഡികാഭക്തനായ നന്തിക്കാട്ട് ഉണ്ണിരവിക്കുറുപ്പിനേയും തൻെറ ഗുരുക്കന്മാരായി വരിച്ചിട്ടുണ്ടെന്നുള്ളതിനു തുള്ളൽക്കഥകളിൽ ശരിയായ തെളിവുകളുണ്ട്. രണ്ടുഗുരുക്കന്മാരേയും, മാത്തൂർ ഭഗവതി

യേയും, തകഴിയിലെ ശാസ്താവിനേയും, അമ്പലപ്പുഴ കൃഷ്ണസ്വാമിയേയും മിക്ക തുള്ളൽക്കഥകളുടേയും ആരംഭഘട്ടങ്ങളിൽ ശുഭസംപ്രാപ്തിക്കവേണ്ടി നമ്പ്യാർ അഭിവന്ദനം ചെയ്തിരിക്കുന്നു. ദ്രോണമ്പള്ളിആചാര്യർ കായികാഭ്യാസത്തിൽ അദ്വിതീയനും, ഉണ്ണിരവിക്കുറുപ്പ് മഹാപണ്ഡിതനുമായിരുന്നു. അവരിൽ ഉണ്ണിരവിക്കുറുപ്പിൽനിന്നു തൎക്കം, വ്യാകരണം, വൈദ്യം, വേദാന്തം, ജ്യോതിഷം മുതലായ സകല ശാസ്ത്രങ്ങളിലും കാവ്യനാടകാലങ്കാരങ്ങളിലുമുള്ള ജ്ഞാനവും, ദ്രോണമ്പള്ളിആചാര്യനിൽ നിന്നു കായികവിദ്യയും നമ്പ്യാർ സമ്പാദിച്ചു. അദ്ദേഹം സ്വതവെ വാസനാകവിയായിരുന്നതിനാൽ അവരുടെ ശിഷ്യത്വം സ്വീകരിക്കുന്നതിനു മുമ്പുതന്നെ പല കവിതകളും രചിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ വ്യുൽപത്തിക്കു ദാൎഢ്യവും, ഹൃദയത്തിനു വിശാലതയും, കവനഗതിക്കു പരിഷ്കാരവും, പ്രകാശിച്ചുകാണുന്നതു് അമ്പലപ്പുഴ താമസംതുടങ്ങിയതിനുശേഷമുണ്ടാക്കിയ കവിതകളിലാകയാൽ അവിടെ വച്ചാണ് നമ്പ്യാർ വിദ്യാഭ്യാസം പൂൎത്തിയാക്കിയതെന്നു വിചാരിക്കാവുന്നതാണ്.

എങ്ങിനെയായിരുന്നാലും നമ്പ്യാരുടെ പ്രശസ്തിസ്തംഭത്തെ ആകല്പകാലം ഉൎവ്വിയിൽ ഉറപ്പിക്കുന്നതിനു പൎയ്യാപ്തമായ തുള്ളൽ എന്ന പുതിയതരം കവിതയുടെ ഉത്ഭവം അമ്പലപ്പുഴവച്ചായിരുന്നുവെന്നും, അതിന്റെ അസ്ഥിവാരം കല്യാണസൌഗന്ധികം ശീതങ്കൻ തുള്ളലാണെന്നുമുള്ളതു് വിവാദരഹിതമായ

വാസ്തവമാണ്. അതിന്ന് അടിസ്ഥാനമായി ഒരു ഐതിഹ്യവും പറഞ്ഞുവരുന്നുണ്ട്. അമ്പലപ്പുഴ ക്ഷേത്രത്തിൽ ചാക്യാർകൂത്തിന്ന മിഴാവുകൊട്ടിക്കൊണ്ടിരുന്ന നമ്പ്യാർ നിദ്രാവശനായി കൊട്ടിൻെറ മാത്ര തെററിച്ചുവെന്നും, പരിഹാസപ്രവീണനായ ചാക്യാർ സന്ദർഭംവരുത്തി നമ്പ്യാരെ ആക്ഷേപിച്ചുവെന്നും, അതു സഹിക്കുവാൻ നിവൃത്തിയില്ലാതെ കൊട്ടു നിറുത്തി അവിടെനിന്ന പൊയ്ക്കളഞ്ഞുവെന്നും, അടുത്ത ദിവസം കൂത്തുതുടങ്ങിയസമയത്ത് അമ്പലത്തിന്ന പടിഞ്ഞാറുവശത്തുള്ള കളിത്തട്ടിൽവച്ച് കുഞ്ചൻനമ്പ്യാർ വേഷമണിഞ്ഞു് അതുവരെ അപരിചിതമായിരുന്ന തുള്ളൽ പാടിത്തുള്ളിയെന്നും, തന്നിമിത്തം ചാക്യാരുടെ കൂത്തുരംഗം ജനതാശൂന്യമായിത്തീൎന്നുവെന്നുമാണ് ഐതിഹ്യം.

ഈ ഐതിഹ്യത്തിൻെറ വാസ്തവാവാസ്തവങ്ങഠം എങ്ങിനെയുമിരിക്കട്ടെ! മിഴാവുകൊട്ടുന്ന ജോലിയുമായി വളരെക്കാലം അദ്ദേഹം ചാക്യാർകൂത്തിൽ സംബന്ധിച്ചിരുന്നുവെന്നുള്ളതും, അക്കാലംവരെ അൎത്ഥഗ്രഹണസുലഭങ്ങളല്ലാത്ത സംസ്കൃതപദബഹുലതയാൽ സാധാരണന്മാൎക്കു കൈകാൎയ്യം ചെയ്യുവാൻ സാദ്ധ്യമല്ലാതിരുന്ന ഭാഷാസാഹിത്യത്തെ സരസവും ഫലിതോപേതവും, ചമൽകാരസുന്ദരവും, സുഗ്രഹവുമായ ഒരു പുതിയ സരണയിൽക്കൂടി ആനയിച്ചുവെന്നുള്ളതും വിപരീതാഭിപ്രായത്തിന്ന വകയില്ലാത്ത സംഗതികളാണെന്നു് അദ്ദേഹത്തിൻെറ ഏതെങ്കിലും

തുള്ളൽക്കഥ വായിക്കുന്ന ഏവനും സശിരഃകമ്പം സ
മ്മതിക്കതന്നെ ചെയ്യും. ഹാസ്യരസപ്രയോഗത്തിൽ
ചാക്യാന്മാരേപ്പോലെ ജന്മസിദ്ധമായ വാസനയുള്ള
വരായി ഇന്നു ഭൂമുഖത്ത് ആരും അവശേഷിച്ചിട്ടില്ല.
കഥാഗതിയും ഹാസ്യപാത്രങ്ങളായിത്തീരുന്നവരുടെ
സ്ഥിതിഗതികളും എങ്ങിനെയിരുന്നാലും വളരെ ഫ
ലിതമായും ആരേയും നമ്രശിരസ്കരാക്കുന്നതിനു സ
ർവ്വഥാ ശക്തങ്ങളായുമുള്ള രീതിയിൽ പരിഹസിക്കുന്ന
തിന് അവൎക്കു മുൻകൂട്ടി ഒരുങ്ങേണ്ട കാൎയ്യമില്ല. ഹാസ്യ
രസപ്രദൎശനത്തിനുള്ള അവസരോചിതമായ പദപ്ര
യോഗപാടവവും അവരേപ്പോലെ മററാൎക്കുമില്ല. ഏ
താണ്ട് ഈ രീതിതന്നെയാണ് കുഞ്ചൻനമ്പ്യാരുടെ തു
ള്ളൽക്കഥകളിലും സൎവ്വത്ര നടമാടിക്കളിക്കുന്നത്. ഫ
ലിതംപറഞ്ഞു ഫലിപ്പിക്കുവാനും, ആരേയും കണക്കി
ന്നു പരിഹസിക്കുവാനും നമ്പ്യാൎക്കുണ്ടായിരുന്ന സാമ
ൎത്ഥ്യം അന്യാദൃശമാകുന്നു. തുള്ളൽക്കഥകളിൽ ചില
ഭാഗങ്ങൾ ഫലിതംകൊണ്ടു നിറച്ചിരിക്കുന്നുവെന്നുവേ
ണം പറയുവാൻ. ഇതാണ് എഴുത്തച്ഛൻ മുതലായവ
രുടെ കവിതയ്ക്കും നമ്പ്യാരുടെ കവിതയ്ക്കും തമ്മിലുള്ള
പ്രധാന വ്യത്യാസം. അവരാരും വെറും നേരംപോ
ക്കുകൾകൊണ്ടു തങ്ങളുടെ കൃതികൾക്ക് അല്പമെങ്കി
ലും ഗൌരവഹാനി വരുത്തിയിട്ടില്ല. നമ്പ്യാൎക്കാകട്ടെ,
എല്ലാം നേരംപോക്കുതന്നെ. എന്നാൽ എല്ലാം സാ
രഗൎഭമായ കാൎയ്യവുമാണ്. അതാണ് ആ കവിതയ്ക്കു
ള്ള മറെറാരു പ്രത്യേകത.

നമ്പ്യാരുടെ കവിതയ്ക്കുള്ള മററു പ്രധാനഗുണങ്ങഠം, അനുഭവരസോദ്ദീപകങ്ങളായ വർണ്ണനാവൈചിത്ര്യം, സാമുദായികജീവിതത്തിൽ ദൃശ്യമാകുന്ന ദുഷ്ടവശങ്ങളെക്കുറിച്ചു മനുഷ്യന് അവജ്ഞതെ ജനിക്കത്തക്ക ഫലിതസമ്മിശ്രമായ വിവരണവൈശിഷ്ട്യം, സ്ഥായിയായ രസത്തിനു പോഷകങ്ങളായി ഇടയ്ക്കു ചേക്കുന്ന ഉപകഥകളുടെ പ്രതിപാദനലാളിത്യം, ഇവയ്ക്കെല്ലാം ഉപരിയായി, നിസർഗ്ഗസുന്ദരങ്ങളായ ചമൽകാരഭംഗിയോടുകൂടി ജലപ്രവാഹംപോലെ നിരർഗ്ഗളം നിർഗ്ഗമനം ചെയ്യുന്ന പദസഞ്ചയപ്രചുരിമ മുതലായവയാകുന്നു. തുള്ളൽക്കഥകളുടെ എല്ലാഭാഗങ്ങളിലും ഇവയ്ക്കു ദൃഷ്ടാന്തങ്ങഠം കാണുന്നുണ്ടു്.

പ്രാചീനകവികഠം പുരാണകഥാകഥനം ചെയ്ത രീതിയെ അനുവർത്തിക്കുവാൻ നമ്പ്യാർ ഇഷ്ടപ്പെട്ടുന്നില്ല. സ്വർഗ്ഗവും, നരകവും, നിഷധനഗരവും, വൈശ്രവണപുരിയും, നളനും, പാണ്ഡവകൌരവന്മാരും, ശിവൻെറ കിങ്കരവർഗ്ഗമായ കാട്ടാളസമൂഹവുമെല്ലാം നമ്പ്യാൎക്കു കേരളവും കേരളീയരും തന്നെ.

അക്ഷയപാത്രലബ്ധിമൂലം പാണ്ഡവന്മാർ സദ്യ നടത്തുന്നതു്,

"തോരമ്പരിപ്പുചാറും ചീരക്കറിയുമിഞ്ചി-
ത്തൈരും പച്ചടിയതിൽച്ചേരും വേപ്പിലക്കട്ടി
നാരങ്ങമാങ്ങ..."

തുടങ്ങിയ വിഭവങ്ങളോടുകൂടിയാണു്.

പ്രജകൾ രാക്ഷസരാജാവിൻെറ പ്രീതി സമ്പാദിക്കുന്നതിപ്രകാരമാകുന്നു.

"അച്ചിങ്ങ പീച്ചിങ്ങ പാവയ്ക്കാ കോവയ്ക്കാ
കാച്ചിലെന്നിത്തരം കെട്ടിയെടുപ്പിച്ചു
കാഴ്ചവച്ചൻപോട്ടു തൃക്കാൽവണങ്ങുന്നു."

[ധ്രുവചരിതം]

ഏതെങ്കിലും കഥയിൽ യുദ്ധവിവരണം ആവശ്യമായിവരുന്ന സന്ദർഭങ്ങളിൽ നായർയോദ്ധാക്കന്മാരേയാണ് നമ്പ്യാരുടെ ദൃഷ്ടിയിൽപ്പെടുന്നതു്. അവരുടെ ആയുധങ്ങൾ വാളും പരിചയുമാണ്.

നമ്പ്യാർ നടത്തുന്ന സകല സ്വയംവരങ്ങളും സദ്യകളും കേരളീയങ്ങളാകുന്നു. മലയാളികളുടെ ആഭരണങ്ങളാണ് ദേവകന്യകകളേയും, ഗന്ധർവ്വവനിതകളേയും, എന്നുവേണ്ട അദ്ദേഹത്തിൻെറ കണ്ണിൽപ്പെടുന്ന എല്ലാ തരുണീമണികളേയും നമ്പ്യാർ അണിയിച്ചിരുന്നതു്.

എന്നാൽ കേരളീയരുടെയിടയിലുള്ള അനാചാരങ്ങളേയും അന്ധവിശ്വാസങ്ങളേയും ഫലിതംപുരട്ടിയ പരുഷോക്തികളേക്കൊണ്ടു ദൂരീകരിക്കുവാനും, അവരുടെ അനാശാസ്യങ്ങളായ ചില ജീവിതവശങ്ങളെ വെളിച്ചത്തു കൊണ്ടുവരുവാനും നമ്പ്യാരേപ്പോലെ മറെറാരു കവിയും ഉദ്യമിച്ചിട്ടില്ല.

"കള്ളന്മാരിവർ മൂക്കോളം ബത
കള്ളു കുടിച്ചു കുടിച്ചു മയങ്ങി

തൊള്ള തുറന്നു മലൎന്നു കിടന്നുട-
ന്നല്ലൊരു കാലമുറങ്ങുവതിന്നോ
നിങ്ങളെയിവിടെക്കാവലിനാക്കി"

[രുഗ്മിണീസ്വയംവരം]

"പാലു കുടിച്ചു തടിച്ച ജനത്തിനു
നാലുപദം വെയ്ക്കുമ്പോഠം വിയൎക്കും."
"നെല്ലുകൊട്ടുത്തു കരുപ്പുംതിന്നൊരു
കല്ലു കണക്കെക്കെത്തിയിരിക്കും."

[ഘോഷയാത്ര]

"ജ്യേഷ്ഠത്തിയുമനുജത്തിയും തങ്ങളിൽ
ചട്ടികലങ്ങളും കൂടെപ്പകുത്തുപോൽ
രണ്ടുകളത്രത്തെയുണ്ടാക്കിവെയ്ക്കുന്ന
ചണ്ടികഠംക്കേതും സുഖമില്ലൊരിക്കലും."

[ധ്രുവചരിതം]

സാന്മാൎഗ്ഗികങ്ങളല്ലാത്ത എല്ലാ പ്രവൃത്തികളും കുഞ്ചൻനമ്പ്യാൎക്കു തീരെ വെറുപ്പാണു്. കള്ളിനും കറുപ്പിനുംവേണ്ടി ആയുധം പണയംവെയ്ക്കുന്ന യോദ്ധാക്കഠം, പാതിവ്രത്യത്തിൽനിന്നു വിഭ്രഷ്ടകളായ സ്ത്രീജനങ്ങഠം സ്വകൃത്യനിൎവ്വഹണത്തിൽ അലസത പ്രദൎശിപ്പിക്കുന്ന ഭൃത്യന്മാർ എന്നുവേണ്ട സത്യത്തിനും നീതിക്കും ധൎമ്മത്തിനും അണുമാത്രം വിലോപം വരുത്തിയിട്ടുള്ളവരാരുംതന്നെ നമ്പ്യാരുടെ ശകാരംകേട്ടു ലജ്ജിതരാകാതിരുന്നിട്ടില്ല.

നമ്പ്യാരുടെ സകലജനാനന്ദസന്ദായകമായ ഭാഷാരീതിയെക്കുറിച്ചും, കഥകളിൽ ആദ്യവസാനം ലിപ്തമായിക്കാണുന്ന രസവൈചിത്ര്യത്തേക്കുറിച്ചും എത്രമാത്രം പറഞ്ഞാലും ഒട്ടും അധികമായിപ്പോകുന്നതല്ല.

ഈ കവിസാവ്വഭൌമൻ ജീവിതകാലത്തിൽ ഭൂരിഭാഗവും നയിച്ചിട്ടുള്ളതു ചെമ്പകശ്ശേരി രാജാവിൻേറയും തിരുവിതാംകൂർ മഹാരാജാക്കന്മാരുടേയും ആശ്രയത്തിൽ താമസിച്ചാണെന്നാണു് അറിയപ്പെടുന്നതു്. കൊല്ലവഷം 923-ൽ ചെമ്പകശ്ശേരിരാജ്യം തിരുവിതാംകൂറിനോടു ചേക്കപ്പെട്ടപ്പോാം നമ്പ്യാർ തിരുവനന്തപുരത്തെത്തി ആശ്രിതകല്പതരുവായിരുന്ന മാത്താണ്ഡവമ്മമഹാരാജാവു തിരുമനസ്സിലേയും അവിടുത്തെ പിൽക്കാലത്തു് വിദ്വൽകേസരിയായിരുന്ന കാത്തികതിരുനാാം രാമവമ്മ മഹാരാജാവു തിരുമനസ്സിലേയും വാത്സല്യത്തിനു പാത്രീഭൂതനായി കാലയാപനംചെയ്തു. അക്കാലത്താണു് സ്വകവിതകളിൽ അധികവും നമ്പ്യാർ രചിച്ചിട്ടുള്ളതു്. കൊല്ലം 940-ാമാണ്ടോടുകൂടി അദ്ദേഹം വീണ്ടും അമ്പലപ്പുഴ വരികയും, ചുരുങ്ങിയകാലത്തെ താമസത്തിനുശേഷം സരസകവികുലകിരീടമണിയായ ആ മഹാത്മാവ് ഒരു പേപ്പട്ടിയുടെ ദംശനമേററു് ഐഹികവാസം വെടിയുകയും ചെയ്തുവെന്നാണു് പറഞ്ഞുവരുന്നതു്.

ലളിതകോമളങ്ങളും ഉജ്ജ്വലാത്ഥദ്യോതകങ്ങളു മായ മലയാളപദസമൂഹങ്ങളെ ഇത്രമാത്രം സ്വാതന്ത്ര്യ മായി കൈകാര്യംചെയ്തിട്ടുള്ള ഇതര കവികൾ ഇല്ലെ ന്നുവേണം പറയുവാൻ. രസവിസ്മരമായ ചമൽകാ രഭംഗിയോടുകൂടി മററു പരിഷ്കൃതഭാഷായോഷകളേ പ്പോലെ കൈരളീകന്യകയ്ക്കും ജനതാമദ്ധ്യത്തിൽ രംഗപ്രവേശം ചെയ്യുന്നതിലുള്ള ധൈര്യമുണ്ടാക്കിക്കൊ ടുത്തതു് ആ മഹാനാണു്. അദ്ദേഹത്തിൻെറ സ്വ തന്ത്രചിന്താസന്താനപരമ്പരകളാണു് ഇന്നും കേരള ഭാഷാമാതാവിനെ പോററിവളത്തുന്നതെന്നു പറ യാം. അവയിൽ പത്തുവൃത്തവും, പതിനാലുവൃ ത്തവും, ശീലാവതിയും, നളചരിതം, ചാണക്യ സൂത്രം, പഞ്ചതന്ത്രം മുതലായ കിളിപ്പാട്ടുകളും അ ദ്ദേഹത്തിൻെറ ബാല്യകാലത്തെ കൃതികളാണെന്നു സ ങ്കല്പിച്ചുവരുന്നു. തുള്ളൽക്കഥകളും, ശ്രീകൃഷ്ണചരി തം മണിപ്രവാളവും, വേറെ ഏതാനും ചെറുകൃതി കളും നമ്പ്യാരുടെ യുവദശയിൽ വിരചിതങ്ങളാ യിട്ടുള്ളവയാണു്. കാത്തികതിരുനാൾ മഹാരാജാ വു തിരുമനസ്സിലെ അഭീഷ്ടപ്രകാരം സ്യമന്തകം, ബാ ണയുദ്ധം, ശംബരവധം മുതലായി മൂന്നുനാലു് ആട്ടക്ക ഥകളും കുഞ്ചൻനമ്പ്യാർ നിമ്മിച്ചിട്ടുണ്ടു്.

## 5. കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാനും സാഹിത്യ സംസ്കാരവും.

പൂർവ്വകാലംമുതൽക്കേ കൊടുങ്ങല്ലൂർ ചിറയ്ക്കൽ കോവിലകത്തു തമ്പുരാക്കന്മാർ സരസ്വതീപ്രസാദത്തിൽ പ്രശസ്തന്മാരാണ്. സാഹിത്യത്തിലും, വൈദ്യം ജോതിഷം മുതലായ ശാസ്ത്രങ്ങളിലും അവൎക്ക് അപാരമായ പാണ്ഡിത്യമുണ്ട്. കേരളമൊട്ടാകെ നോക്കിയാൽ ഏതദ്വിഷയങ്ങളിൽ യേനകേനപ്രകാരേണ പല മഹതീമഹാന്മാരുടേയും, പ്രഭുക്കന്മാരുടേയും, രാജാക്കന്മാരുടേയും ഗുരുസ്ഥാനത്തെ അവർ അലങ്കരിച്ചിട്ടുള്ളതായിക്കാണാം. മലയാളികളുടെ സവിശേഷമായ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനായി, കവികുലാവതംസമായി, അനന്യസാദ്ധ്യമായ നിമിഷകവനനൈപുണികൊണ്ടു കൈരളീദേവിയുടെ വിജയവൈജയന്തിയായി, കേരളീയരുടെ ആരാധനാമൂൎത്തിയായി പ്രശോഭിച്ചിരുന്ന മഹാമഹിമശ്രീ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ അകാലവിയോഗത്തിനുശേഷം ആ കോവിലകത്തിന്റെ പരമ്പരാഗതമായ പാണ്ഡിത്യത്തേയും പ്രശസ്തിയേയും പുലൎത്തിക്കൊണ്ടുപോന്ന ഒരു പരിണതമതിയാണ് കൊച്ചുണ്ണിത്തമ്പുരാൻ തിരുമനസ്സുകൊണ്ടു്. അഗാധപണ്ഡിതന്റെ നിലയിലോ അനുഗൃഹീതനായ ഭിഷഗ്വരന്റെ നിലയിലോ മാത്രമല്ല, പ്രസിദ്ധനായ ജ്യോതിഷി, കവിസാർവ്വഭൌമൻ എ

ന്നീ വിശിഷ്ടപദവികളിലും തിരുമനസ്സുകൊണ്ടു പരിലസിച്ചിരുന്നു.

പൂജ്യപാദനായ അദ്ദേഹം കൊല്ലവർഷം 1034 മീനമാസത്തിൽ ഉത്രം നക്ഷത്രത്തിൽ ചിറയ്ക്കൽകോവിലകത്ത് ഇക്കാവുതമ്പുരാട്ടിയുടേയും ബ്രഹ്മശ്രീ പൂരാടത്തുമനയ്ക്കൽ നമ്പൂതിരിയുടേയും പുത്രനായി ജനിച്ചു.

കൊച്ചുണ്ണിത്തമ്പുരാൻെറ ജനനത്തെപ്പററി സ്വന്തം കൃതിയായ "മലയാംകൊല്ല"ത്തിൽ ധനുമാസത്തിലെ വർഷഗർഭം വർണ്ണിക്കുന്നഭാഗത്തും, "കല്യാണീ നാടക"ത്തിൻെറ പ്രാരംഭത്തിലും അദ്ദേഹം ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്.

"പാരൊത്ത പത്മിനികൾ തങ്ങടെ ജീവനായി-
ത്തീരുന്നൊരീ തിരുവടിയ്ക്കതി ഭംഗിയോടേ
പൂരാടയോഗമതിലിങ്ങുളവായ ഗർഭം
സാരാർത്ഥപൂർത്തിവരുമാറമൃതംവിടുന്നു."

(മലയാംകൊല്ലം)

"ഇക്കാവാകിയ രാജ്ഞിതൻെറ തനയൻ
കുഞ്ഞുണ്ണിഭൂപൻെറ നൽ-
ത്തൃക്കാൽ സേവകനായ ശിഷ്യനമലൻ
ദേവൌഘസേവാരതൻ
ചൊൽക്കൊള്ളുന്നൊരു കോടിലിംഗനൃവരൻ
കൊച്ചുണ്ണിഭൂപാലനാ-
ണിക്കാവ്യം വിരചിച്ചതെന്നറികനീ
മാൻകണ്ണിമാർ മാലികേ!"

(കല്യാണീനാടകം)

സ്വഭാവമഹിമയിലും ജ്ഞാനാഭിവൃദ്ധിയിലും സുസമ്മതരായിരുന്ന മാതാപിതാക്കന്മാരുടേയും, പണ്ഡിതാഗ്രേസരന്മാരായ മാതുലന്മാരുടേയും പരിലാളനത്തിലും പരിശീലനത്തിലുമാണ് തിരുമേനി ശൈശവദശയെ തരണംചെയ്തതു്.

കൌമാരദശയിലേയ്ക്കു കാലൂന്നിയതോടുകൂടി കാലോചിതമായ പ്രാഥമിക വിദ്യാഭ്യാസത്തിന്ന് അദ്ദേഹം നിയുക്തനായി. കൊച്ചുണ്ണിആശാൻ എന്നൊരാൾക്കാണ് ഈ കൊച്ചുണ്ണിയുടെ പ്രഥമ ഗുരുനാഥനായിരിക്കുവാൻ ഭാഗ്യം സിദ്ധിച്ചതു്. പ്രകൃത്യാ ശാന്തനും, ധിഷണാപടുവുമായിരുന്ന നമ്മുടെ കൊച്ചുതിരുമേനിക്കു പ്രഥമ ഗുരുവിന്റേയും, പിൽക്കാലങ്ങളിൽ ഗുരുഭൂതന്മാരായിരുന്നിട്ടുള്ള മററു പണ്ഡിതന്മാരുടേയും നിർവ്യാജമായ പ്രീത്യാദരങ്ങളെ സമാർജ്ജിക്കുവാൻ സാധിച്ചതിൽ അത്ഭുതത്തിനവകാശമില്ലല്ലോ. പ്രാഥമികാഭ്യസനം പൂർത്തിയാക്കിയ ശേഷം, വിദ്വത്കേസരികളായിരുന്ന സ്വമാതുലന്മാരുടെ അടുക്കൽ കാവ്യം വായിക്കുവാനാണ് കഥാനായകൻ ഒരുമ്പെട്ടതു്. അന്നു കോവിലകത്തുണ്ടായിരുന്ന സംസ്കൃതഭാഷാപണ്ഡിതന്മാരായ ഗോദവർമ്മതമ്പുരാനും, കുഞ്ഞുണ്ണിത്തമ്പുരാനും കൂടി കൊച്ചുതിരുമേനിയുടെ കാവ്യാഭ്യസനത്തിന്റെ പ്രാഥമിക ഭാഗം പൂർത്തിയാക്കി. അക്കാലത്തുതന്നെ കവിതാവാസന അദ്ദേഹത്തിൽ സാമാന്യം പ്രത്യക്ഷപ്പെട്ടിരുന്നു. പല കൃതികളും ആ സന്ദർഭത്തിൽ അദ്ദേഹം രചിച്ചിട്ടുണ്ടു്. സോമതിലകം ഭാണം, അംബോപ

ദേശശതകം, കല്യാണീനാടകം, സന്താനഗോപാലം, ഉമാവിവാഹം, ഫൽഗുനവീര്യം നാടകം, ഉത്തരരാമചരിതം നാടകം മുതലായവയാണു് അദ്ദേഹം കൈരളിക്കർപ്പിച്ച പ്രഥമോപഹാരങ്ങൾ.

മേൽപ്പറഞ്ഞ ഓരോ കൃതിയിലും അന്യാദൃശമായ സരസ്വതീപ്രസാദം സർവ്വത്ര തെളിഞ്ഞു കാണുന്നുണ്ടു്. അലങ്കാരപ്രയോഗത്തിലും, ശബ്ദാർത്ഥസൗഷ്ഠവത്തിലും അവ ശ്രേഷ്ഠങ്ങളായി ഗണിക്കപ്പെട്ടുപോരുന്നു. പിന്നീടു് അദ്ദേഹത്തിന്റെ ആചാര്യപദത്തെ അലങ്കരിച്ചതു പ്രസിദ്ധ പണ്ഡിതനായ 'കുംഭകോണം കൃഷ്ണശാസ്ത്രി'കളാണു്. കാവ്യനാടകാലങ്കാരങ്ങളിലും, തർക്കവ്യാകരണാദികളിലും ദക്ഷിണേൻഡ്യയിൽ അദ്ദേഹത്തെ ജയിക്കുവാൻ ശേഷിയുള്ള പണ്ഡിതന്മാർ അക്കാലത്തു് അപൂർവ്വമായിരുന്നു. ആ ഗുരുവിനുണ്ടായിരുന്ന ജ്ഞാനഭണ്ഡാരത്തിലെ സകല സമ്പാദ്യവും പ്രിയശിഷ്യനായ തമ്പുരാനു നൽകിയ ശേഷമാണു് കൃഷ്ണശാസ്ത്രികൾ അദ്ധ്യാപകസ്ഥാനത്തുനിന്നു വിരമിച്ചതെന്നു പറഞ്ഞാൽ ഗുരുമുഖാഭ്യാസം മൂലം തിരുമനസ്സിലേയ്ക്കു സിദ്ധിച്ച ജ്ഞാനത്തിന്റെ പരിധി ഏകദേശം വിചിന്ത്യമാണല്ലോ. അനന്തരം തിരുമേനി ആയുർവ്വേദപഠനത്തിനുവേണ്ടി പ്രശസ്ത ഭിഷഗാചാര്യനായ ഇട്ടീരി മൂസ്സവർകളുടെ ശിഷ്യപദം സ്വീകരിച്ചു. പുരാതനകാലംമുതൽക്കുതന്നെ വിഖ്യാതന്മാരായ അഷ്ടവൈദ്യന്മാരിലൊരാളുടെ കുലത്തിലാണു് മൂസ്സിന്റെ ജനനം. ആയുർവ്വേദത്തിൽ ആ ഇല്ലക്കാർക്കുള്ള അനന്യദൃഷ്ടമായ വൈദഗ്ദ്ധ്യം പാരമ്പര്യ

സിദ്ധമാണ്. വിശേഷിച്ച് അദ്ദേഹം വൈദ്യശാസ്ത്ര സംബന്ധമായ എല്ലാ സംഗതികളിലും അഭിജ്ഞനുമായിരുന്നു. അത്യുക്തിയെന്നുകൂടി തോന്നിപ്പോകാവുന്ന വിധത്തിൽ പല അത്ഭുത ചികിത്സകളും അദ്ദേഹം ചെയ്തിട്ടുള്ളതായി കേരളീയർ ഇന്നും പറഞ്ഞുവരുന്നുണ്ട്. ഇപ്രകാരം മഹാനായിരുന്ന ഒരാചാര്യന്റെ മരണപര്യന്തം അദ്ദേഹത്തിന്റെ നിഷ്കളങ്കമായ പ്രീതിവാത്സല്യങ്ങൾക്കും, അനുഗ്രഹാശംസകൾക്കും ഈ ശിഷ്യോത്തംസം സർവ്വഥാ പാത്രമായിത്തീർന്നു. ഗുരുമുഖത്തുനിന്നുമുള്ള പരിശീലനംമൂലം വൈദ്യശാസ്ത്രത്തിൽ അദ്ദേഹത്തിന് അപാരമായ പാണ്ഡിത്യം സിദ്ധിച്ചിരുന്നുവെന്നുള്ളതിനു സംശയമില്ല. ഗുരുനാഥനേപ്പോലെതന്നെ തമ്പുരാനും ലഘുവായ ചില ചികിത്സാവിധികൾകൊണ്ട് അനവധി രോഗികളെ സ്വസ്ഥരാക്കിയിട്ടുണ്ട്.

ഇവയെല്ലാം പുറമേ വേദാന്തവിഷയത്തിലും തമ്പുരാന് അഗാധമായ ജ്ഞാനമുണ്ടായിരുന്നു. ചെറുപ്പക്കാലം മുതൽക്കേ അദ്ദേഹം വലിയ ഭക്തനും, വേദാന്തവിഹാരത്തിൽ ഉത്സുകനുമായിരുന്നു. അക്കാലത്ത് അദ്ദേഹം സ്വപരദേവതയായ കൊടുങ്ങല്ലൂർ ഭഗവതിയെ ഭജിച്ചുകൊണ്ടു കുറേനാൾ ക്ഷേത്രത്തിൽത്തന്നെ കഴിച്ചുകൂട്ടി. ആ സന്ദർഭത്തിൽ കൊടുങ്ങല്ലൂർ വന്നു 41 ദിവസം താമസിച്ച പ്രസിദ്ധ വേദാന്തവനസഞ്ചാരിയായ കേസരിവര്യൻ സ്വാമിമാനഗിരിജിയിൽനിന്നു വേദാന്തത്തെപ്പററിയുള്ള പല ഉപദേശങ്ങളും തമ്പുരാനു ലഭിക്കുന്നതിനിടയായി. വേദാന്തത്തിൽ തി

രുമേനിയ്ക്കുണ്ടായ വാസനയ്ക്കും നിപുണതയ്ക്കും പ്രധാനഹേതു ആ മഹാശയാഗിയുടെ സമാഗമമായിരുന്നുവത്രേ.

"സ്വാമിമാനഗിരിജിം സദാ മനസി ഭാവയേ
ഭവഭയാപഹം".

എന്നിങ്ങനെ തമ്പുരാൻ ഒരിടത്തു് ആ വന്ദ്യമഹായോഗിയായ ഗുരുഭൂതനെ സ്തുതിച്ചിട്ടുണ്ടു്. ഇപ്രകാരം നാനാവിഷയങ്ങളിലും പരിപൂൎണ്ണമായ ജ്ഞാനം സമ്പാദിച്ചതിനുശേഷമാണു് തിരുമേനി കൈരളീമാതാവിൻെറ തൃപ്പാദഭജനത്തിൽ ബദ്ധശ്രദ്ധനായിച്ചമഞ്ഞതു്. അനുഗൃഹീതമായ കവനകലയിൽ തമ്പുരാൻ അന്നു മുമ്പനായിരുന്നു.

അദ്ദേഹത്തിൻെറ എല്ലാ കൃതികളും കാണുന്നതിനുള്ള ഭാഗ്യം മുദ്രാലയത്തിനുണ്ടായിട്ടില്ല. വിദ്വൽകേസരികളായ സ്വപുത്രന്മാർ തിരുമേനിയോടുള്ള നിഷ്കളങ്കമായ ഭക്തിയാൽ അദ്ദേഹത്തിൻെറ കൃതികളെല്ലാം അവർ അച്ചടിപ്പിച്ചു പ്രസിദ്ധീകരിക്കുവാൻ ഉദ്യമിക്കുന്നുണ്ടു്. അങ്ങനെ ചെയ്യുന്നതു് പിതാവിനോടുള്ള ഭക്ത്യാദരങ്ങൾക്കു ലക്ഷ്യമായിരിക്കുമെന്നു മാത്രമല്ല, കൈരളീമാതാവിൻെറ കരകമലങ്ങളിൽ ഒരനൎഘോപഹാരം കാഴ്ചവയ്ക്കുകകൂടിയായിരിക്കും.

ശബ്ദഭംഗിയിലും, അൎത്ഥപുഷ്ടിയിലും, അലങ്കാരവൈചിത്ര്യത്തിലും തമ്പുരാൻെറ കൃതികളെ ജയിക്കുന്ന മററു കൃതികൾ മലയാളഭാഷയിൽ ദുർല്ലഭങ്ങളാണു്. കവനവിഷയത്തിൽ മലയാളമെന്നും സംസ്കൃ

തമെന്നുമുള്ള ഭേദം തിരുമേനിക്കുണ്ടായിരുന്നില്ല. രണ്ടു ഭാഷകളിലും അപാരമായ പാണ്ഡിത്യം സമ്പാദിച്ചിരുന്ന അദ്ദേഹത്തിന് ഉഭയകവനങ്ങളും ക്ഷിപ്രസാദ്ധ്യങ്ങളായിരുന്നു. താദൃശമായ കവിതാഗുണസാമഗ്ര്യമാണല്ലോ ഇതഃപര്യന്തം മററാക്കും സിദ്ധിച്ചിട്ടില്ലാത്ത "കവിസാർവ്വഭൌമ"പ്പട്ടം അദ്ദേഹത്തിനു നേടിക്കൊടുത്തതു്.

ആശയസ്വീകരണത്തിലും, അലങ്കാരപ്രയോഗങ്ങളിലും അദ്ദേഹം പ്രാചീനകവികളെ അത്ര അനുകരിച്ചിട്ടില്ലെന്നുവേണം പറയുവാൻ. സ്വതന്ത്രവും, സുഗമസുന്ദരവുമായ മാർഗ്ഗങ്ങളിൽക്കൂടിയാണ് തമ്പുരാൻ തന്റെ കവിതാകാമിനിയെ സഞ്ചരിപ്പിച്ചതു്. അപ്രകാരംതന്നെ നൂതനവൃത്തങ്ങളുടേയും, മാതൃകാഗാനങ്ങളുടേയും ചിത്രീകരണത്തിലും അദ്ദേഹം സമത്ഥനായിരുന്നു.

അദ്ദേഹത്തിന്റെ പ്രധാനകൃതികൾ അടിയിൽ പ്രസ്താവിക്കാം.

മലയാളകൃതികൾ.

കാവ്യങ്ങൾ:— മലയാംകൊല്ലം, പാണ്ഡവോദയം, സാവിത്രീമാഹാത്മ്യം, വഞ്ചീശവംശം, ഗോശ്രീചരിതം, രുഗ്മിണീസ്വയംവരം മുതലായവ.

കിളിപ്പാട്ടുകൾ:— ലക്ഷ്മീസ്വയംവരം, ഭദ്രോൽപത്തി, ശ്രീരാമാശ്വമേധം തുടങ്ങിയുള്ളവ.

കഥകളി:— ഗണപതിപ്രാതൽ.

തുള്ളൽപ്പാട്ടുകൾ:— വിരാടപർവ്വം, സുന്ദരകാണ്ഡം, ഗണപതിപ്രാതൽ മുതലായവ.

കൈകൊട്ടിക്കളിപ്പാട്ടുകൾ:— ഭദ്രാവതാരം, കണ്ണന്റെ മണ്ണൂണ്, ഗൌരീവിലാസം, സീതാസ്വയംവരം.

പലതരം പാട്ടുകൾ:— ഭക്തിലഹരി, കുചേലവൃത്തം, ഗജേന്ദ്രമോക്ഷം, പൂതനാമോക്ഷം മുതലായവ.

നാടകങ്ങൾ:— സോമതിലകം ഭാണം, അംബോപദേശശതകം, കല്യാണീനാടകം, സന്താനഗോപാലം, ഉമാവിവാഹം, ഫൽഗുനവീര്യം, ഉത്തരരാമചരിതം ആദിയായവ.

## സംസ്കൃതകൃതികൾ.

വിടരാജവിജയം, അനംഗവിജയം (ഭാണം), ഉത്തരരാമചരിതം കാവ്യം, രാമവർമ്മചരിതം കാവ്യം, ശ്രീരാമചരിതം കാവ്യപൂർത്തി മുതലായവ.

പ്രസ്തുത കൃതികളിലെല്ലാം അദ്ദേഹത്തിന്റെ കവനചാതുര്യം പ്രകടമായി പ്രതിഫലിച്ചിട്ടുണ്ട്. ശബ്ദഭംഗി, അർത്ഥഗാംഭീര്യം, രസം, ധ്വനി മുതലായവയ്ക്ക് അവ പ്രതിപദം ഉദാഹരിക്കപ്പെടാവുന്നവയാണ്. ഒന്നുരണ്ടു ദൃഷ്ടാന്തങ്ങൾ ഇവിടെ ഉദ്ധരിക്കാം.

ശബ്ദഭംഗിക്ക്:—

"ഉന്മേഷാലെതിരിട്ടുകൊണ്ടതി രുഷാ
പൊക്കിപ്പിടിക്കും ശിര-
സ്സിന്മേൽ ചേൎന്നു വളൎന്നു പോയഥ പിരി-
ഞ്ഞുള്ളൊരു ശൃംഗത്തൊടും
ചെമ്മേ രണ്ടടി വാങ്ങിവച്ചു മുടനേ
മേല്പോട്ടുതാൻചാടിയും
ചെമ്മര്യാടുകൾ രണ്ടു നിഷ്ഠുരമിതാ
മുട്ടുന്നു പൊട്ടുംപടി."

അലങ്കാരപ്രയോഗത്തിൽ തിരുമേനിക്കുള്ള പാടവം പ്രായേണ എല്ലാ കൃതികളിലും കാണാമെങ്കിലും ഭദ്രോല്പത്തി, ലക്ഷ്മീസ്വയംവരം എന്നീ കിളിപ്പാട്ടുകളിലും, പാണ്ഡവോദയം മഹാകാവ്യത്തിലുമാണ് അതിൻെറ പ്രാചുൎയ്യം നടമാടുന്നത്. ഭദ്രോല്പത്തിയിലെ കൈലാസാദിവൎണ്ണന അലങ്കാരകലയുടെ കലവറയാണെന്നുതന്നെ പറയാം. ഇതരകവിതകളെ അപേക്ഷിച്ചു തമ്പുരാൻെറ കവനങ്ങൾക്കു സാൎവ്വത്രികമായിക്കാണുന്ന ഒരു പ്രത്യേകത, അവ ധ്വന്യാത്മകങ്ങളാണെന്നുള്ളതാണ്. വൎണ്ണവ്യവസ്ഥവിൻെറ ഗുണവൈശിഷ്ട്യത്തെ ധ്വനിപ്പിക്കുന്നതിൽ അദ്ദേഹത്തിനുള്ള സാമൎത്ഥ്യം വിസ്മയാവഹമായിരിക്കുന്നു. വാചയിതാവിൻെറ ആലോചനാപരിധിയെക്കവിഞ്ഞും അദ്ദേഹത്തിൻെറ കൃതികളിൽ ധ്വനിയ്ക്കും,

രസാനുഭൂതിയ്ക്കും സ്ഥാനമുണ്ടെന്നുള്ളതിനു താഴെ കാണുന്ന പദ്യങ്ങൾ പ്രസ്പഷ്ടലക്ഷ്യങ്ങളായിരിക്കുന്നു.

"ചേരുംവിധം മുദ്ഗരങ്ങൾ പതിച്ചു രാജാ-
വാരാലയന്നു പദമേറി വിളങ്ങിടുന്നു.
ഘോരപ്രയോഗമൊഴിവായി, വിടുന്നിടുന്നു
പാരാതഹോ! കുവലയം മുഴുവൻ രസേന."

തുലാവർഷവർണ്ണന:—

"അത്യുച്ചമായ മരമേറിയ വല്ലിതൻ നൽ-
പുത്തൻപ്രസൂന ഗണമിങ്ങു പൊഴിച്ചുകൊണ്ടും
ഇത്തവ്വിലഭ്രനികരത്തെ വലിച്ചുലച്ചു-
മെത്തുന്നു ചണ്ഡപവനൻ പവനാശവേണി."
(മലയാംകൊല്ലം)

പവനാശന്റെ ഛായയുള്ള നായികയുടെ വേണികാണുമ്പോൾ പ്രകൃത്യാ പവനാശനെ ഭയപ്പെടുന്ന പവനൻ, വേണിയേയും ഭയപ്പെടുന്നുവെന്നാണ് ഇതിലെ ധ്വനി. ആ വേണിക്കു പ്രസാദമുണ്ടാകുവാനെന്നവണ്ണം ദുർല്ലഭങ്ങളായ നല്ല പുഷ്പങ്ങൾ കാഴ്ച വയ്ക്കുകയും, അതിന്റെ ശത്രുവായ അഭ്രനികരത്തെ വലിച്ചുലയ്ക്കുകയും ചെയ്യുന്നു. ഇത്തരത്തിലുള്ള ചണ്ഡപവനൻ വരണമെന്ന് ആശിക്കുന്നതിനാൽ പവനാശവേണി എന്ന പദപ്രയോഗം ദ്വിധാ അന്വർത്ഥമായിരിക്കുന്നു. (പവനാശവേണി എന്ന പദത്തിനു പവനത്തിൽ ആശയോടുകൂടിയ വേണിയുള്ളവൾ എന്നർത്ഥം).

പാണ്ഡവോദയത്തിലെ

"മാണിക്യരത്നോപമകാന്തി ചിന്തും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി
ചേണാൎന്നഭംഗ്യാ മെഴുകും ദശായാം
ചാണം പരം കുങ്കുമമായ് ച്ചമഞ്ഞു."

എന്ന ഭാഗത്തുള്ള വൎണ്ണനാവൈശിഷ്ട്യവും, അതിൽ പ്രകടമാകുന്ന ധ്വനിയും എത്ര മനോഹരമായിരിക്കുന്നു! സുദേഷ്ണാരാജ്ഞി, തോഴികൾ, ചേടിമാർ തുടങ്ങിയുള്ളവരുടെ മാനസികമായ ഒരവസ്ഥാവിശേഷത്തെ ചൂണ്ടിക്കാണിച്ചുകൊണ്ടു പാഞ്ചാലിയുടെ സൌന്ദൎയ്യാതിശയത്തെ കവി വൎണ്ണിക്കുന്നു. സൌന്ദൎയ്യാതിരേകമാണ് ഇതിലെ ധ്വനി.

ചാണകം കുങ്കുമമാവുകയില്ലെന്നുള്ളതു പ്രത്യക്ഷമായിരിക്കെ, ഇത്രമാത്രം സൌന്ദൎയ്യമുള്ള ആ കൈകളെ സ്പൎശിച്ച ചാണകം, കുങ്കുമമെന്നപോലെ ആലേപനാദികൾക്കുതകുമെന്ന കാഴ്ചക്കാൎക്കു തോന്നിപ്പോയെന്നാണ് കവി ഇതിൽ സമൎത്ഥിച്ചിരിക്കുന്നതു്.

"ചെങ്കല്ലരച്ചു കരിക്കുട്ടിയുരുട്ടിയിട്ടു
നിൻകയ്യുകൊണ്ടു തൊടുവിക്കിലതും പ്രസാദം."

എന്ന് അദ്ദേഹത്തിൻെറ ബാല്യകൃതിയായ 'സോമതിലകം' ഭാണത്തിൽ കാണുന്നുണ്ടു്. ഇതും പൂൎവ്വോക്തമായ 'പാണ്ഡവോദയ'ത്തിലെ ശ്ലോകവും ആശയസാമ്യമുള്ളവയാണ്. ഇവയിൽനിന്നു തമ്പുരാൻെറ ആശയങ്ങൾക്കു പ്രായോചിതമായ വളൎച്ചയും പരിപുഷ്ടിയും ഉണ്ടായിക്കൊണ്ടിരുന്നുവെന്നു വിചാരിക്കാം.

"മോഹിനിയായ് ച്ചമഞ്ഞോര-
ദ്ദേഹ രൂപോദയം കണ്ടാൽ
ദാഹവും ക്ഷുത്തുമാക്കാതെ
ദേഹികളൊക്കെ മോഹിക്കും."

ഇതു സുന്ദരകാണ്ഡത്തിൽ, മോഹിനിയുടെ സൌന്ദര്യവർണ്ണനയിലെ ഒരു പദ്യമാണ്. ഇതിലെ ധ്വനി സ്പഷ്ടമാണല്ലോ.

സാധുകുചേലനെ പല കവീശ്വരന്മാരും ദ്വാരക കാണിച്ചിട്ടുണ്ടെങ്കിലും, തിരുമേനിയുടെ കുചേലൻ ദൂരത്തുനിന്നു ദ്വാരകയെ ദർശിക്കുന്നതു് ഇപ്രകാരമാണു്.

"ധന്യയദൂത്തമചിത്തം പോലെ
സമുന്നത വപ്രസമൂഹം
താനൊരു രത്നാകരപരിഘത്തൊടു
ചേൎന്നു കുചേലൻ കണ്ടു."

യദൂത്തമനായ ശ്രീകൃഷ്ണന്റെ ചിത്തവൃത്തിയും, ഉയൎച്ചയും, കുചേലന്റെ വിനീതാവസ്ഥയും തമ്മിലുള്ള യോജിപ്പിനും പുറമേ ഈ ശ്ലോകാൎദ്ധത്തിൽ നിന്നു മററനേകം അൎത്ഥങ്ങളും ധ്വനിക്കുന്നുണ്ടു്.

1. ആഴമുള്ള രത്നാകരത്തോടൊപ്പം, ദ്വാരകയിലെ കോട്ടയ്ക്കു ചുററുമുള്ള കിടങ്ങും അഗാധമായിരിക്കുന്നു. യദൂത്തമന്റെ ചിത്തം സത്യലോകത്തേയും അതിലംഘിച്ചുയരുന്നു. തത്തുല്യമായ കോട്ടയുടെ സാമീപ്യത്തിൽ, കടൽ ഒരു കിടങ്ങെന്ന നിലയിലേ ആകുന്നുള്ളൂ. കോട്ടയ്ക്കു് അത്ര വളരെ ഉയരമുണ്ടെന്നു സാരം.

165332
38260
032:1:9
G8
UNIVERSITY LIB...
29 M...
MUL
165332

2. അനഘ്തതചിന്താരത്നങ്ങളുടെ സ്ഥാനമായ യദ്ദൂത്തമചിത്തംപോലെ, വിലമതിക്കുവാൻ വഹിയാത്ത രത്നങ്ങളുടെ ഇരിപ്പിടമായ ആ കോട്ടയ്ക്കും രത്നാകരവും തമ്മിൽ തട്ടിച്ചുനോക്കുമ്പോൾ രത്നാകരം താണുപോകുമെന്നും യദ്ദൂത്തമനുമായുള്ള സമ്പക്കത്താൽ കുചേലൻ വാസ്തവത്തിൽ ഒരു രത്നാകരമായിത്തീരുമെന്നുമാണ് ഭാവം.

ഇപ്രകാരമെല്ലാം കേരളത്തെ അനുഗ്രഹിച്ച ആ കവിസാവ്വഭൌമൻ 110i കന്നി 11-ാംനു-68-ാമത്തെ വയസ്സിലാണ് ലോകരംഗത്തിൽനിന്നു തിരോധാനം ചെയ്തതു്. തിരുമേനിയുടെ അഭാവത്തിൽ, പരമസാത്വികനായ ഒരു യോഗിയും വൈദ്യവിശാരദനായ ഒരു ദീനബന്ധുവും നമുക്കു നഷ്ടമായിരിക്കയാണ്. ഒരിക്കലും തിരുമേനിക്കു രോഗശയ്യയെ ആശ്രയിക്കേണ്ട ആവശ്യമുണ്ടായിട്ടില്ല. ദിനചയ്യയിലുള്ള നിഷ്കൃഷ്ടയാണ് ആജീവനാന്തം അദ്ദേഹത്തെ ആരോഗ്യപരിപാലനത്തിനു സഹായിച്ചുകൊണ്ടിരുന്നതു്.

അദ്ദേഹത്തിൻെറ പത്നിയായ ശ്രീമതി ജാനകിഅമ്മ അവർകളും രണ്ടു പുത്രന്മാരും നാലുപുത്രിമാരും സസുഖം ജീവിച്ചിരിക്കുന്നു. സംഗീതവിദുഷിയായിരുന്ന ഒരു പുത്രിയുടെ അകാലചരമം തിരുമേനിയുടെ ഹൃദയത്തെ ഇടയ്ക്കു പീഡിപ്പിച്ചുകൊണ്ടിരുന്നു. ശ്രീമാന്മാരായ Dr. കാത്തികേയമേനോൻ, L. M. P., കാളകണ്ഠമേനോൻ B. A. എന്നിവരാണ് തിരുമന

സ്സിലെ പ്രിയ പുത്രന്മാർ. സ്വഭാവമഹിമയിലും സാഹിത്യവിദ്യയിലും അച്ഛന്റെ പ്രതിബിംബങ്ങളായ അവർ തിരുമനസ്സിലെ യശോവിലാസപ്രതിഷ്ഠയിൽ ബദ്ധശ്രദ്ധന്മാരായിത്തന്നെ കാണപ്പെടുന്നുണ്ട്.

---

## 6. കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാനും സാഹിത്യസരണിയും.

ഭാഷാസാഹിത്യാന്തരീക്ഷത്തിൽ ഭാസ്വരമായി പ്രോജ്വലിച്ചിരുന്ന ഒരു പ്രശസ്തതാരമായിരുന്നു പരേതനായ മഹാകവി കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ടു്. കവികീർത്തിനേടിയവർ പലരുമുണ്ടെങ്കിലും തമ്പുരാനേപ്പോലെ കാവ്യനിർമ്മാണംകൊണ്ടുതന്നെ കാലംകഴിച്ചുകൂട്ടിയ മറ്റൊരാളുണ്ടെന്നു പറവാൻ കാണുന്നില്ല. എന്തിന്നും കവിത, എപ്പോഴും കവിത എന്ന നിഷ്ഠയിൽ കവിതാമയനായിരുന്ന തിരുമനസ്സിലെ അകാലനിര്യാണം മാതൃഭാഷയ്ക്കും മാതൃഭൂമിക്കും തീർത്താൽതീരാത്ത ഒരു നഷ്ടമായിപ്പരിണമിച്ചിട്ടുണ്ടു്.

അദ്ദേഹം 1040-ാമാണ്ടു് കന്നിമാസത്തിലെ അശ്വതിനക്ഷത്രദിവസത്തിൽ മദ്ധ്യാഹ്നസമയത്തു്

ഭൂജാതനായി. സകലകലാനിലയവും, ശാസ്ത്രജാതസങ്കേതവുമായിരുന്ന കൊടുങ്ങല്ലൂർ കോവിലകത്തു വിദ്വാൻ കുഞ്ഞിരാമവർമ്മൻതമ്പുരാന്റെ സഹോദരിയായ കുഞ്ഞിപ്പിള്ളത്തമ്പുരാട്ടിയിൽ, വെണ്മണി അച്ഛൻനമ്പൂരിപ്പാടിനുണ്ടായ ഓമനപ്പുത്രനാണു് തിരുമേനി. മാതാപിതാക്കന്മാർ ഉള്ളഴിഞ്ഞുചെയ്ത നിരവധി പ്രാർത്ഥനകളുടേയും വഴിപാടുകളുടേയും ഫലമായിട്ടാണത്രേ പ്രസ്തുത കുമാരൻ ഭൂജാതനായതു്. 'രാമവർമ്മൻ' എന്നാണു് അദ്ദേഹത്തിനു നാമകരണം ചെയ്തിരുന്നതെങ്കിലും സകലരും ഓമനപ്പേരായി തമ്പുരാനെ 'കുഞ്ഞിക്കുട്ടൻ' എന്നു വിളിച്ചുവന്നു.

സർവ്വജനങ്ങൾക്കും കണ്ണിലുണ്ണിയായ ഈ ഉണ്ണി, മാതാപിതാക്കളുടേയും മററു ബന്ധുജനങ്ങളുടേയും സീമാതീതമായ വാത്സല്യശുശ്രൂഷകളാൽ ഓജസ്സും തേജസ്സും തികഞ്ഞു വളൎന്നുവന്നു. അപരിചിതന്മാരിൽപ്പോലും വിശ്വാസവും സ്നേഹവും പ്രദർശിപ്പിക്കത്തക്കതും വിനയസംവർദ്ധകവുമായ സ്വഭാവവൈശിഷ്ട്യം ചെറുപ്പംമുതൽക്കേ തിരുമേനിക്കുണ്ടായിരുന്നു.

പാരമ്പര്യക്രമമനുസരിച്ചു പ്രാരംഭപാഠങ്ങളും ലഘുകാവ്യങ്ങളും മററും അന്നു കൊടുങ്ങല്ലൂർ കോവിലകത്തെ കുലഗുരുവായ വളപ്പിൽ ഉണ്ണിആശാൻ എന്ന വിദ്വാനാണു് തിരുമേനിയെ പഠിപ്പിച്ചതു്. പദ്യം മനഃപാഠമാക്കുന്നതിൽ ചെറുപ്പകാലത്തുതന്നെ സഹപാഠികളേക്കാൾ വിശിഷ്ടമായ പ്രതിബോധകവൈഭവം തിരുമേനിക്കുണ്ടായിരുന്നു പാരമ്പ

ബദ്ധമാഹാത്മ്യമല്ലാതെ മറെറാന്നുമല്ല. സംസ്കൃത ഭാഷയിൽ ഉപരിവിദ്യാഭ്യാസം ചെയ്യിച്ചതു തിരുമേനിയുടെ അമ്മാവനായിരുന്ന മൂന്നാംക്കൂർ വിദ്വാൻ ഗോദവർമ്മതമ്പുരാനാണ്. തക്കം, വ്യാകരണം മുതലായ ശാസ്ത്രങ്ങൾ, മറെറാരു മാതുലനായിരുന്ന കുഞ്ഞിരാമവർമ്മതമ്പുരാനും സമഗ്രമായി അഭ്യസിപ്പിച്ചു. ശാസ്ത്രസാരങ്ങളെല്ലാം തിരുമേനിയെ പരിശീലിപ്പിച്ചതു് അദ്ദേഹമായിരുന്നു. "അമ്മാവനും കവിയുമാകിയ കുഞ്ഞിരാമവർമ്മാ"വനീശനുടെ തൃപ്പാദപത്മയുഗ്മം നമിച്ച് സ്വന്തകവിതയിൽ തിരുമനസ്സുകൊണ്ടു് ആ ഗുരുവിനോടുള്ള ഭക്തിയെ പ്രശ്രയപുരസ്സരം പ്രകാശിപ്പിച്ചിട്ടുണ്ടു്.

ചിറയ്ക്കൽ കോവിലകത്തു രാവർമ്മൻതമ്പുരാൻ, ജ്യോത്സ്യൻ കുട്ടൻപട്ടർ, കവിവൈദ്യൻ കാത്തുള്ളി അച്യുതമേനോൻ മുതലായവരായിരുന്നു അക്കാലത്തു തമ്പുരാന്റെ സഹപാഠികൾ. ഏകദേശം 15 വയസ്സായപ്പോഴേയ്ക്കു കാവ്യനാടകാലങ്കാരങ്ങളിൽ ദൃഢവ്യുല്പത്തി സമ്പാദിച്ച തമ്പുരാന്നു് എട്ടാമത്തെ വയസ്സുമുതൽക്കേ കവിതാവാസന കലശലായിരുന്നുവെന്നാണു് കേൾവി. പഠിക്കുവാനിരിക്കുമ്പോൾ ഉറക്കം തൂങ്ങുന്ന സതീർത്ഥ്യന്മാരെ ഫലിതസരസങ്ങളായ ശ്ലോകങ്ങൾ ചൊല്ലിക്കേൾപ്പിച്ചു കളിയാക്കുക അദ്ദേഹത്തിനു് ഒരു വിനോദമായിരുന്നു.

കോവിലകത്തെ മാമൂലനുസരിച്ചു നമ്മുടെ തിരുമേനി ഉപനയനത്തിനുശേഷം പതിനാറാമത്തെ വയ

സ്സിൽ കൊടുങ്ങല്ലൂർ ദേവീക്ഷേത്രത്തിൽ "സംവത്സര ഭജനം" നടത്തി. ദേവീഭജനം കഴിഞ്ഞാൽ കൊടുങ്ങല്ലൂർ തമ്പുരാക്കന്മാൎക്കു പൂൎവ്വാധികം പ്രതിഭാവിലാസമുണ്ടാകുമെന്നാണ് വിശ്വാസം. സംവത്സര ഭജനാനന്തരം തിരുമേനിക്കു പ്രശസ്തമായ ബുദ്ധിശക്തിയുണ്ടായി. അച്ഛന്റെ സാഹചൎയ്യത്താലും, തത്തോപദേശങ്ങൾ കൊണ്ടും തിരുമനസ്സിലെ കവിതാലത വാട്ടംകൂടാതെ വളൎന്നുവന്നു.

ഗുരുകുലവിദ്യാഭ്യാസത്തിനു കേരളത്തിലെ ഒരു തക്ഷശിലയായിരുന്നു അന്നത്തെ കൊടുങ്ങല്ലൂർ കോവിലകം. വേദശാസ്ത്രപാരംഗതന്മാരായ അനേകം പണ്ഡിതന്മാരാൽ അന്നു കോവിലകം അലംകൃതമായിരുന്നു. വെണ്മണി അച്ഛൻനമ്പൂരിപ്പാട്ട്, വെണ്മണി മഹൻനമ്പൂരിപ്പാട്ട്, ഒറവങ്കര നീലകണ്ഠൻ നമ്പൂരിപ്പാട്ട്, കാത്തുള്ളി അച്യുതമേനോൻ, കൊടുങ്ങല്ലൂർ ചെറിയകൊച്ചുണ്ണിത്തമ്പുരാൻ, കവിതിലകൻ കുണ്ടൂർ നാരായണമേനോൻ, നടുവത്ത് അച്ഛൻനമ്പൂതിരി തുടങ്ങിയ മഹാശയന്മാരുടെ സാന്നിദ്ധ്യം കോവിലകത്തെ ഒരു മഹാകവിസദസ്സായി ഉയൎത്തിയിരുന്നു. അവരുടെ ആഭിമുഖ്യത്തിൽ പല ദ്രുതകവിതാമത്സരങ്ങളും അന്നു നടന്നുപോന്നു. മഹാകവികളുമായുള്ള സഹവാസം തിരുമനസ്സിലേയ്ക്കു പല കവനസമ്പ്രദായങ്ങളും പരിചയിക്കുവാൻ സന്ദൎഭമുണ്ടാക്കിയിട്ടുണ്ട്. നിമിഷകവനത്തിൽ അന്നു കുഞ്ഞിക്കുട്ടൻ തമ്പുരാനെ ജയിക്കുവാൻ ആരുമുണ്ടായിരുന്നില്ല. അന്നത്തെ കവികളെപ്പററി വെണ്മണി അച്ഛൻ നമ്പൂരിപ്പാട്ട് അഭിപ്രായപ്പെടുന്നതു് ഇങ്ങനെയാണ്.

"ജാതിത്വത്തിന്നു രാജൻ, ദ്രുതകവിതയിലാ-
ക്കുഞ്ഞുതമ്പുരാനി ഭാഷാ-
രീതിക്കൊക്കും പഴക്കത്തിനു'നടുവ'മിട-
'യ്ക്കുച്ചുതൻ' മെച്ചമോടേ,
ജാതപ്രാസം തകർക്കും 'ശുചിമണി' രചനാ-
ഭംഗിയിൽ പൊങ്ങിനിൽക്കും
ചേതോമോദം പരക്കെത്തരുവതിനൊരുവൻ
'കൊച്ചു കൊച്ചുണ്ണി' ഭൂപൻ."

തിരുമനസ്സിലെ ദ്രുതകവനകലയിലുള്ള ചാതുര്യത്തേപ്പററി അന്നത്തെ കവികൾക്കുണ്ടായിരുന്ന അഭിപ്രായം ഈ പദ്യത്തിൽനിന്നു മനസ്സിലാക്കാവുന്നതാണ്.

നാടകം, ഭാണം, മണിപ്രവാളം, തുള്ളൽ മുതലായ ഭാഷാസാഹിത്യപ്രസ്ഥാനങ്ങൾ പലതും അന്നത്തെ കവിതാവേഗപരീക്ഷയ്ക്കു വിഷയമാക്കിയിരുന്നു. 'സരസദ്രുത കവികിരീടമണി' എന്ന ശ്രേഷ്ഠസ്ഥാനത്തിനർഹനായ തിരുമേനി അവയിൽ പല ശാഖകളിലും ഉൽകൃഷ്ടമായ വിജയം നേടി. നിമിഷകവനത്തിൻെറ മാററുരയ്ക്കുവാൻ ശക്തമായ ഒരു നികഷം തന്നെയായിരുന്നു തിരുമനസ്സിലെ കവിത. തച്ഛാഖയിൽ അദ്ദേഹത്തെ വെല്ലുവാൻ അദ്യാപി ആരും ശക്തരായിട്ടില്ല.

സംസ്കൃതഭാഷയിൽ സുഭദ്രാഹരണം, ജരാസന്ധവധവ്യായോഗം, കിരാതാർജ്ജുനീയവ്യായോഗം

മുതലായ പല കൃതികളും അദ്ദേഹം രചിച്ചിട്ടുണ്ട്. സംസ്കൃതത്തിൽ ആ ഭാഷാഭക്തതന്നുള്ള സ്വാധീനവും, തത്കവിതാശൈലിയിലുള്ള പ്രശസ്തമായ പരിചയവും, തികച്ചും അഭിനന്ദനാഹങ്ങളാകുന്നു. കവികീർത്തിക്കുവേണ്ടി ഒട്ടും ക്ലേശിച്ചിട്ടുള്ള ആളല്ല തമ്പുരാൻ. സ്വാതന്ത്ര്യകൃതികൾ രചിക്കുന്നതിലും തർജ്ജിമചെയ്യുന്നതിലും അദ്ദേഹം അതിവിദഗ്ദ്ധനായിരുന്നു.

"ന കൃതം സുകൃതം കിഞ്ചിൽ
ബഹുധാ ദുഷ്കൃതം കൃതം."

എന്നു പറഞ്ഞുകഴിയുമ്പോൾ,

"ഒട്ടും ചെയ്തില്ല സുകൃതം
ഒട്ടേറെച്ചെയ്തു ദുഷ്കൃതം."

എന്നും,

"ന ജാനേ ജാനകീ ജാനേ
യമാം ചാനേ കിമുത്തരം"

എന്നതിന്,

"രാമ! കാലൻ വിളിക്കുമ്പോൾ
നാമെന്തോതേണ്ടുത്തരം."

എന്നും പഠിച്ചതു ചൊല്ലുംപോലെ ഭാഷാശൈലിക്കു കോട്ടം തട്ടാതെയും, പദങ്ങളൊന്നും വിട്ടുകളയാതെയും, പ്രാസം ദീക്ഷിച്ചും, അർത്ഥപൌഷ്കല്യത്തോടുകൂടിയും അതിവേഗത്തിൽ തർജ്ജിമചെയ്യുവാൻ തിരുമനസ്സിലേയ്ക്കു മാത്രമേ സാധിച്ചിട്ടുള്ളു. പദ്യരചനാവിഷയത്തിൽ അമാനുഷികമായ പ്രതിഭാവിലാസമാണ് തിരുമേനിക്കുണ്ടായിരുന്നത്.

പുരാണതൎജ്ജിമകളെ സാഹിത്യലോകത്തിൽ നിന്നു നിശ്ശേഷം വൎജ്ജിക്കേണ്ടതാണെന്നു പ്രവചിക്കുന്ന അധുനാതനർപോലും തിരുമേനിയുടെ വിവൎത്തനങ്ങളേയും അവയുടെ നിൎമ്മാണചാതുരിയേയും മനസ്സിലാക്കിയിട്ടുണ്ടെങ്കിൽ വിസ്മയിക്കാതിരിക്കുകയില്ല. ലക്ഷത്തിഅൻപതിനായിരം പദ്യങ്ങളുള്ള മഹാഭാരതം പദ്യാനുപദ്യം പരിഭാഷപ്പെടുത്തിയ ആ പണ്ഡിതവര്യന്റെ സ്ഥിരോത്സാഹവും ധിഷണാവിലാസവും അനന്യസാമാന്യമായിരുന്നു. ഭാരതം തൎജ്ജിമയെപ്പററി പലരും പലതും അഭിപ്രായപ്പെട്ടിട്ടുണ്ടെങ്കിലും മൂലശ്ലോകങ്ങളുടെ ജീവൻ കളയാതെ മലയാളമായിലാക്കി പേരെടുക്കുവാൻ തിരുമനസ്സിലേപ്പോലെ മററാക്കും കഴിഞ്ഞിട്ടില്ല. നിത്യം കുളിയും തേവാരവും കഴിച്ച് 100 പദ്യംവീതം തൎജ്ജിമചെയ്യല്ലാതെ കഥാപുരുഷൻ കൃത്യാന്തരങ്ങളിൽ പ്രവേശിക്കാറില്ലായിരുന്നു. അക്കാലത്ത് എവിടെപ്പോയാലും ആ കൃത്യം മുടക്കാറുമില്ല. ഒരിക്കൽ തൃപ്പൂണിത്തുറ കനകക്കുന്നുകൊട്ടാരത്തിൽ തിരുമേനി എഴുന്നള്ളിത്താമസിക്കുകയുണ്ടായി. ഒരു ദിവസം അവിടുന്നു പതിവുപോലെ തൎജ്ജിമചെയ്തുകൊണ്ടിരിക്കവെ, "സ്വന്തകൃത്യത്തിനു വിഘ്നംവരുത്താതെ ഒരു സ്മാരകപദ്യമെഴുതിക്കൊടുക്കണ"മെന്ന് അന്നു നാടുവാണിരുന്ന രാജൎഷി തിരുമനസ്സുകൊണ്ടു കല്പിച്ചരുളി. 1081 മകരം 14-ാംതീയതി കേരളവൻ കൎത്താവ് എന്നൊരാറാം മഹാരാജാവു തിരുമനസ്സിലെ കല്പനപ്രകാരം കുന്നത്തേരി 'കൊട്ടുങ്ങ' എന്ന കുന്നിൽ പണിചെയ്യിച്ച ദുൎഗ്ഗാലയത്തിന്റെ സ്മാരകമായി,

"വമ്പൊത്തീടിന മാടരാജനരുളാൽ-
ത്താൻ കൊല്ലമോരായിര-
ത്തെൺപത്തൊന്നിൽ വിശിഷ്ടമായ മകരം
പത്തൊത്ത നാലാംദിനേ,
കുന്നാത്തേരികുലത്തിലെസ്സുകൃതിയാം
കത്താവു ദുർഗ്ഗാലയം
കുന്നത്തുള്ള കൊട്ടങ്ങയിൽപ്പണികഴി-
പ്പിച്ചീടിനാൻ കേശവൻ."

ഈ പദ്യം തിരുമേനിക്കെഴുതിക്കൊടുക്കുകയും അതേ സമയത്തുതന്നെ തർജ്ജിമ പറഞ്ഞുകൊടുക്കുകയുംചെയ്ത കുഞ്ഞിക്കുട്ടൻതമ്പുരാൻെറ വാസനാവൈഭവത്തേയും പ്രതിഭാവിലാസത്തേയും പററി എന്തുപറയട്ടെ! ഭാരതം തർജ്ജിമചെയ്തുകൊണ്ടിരിക്കവെ പ്രകൃതത്തിൽനിന്നു മാറാതെ മററൊരു വിഷയത്തെക്കുറിച്ചു് ആകസ്മികമായി ഒരു പദ്യം രചിക്കുകയെന്നതു് ഇതരകവികൾക്കു സാദ്ധ്യമായ ഒന്നല്ല.

നിമിഷകവനത്തിൽ തമ്പുരാനുണ്ടായിരുന്ന വാസനാവൈഭവത്തിനു പല ദൃഷ്ടാന്തങ്ങളുമുണ്ടു്. അ ദ്ദേഹത്തിൻെറ പ്രഥമകൃതിയായ 'ദക്ഷയാഗശതകം മണിപ്രവാളം' ഒരു നിമിഷകവനമാണു്. കവിഭാരതം, നല്ലഭാഷ, പാലുള്ളിചരിതം, കാദംബരീകഥാസാരം, ശങ്കരാചാര്യചരിതം, തുപ്പൽക്കോളാമ്പി, മദിരാശിയാത്ര, കംസൻ, ശരസേതുബന്ധം, നാരായണാസ്ത്രദാനം, ഭീഷ്മസമാധി, ഭീമയോഗം, യാത്രാദാനം മുതലായ സ്വതന്ത്രകൃതികളും, ശുകസന്ദേശം, കോകില

സന്ദേശം, ലക്ഷണാസംഗം, ആശ്ചൎയ്യചൂഡാമണി, ഒതല്ലോ, ഹാംലെററ് മുതലായ നാടകതൎജ്ജിമകളും, ചന്ദ്രിക, ബഭ്രുവാഹനചരിതം, മത്താണ്ഡവൎമ്മവിജയം എന്നീ സ്വതന്ത്രനാടകങ്ങളും, കൂടൽമാണിക്യം, ദ്രോണാചാൎയ്യർ മുതലായ ചരിത്രകാവ്യങ്ങളും ഭാഷാദേവിയുടെ പദപങ്കജങ്ങളിൽ കാഴ്ചവച്ച തിരുമേനി, ഭാഷാപ്രണയികളിൽ അഗ്രേസരനായിരുന്നുവെന്നുവേണം പറയുവാൻ.

"കന്യാകുമാരി ക്ഷിതിയാദിയായ് ഗ്ഗോ-
കണ്ണാന്തമായ് തെക്കുവടക്കു നീളേ."
അന്യോന്യ മംബാശിവർ നീട്ടിവിട്ട
കണ്ണോട്ട മേററുണ്ടൊരു നല്ലരാജ്യം".

എന്നു തുടങ്ങി അഞ്ചു സൎഗ്ഗത്തോളമുള്ള "കേരള"മെന്ന ചരിത്രകാവ്യം ഉൽകൃഷ്ടസ്ഥാനത്തെ അൎഹിക്കുന്ന ഒരു കൃതിയാണെങ്കിലും അതു പൂൎത്തിയാക്കുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. അനേകം പാനകളും, കൈകൊട്ടിക്കളിപ്പാട്ടുകളും തമ്പുരാൻ രചിച്ചിട്ടുണ്ട്. ശ്രീസ്തുതി, ഗൎവ്വശമനം, തീവണ്ടി മുതലായവയും അദ്ദേഹത്തിന്റെ നിമിഷകവനങ്ങളാണ്. ഭാഷാപ്രണയിയായ ശ്രീമാൻ പി. വി. കൃഷ്ണവാൎയ്യരവർകൾ കുഞ്ഞിക്കുട്ടൻതമ്പുരാന്റെ പല കൃതികളും പ്രസിദ്ധപ്പെടുത്തി ഭാഷാസാഹിത്യത്തിന് അഭിവൃദ്ധിയുണ്ടാക്കിക്കൊണ്ടിരിക്കുന്നതു് തികച്ചും അഭിനന്ദ്യമായിരിക്കുന്നു. തമ്പുരാന്റെ അനേകം കൃതികൾ നശിച്ചുപോയിട്ടുണ്ടെന്നാണു് പറയപ്പെടുന്നതു്. രാജൎഷിത്തി

രുമേനിയുടെ ഷഷ്ടിപൂർത്തിക്കു ഷഷ്ടിയാവട്ടെ എന്നു പറഞ്ഞു് അറുപതു പദ്യങ്ങളെഴുതിയതും, യമക കാവ്യത്തിൻെറ അഭിപ്രായം യമകത്തിലയച്ചതും, പദ്യത്തിൽ തന്നെ പ്രസംഗം നടത്തിവന്നതും മററും അദ്ദേഹത്തിൻെറ അതുലമായ കവനകലാവൈഭവം തന്നെയാണ്. പദ്യത്തിൽ പ്രസംഗം നടത്തുകയെന്നതു് ഇതര കവികൾക്കു സാദ്ധ്യമാണോ എന്നുകൂടി സംശയിക്കേണ്ടിയിരിക്കുന്നു. എത്ര വേഗതയിലായാലും തിരുമേനിയുടെ കവിതയിൽ അബദ്ധം പിണയാറില്ല.

"മാവേലിക്കരെ മന്നാ! മാന്യമതിയാം
മന്നാടിയാരേ! നമു-
ക്കീ വേലയ്ക്കൊരബദ്ധമച്ചുപിഴയിൽ
പെട്ടേപെടുള്ളു ദൃഢം."

എന്നുപോലും അദ്ദേഹം ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. തിരുമനസ്സിലെ വകയായി അനവധി മംഗളപദ്യങ്ങളും, ഛായാപദ്യങ്ങളും ഉണ്ടു്. ഉദാഹരണത്തിനു് ചിലവ ഉദ്ധരിച്ചുകൊള്ളട്ടെ. ശ്രീമാൻ കാവിൽ കൃഷ്ണപിള്ള അവർകൾ കുറച്ചുകാലം നടത്തിയിരുന്ന "ദക്ഷിണദീപം" മാസികയ്ക്കു കൊടുത്ത ഒരു മംഗളപദ്യമാണു് ചുവടെ ചേക്കുന്നതു്.

"കല്പാന്തോൽക്കട ഭാസ്കരൻ ഖരകരം
മൂപ്പിച്ചു മൂപ്പാർ തപി-
ച്ചപ്പാടേ വററുമ്പൊളുപ്പുകടലും
കട്ടപ്പെട്ടും കാലമെ!

ദൃക്പാതം ബഡവാഗ്നിപോലെ ഗിരിശൻ
തട്ടിച്ചുപൊട്ടിച്ച പാ-
ടപ്പോ! പൊട്ടലുകേട്ടു പുഞ്ചിരിയിട്ടും-
പത്രക്കിടാവേ! തൊഴാം!"

ഇതിലെ 'പത്രക്കിടാവേ' എന്ന പദപ്രയോഗത്തിൻെറ സ്വാരസ്യം ഒന്നു ചിന്തിച്ചുനോക്കേണ്ടതു തന്നെയാണ്. പ്രളയകാലത്ത് അരയാലിലയിൽ കിടക്കുന്ന മഹാവിഷ്ണുവിനെ, ആ പദം എത്ര ചമൽക്കാരത്തോടെ സൂചിപ്പിച്ചിരിക്കുന്നു!

ഫലിതവും കാര്യവും ഉൾപ്പെടുത്തി തിരുമേനി രചിച്ചിട്ടുള്ള മംഗളഗാനങ്ങളിൽ പലതും മറന്നാൽ കൂടി മറക്കുവാൻ കഴിയാത്തവയാണ്. അവയിൽ ചിലതെങ്കിലും ഉദ്ധരിക്കുന്നതു പ്രകൃതത്തിലേയ്ക്ക് അനുയോജ്യമായിരിക്കും.

"ആനത്തലയുള്ള ദേവ!
ഞാനടിവണങ്ങുന്നേൻ, ആനന്ദസ്വരൂപനേ!
ഊനങ്ങളൊഴിച്ചെൻെറ ദീനത കളഞ്ഞാലും!
പേശലം ചെവിത്തട്ടു വീശി നീ വിഘ്നമെല്ലാ-
മാശുകളഞ്ഞു ചിത്തക്ലേശങ്ങളൊഴിക്കേണം.
ആനത്തലയുള്ള ദേവ!
വമ്പൻ കുണ്ടലിക്കൊക്കും കുമ്പ കുലുക്കിയെൻെറ
മുമ്പിട്ടു കളിച്ചാലും! കുമ്പിടാം തമ്പുരാനേ!
ആനത്തലയുള്ള ദേവ!"

നടുവത്തച്ഛൻനമ്പൂതിരിക്കു തിരുമനസ്സുകൊണ്ടു് അയച്ച ഒരു കത്തിലെ മംഗളപദ്യം നോക്കുക:-

"മന്മഥന്റെ തടിമുടിയൻ
നിർമ്മലതാരേശ ജാഹ്നവീ മുടിയൻ,
നമ്മുടെ ഗരളം കുടിയൻ
നന്മതരട്ടേ! ഭവാന്റമാമടിയൻ."

അച്ഛൻനമ്പൂരിപ്പാട്ടു മറുപടിയയപ്പാൻ മടിച്ചിരിക്കുന്നതു കണ്ടപ്പോൾ തമ്പുരാൻ വീണ്ടുമെഴുതിയ ഒരു കത്തിലെ മംഗളപദ്യമാണു് ഇതു്. പദ്യാവസാനത്തിലുള്ള 'ഉമാമടിയൻ' എന്നതിലെ 'മടിയൻ' എത്രമാത്രം ഹൃദ്യമായിരിക്കുന്നു! അതുപോലെ,

"മടിയിൽ തന്നെ യെന്നല്ല
മുടിയിൽക്കൂടി യച്ചിയെ
കുടികൊള്ളിച്ചിട്ടും സർവ്വ-
മുടിയസ്വാമിയെത്തൊഴാം."

സംഹാരമൂർത്തിയായ ശിവനെ സർവ്വമുടിയസ്വാമിയെന്നു വിളിക്കുവാൻ തിരുമേനിയെപ്പോലെ ഒരാളും ധൈര്യപ്പെട്ടിട്ടില്ല. നോക്കുക, അദ്ദേഹത്തിന്റെ ഭാഷാസ്വാധീനവും ഫലിതചാതുര്യവും!

തിരുമനസ്സിലെ ഛായാപദ്യങ്ങളെല്ലാം അത്യന്തം തന്മയസംഭരിതങ്ങളായിക്കാണുന്നു. വെണ്മണിമഹൻനമ്പൂതിരിയെപ്പററി തമ്പുരാൻ ചെറുപ്പത്തിലെഴുതിയ ഒരു പദ്യമാണിതു്.

"ഉന്മേഷത്തോടു താൻ മുറുക്കിയരിക-
ത്തല്പം മുറുക്കാനുമായ്-

ച്ചമ്മാതേ മണി പത്തടിപ്പതു വരേ
മൂടിപ്പുതച്ചങ്ങനെ
ബ്രഹ്മസ്വം മഠമായതിൻെറ പടിയിൽ
പൂണ്ണാനന്ദമോദം പര-
ബ്രഹ്മം കണ്ടരുളുന്ന വെണ്മണി മഹൻ
നമ്പൂരിയെക്കണ്ടു ഞാൻ!"

•

മഹൻനമ്പൂരിപ്പാട്ടിലെ സ്വാഭാവികമായ അലസതയെ പ്രത്യക്ഷപ്പെടുത്തുന്ന പ്രസ്തുത പദ്യം എത്ര ഹൃദയംഗമമായിരിക്കുന്നു!

"നാറിക്കീറി മുഷിഞ്ഞ മുണ്ടു വികടം
ചുററീട്ടരക്കെട്ടിലായ്
വാരിക്കുത്തിയ കണ്ട കാട്ടിലയുമായ്
ച്ചോററിൽക്കളിച്ചങ്ങനെ
കീറപ്പാള പൊളിഞ്ഞതൊന്നു തലയിൽ
ചൂടിപ്പെരുത്താൾക്കിടെ-
പ്പീറപ്പാട്ടുകൾപാടി നല്ലരസമായ്
ഭ്രാന്തൻകടന്നെത്തിനാൻ."

ആ ഭ്രാന്തൻെറ വേഷം ഏററവും പ്രതിഫലനശക്തിയുള്ളതാക്കിക്കാണിച്ചിരിക്കുന്നു. പ്രതിപാദ്യവസ്തുവിനെ പ്രത്യക്ഷമാക്കുന്നതുപോലെയുള്ള ഒരു ബോധം തിരുമേനിയുടെ ഛായാപദ്യങ്ങൾ നൽകുന്നുണ്ട്.

തജ്ജ്ഞിമയിൽ അദ്ദേഹത്തിനുണ്ടായിരുന്ന പാടവം അന്യാദൃശമാണ്. ഉദാഹരണത്തിന് ആശ്ച

യ്യചൂഡാമണിയിലെ ചില ശ്ലോകങ്ങൾ ഉദ്ധരിക്കാം. സുന്ദരീരൂപം ചമഞ്ഞു വരുന്ന ശൂൎപ്പണഖയെക്കണ്ടു ലക്ഷ്മണൻ വിചാരിക്കുന്നു.

"സനാഥീ കുൎവ്വാണാ ധരണി മഥവാ-
ധാമമരുതാം
ഭവേദേഷാകാമം വിരമതുവിത-
ൎക്കശ്ചലധിയാം
വചഃകൎത്തും പിത്രോൎവ്വനമിദമവാ-
പ്തസ്യ വശിനോ
വശേതിഷ്ഠൻ ഭ്രാതുഃ സ്മരപരവശഃ-
സ്യാം കഥമഹം".

എന്ന പദ്യത്തിന്റെ തൎജ്ജിമ നോക്കുക:-

"മന്നിൻ ഭൂഷണമായിടട്ടെയഥവാ-
വിണ്ണിന്നലങ്കാരമാ-
ണെന്നായ്ത്തന്നെ വരട്ടെ, പോട്ടെ ചപല-
ന്മാൎക്കാണവററിൽ ഭ്രമം.
നന്നായിപ്പിതൃവാക്കു കേൾക്കുവതിനാ-
യിക്കാടെഴും ധീരനാ-
മെന്നാൎയ്യന്റെ വശത്തു വാഴുമൊരു ഞാൻ
കാമാൎത്തനായീടുമോ?"

രസവും ജീവനും ലേശവുംകളയാതെയും, ഭാഷാശൈലിയ്ക്കു കോട്ടം വരുത്താതെയുമുള്ള ഇത്തരം പ്രോജ്ജ്വല തൎജ്ജിമകൾ ഭാഷാദേവിയുടെ അനൎഘനിക്ഷേപങ്ങൾതന്നെയാണു്. "വിരമതു വിതൎക്കശ്ചലധിയാം" എന്നതിന്നു് "പോട്ടെ, ചപലന്മാൎക്കാണവ

ററിൽഭ്രമാ" എന്നും, "വചഃകേത്ത്രം പിത്രോർവ്വന മിദ മവാപ്പസ്യ വശിനോ വശേതിഷ്ഠൻ ഭ്രാതുഃ" എന്നതി ന് "നന്നായിപ്പിതൃവാക്കു കേൾക്കുവതിനായിക്കാടെഴും ധീരനാമെന്നായ്യന്റെ വശത്തു വാഴുമൊരു ഞാൻ" എന്നും വിവത്തനം ചെയ്തിരിക്കുന്നതു് എത്രമേൽ അക്ലിഷ്ടവും ഹൃദ്യവുമായിരിക്കുന്നു! അതുപോലെത ന്നെ ജടായു രാവണനോടു പറയുന്ന

"കൈലാസ സാനുമതി ഖണ്ഡിതമാന ശൃംഗം
കാരാഗൃഹേ നിയമിതം ചിരമജ്ജുനേന
ത്വാം വാലിവാലവലയാങ്കിത ബദ്ധബാഹും
ജാനാമിരാക്ഷസ! ജഗത്രയ ധൂമകേതും."

എന്ന ഭാഗത്തിന്റെ തജ്ജിമ നോക്കുക:—

"വെള്ളിക്കുന്നിന്മെൽ മാനക്കൊട്ടുമുടി-
പൊടിയായ്
പോയൊരാളജ്ജുനൻ താൻ
തള്ളിക്കാരാഗൃഹത്തിൽ ബ്ബഹുദിവസമട-
ച്ചിട്ടവൻ, ബാലിപിന്നെ,
വള്ളിക്കൊക്കുന്ന വാലാൽക്കരനിരമുറുകെ
ക്കെട്ടിയോൻ നീ ത്രിലോകി-
ക്കുള്ളോരദ്ധൂമകേതു പ്രതിമനറിയുമേ
നിന്നെ ഞാനാശരേശാ!"

ഈ തജ്ജിമ എത്ര ആകർഷകമായിരിക്കുന്നു.

"ത്രിലോകിക്കുള്ള" എന്ന ഭാഗത്തു് ഒരു കാ വ്യദോഷമുണ്ടെങ്കിലും അതു മൂലത്തോടു തട്ടിച്ചുനോക്കു

മ്പോൾ അത്യന്തം ആസ്വാദ്യമായിക്കാണാവുന്നതാണ്. രാവണനെ അപമാനിച്ചെഴുതിയ പ്രസ്തുത പദ്യത്തിലെ അപഹാസസ്വരം തുളുമ്പുന്ന ഓരോ പദവും സ്വതന്ത്രമെന്നുതന്നെ പറയത്തക്കവിധം അത്ര യ്ക്കു സ്വാഭാവികമായിരിക്കുന്നു.

മഹാഭാരതത്തിലുൾപ്പെട്ടതാണെങ്കിലും സാരഗൌരവംകൊണ്ടു മറെറാരുമഹാഗ്രന്ഥമായിത്തീന്നിട്ടുള്ള ഭഗവദ്ഗീതയുടെ പരിഭാഷ ഭാഷാഭിമാനികൾക്കും ഭാഷായോഷയ്ക്കും ഒരു പ്രത്യേകസ്വത്തായിത്തീന്നിരിക്കുന്നു. തിരുമനസ്സിലെ സ്വതന്ത്രകൃതികൾ രസോദ്ബോധകങ്ങളും ഊർജ്ജസ്വലങ്ങളുമാണ്. വീരരസപ്രധാനമായ ഈ പദ്യം നോക്കുക:—

"അത്യുഗ്രാടോപമോടും പടനടുവിലടുക്കുന്ന-
ദൈത്യേന്ദ്രദേഹം
കുത്തിക്കീറിപ്പിളന്നിട്ടുടനെ ചുടുകടും-
ചോരകോരിക്കുടിച്ചും,
മുത്തോടേററം ചിരിച്ചും, മുഹുരപിമുദമോ-
ടട്ടഹാസം പൊഴിച്ചും,
നൃത്തംവെച്ചും കളിച്ചീടിന കൊടിയകൊടും-
കാളിയെക്കൈതൊഴുന്നേൻ."

ഇതിലെ വീരരസാനുഗുണ്യങ്ങളായ പദങ്ങളേയും രചനാരീതിയേയും, സൌകുമാര്യത്തേയും എത്ര പ്രശംസിച്ചാലും അധികമായിപ്പോകുന്നതല്ല.

ശൃംഗാരരസപ്രതിപാദനം തിരുമേനിക്കു് അസാദ്ധ്യമാണെന്നു പരക്കെ ഒരഭിപ്രായമുണ്ടായിരുന്നു.

ആ അഭിപ്രായത്തെ പാടെ മാററുന്ന ഒന്നാണു് തിരുമനസ്സിലെ "ചന്ദ്രിക" എന്ന സ്വതന്ത്ര നാടിക. ചന്ദ്രിക കൈരളീദേവിയുടെ രത്നഖചിതമായ ഒരു ഭൂഷണമാണ്. പ്രസ്തുത ദൃശ്യകാവ്യത്തിൽ നടനും സൂത്രധാരനും തമ്മിലുള്ള സംവാദംകൊണ്ടു തിരുമേനി ഭിന്നാഭിപ്രായക്കാരെ കളിയാക്കുന്നുണ്ട്.

"നടൻ:— ചന്ദ്രികയെന്ന ഒരു ശൃംഗാരനാടകമെഴുതത്തക്ക യോഗ്യത കുഞ്ഞിക്കുട്ടൻ തമ്പുരാനു് ഇല്ലെന്നാണല്ലോ പറഞ്ഞുകേട്ടിട്ടുള്ളതു്?

സൂത്ര:—

അംഗേശൻ മുതലാമനേക കവിവീ-
 രന്മാരടുത്താലെട-
ത്തഞ്ചേത്തും ഭുജശക്തിയാലെയവരെ
 ത്തട്ടിപ്പുറപ്പിക്കലും,
തുംഗശ്രീ വിജയന്നു കൃഷ്ണസഹജാ-
 കൃഷ്ണാദി സംഗങ്ങളിൽ
ശൃംഗാരക്കുറവാകുമെന്നു വരുമോ
 കാര്യം വിചാരിക്കെടോ!"

ഈ സംവാദത്തിൽനിന്നു ചരിത്രപുരുഷൻ പദ്യരചനയെ ഒരു വിനോദകൃത്യമായി കരുതിയിരുന്നുവെന്നു മനസ്സിലാക്കാം. കവിതാവിഷയത്തിൽ എതിരഭിപ്രായക്കാരെ അദ്ദേഹത്തിനു തെല്ലും ഭയമില്ല. തിരുമനസ്സിലെ കവനകലാവൈഭവം അത്രവളരെ പ്രശസ്തമായിരുന്നു.

തന്മയത്വത്തോടുകൂടി ആകാരവർണ്ണന ചെയ്യുവാൻ അവിടുത്തേയ്ക്കുണ്ടായിരുന്ന സാമർത്ഥ്യം അനിതരസാധാരണമാണു്.

കോട്ടയ്ക്കൽ, വേട്ടയ്ക്കൊരുമകൻെറ ദിവ്യമായ നവ്യരൂപം ചിത്രീകരിച്ചിരിക്കുന്നതു നോക്കാം:—

"പുഷ്ടിക്കൊക്കും കിരീടം തടവിനമുടിയും
വക്രമാംചില്ലിരണ്ടും
വട്ടക്കണ്ണും കരിന്താടിയുമരിയൊരിടം
കയ്ത്തലേവില്ലുമമ്പും
മട്ടൊക്കും മററുകയ്യിൽച്ചുരികയുമരയിൽ
പട്ടമായ് മോടിയോടും
കട്ടിക്കാറിൻനിറം പൂണ്ടൊരുവനെ നടയിൽ-
ക്കണ്ടുഞാൻ ഞെട്ടിയാദ്യം."

മദിരാശിയാത്രയിൽ വെള്ളക്കാരുടെ കുട്ടികളെ വർണ്ണിക്കുന്നതിങ്ങനെയാണു്.

"വട്ടത്തൊപ്പിയിലാടിടുന്ന കുനപ്പീ-
ലിപ്രൌഢിയും ബൂഡ്സതിൽ
തട്ടീട്ടുങ്ങരയും വരയ്ക്കുടിവരെ
ത്തൂങ്ങുന്ന കുപ്പായവും
കട്ടിക്കാലുറയും കരത്തിലൊരുനൽ-
ക്കാററാടിയും വെച്ചുകൊ-
ണ്ടൊട്ടേറെക്കളിയാടിടുന്നൊരു ദൊര-
പ്പൈതങ്ങളെക്കണ്ടുഞാൻ."

സായ്പന്മാരുടെ കുട്ടികളുടെ ആകൃതിയും പ്രകൃതിയും പ്രസ്തുത പദ്യത്തിൽ ഏറെക്കുറെ വിശദമാക്കിയിരിക്കുന്നു.

സ്വഭാവോക്തിയ്ക്ക് ഇനിയും അനേകം ഉദാഹരണങ്ങൾ തമ്പുരാന്റെ കൃതികളിൽനിന്നുദ്ധരിക്കാവുന്നതാണ്. കൊച്ചീമഹാരാജാക്കന്മാരുടെ പ്രാഭവത്തെ അവഗണിച്ച് സാമൂതിരിയുടെ സേവകനായ ഒരു നമ്പൂതിരി ഒരിക്കൽ പറഞ്ഞതു് ഇപ്രകാരമാണ്. ആ ഭാഗം "ശ്രീമാനവിക്രമവിജയം" എന്ന ചരിത്രനാടകത്തിൽ വിശദമാക്കിയിട്ടുണ്ട്.

"കൂടെക്കൂടെയുറക്കെയൊച്ചയിട്ടമാ-
റെന്തിന്നു തക്കിപ്പതീ-
മാടക്ഷോണിപനിന്നിരുന്നുപുലരും
വെണ്മാടമിക്കാണ്മതിൽ
കേടൊക്കാതൊരുമണ്ഡലത്തിനകമേ
ശൈലാബ്ധിനാഥന്റെ കാൽ-
പ്പാടേൽക്കാതെയിരിക്കിലന്നു മുതലി-
പ്പൂണൂലിടുന്നില്ലഞാൻ."

"ഇപ്പൂണൂലിടുന്നില്ലഞാൻ" എന്ന പ്രതിജ്ഞാവാക്യം നമ്പൂതിരിമാരുടെ യാഥാസ്ഥിതികമായ ജാതിസ്വഭാവത്തിന് അനുയോജ്യമായിരിക്കുന്നു.

പണ്ടത്തെ പ്രാസവഴക്കിൽ തിരുമനസ്സുകൊണ്ടു മാദ്ധ്യസ്ഥ്യം വഹിച്ച് പല സരസപദ്യങ്ങളും രചിച്ചിട്ടുണ്ട്.

"രണ്ടാംവണ്ണപ്രാസം
കൊണ്ടാടി പ്രൌഢിചേക്കുമൊരു ധമ്മം
കുണ്ടാമണ്ടിയിലാക്കി-
ക്കൊണ്ടാക്ഷേപിച്ചിടുന്നു പുതിയ ചിലർ."

എന്നുതുടങ്ങി,

"പ്രായേണ ദ്രാവിഡച്ചൊൽകളിലിടകലരും
പ്രാസസൌഭാഗ്യമുണ്ടെ-
ന്നാരേയ ലോകംരസിക്കു! കവിതയിലതിനാൽ
ബ്ഭൂരിപക്ഷത്തെ നോക്കി,
ഛായേണം നമ്മളങ്ങോട്ടതിനിടയിൽ വെറും
വാഗ്വിവാദം തുടങ്ങി-
പ്പോയേച്ചാൽകാര്യമുണ്ടോ കവിതകളെഴുതി-
ക്കൂട്ടുവിൻ കൂട്ടുകാരേ!"

എന്നിങ്ങനെ സ്വാഭിപ്രായം പ്രകടിപ്പിച്ച അദ്ദേഹത്തിൻെറ സംസ്കാരവിശേഷം ഏററവും സ്തുത്യർഹമായിരിക്കുന്നു. സാഹിത്യവിഷയത്തിൽ പൊതുവെ രുചിക്കുന്നരീതി അനുവത്തിക്കുകയെന്നല്ലാതെ ഒരാൾ മാത്രം ഒരഭിപ്രായത്തിൻെറ വാലിൽ തൂങ്ങിയിട്ടെന്തു കാര്യം? "ഭൂരിപക്ഷത്തെ നോക്കിച്ഛായേണം" "കവിതകളെഴുതിക്കൂട്ടുവിൻ കൂട്ടുകാരേ" എന്നീ അഭിപ്രായങ്ങൾ എത്ര നിസ്വാത്ഥ്യം, ആത്മാത്ഥവുമായി പ്രശോഭിക്കുന്നു. അഭിനവസാഹിത്യകാരന്മാരിൽ മുറിക്കുന്തക്കാരും മക്കടമുഷ്ടിക്കാരുമായ പലക്കും പ്രസ്തുതപദ്യം ഒരു വലിയ പാഠം നൽകുന്നുണ്ട്. ഈ ഉദ്ബോധനം അദ്ദേഹത്തിൽ തിങ്ങിത്തിളങ്ങുന്ന ഭാഷാഭിമാനത്തിൻെറ ഒരു പ്രതിച്ഛായയാണു്.

കവിത ഇത്രമാത്രം ഹൃദ്യമായും വിനോദകരമായും കരുതിയിരുന്ന മററൊരു കവിയും കേരളത്തിൽ ജനിച്ചിട്ടില്ല. ഒരിക്കൽ "ബാലശിക്ഷ" എന്ന പുസ്തകം ആവശ്യപ്പെട്ടുകൊണ്ട് അദ്ദേഹം സപുത്രിയുടെ ക്ലാസ്സദ്ധ്യാപകനായച്ച എഴുത്ത് ഇപ്രകാരമായിരുന്നു.

"ബാലശിക്ഷയ്ക്കലട്ടുന്ന
ബാലപുത്രി 'സരസ്വതി'
അലട്ടു തീത്തു വിട്ടേയ്ക്കു
വില പിന്നൊത്തരാമെടോ."

കത്തിടപാടുകളെല്ലാം അദ്ദേഹം കവിതയിലേ നടത്താറുള്ളു. പദ്യത്തിലുള്ള കത്തുകൾക്ക പദ്യത്തിൽത്തന്നെ മറുപടികിട്ടിയിട്ടില്ലെങ്കിൽ അദ്ദേഹത്തിനു മഹാ ആക്ഷേപമായിത്തോന്നിയിരുന്നു. കവനകലയിൽ മററുള്ളവരേക്കൂടി പ്രോത്സാഹിപ്പിക്കുകയും, കേരളഭാഷാസാഹിത്യത്തെ പ്രചരിപ്പിക്കുകയുമാണ് അദ്ദേഹം ഈ പ്രവൃത്തികൊണ്ടു നിവ്വഹിച്ചിരുന്നതു്.

ഒരിക്കൽ, സരസകവി കെ. സി. കേശവപിള്ള അവർകൾ, കുന്നേഴത്തു പരമേശ്വരമേനവനവർകൾക്കു പദ്യത്തിലും, തിരുമേനിക്കു ഗദ്യത്തിലും ഓരോ കത്തയയ്ക്കുകയുണ്ടായത്രേ. ആ കത്ത് ഗദ്യത്തിലാക്കിയതു തിരുമേനിക്കു തീരെ രുചിച്ചില്ല.

"താനേ ഗദ്യമതായെനിക്കയി! ഭവാൻ
പത്രം കുറിച്ചീലയോ
ക്ലന്നേഴം പരമേശ്വരന്റെ സരസ-
ശ്ലോകങ്ങളേകീലയോ
താനേവം ബഹുപക്ഷപാതമിവിടെ-
ക്കാണിക്കുവാൻ മാത്രമീ-
ഞാനേതിങ്കലുമപ്രിയം പ്രിയസഖ-
പ്രോത്തംസ! ചെയ്യുന്നതോ?"

ആ സംഗതിയിലുണ്ടായ പരിഭവം അദ്ദേഹം ഇങ്ങനെ രേഖപ്പെടുത്തിയയച്ചു.

ശ്രീമാൻ കോയിപ്പിള്ളിൽ പരമേശ്വരക്കുറുപ്പവർകളെ പ്രോത്സാഹിപ്പിക്കുവാൻ തിരുമേനി രചിച്ച ഒരു പദ്യംകൂടി ഉദ്ധരിച്ച് ഈ പ്രകൃതം അവസാനിപ്പിക്കാം.

"പരമേശ്വര! പറവുകില്ലിനി-
പ്പരമസ്സൽകൃതി തീർത്തുതള്ളെടോ
തരമല്ല മടിച്ചിരിക്കിൽ മേ-
ത്തരമായുള്ളൊരു പേരെടുക്കുവാൻ."

ഇങ്ങനെ തന്നത്താൻ അശ്രാന്തപരിശ്രമം ചെയ്തും മററുള്ളവരെ സർവ്വാത്മനാ പ്രോത്സാഹിപ്പിച്ചും ഭാഷാദേവിയുടെ ഭണ്ഡാഗാരം പരിപുഷ്ടമാക്കുവാൻ തമ്പുരാനവർകളല്ലാതെ മറെറാരു കവിയും ശ്രമിച്ചിട്ടില്ലെന്നു തന്നെ പറയാം. ആ കവികേസരിയുടെ കവിതാരീതിക്കും, തജ്ജ്ഞിമകളുടെ സമ്പ്രദായത്തിനും, ഭാഷാഭിമാനത്തികവിനും ചില ഉദാഹരണങ്ങൾ മാത്രമേ ഈ ലേഖനത്തിൽ ഉദ്ധരിക്കുവാൻ സാധിച്ചിട്ടുള്ളു.

സഹൃദയാഗ്രേസരനും കാവ്യകലാമർമ്മജ്ഞനമായ കുഞ്ഞിക്കുട്ടൻ തമ്പുരാൻെറ കീത്തി ഇങ്ങനെ സാഹിത്യലോകത്തിൽ സുപ്രതിഷ്ഠിതമായിത്തീൎന്നു.

തിരുമനസ്സുകൊണ്ടു് 1088 മകരം 19-ാം തീയതി 49-ാമത്തെ വയസ്സിലാണു് പരഗതിയടഞ്ഞതു്. ചരമത്തിനു പത്തോ പന്ത്രണ്ടോ ദിവസംമുമ്പു തിരുമേനി ശ്രീമാൻ പി. വി. കൃഷ്ണവാര്യർ അവർകൾക്കു് ഒരു മംഗളപദ്യം എഴുതിയയയ്ക്കുകയുണ്ടായി. കവികൾക്കു ചിലപ്പോൾ 'അറം' പററുമെന്നു പറയാറുള്ളതു് യഥാൎത്ഥമാണെങ്കിൽ മഹാകവിയായ നമ്മുടെ തമ്പുരാനു് ആ പദ്യത്തിലാണു് അറം വന്നതെന്നു വിചാരിക്കേണ്ടിയിരിക്കുന്നു.

ഇതാണു് പദ്യം:—

"രാജദ് ഭാവരസം സരസ്വതിമുഖം
വാണാദിശേഷൻെറയും,
സൌജന്യക്കടൽ മങ്കയാം ദയ കരൾ-
ത്തണ്ടാണ്ട കൃഷ്ണൻെറയും,
വ്യാജംവിട്ട നടപ്പെട്ടുത്തു വിലസും
ശ്രീ കൌമുദീകാമുക-
ഭാജന്മൌലിപരൻ 'പരമ്പരസുഖം'
നൽകാൻ പ്രസാദിക്കണം."

"കവനകൌമുദീ"കാമുകനായ തിരുമേനി "പരമ്പരസുഖ"ത്തിനുവേണ്ടി പ്രാൎത്ഥിച്ചതിൻെറ ഫലമായിട്ടോ എന്തോ കാലവിളംബമെന്യേ അദ്ദേഹം യശശ്ശരീരനായിത്തീൎന്നു.

യഥാൎത്ഥകേരളവ്യാസനും സരസസ്രൃതകവി കിരീടമണിയുമായിരുന്ന തിരുമേനിയുടെ ചരമവാൎത്ത കണ്ണീരുംകയ്യുമായിട്ടല്ലാതെ ഭാഷാപ്രണയികളിലൊരു ത്തനും ഓൎക്കുവാൻ കഴിയുകയില്ല. ശബ്ദങ്ങളെ സ്വേ ഛപോലെ സരസമായി പ്രയോഗിക്കുവാൻ കെല്പാൎന്ന ആ അഭിജ്ഞോത്തംസത്തിൻെറ അകാലദേഹവിയോ ഗം കൈരളിയെ കണ്ണീർക്കടലിലാഴ്ത്തി.

"അനന്ത വിജ്ഞാന ഗുണൈക ധാമം,
ആനന്ദ കാവ്യാമൃത വാരിവാഹം,
അക്കേരളവ്യാസൻ; അഹോ!ഹതാശേ!
ഖേദിക്ക, നീയെൻ മലയാളഭാഷേ!"

---

# 7. കട്ടക്കയവും സാഹിത്യാഭിവൃദ്ധിയും.

കേരളീയരുടെ സ്നേഹാദരങ്ങൾക്കു പാത്രമാ യിരുന്ന ഒരു വന്ദ്യമഹാകവിയാണ് കട്ടക്കയത്തിൽ ചെറിയാൻമാപ്പിള. അദ്ദേഹം ജീവിതകാലത്തിൽ ഭൂരിഭാഗവും, ഭാഷാസാഹിത്യസാമ്രാജ്യത്തിൻെറ ഐ ശ്വൎയ്യത്തിനുവേണ്ടി പ്രവൎത്തിച്ചുകൊണ്ടിരുന്നു. ഇന്ന ത്തെ മഹാകവികളിൽ പലരും കവനംചെയ്വാനാരംഭി ക്കുന്നതിന്നുമുമ്പുതന്നെ അദ്ദേഹം ഒരു ശ്രേഷ്ഠകവി യെന്ന നിലയിൽ ശാശ്വതമായ യശസ്സിനെ സമാൎജ്ജി

ച്ചുകഴിഞ്ഞിരുന്നു. ചെറുപ്പംമുതൽക്കേ സാഹിത്യസാമ്രാജ്യത്തെ ഭരിച്ചു് പേരും പെരുമയും നേടിയ കവിരത്നങ്ങളിൽ ഒരാളായിരുന്നു കട്ടക്കയമെന്നുപറയാവുന്നതാണു്.

അദ്ദേഹത്തിന്റെ ജനനം തിരുവിതാംകൂറിൽ മീനച്ചിൽത്താലൂക്കിൽ പാലാ അങ്ങാടിയ്ക്കടുത്തുള്ള 'കട്ടക്കയം' എന്ന കുടുംബത്തിലാണു്. പ്രാചീനകാലത്തുതന്നെ കേരളക്കരയിൽ പ്രശസ്തമായിരുന്ന 'പകലോമററം' എന്ന ക്രിസ്തീയകുടുംബത്തിന്റെ ഒരു ശാഖയാണു് കട്ടക്കയം.

കേരളീയ ക്രിസ്ത്യാനികൾക്കു് ഇന്നുള്ള സംഖ്യാബലവും, സമുദായപ്രാബല്യവും, സ്ഥാപനങ്ങളുമെല്ലാം കുറവായിരുന്ന കാലത്തും കട്ടക്കയംകുടുംബക്കാർ പ്രബലന്മാരും വിദ്വാന്മാരുമായിരുന്നു. കേരളീയ കത്തോലിക്കരുടെ ആത്മീയഗുരുവായിരുന്ന പാറേമ്മാക്കൽ ഗോവർണ്ണദോരുടെ മരണശേഷം 1799-ൽ ആ സ്ഥാനത്തേയ്ക്കു തിരഞ്ഞെടുക്കപ്പെട്ടതു് കട്ടക്കയത്തു് ഏബ്രാഹം എന്ന പ്രസിദ്ധ മല്പാനച്ചനായിരുന്നുവെന്നുള്ളതുതന്നെ കട്ടക്കയം കുടുംബത്തിന്റെ പ്രാബല്യത്തിനു ലക്ഷ്യമാണു്. സാഹിത്യഭൂഷണൻ മഹാകവി റാവുസഹിബ് ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ അവർകളാൽ ശ്രീമൂലം മലയാളഭാഷാഗ്രന്ഥാവലിയിൽ പ്രകാശനം ചെയ്യപ്പെട്ടിട്ടുള്ള 'പടപ്പാട്ട്' എന്ന പുരാതന കൃതിയുടെ കർത്താവു് ഏബ്രാഹം മല്പാനച്ചന്റെ സഹോദരപുത്രനായിരുന്നുവെന്നു്

ആ കൃതിയിൽ കാണുന്നു. ഇങ്ങനെ പൂർവ്വകാലം മുതൽക്കേ അനേകധാ വിഖ്യാതമായിരുന്ന ആ കുടുംബത്തിൽ ക്രിസ്തുവർഷം 1859 ഫെബ്രുവരി 4-ാംതീയതി നമ്മുടെ കഥാപുരുഷൻ ജാതനായി.

കാലാനുസൃതമായ പ്രാരംഭവിദ്യാഭ്യാസാനന്തരം, അക്കാലത്ത് ഉൽകൃഷ്ടവിദ്യാഭ്യാസമായി ഗണിച്ചുവന്ന സംസ്കൃതഭാഷാപഠനത്തിനുവേണ്ടി അദ്ദേഹം ഞാവക്കാട്ട ദാമോദരൻ കർത്താവ് എന്നൊരു സംസ്കൃതപണ്ഡിതന്റെ നിയോജ്യപദം അലങ്കരിച്ചു. രഘുവംശം, മാഘം, നൈഷധം മുതലായ മഹാകാവ്യങ്ങളും മററുനാടകാലങ്കാരങ്ങളും ചെറുപ്പത്തിൽത്തന്നെ അദ്ദേഹം ആ ഗുരുവര്യനിൽനിന്നും ഹൃദിസ്ഥമാക്കി. സാഹിത്യഭൂഷണൻ ഉള്ളൂർ അവർകൾ ഒരവസരത്തിൽ തിരുവനന്തപുരത്തുവച്ച് യുവസാഹിത്യകാരന്മാക്കു നൽകിയ സ്നിഗ്ദ്ധനിർദ്ദേശങ്ങൾ ഇത്തരുണത്തിൽ പ്രത്യേകം ശ്രദ്ധേയങ്ങളായിരിക്കുന്നു. അദ്ദേഹം ഇങ്ങനെയാണു് പ്രസ്താവിച്ചതു്. "മലയാളഭാഷയിൽ സാഹിത്യപരമായ പരിശ്രമങ്ങൾ ചെയ്യുന്ന ഏതൊരു യുവാവിനും സംസ്കൃതഭാഷയെ യാതൊരുവിധത്തിലും ഉപേക്ഷിക്കുവാൻ നിവ്വാഹമില്ല. അനശ്വരമായ ഒരു വിജ്ഞാനഭണ്ഡാഗാരമാണു് സംസ്കൃതസാഹിത്യം. ഏററവും ആധുനികങ്ങളായ ആശയങ്ങൾ പോലും രാമായണം, ഭാരതം മുതലായ സംസ്കൃതസാഹിത്യഗ്രന്ഥങ്ങളിൽ സുലഭങ്ങളാണു്. വാസന, വ്യുത്പത്തി, അഭ്യാസം എന്നീ മൂന്നു സംഗതികളും ഉൽ

കഷേച്ഛുവായ ഒരു സാഹിത്യകാരന്ന് അത്യന്താപേക്ഷിതങ്ങളാണ്. സ്വാഭാവികമായ വാസന, വ്യുത്പത്തികൊണ്ടും അഭ്യാസംകൊണ്ടും പരിപുഷ്ടമാക്കുന്നതിലാണ് സാഹിത്യകാരന്മാരുടെ വിജയലബ്ധി സ്ഥിതിചെയ്യുന്നതു്. സംസ്കൃതസാഹിത്യാഭ്യസനംകൊണ്ടു ബുദ്ധി പഴയതിലേയ്ക്കു പോകുമെന്നു നിങ്ങൾ വിചാരിക്കരുതു്. ഇൻഡ്യയിലെ യാതൊരുഭാഷയ്ക്കും സംസ്കൃതത്തിൽനിന്നു വിദൂരമായി നില്ക്കുവാൻ സാദ്ധ്യമല്ല. തമിഴിന്നു പിന്നെയും കുറേയൊക്കെ സാധിച്ചേയ്ക്കും. മലയാളത്തിന്നു സംസ്കൃതത്തെ ലേശവും വിട്ടുകളയുവാൻ നിവ്വാഹമില്ല. സംസ്കൃതം കൂടാതെ ബംഗാളി, ഹിന്ദി എന്നീ ഭാഷകളിലും പാരസികസാഹിത്യത്തിലുംനിന്നു മലയാളത്തിന്നു ധാരാളം സമ്പത്തുകൾ സമാർജ്ജിക്കേണ്ടതുണ്ടു്." ഈ യാഥാത്ഥ്യം ഗ്രഹിച്ചിട്ടുതന്നെയായിരിക്കണം ചെറിയാൻമാപ്പിള സംസ്കൃതഭാഷ അഭ്യസിക്കുവാൻ ഉദ്യമിച്ചതെന്നു വിചാരിക്കാവുന്നതാണ്. കൌമാരദശയിൽത്തന്നെ കവിതാകാമിനിയാൽ സമാശ്ലിഷ്ടനായ ആ സ്മരണീയപുരുഷനു സിദ്ധിച്ച സംസ്കൃതപാണ്ഡിത്യം അദ്ദേഹത്തെ ആ തരുണീമണിയുടെ കരുണാകടാക്ഷത്തിന്നു പാത്രമാക്കിത്തീൎത്തു.

അന്നു പ്രചാരത്തിലിരുന്ന മലയാളമനോരമ, മലയാളി, സുജനാനന്ദിനി, കേരളസഞ്ചാരി മുതലായ പത്രങ്ങൾ തല്ലേഖനങ്ങൾക്കു സ്വച്ഛന്ദം വിഹരിക്കുവാൻ വഴിയുറന്നുകൊടുത്തു. അവ്വാചീന കവി

വീരന്മാരിൽ പലരേയും കച്ചകെട്ടിച്ചു സുശിക്ഷിതന്മാരാക്കി രംഗപ്രവേശം ചെയ്യിച്ച കണ്ടത്തിൽ വറുഗീസ്സ് മാപ്പിള അവർകളാണ് കട്ടക്കയത്തേയും സാഹിത്യാരാമവിഹാരത്തിനു സ്വാഗതമരുളി സൽകരിച്ചതു്. മനോരമ തുടങ്ങിയ അന്നത്തെ പത്രവേദികളിൽ സുന്ദരമധുരങ്ങളും, ഹൃദയാസ്വാദ്യങ്ങളുമായ കവനകുസുമങ്ങൾ വഹിച്ചു സാനന്ദം കേളിയാടിക്കൊണ്ടുനിന്ന വെണ്മണിമഹൻനമ്പൂരിപ്പാട്ട്, നടുവത്തച്ഛൻനമ്പൂരിപ്പാട്ട്, ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ, കൊട്ടാരത്തിൽ ശങ്കുണ്ണി എന്നീ അഭിജ്ഞന്മാരെ സമീപിക്കുവാൻ കാവ്യോത്സുകനായ മഹാകവിക്കു ഭാഗ്യം ലഭിച്ചു. സാഹിതീവിഹാരത്തിൽ സ്വഭാവതഃ പ്രഹൃഷ്ടനായിരുന്ന കവിക്കു് ഇതരകവിപുംഗവന്മാരായ സ്വവയസ്യന്മാരുടെ സ്നേഹാദരങ്ങളെ സമാർജ്ജിക്കുവാൻ കാലവിളംബം വേണ്ടിവന്നില്ല. സരസകവനസമരാങ്കണത്തിൽ മഹാരഥന്മാരായിരുന്ന അവരോരോരുത്തരും കട്ടക്കയത്തിൻെറ കവിതാലാളിത്യത്തേയും, പാണ്ഡിത്യദാർഢ്യത്തേയും പററി പല സന്ദർഭങ്ങളിലും മുക്തകണ്ഠം പ്രശംസിക്കുവാനിടയായിട്ടുണ്ടു്. സരസദ്രുതകവികിരീടമണി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ, സരസഗായകകവി കെ. സി. കേശവപിള്ള, കവനപ്രവീണൻ കെ. സി. നാരായണൻ നമ്പ്യാർ മുതലായ വന്ദ്യമഹാകവികൾക്കും കട്ടക്കയം സ്നേഹഭാജനമായിരുന്നു. ഭാഷാസാഹിത്യസാമ്രാജ്യത്തിലെ ഏകച്ഛത്രാധിപതിയായിരുന്ന മഹാമഹിമശ്രീ കേരളവർമ്മ വലിയകോയിത്തമ്പുരാൻതിരുമനസ്സിലേയ്ക്കും കണ്ണിലുണ്ണി

യായിരുന്നു കട്ടക്കയം. കൊല്ലവർഷം 1067-ൽ കോട്ടയത്തു കൂടിയ കവിസമാജത്തിൽവച്ചു ചെറിയാൻമാപ്പിള അവർകൾക്കു് ആ സാഹിതീസമ്രാട്ടിൻെറ തൃക്കൈയിൽനിന്നു് ഒരു പ്രശംസാപത്രം ലഭിക്കുവാനിടയായിട്ടുണ്ടു്. പ്രസ്തുതസംഭവം ആ തിരുമേനിക്കു കഥാനായകനോടുള്ള വാത്സല്യത്തെ പ്രസ്പഷ്ടമാക്കുന്നുണ്ടെന്നു മാത്രമല്ല, കേരളീയകവികളുടെയിടയിൽ അത്യുന്നതമായ ഒരു സ്ഥാനത്തിനു് അദ്ദേഹം വളരെ മുമ്പുതന്നെ അർഹനായിരുന്നുവെന്ന കാര്യവും പ്രത്യക്ഷമാക്കുന്നുണ്ടു്.

പത്രപംക്തികളിൽ അന്നന്നായി നിക്ഷേപിച്ചിട്ടുള്ള നിരവധി ലേഖനസമ്പത്തുകൾക്കു പുറമേ ആസന്നമരണചിന്താശതകം, മാർത്തോമ്മാചരിതം മണിപ്രവാളം, സാറാവിവാഹം, യൂദജീവേശ്വരി, വില്ലാൾവെട്ടം, കലാവതി നാടിക, ഒലിവേർവിജയം ആട്ടക്കഥ, വനിതാമണി മുതലായ അനേകം ഗ്രന്ഥമാല്യങ്ങളും ചെറിയാൻമാപ്പിള ഭാഷാദയായഷയ്ക്കു സമർപ്പിച്ചിട്ടുണ്ടു്. അദ്ദേഹത്തിൻെറ കൃതികളിൽ പ്രധാനവും, വിഷയവൈപുല്യത്താൽ സുദീർഘവും, കഥാവസ്തുവാൽ മഹനീയവുമായതു് ഒടുവിലത്തെ കൃതിയായ "ശ്രീയേശുവിജയം" മഹാകാവ്യമാകുന്നു. ആ കാവ്യത്തേപ്പോലെ അവസരോചിതമായ വർണ്ണനാചാതുരിയും, പ്രൌഢങ്ങളായ അർത്ഥാലങ്കാരങ്ങളും തികഞ്ഞ മററു പദ്യകൃതികൾ മലയാളഭാഷയിൽ അധികമുണ്ടാകുമെന്നു തോന്നുന്നില്ല. ശ്രീയേശുവിജയത്തി

ന്റെ ആവിർഭാവത്തിനു മുമ്പുതന്നെ ചെറിയാൻമാപ്പിള മഹാകവിപദത്തിൽ അവരോധിക്കപ്പെട്ടിരുന്നു. ആ സ്ഥാനം പ്രാമാണികമായി നിലനിറുത്തുവാൻ സഹായിക്കുന്ന ഒരു സാഹിത്യരേഖയായിപ്പരിണമിച്ചതു ശ്രീയേശുവിജയം മഹാകാവ്യമാണു്. ഇന്നത്തെപ്പോലെ വിദ്യാഭ്യാസത്തിനു പ്രചാരമോ, തദ്വിഷയത്തിൽ അഭിരുചിയോ ഇല്ലാതിരുന്ന കാലത്തു് ഒരു കുഗ്രാമത്തിൽജനിച്ച കഥാനായകൻ സുന്ദരവും സ്തുത്യർഹവുമായ ഒരു മഹാകാവ്യം രചിച്ചു് പൊതുവേ കേരളീയരുടേയും പ്രത്യേകിച്ചു ക്രിസ്ത്യാനികളുടേയും സ്നേഹബഹുമാനങ്ങളെ സമ്പാദിക്കുവാൻ സമർത്ഥനായിത്തീർന്നതോർക്കുമ്പോൾ അദ്ദേഹത്തിന്റെ സഹൃദയത്വത്തെ ആരുതന്നെ സമാദരിക്കുകയില്ല? ചെറിയാൻമാപ്പിളയുടെ പ്രാഭവഹേതുക്കൾ സംസ്കൃതവ്യുൽപത്തിയും, കവിതാവാസനയും, അഭ്യാസദാർഢ്യവുമാണു്. നിസ്തന്ദ്രമായ പരിശ്രമവും, ഉദഗ്രമായ ഉൽകർഷേച്ഛയും അദ്ദേഹത്തെ കർമ്മനിരതനും വിജയശ്രീലാളിതനുമാക്കിത്തീർത്തു.

കവിതാവിഷയത്തിൽ കട്ടക്കയത്തിനുള്ള അനിതരസാധാരണമായ വാസനയേയും, കവനങ്ങളുടെ അനഘമായ ഗുണപൌഷ്കല്യത്തേയും കുറിച്ചു നമുക്കൊരു ലഘുചിന്തനം ചെയ്യാം. തൽകാവ്യാദ്ധ്വാവിലുള്ള ഗുണവിശേഷങ്ങളിൽ പ്രധാനപ്പെട്ടതു് അക്ലിഷ്ടവും അഭിനീതവുമായ സ്വച്ഛന്ദവിഹാരമാണു്. നിശ്ശബ്ദമായും നിർവ്വാതമായും എന്നാൽ നിർദ്ദിഷ്ടമായും

ഇരുകരകളും തിങ്ങിയൊഴുകുന്ന ഗംഗാപ്രവാഹംപോലെയാണു് അദ്ദേഹത്തിൻെറ കവിതാസരിത്തിൻെറ പ്രയാണം. അദ്ദേഹം രചിച്ചിട്ടുള്ള ഏതുപദ്യവും ഇതിനു് ഉത്തമദൃഷ്ടാന്തമാണു്. ദ്വിതീയാക്ഷരപ്രാസത്തിനുവേണ്ടി അൎത്ഥത്തെ അനിശ്ചിതമാക്കുകയും, വളച്ചുകെട്ടി അൎത്ഥംകല്പിക്കുകയും ചെയ്യുന്ന രചനാരീതി കടുക്കയെത്തിൻെറ കൃതികളെ സ്പൎശിക്കുകപോലും ചെയ്തിട്ടില്ല.

പ്രാസദീക്ഷയിൽ അദ്ദേഹം വേണ്ടുവോളം ശ്രദ്ധിച്ചിട്ടുമുണ്ടു്. ഹൃദ്യമായ പ്രാസപ്രയോഗത്താൽ ശ്രവണമധുരങ്ങളായ പദ്യങ്ങളാണു് സൎവ്വത്ര കാണപ്പെടുന്നതു്. അദ്ദേഹത്തിൻെറ ഏതുപദ്യവും അതിനു് ഉദാഹരണമാണു്.

ഉണ്ണിതൻെറ വദനത്തിൽ വിളങ്ങും
വെണ്ണിലാവിനിണയാം മൃദുഹാസം
പുണ്ണിണങ്ങിയ പിതാവിനു ചിത്തം
കണ്ണിവ യ്യമൃതധാര ചൊരിഞ്ഞു.

(ശ്രീയേശുവിജയം.)

ഒരിക്കലും വേറൊരു നാരിയേ ഞാൻ
വരിക്കുവാനുള്ളിൽ നിനച്ചതില്ല
മരിക്കുവോളം മമ കാന്ത നീ വി-
സ്മരിക്കണം മുമ്പു കഴിഞ്ഞതെല്ലാം.

(വനിതാമണി)

കണ്ടാലിത്ര മനോജ്ഞയാം യുവതി പ-
ണ്ടുണ്ടായതില്ലെങ്ങുമേ
വീണ്ടുണ്ടാകയുമില്ലിവണ്ണ മിവളെ-
ക്കണ്ടിട്ടു പാരൊക്കെയും
കൊണ്ടാടുന്നതുമൂല മത്തരുണി തൻ
സൌന്ദൎയ്യ പൂരം ക്രമാൽ
രേണ്ടുംവണ്ണ മകക്കരുന്നി ലഖിലം
ബോധിച്ചിടാമേവനും.

(സാറാവിവാഹം)

വശ്യവചസ്സായ ഒരു വാസനാകവിയ്ക്കല്ലാതെ ഈ വിധം അക്ലിഷ്ടമനോജ്ഞങ്ങളും, മനുഷ്യസ്വഭാവാവിഷ്കാരകങ്ങളും, തത്വദൎശകങ്ങളുമായ സരസപദ്യങ്ങൾ നിൎമ്മിക്കുവാൻ സാദ്ധ്യമല്ല.

അലങ്കാരപ്രയോഗത്തിലും കട്ടക്കയം ഒട്ടും പിന്നോക്കമല്ലെന്നു മുമ്പേ സൂചിപ്പിച്ചുവല്ലോ. അദ്ദേഹത്തിൻെറ പദ്യങ്ങളെല്ലാം ഹൃദ്യങ്ങളായ അലങ്കാരങ്ങളാൽ പരിലസിക്കുന്നവയാണു്. ഏതദ്വിഷയത്തിലുള്ള ജന്മസിദ്ധമായ വാസനയെ അദ്ദേഹം പ്രസ്ഫുടീകരിച്ചിട്ടുണ്ടു്. നോക്കുക:—

കഷ്ടംതോയമതിങ്കലേക്കു മളപോലേററം
നലംകോലുമ-
പ്പുഷ്ട്യാകണ്ഠഫ പിമ്പുതന്നുടെ മനോജ്ഞാകാര-
മെല്ലാം ജവാൽ

നഷ്ടപ്പെട്ടു നശിച്ചിടുന്നിഹ നരന്മാരേവരും
വാസ്തവം
സ്പഷ്ടം പാർക്കിലിഹത്തിലിങ്ങനെ ജനി-
ച്ചീടായ്കയാണുത്തമം.
(യൂദജീവേശ്വരി)

മണിചാണന്മേലുരസിടുന്ന പടി-
യ്ക്കുണിമിന്നാലോടിടിമുഴങ്ങി സദാ
ഘൃണികെട്ടു കൊണ്ടൽനിരയിൽ പകലിൻ
മണിദീപവും ബത! മറഞ്ഞു ദൃഢം.
(ശ്രീയേശുവിജയം)

സ്ഥാനാസ്ഥാനങ്ങൾക്കും സാന്മാർഗ്ഗിക തത്വ ബോധനത്തിനും ശൈഥില്യം വരുത്തുകയും, അസംഭാവ്യസംഗതികളാൽ ജിജ്ഞാസയെ ഹനിക്കുകയും ചെയ്യുന്ന വർണ്ണനാവികല്പം കട്ടക്കയത്തിൻെറ കൃതികളിൽ കാണ്മാനില്ല. അതാണ് അദ്ദേഹത്തിൻെറ കവിതകൾക്കുള്ള ഒരു വിശിഷ്ട ഗുണം. സന്ദർഭോചിതമായ കഥാകഥനത്തിലും ഔപയികമായ വസ്തുസ്ഥിതികഥനത്തിലും കട്ടക്കയത്തിനുള്ള പ്രാവീണ്യം അസാധാരണമാണ്. ദൈവഭക്തി, ജീവികാരുണ്യം, സ്നേഹം ഇത്യാദി മനഃസംസ്കാരപരങ്ങളും, ഹൃദയസ്പൃക്കുകളുമായ ആ കാവ്യതല്ലജങ്ങൾ വന്ദ്യകവിചക്രവത്തികളായ ആശാൻ, ഉള്ളൂർ, വള്ളത്തോൾ എന്നിവരുടെ കൃതികളോടൊപ്പം കൈരളിക്കും കേരളീയക്കും പ്രത്യഗ്രമായ പ്രബുദ്ധതയെ നൽകീട്ടുണ്ട്.

ഇപ്രകാരമാലോചിച്ചാൽ കേരളത്തിലുള്ള ക്രിസ്തീയസാഹിത്യകാരന്മാരിൽ കട്ടക്കയത്തോളം പ്രശസ്തനായ യാതൊരാളും നാളിതുവരെ ഉണ്ടായിട്ടില്ലെന്നു മനസ്സിലാക്കാവുന്നതാണ്. ഒരു മതപണ്ഡിതന്റെയും കൃഷീവലന്റെയും നിലകളിൽ മാർഗ്ഗദർശിയായി അമൂല്യസേവനം ചെയ്തിരുന്ന ഒരു സമുദായസ്നേഹിയുമാണ് ചെറിയാൻ മാപ്പിള. ക്രിസ്തീയ സമുദായത്തിൽ അദ്ദേഹത്തിന് എല്ലാക്കാലത്തും ശ്രേഷ്ഠമായ ഒരു സ്ഥാനമുണ്ടായിരിക്കുന്നതാണ്. സ്വഭാവനൈർമ്മല്യത്തിൽ അദ്ദേഹം നാനാജാതിമതസ്ഥരുടേയും പ്രീതിക്കു പാത്രമായിരുന്നു. ഭൂതദയ, വിനയം ഇവയുടെ മൂർത്തീകരണമായിരുന്ന അദ്ദേഹം ഒരു ഭക്തന്റെ നിലയിൽ സർവ്വസംസേവ്യനമായിരുന്നു.

ഇങ്ങനെ ഒരു മഹാകവി, സമുദായ നേതാവ്, അഗാധപണ്ഡിതൻ, വിദഗ്ദ്ധ കർഷകൻ, സർവ്വോപരി പരമഭക്തൻ എന്നീ നിലകളിൽ സകലരുടേയും സ്നേഹാദരങ്ങൾക്കു പാത്രമായിരുന്ന ആ വന്ദ്യമഹാകവി 1936 നവംബർ 29-ാംതീയതി 78-ാമത്തെ വയസ്സിൽ കാലയവനികയ്ക്കുള്ളിൽ തിരോധാനം ചെയ്തു.

# 8. ആശാനും കൈരളിയും.

"കേരള ഭവഭൂതി" എന്ന അപരനാമത്തിനു സർവ്വഥാ അർഹനായ ഒരു അനുഗൃഹീത മഹാകവിയാണ് പരേതനായ കുമാരനാശാനവർകൾ. അന്യാദൃശവും വിസ്തൃതവുമായ ഭാവനാസരോവരത്തിൽ സമുൽഭൂതങ്ങളായി, ലോകരുടെ ബാഹ്യാന്തർദൃഷ്ടികളെ ഒന്നുപോലെ കുളൎപ്പിക്കത്തക്ക വിചിത്രഭംഗിയോടുകൂടി, 'സ്നേഹമാണഖിലസാരമൂഴിയിൽ' എന്ന ദിവ്യതതപരാഗത്തെ കേരളക്കരയിൽ സർവ്വത്ര വിതറി, വിമലവിഭാപൂരത്തെ വിസ്തരിച്ചുകൊണ്ടുനിൽക്കുന്ന അദ്ദേഹത്തിൻെറ കവനപ്രകാണ്ഡങ്ങൾ കൈരളീദേവിയുടെ കേശഭാരത്തെ അലങ്കരിക്കുന്ന വാടാമല്ലികകളാണ്. ഇത്രമാത്രം പ്രശസ്തനായ ആ മഹാനുഭാവൻ തെക്കൻ തിരുവിതാംകൂറിൽ ചിറയിൻകീഴതാലൂക്കിലുള്ള കടയ്ക്കാവൂർ പകുതിയിൽ കായിക്കര എന്ന സ്ഥലത്തു തൊമ്മൻവിളാകത്തുവീട്ടിൽ ജാതനായി. അദ്ദേഹത്തിൻെറ ജന്മദിനമായ 1046 മേടം 1-ാംനു ഹിന്ദുക്കൾക്ക്, വിശിഷ്യ ബുദ്ധമതക്കാർക്ക് ഒരു വിശേഷദിവസമായ ചിത്രാപൂർണ്ണിമയായിരുന്നു. കൊച്ചുപെണ്ണ് എന്നു വിളിച്ചുവന്ന കാളിയമ്മ, ശ്രീമാൻ നാരായണൻ എന്നീ ദമ്പതികൾക്കാണ് ആശാൻെറ മാതാപിതാക്കന്മാരായിരിപ്പാൻ ഭാഗ്യം ലഭിച്ചതു്. 'കുമാരു' എന്ന നാമധേയത്താൽ ശിശുപ്രായത്തിൽ അദ്ദേഹം അറിയപ്പെട്ടുവന്നു.

ഈ മഹാൻെറ ആവിർഭാവത്താൽ ലോകരംഗത്തു വിഖ്യാതമായിത്തീരുവാനിടവന്ന ഈഴവസമുദായം, അദ്ദേഹത്തിൻെറ കുട്ടിക്കാലത്തു് ഇന്നത്തെ നിലയിൽ പ്രബുദ്ധവും പരിഷ്കൃതവുമായിരുന്നില്ല. വിദ്യാഭ്യാസവിഷയത്തിൽ അന്നുള്ളവർ വളരെ പിന്നോക്കമായിരുന്നുവെങ്കിലും സാമാന്യം വിദ്വാനും ഒരു കവിയുമായിരുന്ന പിതാവു് കുട്ടിയെ ഏഴാമത്തെ വയസ്സിൽ കുടിപ്പള്ളിക്കൂടത്തിലാക്കി പഠിപ്പിക്കുവാൻ ആരംഭിച്ചു. എഴുതുവാനും വായിക്കുവാനും കണക്കു കൂട്ടുവാനും ശീലിച്ചശേഷം 'കൊച്ചുരാമൻവൈദ്യൻ' എന്നൊരാളുടെ അടുക്കൽ സംസ്കൃതഭാഷാഭ്യസനത്തിനു് ആശാൻ നിയുക്തനായി. കുറച്ചു കാലത്തിനുശേഷം അദ്ധ്യാപകവൃത്തിയിൽനിന്നു കൊച്ചുരാമൻവൈദ്യൻ വിരമിക്കുകയാൽ സംസ്കൃതത്തിലെ പ്രഥമപാഠങ്ങളും ശ്രീകൃഷ്ണവിലാസം മുതലായ ചില ലഘുകാവ്യങ്ങളും വശമാക്കുന്നതിനേ അപ്പോൾ ആശാനു സാധിച്ചുള്ളു. അച്ഛൻെറ പരിശ്രമഫലമായി സ്വദേശത്തു സ്ഥാപിതമായ ഒരു ഗവമ്മെൻറു പള്ളിക്കൂടത്തിലാണു് പിന്നീടു് 13 വയസ്സുവരെയുള്ള അദ്ധ്യയനകാലം അദ്ദേഹം നയിച്ചതു്. തതഃപരമായ വിദ്യാഭ്യാസത്തിനു വേണ്ട ആനുകൂല്യം ലഭിക്കായ്കയാൽ കുറച്ചുകാലം ആ പള്ളിക്കൂടത്തിൽത്തന്നെ ഒരദ്ധ്യാപകനായും, സമീപവാസിയായ ഒരു വണിഗ്വരൻെറ കണക്കപ്പിള്ളയായും ആശാൻ ജോലിനോക്കിയിട്ടുണ്ടു്.

സമീപസ്ഥനായ മണമ്പൂർ ഗോവിന്ദനാശാൻ നടത്തിവന്ന സംസ്കൃതപാഠശാലയിൽ ചേൎന്നു് ത

ൻെറ പതിനാറാമത്തെ വയസ്സിൽ അദ്ദേഹം വീണ്ടും സംസ്കൃതം പഠിക്കുവാൻ തുടങ്ങി. അനിതരസാധാരണമായ ധിഷണാശക്തിയാൽ മാഘം, നൈഷധം, ഭോജചമ്പു, ശാകുന്തളം, കുവലയാനന്ദം മുതലായ കാവ്യനാടകാലങ്കാരങ്ങളിൽ പാണ്ഡിത്യം സമ്പാദിക്കുവാൻ കുറച്ചുകാലമേ അദ്ദേഹത്തിനു വേണ്ടിവന്നുള്ളൂ.

ആശാൻെറ സർവ്വോൽകർഷത്തിനും കാരണഭൂതനായ ശ്രീനാരായണഗുരുസ്വാമികൾ അന്നു 'നാണുസ്വാമി'യായി വ്രജീവ്രതമനുഷ്ഠിക്കുകയായിരുന്നു. അദ്ദേഹം 'കായിക്കര' വന്നു വിശ്രമിക്കാറുള്ള കാലങ്ങളിൽ ആശാൻെറ പിതാവായ ശ്രീമാൻ നാരായണൻ ആ വന്ദ്യഗുരുവിനെ പലപ്പോഴും സ്വഭവനത്തിൽ ക്ഷണിച്ചുവരുത്തി ബഹുമാനിച്ചിട്ടുണ്ട്. തന്മൂലം ആശാനു പത്തുപതിനാറു വയസ്സു പ്രായമായപ്പോഴേയ്ക്കു സ്വാമികളുമായി വേണ്ടപോലെ പരിചയപ്പെടുവാൻ സന്ദർഭം ലഭിച്ചു. പതിനാറു വയസ്സു തികയുന്നതിനു മുമ്പുതന്നെ പദ്യനിർമ്മാണത്തിലുണ്ടായിരുന്ന വാസന ആശാനു കാവ്യകലയിലേയ്ക്കു വഴി തെളിച്ചുകൊടുത്തു. മിക്കവാറും കവികൾ അനുകരിക്കാറുള്ളതുപോലെ ആദ്യകാലങ്ങളിൽ ശൃംഗാരരസപ്രകടനത്തിലാണ് ആശാൻെറ തൂലികയും പ്രവർത്തിച്ചിരുന്നതു്. എന്നാൽ ശൃംഗാരശ്ലോകങ്ങൾ എഴുതരുതെന്നു സ്വാമികൾ ഉപദേശിക്കുകയാൽ താദൃശകവനപഥത്തിൽനിന്നു് ആശാൻ നിശ്ശേഷം ഒഴിഞ്ഞുമാറി. ഒന്നാലോചിച്ചാൽ ശ്രീനാരായണഗുരുവിൻെറ ഈ

ഉപദേശത്തിന്ന കേരളീയർ എന്നെന്നേക്കും അദ്ദേഹത്തോടു കടപ്പെട്ടവരാണെന്നു കാണാം. ജനസമുദായത്തിന്റെ സാന്മാർഗ്ഗികബോധത്തിന്ന സർവ്വഥാ അനുയുക്തമായ പന്ഥാവിൽക്കൂടി പരിപാവനവും പരമസത്യവുമായി പ്രസ്ഫുരണം ചെയ്യുകാണുന്ന ശൃംഗാരത്തെ തന്റെ കവനതല്ലജങ്ങളിൽ ചിത്രണം ചെയ്യുവാൻ ആശാനെ ശക്തനാക്കിയതു് ഈ ഉപദേശമാണെന്നുള്ളതിന്ന സംശയമില്ല.

പതിനെട്ടാമത്തെ വയസ്സിൽ ആശാൻ പാഠശാലാഭ്യസനം മതിയാക്കി. അനന്തരം സ്വാമികളോടുള്ള സഹവാസമാണു് ആശാനെ നാനാപ്രകാരേണയും വിശ്രുതനാക്കിത്തീർത്തതു്. ആശാൻ പാരായണം ചെയ്തുവന്ന വേദാന്തഗ്രന്ഥങ്ങളും, സഹചാരം ചെയ്തുവന്ന നിഗമാഗമപാരാവാരപാരംഗതനായ ആ മഹാത്മാവും അദ്ദേഹത്തെ ലൌകികപദവിയിൽനിന്നു് ഒരു വേദാന്തിയെന്ന നിലയിലേയ്ക്കു് ആരോഹണം ചെയ്യിച്ചു. അക്കാലത്തു ഭക്തിപരങ്ങളായ ചില, സ്തോത്രങ്ങളും കർണ്ണാമൃതങ്ങളായ പല ഗാനങ്ങളും അദ്ദേഹം എഴുതിയിട്ടുണ്ടു്.

ആയിടയ്ക്കു സ്വദേശത്തോടടുത്തുള്ള ഒരു ക്ഷേത്രത്തിലേയ്ക്കു് ആശാന്റെ താമസം മാററുകയും, ഒരു ഭക്തന്റെ നിലയിലും പൂജകൻ എന്ന നിലയിലും കുറേക്കാലം അദ്ദേഹം അവിടെ കഴിച്ചുകൂട്ടുകയും ചെയ്തു. അവിടെ വച്ചു് ഒഴിവുസമയത്തു കുട്ടികളെ സംസ്കൃതം പഠിപ്പിക്കുന്നതിൽ അദ്ദേഹം

ബദ്ധശ്രദ്ധനായിരുന്നു. ആ ജോലിയാണു് അദ്ദേഹത്തെ 'ആശാൻ' എന്ന ബഹുമാന്യസ്ഥാനത്തിന്നു് അൎഹനാക്കിത്തീൎത്തതു്.

അനന്തരം സ്വാമികൾ ആശാനെ അരുവിപ്പുറം ക്ഷേത്രത്തിലേയ്ക്കു ക്ഷണിച്ചു. അങ്ങനെ ഗുരുശിഷ്യബന്ധം കുറേക്കൂടി ദൃഢപ്പെട്ടുകയും അദ്ദേഹം മൂന്നുസംവത്സരക്കാലത്തോളം സ്വാമികളെ അനുഗമിച്ചു പല സ്ഥലങ്ങളിലും സഞ്ചരിക്കുകയും, വേദശാസ്ത്രങ്ങൾ അഭ്യസിക്കുകയും, യോഗാഭ്യാസം പരിശീലിക്കുകയും ചെയ്തു. അന്നു മൈസൂർ സൎവ്വീസിലിരുന്ന ഡാക്ടർ പൽപ്പുവിന്റെ താല്പൎയ്യപ്രകാരം സ്വാമികൾ ആശാനെ ബാംഗ്ളൂർ സംസ്കൃതകാളേജിൽ പഠിപ്പിക്കുവാനയച്ചു. അവിടത്തെ പരീക്ഷകളിൽ സ്തുത്യൎഹമാംവണ്ണം വിജയം പ്രാപിക്കുന്നതിനും, സ്കാളർഷിപ്പു വാങ്ങുന്നതിനും ആശാനുസാധിച്ചിട്ടുണ്ടു്. നിൎഭാഗ്യവശാൽ അവസാനപരീക്ഷയ്ക്കു ചേരുന്നതിന്നോ, ബിരുദം സമ്പാദിക്കുന്നതിന്നോ അദ്ദേഹത്തിന്നു് അവസരം ലഭിച്ചില്ല. പഠിത്തം തുടങ്ങി മൂന്നുകൊല്ലം കഴിഞ്ഞപ്പോൾ ബാംഗ്ളൂരിൽ ബാധിച്ച പ്ലേഗുരോഗം മൂലം അദ്ദേഹത്തിന്നു് ആ സ്ഥലം വിടേണ്ടതായി വന്നുകൂടി. അക്കാലത്തു മലയാളത്തിലെന്നപോലെ തന്നെ സംസ്കൃതത്തിലും കവിതയെഴുതുന്നതിന്നു് ആശാനു സാധിക്കുമായിരുന്നു.

ബാംഗ്ളൂരിൽ നിന്നു മദ്രാസിലേയ്ക്കാണു് ആശാൻ പുറപ്പെട്ടതു്. അവിടെ വച്ചും ഒരു പണ്ഡിത

ൻെറ കീഴിൽ അഞ്ചാറുമാസക്കാലം അദ്ദേഹം സംസ്കൃതം അഭ്യസിച്ചു. ഡാക്ടർ പൽപ്പുവിൻേറയും മററു ചിലരുടേയും സഹായത്തോടുകൂടി ആശാൻ കൽക്കത്തായിൽ പോയി ഒരു സംസ്കൃതമഹാപാഠശാലയിൽ ചേൎന്നു പഠിച്ചുതുടങ്ങി. കൽക്കത്തായിലെ വിദ്യാഭ്യാസകാലത്തു് ഇംഗ്ലീഷുഭാഷയിലുള്ള പരിജ്ഞാനവും ആശാനു സിദ്ധിച്ചു. ഗുരുക്കന്മാൎക്കും തനിക്കും ഒരു പൊതുവായ ഭാഷയുടെ ആവശ്യം നേരിട്ടതിനാലാണു് ആംഗലഭാഷാഭ്യസനത്തിനു് ആശാൻ ഉത്സുകനായിത്തീൎന്നതു്. ചെറുപ്പകാലത്തു് ഇംഗ്ലീഷ് അക്ഷരമാലപോലും വശമില്ലാതിരുന്ന അദ്ദേഹം ഒടുവിൽ പ്രജാസഭയിലും മററും നിസ്സങ്കോചം ഇംഗ്ലീഷിൽ പ്രസംഗിക്കത്തക്ക പാടവം സമ്പാദിച്ചതു് അവിടെ വച്ചായിരുന്നു. 1075-ാമാണ്ടിൽ കൽക്കത്തായിലുണ്ടായ ഭയങ്കരമഹാമാരി അദ്ദേഹത്തെ അവസാനപരീക്ഷയ്ക്കു ചേരുന്നതിനു് അനുവദിക്കാതെ സ്വദേശത്തേയ്ക്കു മടക്കിയയച്ചുകളഞ്ഞു. അതോടുകൂടി അദ്ദേഹത്തിൻെറ വിദ്യാൎത്ഥിജീവിതവും അവസാനിച്ചു.

കൽക്കത്തായിൽ നിന്നുള്ള പ്രത്യാഗമനത്തിനു ശേഷം സ്വാമികളൊന്നിച്ചു് ആശാൻ അരുവിപ്പുറത്തു തന്നെ താമസമാക്കി. ക്ഷേത്രകാൎയ്യങ്ങൾ അന്വേഷിക്കുന്നതിലും, ചില വിദ്യാൎത്ഥികളെ സംസ്കൃതം പഠിപ്പിക്കുന്നതിലുമാണു് അക്കാലങ്ങളിൽ അദ്ദേഹം പ്രധാനമായി ശ്രദ്ധ പതിപ്പിച്ചിരുന്നതു്. ഒന്നോ രണ്ടോ സ്വതന്ത്രനാടകങ്ങളും, ഭക്തിരസപ്രധാനങ്ങ

ളായ ചില ശതകങ്ങളുമാണു് അദ്ദേഹത്തിൻെറ അ
ന്നാത്തെ കൃതികൾ.

പിന്നീടു് ആശാൻെറ ചിന്താഗതി സാമുദാ
യികകാൎയ്യങ്ങളിലേയ്ക്കു തിരിഞ്ഞു. സമുദായോൽകൎഷ
ത്തിനുവേണ്ടി എന്തെങ്കിലും പ്രവൎത്തിക്കണമെന്നുള്ള
മോഹം അദ്ദേഹത്തിൽ അങ്കുരിച്ചു. അപ്പോൾ ശ്രീ
നാരായണഗുരുസ്വാമികളും പ്രസ്തുതോദ്ദേശത്തോടു
കൂടി സമൎത്ഥരായ അനുയായികളില്ലാതെ വിഷ
മിക്കുകയായിരുന്നു. അതുവരെ അരുവിപ്പുറത്തു നാമ
മാത്രമായി നടത്തിവന്നിരുന്ന ഒരു വാവൂട്ടുയോ
ഗം, ആശാൻെറ സഹചാരത്താൽ 'ശ്രീനാരായ
ണധൎമ്മപരിപാലനയോഗ'മായി രൂപാന്തരപ്പെടുത്തു
വാൻ അദ്ദേഹത്തിനു സാധിച്ചു. 1078-ൽ പന്ത്ര
ണ്ടു് അംഗങ്ങളോടുകൂടി ആരബ്ധമായ ആ യോ
ഗം അടുത്ത കൊല്ലം തന്നെ രജിസ്റ്റർ ചെയ്യുന്നതിനി
ടയായി. അതിൻെറ ആരംഭകാലത്തു പല പ്ര
തിബന്ധങ്ങളേയും തൃണവൽഗണിച്ചും, അശനശയ
നാദികളേക്കൂടി പരിത്യജിച്ചും കേരളത്തിൻെറ പല
ഭാഗങ്ങളിലും അദ്ദേഹം ചുററി സഞ്ചരിച്ചിട്ടുണ്ടു്. ആ
ശാൻെറ അഞ്ചുസംവത്സരക്കാലത്തെ നിരന്തരപരിശ്ര
മത്താൽ എസ്. എൻ. ഡി. പി. യോഗം ഒരു സജീവ
സ്ഥാപനമായിത്തീൎന്നു. അതോടുകൂടി ആപ്പീസുജോ
ലികൾ വൎദ്ധിക്കുകയാൽ അദ്ദേഹം തിരുവനന്തപുര
ത്തുള്ള യോഗകാൎയ്യാലയത്തിൽത്തന്നെ താമസമാക്കി.
യോഗം വകയായി അന്നു പ്രസിദ്ധീകരിച്ചിരുന്ന
'വിവേകോദയം' മാസികയുടെ പത്രാധിപത്യവും

ആശാൻ തന്നെ വഹിച്ചു. പ്രസ്തുത മാസിക വഴിയായിട്ടാണു് ആശാൻെറ ഖണ്ഡകൃതികളിൽ പലതും പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതു്. വിവേകാനന്ദസ്വാമികളാൽ വിരചിതമായ 'രാജയോഗം' എന്ന ഗ്രന്ഥം ആശാൻ ഇംഗ്ലീഷിൽ നിന്നു പരിഭാഷപ്പെടുത്തി ആ മാസികയിൽ പ്രസിദ്ധീകരിച്ചു. 'മൈത്രേയി,' 'മനസ്സുക്തി,' 'ദൈവികമായ ഒരു പ്രതികാരം' എന്നീ മൂന്നു ഗദ്യകൃതികളും അതുപോലെ വിവേകോദയത്തിൽ ഖണ്ഡശഃ പ്രസിദ്ധീകരിക്കപ്പെട്ടവയാണു്.

1083 വൃശ്ചികത്തിൽ, സന്ദർഭവശാൽ ആശാൻ പാലക്കാട്ടു താമസിച്ചിരുന്ന കാലത്തു്, അതായതു് അദ്ദേഹത്തിൻെറ 35-ാമത്തെ വയസ്സിൽ എഴുതിയ 'വീണപൂവു്' എന്ന ഖണ്ഡകൃതിയാണു് അദ്ദേഹത്തെ ഒരു 'കവി' എന്ന നിലയിലേയ്ക്കുയർത്തിയതു്. ജനസാമാന്യത്തിൽ നിന്നു് അത്രമാത്രം ഹൃദയംഗമമായ ഒരു സ്വാഗതം 'വീണപൂവി'നു ലഭിച്ചു. അതൊരു ഖണ്ഡകൃതിയാണെങ്കിലും തൽകർത്താവിനെ ഒരു മഹാകവിയാക്കി പട്ടം കെട്ടിക്കുവാനുള്ള വൈശിഷ്ട്യം 'വീണപൂവി'നുണ്ടു്. ഭാഷാപോഷിണിക്കാരുടെ അപേക്ഷപ്രകാരം എഴുതിയതാണു് 'സിംഹീപ്രസവം'. ആശാൻെറ കവിയശഃസ്തംഭത്തെ സ്ഥിരപ്രതിഷ്ഠിതമാക്കിയതു് 'നളിനി'യാകുന്നു. നളിനി എഴുതിത്തീർന്നു് ഏഴുമാസം കഴിഞ്ഞപ്പോൾ 'ലീല' എഴുതിത്തുടങ്ങിയെങ്കിലും ഏകദേശം രണ്ടര വർഷത്തിനു ശേഷമേ അതു പൂർത്തിയായുള്ളു. നളിനിക്കെന്നാ

പോലെ ലീലയ്ക്കും കേരളീയർ സസന്തോഷം സ്വാഗതമരുളി. അതിനിടയ്ക്കു 'വിവേകോദയം' വഴിയായി ആശാൻെറ മറെറാരു കൃതി ഖണ്ഡശഃ പ്രസിദ്ധപ്പെട്ടതിയിരുന്നു. അതു് 1090-ൽ 'ശ്രീബുദ്ധചരിതം' എന്ന പേരിൽ പുസ്തകരൂപേണ പ്രസിദ്ധീകൃതമായി. ആപ്പീസിലെ ജോലിത്തിരക്കുമൂലം വളരെയൊന്നും എഴുതുവാൻ ആശാന്നു് അക്കാലത്തു് സാധിച്ചിട്ടില്ല. രാത്രിയിൽ നിദ്രാരഹിതനായിരുന്നാണു് മുൻപു പറഞ്ഞ കൃതികളെല്ലാം അദ്ദേഹം എഴുതി മുഴമിപ്പിച്ചതു്. ബാലരാമായണവും, ശ്രീബുദ്ധചരിതം രണ്ടു ഭാഗവും അടുത്തുതന്നെ പുസ്തകരൂപത്തിൽ പ്രസാധിതങ്ങളായി. സാഹിത്യപരമായും, സമുദായപരമായുമുള്ള ഈദൃശ നിരന്തരപരിശ്രമങ്ങൾ അദ്ദേഹത്തെ ജാതിമതഭേദമെന്യേ കേരളീയരുടെ സ്നേഹാദരങ്ങൾക്കു പാത്രീഭൂതനാക്കി.

1093 ചിങ്ങത്തിൽ തൻെറ 45-ാമത്തെ വയസ്സിലാണു് അദ്ദേഹം വൈവാഹികജീവിതത്തിൽ പ്രവേശിച്ചതു്. ആശാൻെറ ഉൽകർഷത്തിൽ അസൂയാലുക്കളായിരുന്ന ചിലർ, പ്രധാനമായി സ്വാമികളുടെ അപ്രീതിക്കു് അദ്ദേഹത്തെ ലക്ഷ്യമാക്കണമെന്നുള്ള ദുഷ്ടവിചാരത്തോടുകൂടി പല അപവാദങ്ങളും ആ മഹാനുഭാവനിൽ ആരോപിച്ചിരുന്നു. പ്രസ്തുതസംഗതികളെ വിഷയീകരിച്ചുണ്ടാക്കിയതാണു് 'ഗ്രാമവൃക്ഷത്തിലെ കുയിൽ' എന്ന കൃതി. 1094-ൽ മഹാമഹിമശ്രീ ഏ. ആർ. രാജരാജവർമ്മതമ്പുരാൻെറ ചരമത്തിൽ

അനുശോചിച്ചുകൊണ്ട് 'പ്രരോദനം' എന്നൊരു വിലാപകാവ്യവും അദ്ദേഹം എഴുതിയിട്ടുണ്ട്. പല സമുദായസ്നേഹികളുടേയും അപേക്ഷയെ ഉപേക്ഷിച്ചുകൊണ്ട് 1095-ൽ അദ്ദേഹം സെക്രട്ടറിസ്ഥാനത്തു നിന്ന് ഒഴിഞ്ഞുമാറി. ആ കൊല്ലത്തിലാണ് 'ചിന്താവിഷ്ടയായ സീത' പ്രസിദ്ധീകരിക്കപ്പെട്ടതു്.

ആ കാലത്തു് ആശാന്റെ കീർത്തി ഭാരതഖണ്ഡത്തിൽ എല്ലായിടത്തും വ്യാപിച്ചുകഴിഞ്ഞു. അദ്ദേഹത്തെ പ്രശംസിച്ചു് 1097-ൽ മദ്രാസ് സർവ്വകലാശാലായോഗത്തിൽ വച്ചു് വെയിത്സ രാജകുമാരൻ ആശാനു പട്ടും വളയും സമ്മാനം നൽകുകയുണ്ടായി.

പല ചെറുകൃതികളും കൂട്ടിച്ചേർത്തു 'പുഷ്പവാടി' എന്നൊരു ചെറുപുസ്തകം അക്കൊല്ലത്തിൽത്തന്നെ അദ്ദേഹം പ്രസിദ്ധീകരിച്ചു.

അടുത്ത കൊല്ലം ചിങ്ങമാസത്തിൽ 'ദുരവസ്ഥ'യും, വൃശ്ചികമാസത്തിൽ 'ചണ്ഡാലഭിക്ഷുകി'യും എഴുതിത്തീർത്തു. അദ്ദേഹത്തിന്റെ ഒടുവിലത്തെ കൃതി 'കരുണ'യാണ്.

ആശാന്റെ കവിതകളിൽ സാർവ്വത്രികമായി മികച്ചു നില്ക്കുന്ന രണ്ടു ഗുണങ്ങൾ, ഔചിത്യവും അന്തർമുഖതപവുമാണ്. അദ്ദേഹത്തിന്റെ ഭാവനാപ്രപഞ്ചത്തിന്റെ സൌന്ദര്യവും സംശുദ്ധിയും ഭാവുകന്മാർക്ക് അവയിൽ തെളിഞ്ഞു കാണാം. "ആദ്ധ്യാത്മികവും സാന്മാർഗ്ഗികവുമായുള്ള തത്വങ്ങൾ കേരളീയരിൽ

വേരുന്നുന്നതിന്ന് എഴുത്തച്ഛന്റെ കാലത്തിനിപ്പുറം വേറേ ഏതെങ്കിലും ഒരു കവിയുടെ കൃതികൾ ഇത്ര മാത്രം പ്രയോജനപ്പെട്ടിട്ടുണ്ടെന്ന് എനിക്കു വിശ്വാസമില്ല." ഇപ്രകാരമാണ് മഹാകവി ഉള്ളൂർ അവർകൾ ഒരവസരത്തിൽ ആശാന്റെകവിതകളെപ്പറ്റി അഭിപ്രായപ്പെട്ടിട്ടുള്ളതു്.

ആശാൻ മലയാളത്തിലെ ഒരു സ്വതന്ത്ര കവിയായിരുന്നുവെന്നു പറയാം. മലയാളഭാഷയിൽ ഖണ്ഡകവിതാപ്രസ്ഥാനത്തിന്റെ പ്രചുരപ്രചാരത്തിന്നു കാരണഭൂതനും അദ്ദേഹമായിരുന്നു. ആംഗ്ലേയസാഹിത്യത്തെ അനുകരിച്ചു് ശോകപര്യവസായികളായ കാവ്യങ്ങൾ നിർമ്മിച്ചാണ് അദ്ദേഹം കൈരളിയെ മററു പരിഷ്കൃത ഭാഷകളോടൊപ്പം ബഹുലധനാഢ്യയാക്കിത്തീർത്തതു്.

ആശാന്റെ കവിതാവനിതയുടെ ഹൃദയം പരമാത്ഥസ്നേഹമായിരുന്നു. ഈ രസം കലരാത്ത ഒരു ഭാഗമെങ്കിലും അദ്ദേഹത്തിന്റെ കൃതികളിൽ കാണുകയില്ല. ചിലയിടത്തു് അതു പ്രശാന്തസുന്ദരമായും, മററു ചിലയിടത്തു് പ്രൌഢോഗ്രമായും, അന്യത്ര മന്ദോഷ്ണനിശ്ശബ്ദമായും പ്രകാശമാനമായിരിക്കുന്നു.

'സ്നേഹസാരമിഹ സത്യമേകമാം' എന്ന പരമസത്യത്തിന്മേലാണ് ആശാന്റെ മിക്കകൃതികളും കെട്ടിപ്പടുത്തിരിക്കുന്നതു്. സാന്മാർഗ്ഗികവും താത്വികവുമായ ഈ പ്രസ്ഥാനം ഇതര മലയാളകൃതികളെ

അതിലംഘിച്ച് ആശാൻെറ സന്മാർഗ്ഗോപദേശഗീതങ്ങളെ സഹൃദയാകർഷകങ്ങളും ആത്മശോധനോപയുക്തങ്ങളുമാക്കിത്തീർത്തു.

ജീവിതയാത്രയിൽ മനുഷ്യൻ നേരിടുന്ന അവസ്ഥാഭേദങ്ങളെ എത്രയും സൂക്ഷ്മമായി നിരീക്ഷിച്ച് പണ്ഡിതപാമരഭേദമെന്യേ സകലരുടേയും ദൃഷ്ടികളെ ഏകാവലോകനത്തിൽ ലയിപ്പിക്കുമാറു ചിത്രണം ചെയ്യുവാൻ ആശാനേപ്പോലെ ധിഷണാവൈഭവമുള്ള മറെറാരാളും ഏതൽക്ഷണപര്യന്തം കേരളത്തിലുണ്ടായിട്ടില്ല.

"ഉച്ചയായ് തണലിലാഞ്ഞു പുസ്തകം
വച്ച മല്ലിക യറുത്തിരുന്നതും
മെച്ചമാൻ്റ ചെറുമാല കെട്ടിയെൻ
കൊച്ചുവാർമുടിയിലങ്ങണിഞ്ഞതും."

ഇങ്ങനെയുള്ള ലീലാവിനോദങ്ങളിൽ നിരതരായ ബാലവിദ്യാർത്ഥികളുടെ ചിത്രങ്ങൾ,

"ലോലമോഹനമായ് തങ്കപങ്കജത്തെ വെല്ലും
വലംകാലിടത്തു തുടക്കാമ്പിൽ കയററി വെച്ചും,

*       *       *       *

ചാരുവാമേതരപദാബ്ജം പൊൻതള കിലു-
ങ്ങുമാറവൾ ചലിപ്പിച്ചും.'

"കഞ്ജബാണൻ തൻെറ പട്ടംകെട്ടിയ രാജ്ഞി"പോലെയിരിക്കുന്ന മഞ്ജുളാംഗിയായ 'വാസ

വദത്ത്യുടെ ഐശ്വര്യപൂർണ്ണമായ സ്വരൂപം; അടുത്തുതന്നെ അംഗവിച്ഛേദംചെയ്ത്,

"രുധിരാക്തമായി വില്പാനിറക്കിയിട്ട കുങ്കുമ-
പ്പൊതിപോലെ..." പുതച്ചുമൂടിക്കിടക്കുന്ന അവളുടെ അന്ത്യകാല ചിത്രം;

"മദനനിതി പുകഴ്ന്ന മാധുരീ
സദനമതായ സഖാ ഗുണോത്തരൻ
സദന നികടവർത്തി..." ഈ നിലയിൽ ചിത്രീകരിച്ച ആ സുന്ദരയുവാവിൻെറ യുവകോമളചിത്രം,

"തനിയേയഴൽപൂണ്ടു തോന്നിടും
കനിവാൎന്നും കൃശ രൂക്ഷഗാത്രനായ്
വനവഹ്നി തകൎത്ത ശൈലമൊ-
ത്തനവദ്യാകൃതിയസ്ഥിമാനവൻ."

ഈ സ്ഥിതിയിൽ അസ്ഥിമാനനായിക്കാണുന്ന അടുത്ത ചിത്രം, എന്നുവേണ്ട ഇതുപോലെ മനുഷ്യായുസ്സിലെ ഓരോരോ ഘട്ടങ്ങളേയും പ്രദൎശിപ്പിക്കുന്ന എത്രയെത്ര മനോഹരചിത്രങ്ങളാണ് ആശാൻെറ കവിതാപരമ്പരയിൽ നമുക്കു ദൃഷ്ടിഗോചരമാകുന്നത്. അഭംഗുരഭംഗിയോടുകൂടി മിന്നിത്തിളങ്ങുന്ന ഈദൃശ ചിത്രങ്ങൾ കണ്ടാൽ, അദ്ദേഹം തന്നെ ഒരവസരത്തിൽ പറഞ്ഞിട്ടുള്ളതുപോലെ,

"വൈരാഗ്യമേറിയൊരു വൈദികനാട്ടെ-
യേററ വൈരിക്കുമമ്പുഴറിയോടിയ ഭീരുവാട്ടെ

* * * *

ആരാകിലെന്തു്? മിഴിയുള്ളവർ നോക്കിനില്ക്കാ”
തെയിരിക്കുകയില്ല.

സന്ദർഭാനുസരണം ആശാൻ ഉപയോഗിച്ചിട്ടുള്ള വർണ്ണനകളുടെ സ്വാരസ്യലാളിത്യങ്ങളേപ്പററി പരിചിന്തനം ചെയ്താൽ അവ മററു മഹാകവികളുടെ പ്രയോഗത്തേക്കാൾ നിതരാം ഹൃദയംഗമമായിരിക്കുന്നുവെന്നു ബോദ്ധ്യമാകുന്നതാണു്.

“പിടഞ്ഞു തൂനീർ തുളുമ്പും
സ്ഫടികക്കുപ്പിയിലിട്ട പരൽമീൻപോലെ”
ശോഭായമാനങ്ങളായ കണ്ണുകളും,

“പടിഞ്ഞാറു ചാഞ്ഞു സൂര്യൻ പരിരമ്യമായ്
മഞ്ഞയും
കടുംചുവപ്പും കലന്നു തരുക്കളുടെ
രാജൽകരകേസരങ്ങൾ വീശിടുന്നു ദൂരത്തൊരു
രാജമല്ലിമരം പൂത്തു വിലസുംപോലെ”—നില്ക്കുന്ന അസ്തമനസൂര്യനും,

“കോണും മൂഴകളും തീർത്തിട്ടില്ലായതിൽ
കാണുന്നു കൈവിരൽപാടുപോലും”—എന്നിങ്ങനെയുള്ള പുലയമാടവും,

തലയിൽ തീകാളും നെടും-
ചുടലബ്ഭൃതം കണക്കെ ചലിച്ചുനില്ക്കുന്ന” അരയാലും,

“ഇടുങ്ങിയ മാളങ്ങളിലിഴഞ്ഞേറും പാമ്പുകൾ
പോൽ
വിടവുതോറും പിണഞ്ഞ വേരുകളോടും”കൂടിയ
ആൽത്തറയും,

"ദക്ഷിണഹസ്തത്തിലേലും വിശറിപ്പോൻ
പക്ഷമിളക്കിയൊട്ടൊട്ടു വീശി........
ഒററച്ചിറകേലും ദേവതപോലെ..." വരുന്ന ഭിക്ഷുവും ഇവയ്ക്ക് ഉത്തമോദാഹരണങ്ങളായി മിന്നിത്തിളങ്ങിക്കൊണ്ടിരിക്കുന്നു.

പ്രകൃതിവർണ്ണനയിൽ ആശാൻെറ സാമർത്ഥ്യം അഭ്യസൂയാജനകംതന്നെ.

"ഭൂരിജന്തുഗമനങ്ങൾ പൂത്തെഴും
ഭൂരുഹങ്ങൾ നിറയുന്ന കാടുകൾ
ദൂരദർശന കൃശങ്ങൾ കണ്ടുതേ
ചാരുചിത്രപടഭംഗി പോലവൻ."

എന്നുള്ള വിദൂരസ്ഥിതമായ വനശോഭയുടെ വർണ്ണനയും,

"അകലുന്നു തമസ്സടിവാനിൽ വർണ്ണ-
ത്തികവേലും പട്ടുകൊടികൾ പൊങ്ങുന്നു,
സകലലോകബാന്ധവൻ കൃപാകരൻ
പകലിനായകനെഴുന്നള്ളിടുന്നു."

എന്നുള്ള സൂര്യോദയവർണ്ണനയും എത്രമാത്രം മനോജ്ഞമായിരിക്കുന്നു!

ഇപ്രകാരം ആലോചിച്ചാൽ ആശാൻെറ അനന്യസുലഭമായ കവിതാഗുണത്തെ എത്രമാത്രം പ്രശംസിച്ചാലും മതിയാകുന്നതല്ല.

സ്വഭാവശുദ്ധിയിലും ആശാൻ ഒരു മാതൃകാപുരുഷനായിരുന്നു. നാസ്തികത്വത്തിൻെറ നിഴൽപോലും അദ്ദേഹത്തെ തീണ്ടിയിട്ടില്ല. 'മതത്തിലാണ് മനുഷ്യൻെറു രക്ഷ'യെന്ന് ആശാൻ തുറന്നുപറഞ്ഞിട്ടുണ്ട്.

സാമുദായികമായി ആശാൻ ചെയ്തിട്ടുള്ള നന്മകൾ അനശ്വരങ്ങളാണ്. എസ്. എൻ. ഡി.

പി. യോഗം സെക്രട്ടറി എന്ന നിലയിലും, അല്ലാതെയും ഈഴവസമുദായ പ്രതിനിധിയായി, പ്രജാസഭയിലും നിയമസഭയിലും അദ്ദേഹം പ്രവേശിച്ചതിൻെറ ഫലമാണ് ഇന്ന് ആ സമുദായം അനുഭവിക്കുന്ന സമത്വവും സ്വാതന്ത്ര്യവുമെന്ന് ഖണ്ഡിതമായി അഭിപ്രായപ്പെടാം.

സുപ്രസിദ്ധനായിരുന്ന ആ മഹാൻെറ അകാലദേഹവിയോഗം എല്ലാവൎക്കും പ്രത്യേകിച്ചു സ്വസമുദായത്തിനും കൈരളിക്കും അപരിഹാൎയ്യമായ നഷ്ടമായിത്തീൎന്നിരിക്കുന്നു; എങ്കിലും

"വ്യാപാരമേ നിഹനമാം വനവേടനുണ്ടോ
വ്യാപന്നമായ് കഴുകനെന്നു കപോതമെന്നും"

എന്ന് ആശാൻ തന്നെ പാടിയിരിക്കുന്നതു കൊണ്ടു നമുക്കു സമാധാനപ്പെടാവുന്നതാണ്.

ലോകചരിത്രത്തിലെ കൃഷ്ണവൎണ്ണാങ്കിതമായ ഒരു ദുദ്ദിവസത്തിൽ—1099 മകരം 3-ാം തീയതി-തുക്കുന്നപ്പുഴയ്ക്കു് അല്പം വടക്കുള്ള പല്ലനയാററിൽ വച്ചുണ്ടായ 'റെഡീമർ' ബോട്ടപകടത്തിൽപ്പെട്ടു് ആ കവികോകിലം, രാജസഭയിൽ സുധീരനായ ആ നീതികോവിദൻ കേരളീയരോടൊപ്പം തൻെറ പ്രിയപത്നിയായ ശ്രീമതി കെ. ഭാനുമതീ അമ്മയേയും സുധാകരൻ, പ്രഭാകരൻ എന്നു രണ്ടു് ഓമനസന്താനങ്ങളേയും സന്തപ്തഹൃദയരും അശ്രുധാരാകലുഷിതനേത്രരുമാക്കിക്കൊണ്ടു നിത്യശാന്തിയെ പ്രാപിച്ചു.

അതേ—"വേണാട്ടിനൊരു പൌരശ്രേഷ്ഠനും, ഭഗ്നരാമ-
ക്ഷോണിക്കനവോദ്യഖനായൊരു കവീന്ദ്രനും,
ഈഴവൎക്കൊരു മഹാനേതാവും-ഹന്തവിധി
പാഴാക്കിവിട്ടാനെല്ലാമൊരടിയ്ക്കേന്നാവേണ്ടു!"

(മഹാകവി വള്ളത്തോൾ.)

# സാഹിത്യഭൂഷണം.

## (ഉത്തരഭാഗം)

---

## 1. രാജധാനി.

[ശ്രീകൃഷ്ണൻെറ അവതാരത്താൽ പവിത്രീകൃതമായ മധുരാപുരിയുടെ പ്രാധാന്യം സുപ്രഥിതമാണല്ലോ. കാവ്യകലാകുശലനായ ചെറുശ്ശേരിനമ്പൂതിരിയാൽ തന്മാഹാത്മ്യം സമാകഷ്കമാംവിധം ചിത്രീകരിക്കപ്പെട്ടിരിക്കുന്നു. വിശിഷ്ട വർണ്ണനകളോടുകൂടിയ ആ ഭാഗമാണു് കൃഷ്ണഗാഥയിൽനിന്നും ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു്. ആലങ്കാരികഭംഗി, ഭാവനാശക്തി മുതലായവയ്ക്കു മാതൃകകളായിപ്പരിലസിക്കുന്ന ഇത്തരം ഉൽകൃഷ്ടകവനങ്ങൾ ദുർല്ലഭമാകുന്നു.]

(മഞ്ജരി)

ശ്രീമധുരാപുരിയെന്നൊരു നാമമായ്
ശ്രീമതിയായൊരു രാജധാനി,
യാദവന്മാക്കെല്ലാമാധാരമായി നി-
ന്നാദിയി ലുണ്ടായി പണ്ടു പാരിൽ.
നാകികൾക്കെല്ലാ മങ്ങാധാരമായൊരു
നാകമഹാപുരി യെന്നപോലെ.
സ്വപ്പദം തന്നിലുള്ളാശയുണ്ടായ്വരാ
അപ്പുരി തന്നിലിരിപ്പോൎക്കെന്നും.
നന്ദനംതന്നുടെ നിന്ദയെച്ചെയ്യുമ-
മ്മന്ദിരേ നിന്നൊഴും നിഷ്കുടങ്ങൾ,

നിജ്ജര ദീഘിക തന്നുള്ളിലേറുന്ന
ലജ്ജയെച്ചേക്ക മട്ടീർഗ്ഘലികകൾ.
ധർമ്മിഷ്ഠരായോരെ ച്ചിന്തിച്ചു കാൺകിലോ
ധർമ്മജൻ ശീലവും താഴ്മകോലും,
ആയങ്ങൾ കാണുമ്പോൾ തോയാകരം തന്നിൽ
പ്പായുന്ന വൻനദീജാലംപോലെ.
സ്വണ്ണൌഘംതന്നുടെ തിണ്മയെക്കാണുമ്പോൾ
തിണ്ണമൊന്നഞ്ചുമമ്മേരുശൈലം,
ദാനങ്ങൾ കാണുമ്പോൾ വാനവദാരുക്കൾ
ഹീനങ്ങളായ്വരും ദീനങ്ങളായ്,
വീരരായുള്ളോർ തൻ ധീരതകാണുമ്പോൾ
നേരായോരില്ല യിപ്പാരിലാരും,
വിദ്യകൾകൊണ്ടുള്ള വേലകൾ കാണുമ്പോൾ
വിസ്മയം കോലുമദ്ധ്യൂജ്ജടിയും,
അസ്ത്രങ്ങൾകൊണ്ടവരഭ്യസിച്ചീടുമ്പോൾ
കേട്ടങ്ങുനോക്കുമബ്ഭാഗ്ഗവനും,
കാമുകന്മാരുടെ കാന്തിയെക്കാണുമ്പോൾ
കാമനും ചെഞ്ചെമ്മേ യഞ്ചുമേററം,
മാനിനിമാരുടെ മാൺപിനെക്കാൺകില-
മ്മേനക ദീനയായ് നാണുമപ്പോൾ,
വെണ്മാടം തന്നുടെ വെണ്മയെക്കാണുമ്പോൾ
കന്മഷം തോന്നുമക്കൌമുദിയ്ക്കും,
അപ്പുരിതന്നിൽ വിളങ്ങിനിന്നീടുന്ന
ശില്പങ്ങളൊന്നൊന്നേ പാൎത്തു കണ്ടാൽ,
വാസവമന്ദിരം വാഴ്ത്തോടെ നിർമ്മിപ്പാൻ
മാതൃക യായതിതെന്നു തോന്നും,

അപ്പുരിതന്നിലുള്ളത്ഭുതം ചൊല്ലുവാൻ
കെല്പുള്ളോരാരുമില്ലെന്നു വേണ്ട,
തത്സാരമോൎക്കിലാ വസൈകുണ്ഠസാരവും
നിസ്സാരമായിട്ടേ വന്നുകൂട്ടു.

## 2. ഉൽകൃഷ്ടബന്ധങ്ങൾ.

[ഈ പാഠം തുഞ്ചത്തു രാമാനുജൻ എഴുത്തച്ഛന്റെ അദ്ധ്യാത്മരാമായണം അയോദ്ധ്യാകാണ്ഡത്തിലുള്ള മനോഹരമായ ഒരു ഭാഗമാണ്. കവിസഹജമായ ഭാവനാവൈചിത്ര്യങ്ങൾ രാമായണത്തിൽ സൎവ്വത്ര പരിലസിച്ചുകാണുന്നുണ്ട്. പിതൃപുത്രബന്ധം, മാതൃപുത്രപ്രഭാവം, സൌഭ്രാത്രശ്രൈഷ്ഠ്യം, ഗുരുശിഷ്യബന്ധം മുതലായ ഉൽകൃഷ്ടബന്ധങ്ങളുടെ മാഹാത്മ്യത്തെ കവി ഇതിൽ പ്രകടമായി പ്രതിപാദിച്ചിരിക്കുന്നു. അച്ഛന്റെ മരണവാൎത്തയറിയിച്ചശേഷം ശ്രീരാമനെ അയോദ്ധ്യയിൽ കൊണ്ടുവന്നു രാജാവാക്കി വാഴിക്കണമെന്നും, അതിന് അദ്ദേഹം വിസമ്മതം പ്രകടിപ്പിച്ചാൽ പ്രായോപവേശം ചെയ്യണമെന്നും നിശ്ചയിച്ച് ഭരതൻ അഗ്രജന്റെ അടുക്കലേയ്ക്കു പുറപ്പെട്ടു. അപ്പോൾ കൌസല്യ, സുമിത്ര, ശത്രുഘ്നൻ, കുലഗുരുവായ വസിഷ്ഠൻ, മന്ത്രിമാർ, പൌരജനങ്ങൾ എന്നിവർ രാമചന്ദ്രനെ കാണുന്നതിനുള്ള അത്യാകാം

ക്ഷമൂലം ഭരതനോടുകൂടെ യാത്രയായി. അവർ ചിത്രകൂടപർവ്വതത്തിലുള്ള രാമചന്ദ്രാശ്രമത്തെ ലക്ഷ്യമാക്കിയാണ് പ്രയാണമാരംഭിച്ചതു്. ഭരതാദികൾ ചേതസ്സമാഷകമായ ആ ആശ്രമത്തിലെത്തി ലക്ഷ്മണപരിസേവിതനായ ശ്രീരാമനെ സന്ദർശിച്ചു. അപ്പോൾ അവൎക്കുണ്ടായ ആനന്ദസ്തോഭാദിവികാരങ്ങളേയും, അവരുടെ ഉൽകൃഷ്ടബന്ധങ്ങളേയുംകുറിച്ചു വൎണ്ണിക്കുന്നതിൽ കവി പ്രയോഗിച്ചിരിക്കുന്ന മനോധൎമ്മം, കവിയുടെ അതുലകാവ്യകലാവൈഭവം മാത്രമല്ല, അദ്ധ്യാത്മബോധനത്തിലുള്ള നൈപുണ്യവും കൂടിയാണെന്നു് ഈ ഭാഗം വായിച്ചാൽ സ്പഷ്ടമാകുന്നതാണ്.]

(കിളിപ്പാട്ടു്)

ഉത്തരതീരേ സുര സരിതഃസ്ഥലേ
ചിത്രകൂടാദ്രിതൻ പാൎശ്വേ മഹാശ്രമേ
ഉത്തമ പൂരുഷൻ വാഴുന്നിതെന്നു കേ-
ട്ടെത്രയും കൌതുകത്തോടേ ഭരതനും
തത്രൈവ ചെന്നനേരത്തു കാണായ്വന്നി-
തത്യത്ഭുതമായ രാമചന്ദ്രാശ്രമം
പുഷ്പ ഫല ദല പൂൎണ്ണ വല്ലീ തരു
ശഷ്പ രമണീയ കാനന മണ്ഡലേ
ആമ്ര കദളീ ബകുള പനസങ്ങ-
ളാമ്രാതകാൎജ്ജുന നാഗ പുന്നാഗങ്ങൾ
കേരപൂഗങ്ങളും കോവിദാരങ്ങളു-
മേരണ്ഡ ചമ്പകാശോക താലങ്ങളും,

മാലതീജാതി പ്രമുഖ ലതാവലി
ശാലികളായ തമാല സാലങ്ങളും,
ഭൃംഗാദി നാനാവിഹംഗ നാദങ്ങളും,
തുംഗമാതംഗ ഭുജംഗ പ്ലവംഗ കു-
രംഗാദ്യ നാനാമൃഗവ്രാത ലീലയും
ഭംഗ്യാ സമാലോക്യ ദൂരേ ഭരതനും,
വൃക്ഷാഗ്ര സംലഗ്ന വല്ക്കലാലംകൃതം
പുഷ്കരാക്ഷാശ്രമം ഭക്ത്യാ വണങ്ങിനാൻ.
ഭാഗ്യവാനായ ഭരതനതു നേരം
മാൎഗ്ഗരജസി പതിഞ്ഞു കാണായ്വന്നു.
സീതാ രഘുനാഥ പാദാരവിന്ദങ്ങൾ
നൂതനമായതി ശോഭനം പാവനം,
അങ്കുശാബ്ജ ധ്വജവജ്രമത്സ്യാദി കൊ-
ണ്ടങ്കിതം മംഗല മാനന്ദ മഗ്നനായ്,
വീണുരുണ്ടും പണിഞ്ഞും കരഞ്ഞും തദാ
രേണു തന്മൌലിയിൽ കോരിയിട്ടീടിനാൻ.
ധന്യോഹ മിന്നഹോ! ധന്യോഹ മിന്നഹോ!
മുന്നം മയാകൃതം പുണ്യപൂരം പരം.
ശ്രീരാമ പാദ പത്മാഞ്ചിതം ഭൂതല-
മാരാലെനിക്കു കാണ്മാനവകാശവും
വന്നിതല്ലോ മുഹുരിപ്പാദപാംസുക്ക-
ളന്വേഷണം ചെയ്തുഴലുന്നിതേററവും
വേധാവു മീശനും ദേവ കദംബവും
വേദങ്ങളും നാരദാദി മുനികളും,

ഇത്ഥമോത്ഭുത പ്രേമരസാപ്ളുത-
ചിത്തനാ യാനന്ദ ബാഷ്പാകുലാക്ഷനായ്;
മന്ദമന്ദം പര മാശ്രമസന്നിധൌ
ചെന്നുനിന്നോരു നേരത്തു കാണായിതു,
സുന്ദരം രാമചന്ദ്രം പരമാനന്ദ-
മന്ദിര മിന്ദ്രാദിവൃന്ദാരക വൃന്ദ
വന്ദിത മിന്ദിരാ മന്ദിരോരഃസ്ഥല-
മിന്ദ്രാവരജ മിന്ദീവര ലോചനം,
ദൂർവ്വാദള നിഭ ശ്യാമളം കോമളം
പൂർവ്വജം നീലനളിന ദളേക്ഷണം,
രാമം ജടാമകുടം വല്ക്കലാംബരം
സോമ ബിംബാഭ പ്രസന്നവക്ത്രാംബുജം,
ഉദ്യത്തരുണാരുണായുത ശോഭിതം
വിദ്യുത്സമാംഗിയാം ജാനകിയായൊരു
വിദ്യയുമായ് വിനോദിച്ചിരിക്കുന്നൊരു
വിദ്യോതമാനമാത്മാന മവ്യാകുലം,
വക്ഷസി ശ്രീവത്സ ലക്ഷ്മണമവ്യയം
ലക്ഷ്മീനിവാസം ജഗന്മയ മച്യുതം,
ലക്ഷ്മണ സേവിത പാദ പങ്കേരുഹം
ലക്ഷണലക്ഷ്യസ്വരൂപം പുരാതനം,
ദക്ഷാരിസേവിതം പക്ഷീന്ദ്രവാഹനം
രക്ഷോവിനാശനം രക്ഷാവിചക്ഷണം,
ചക്ഷുശ്ശ്രവണപ്രവര പല്യങ്കഗം
കുക്ഷിസ്ഥിതാനേക പത്മജാണ്ഡം പരം,

കാരുണ്യപൂർണ്ണം ദശരഥനന്ദന-
മാരണ്യവാസ രസികം മനോഹരം,
ദുഃഖവും പ്രീതിയും ഭക്തിയു മുൾക്കൊണ്ടു
തൃക്കാൽക്കൽവീണു നമസ്കരിച്ചീടിനാൻ.
രാമനവനെയും ശത്രുഘ്നനെയുമാ-
മോദാലെടുത്തു നിവർത്തി സസംഭ്രമം.
ദീർഘബാഹുക്കളാലാലിംഗനംചെയ്തു
ദീർഘനിശ്വാസവു മന്യോന്യ മുൾക്കൊണ്ടു
ദീർഘനേത്രങ്ങളിൽനിന്നു ബാഷ്പോദകം
ദീർഘകാലംവാർത്തു സോദരന്മാരെയും,
ഉത്സംഗസീമനിചേർത്തു പുനരപി
വത്സങ്ങളുമണച്ചാനന്ദപൂർവ്വകം
സത്സംഗമേറെയുള്ളോരു സൌമിത്രിയും
തത്സമയേ ഭരതാംഘ്രികൾ കൂപ്പിനാൻ.
ശത്രുഘ്നനുമതിഭക്തി കലർന്നു സൌ-
മിത്രിതൻ പാദാംബുജങ്ങൾ കൂപ്പീടിനാൻ.
ഉഗ്രതൃഷാർത്തരായ പശുകുല-
മഗ്രേ ജലാശയം കണ്ടുഃപാഃല തദാ
വേഗേന സന്നിധൌ ചെന്നാശു കണ്ടിതു
രാഘവൻതൻ തിരുമേനി മനോധൃതം
രോദനംചെയ്യുന്ന മാതാവിനെക്കണ്ടു
പാദങ്ങളിൽ നമിച്ചാൻ രഘുനാഥനും.
എത്രയുമാർത്തി കൈക്കൊണ്ടു കൌസല്യയും
പുത്രനു ബാഷ്പധാരാഭിഷേകംചെയ്തു

ഗാഢമാശ്ലിഷ്യ ശിരസി മുകൎന്നുട-
നൂഢമോദം മുലയും ചുരന്നു തദാ
അന്യമാരായുള്ള മാതൃജനത്തെയും
പിന്നെ നമസ്കരിച്ചീടിനാനാദരാൽ.
ലക്ഷ്മണൻതാനുമവ്വണ്ണം വണങ്ങിനാൻ
ലക്ഷ്മീസമയായ ജാനകീദേവിയും.
ഗാഢമാശ്ലിഷ്യ കൌസല്യാദികൾ സമാ-
രൂഢഖേദം തുടച്ചീടിനാർ കണ്ണുനീർ.
തത്ര സമാഗതം ദൃഷ്ട്വാ ഗുരുവരം
ഭക്ത്യാവസിഷ്ഠം സാഷ്ടാംഗമാമ്മാറുടൻ
നത്വാ രഘൂത്തമനാശു ചൊല്ലീടിനാ-
"നെത്രയും ഭാഗ്യവാൻ ഞാനെന്നു നിൎണ്ണയം
താതനു സൌഖ്യമല്ലീ നിജമാനസേ
ഖേദമുണ്ടോ പുനരെന്നെപ്പിരികയാൽ?
എന്തൊന്നു ചൊന്നതെന്നോടു ചൊല്ലീടുവാ-
നെന്നു സൌമിത്രിയെക്കൊണ്ടു പറഞ്ഞതും?."
രാമവാക്യംകേട്ടു ചൊന്നാൻ വസിഷ്ഠനും
"ധീമതാം ശ്രേഷ്ഠ താതോദന്തമാശുകേൾ!
നിന്നെപ്പിരിഞ്ഞതു തന്നെ നിരൂപിച്ചു
മന്നവൻ പിന്നെയും പിന്നെയും ദുഃഖിച്ചു.
രാമരാമേതി സീതേതി കുമാരേതി
രാമേതി ലക്ഷ്മണേതി പ്രലാപം ചെയ്തു,
ദേവലോകം ചെന്നു പുക്കാനറികനീ!
ദേവഭോഗേന സുഖിച്ചു സന്തുഷ്ടനായ്."

കണ്ണുനീരുലാഭം ഗുരുവചനം സമാ-
കർണ്ണ്യ രഘുവരൻ വീണിതു ഭൂമിയിൽ!
തൽക്ഷണമുച്ചൈർവ്വിലാപിച്ചിതേററവും
ലക്ഷ്മണനോടും ജനനീ ജനങ്ങളും
ദുഃഖമാലോക്യ മററുള്ള ജനങ്ങളു-
മൊക്കെ വാവിട്ടു കരഞ്ഞു തുടങ്ങിനാർ!

---

## 3. ആത്മബന്ധു.

[ഈ ഭാഗം ഉണ്ണായിവാര്യരുടെ കൃതിയായ നളചരിതം ആട്ടക്കഥയിൽ നിന്നെടുത്തതാണ്. ദമയന്തി ഭർത്താവോടൊന്നിച്ചു കാട്ടിൽ നട്ടംതിരിഞ്ഞു, നടക്കുമ്പോൾ ഭർത്തൃപരിത്യക്തയായിത്തീരുകയും, അശരണയും ആകുലമാനസയുമായ അവൾ വനചരൻെറയും വാഹസത്തിൻെറയും പിടിയിൽ അകപ്പെടുകയും അതിൽനിന്നും വേഗത്തിൽ രക്ഷപ്രാപിക്കുകയും ചെയ്തു. അനന്തരം അവൾ ആ കാടുവിട്ട് നേർവഴിയിൽ എത്തിച്ചേർന്നു. നാട്ടിൽച്ചെന്നു പ്രിയതമനെ അന്വേഷിച്ചു കണ്ടെത്തണമെന്നു ചിന്തിച്ചുപോകുന്ന ദമയന്തിക്ക് ആ മാർഗ്ഗത്തിൽ ആത്മബന്ധുവായ ഒരു ഒരു സാർത്ഥവാഹൻെറ സഹായം സിദ്ധിക്കുന്നു.]

(പദം)

കാടൊടുങ്ങി ഇഹ തോടു കാണുമതൊരു
തടിനിയോ? ഇരു-
പാടുമാളു പലർകൂടിനില്പതൊണ്ടു നടുവിലും ഇവ-

രാരോപോലെന്നു തീരേപോയ് ചെന്നു
നിന്നു ചോദിച്ചവരോടൊന്നിച്ചോരേടം പൂവാം.

(ശ്ലോകം)

ഏവം സഞ്ചിന്ത്യ കാണായൊരു തടിനികട-
ക്കുന്നാ മാലോകരെ ക്ക-
ണ്ടാവിർമ്മോദാങ്കുരം ചെന്നണയുമളവിമാം
കേതി ചോദിച്ചിതേകേ;
പേ വന്നീടുന്നതെന്നാർ ചിലർ; പെരുവഴിപോ-
ക്കത്തി നന്നൊന്നു കേചിൽ
ഭാവം നോക്കിട്ടയാവാ നവളോടഭിദധേ
തസ്യ സാർത്ഥസ്യ നാഥൻ.

[സാർത്ഥവാഹൻ] (പദം)

മാനേലും കണ്ണികളും മണി തവ
മംഗലരൂപിണി മംഗലമേ
ത്താന്നേ നീയിഹ വന്നീടിന-
തത്ഭുതമത്ഭുതമത്ഭുതമേ
ശ്ശുഷ്കകാനനേ ദുർഗ്ഗതമേ;
കഥയകാസി നീയപ്രതിമേ!
യോഷമാർ മകുടഭ്രൂഷയായൊരു നിൻ
വേഷമെന്തിതതിദയനീയം?
ദൂഷിതാ കിമസി കേനചിൽ കമനി?
ഭീഷിതാസി കിമു? കഥനീയം.
ബ്ഭൂഷ ഏവവചനാം വിനാ വിശദം
പ്രോഷിതേതി; നാതദനമേയാം.

ശേഷമെന്നൊടിതശേഷവും പറകി-
ലേഷ ഞാൻ വിപദി സുസഹായം.

[ദമയന്തി] (പദം)

വാജപേയ ബഹുവാജിമേധമുഖ-
യാജി, യാചകൎക്ക സുരശാഖീ,
രാജമൌലിമണി, ഭീമനെൻ ജനക-
നാജിഭുവി വിജിതപ്രതിയോഗി.
വ്യാജദേവനഹൃതസ്വനായ നിഷ-
ധേശനെൻ ദയിതനനുരാഗീ;
ദേശയാത്രയിൽ വെടിഞ്ഞു മാം നിശയി-
ലാശു പോയ് കുഹചിദവിവേകി.
കാണ്മാഞ്ഞേൻ കാന്തനെ ഞാനിഹ
കാനനമെങ്ങുമുഴന്നു ചിരം.

[സാൎത്ഥവാഹൻ] (പദം)

ശോകവേഗം പൊറുത്തേകനായ് നടന്നു
ലോകനാഥൻ നളൻ നിരപായം.
വ്യാകുലം കളക നീ കഥഞ്ചിദവ
മേഹി വാർകുഴലി നിജകായം.
സാൎത്ഥവാഹനഹ മാൎത്തബന്ധു ശുചി
പേൎത്തു ചൊല്ലുന്നിതു തദുപായം.
വാഴ്ക ചേദിപനെ; തീൎത്തു സങ്കടങ്ങൾ
കാത്തുകൊള്ളുമവനേവരേയും.

[ദമയന്തി] (പദം)

ധൂർത്തനല്ല ദൃഢമാത്തബന്ധുവത്രേ;
മൂർത്തിയും മൊഴിയുമൊരുപോലെ
സാർത്ഥവാഹ! പരമാർത്ഥം നീ പറഞ്ഞ-
തോർത്തു ഞാനുറച്ചിതതുപോലെ
സാധ്വസം വെടിഞ്ഞു സാർത്ഥത്തോടു മിഹ
സാർദ്ധം പോരുന്നു ഞാനതിനാലേ.
തീർത്ഥകീർത്തനനാം പാർത്ഥിവോത്തമനെ
പ്പാർത്തു വാഴ്‌വനഹമിതുകാലേ.

[സാർത്ഥവാഹൻ] (പദം)

ബാഹുവീര്യശിഖിലേഹിതാഹിത സ-
മൂഹനാം നൃപതികുലദീപൻ
സാഹസൈകരസികൻ സുബാഹുവിന്റെ
ഗേഹമായതിതു ബഹുശോഭം
ഭൂഗതം ത്രിദശലോകമേ തദിഹ
വാഴ്ക നീയിവിടെ യപതാപം,
പോകുമെങ്ങൾ പുനരേകതോ; മനസി
മോഹിച്ചിങ്ങു വന്നു ബഹുലാഭം.

(ശ്ലോകം)

സാർദ്ധം ഗത്വാ തേന സാർത്ഥേന ഭൈമീ
സായാൽ സായം ചേദിപസ്യാധിവാസം;
വാസാർത്ഥം താം വാസസോർദ്ധം വസാനാം
ദീനാമാപ്താം രാജമാതാ ബഭാഷേ.

# 4. മതിഭ്രാന്തി.

[സത്യസന്ധനെന്നു വിശ്വവിശ്രുതനായ ഹരിശ്ചന്ദ്രമഹാരാജാവു് മൃഗയാനിരതനായി വനത്തിൽ സഞ്ചരിക്കുമ്പോൾ കുശികപുത്രൻെറ മായാനിമ്മിതമായ കനകമൃഗത്തെ പിൻതുടൎന്നു വിശ്വാമിത്രാശ്രമത്തിൽ പ്രവേശിക്കുന്നതിനിടയായി. ആ ആശ്രമം പ്രവേശാൎഹമല്ലെന്നുള്ള ദേശികോപദേശം അപ്പോഴാണു് അദ്ദേഹത്തിൻെറ സ്മൃതിപഥത്തിലെത്തിയതു്. തൽക്ഷണം അദ്ദേഹം വിഷാദമഗ്നനായി തേരിൽക്കയറി ധമ്മപത്നിയുടെ ഉത്സംഗത്തിൽ തളൎന്നുവീഴുകയും, പെട്ടെന്നുണ്ടായ നിദ്രാവേളയിൽ ഏതദ്വിഷയമായി ചില ദുസ്സ്വപ്നങ്ങൾ കാണുകയും ചെയ്തു. ഭയാക്രാന്തനായി ഞെട്ടിയുണൎന്നു വിലപിക്കുന്ന സ്വഭത്താവിനെ ആ സതീരത്നം ധമ്മോപദേശം ചെയ്തു സാന്ത്വനപ്പെടുത്തി. ധമ്മനിഷ്ഠ, സത്യനിഷ്ഠ, ഗുരുഭക്തി, ഈശ്വരഭക്തി, ഭത്തൃഭക്തി മുതലായി അനുകരണീയങ്ങളായ പല വിശിഷ്ടഗുണങ്ങളും ഈ നായികാനായകന്മാരുടെ ജീവിതലക്ഷ്യങ്ങളായിരുന്നുവെന്നു കവി തന്മയത്വത്തോടുകൂടി ഈ കവിതയിൽ വൎണ്ണിച്ചിരിക്കുന്നു.]

(പറയൻ തുള്ളൽ)

"എത്രവിസ്മയ മെത്രപാവന മെത്രതന്നൊ മനോഹരം
പത്രപുഷ്പഫലാദി സംഭൃത മത്രനല്ല തപോവനം.

.......................................................

കീരിയുംപാമ്പുമൊന്നിച്ചു ക്രീഡനംചെയ്തുമേവുന്നു

ആനയും സിംഹവുംകൂടി കാനനാന്തേകളിക്കുന്നു.
കാക്കയും മൂങ്ങയും ചേൎന്നു ഗോക്കളും വ്യാഘ്രവുംചേൎന്നു
ആഖുവും പൂച്ചയും ചേൎന്നു ആകവേ കൂടിമേവുന്നു.
ഏതൊരുമാമുനീന്ദ്രന്റെ ആശ്രമമെന്നറിഞ്ഞോ നീ-
ചേതോമോഹനേ ബാലേ മമ ജായേ മഹാഭാഗേ"

പറഞ്ഞുചന്ദ്രമതി "മമഹൃദി കുറഞ്ഞൊരല്ലലിഹ സമജനി
അറിഞ്ഞോ വീരവരതവ മതിമറിഞ്ഞോമാനധനനരവര"

അത്രമാത്രം പറഞ്ഞങ്ങു വസിക്കുമ്പോളൊരു ദേഹം
തത്രവന്നുകഥവാൻ "വിശ്വാമിത്രസിദ്ധാശ്രമ"മെന്നു
അതുകേട്ടുഹരിശ്ചന്ദ്രനതിതരാകം വിഷാദിച്ചു-
ങ്ങുർചെയ്തു സുതനോടും മന്ത്രിയോടും ഭാൎയ്യയോടും.
"ചതിപെട്ടു നമുക്കയ്യോ! ഗുരുവാക്യം നിരസിച്ചു
മതിഭ്രാന്ത്യാ വയം വിശ്വാമിത്ര സിദ്ധാശ്രമേ വന്നു.
'കൌശികന്റെസമീപത്തുപോകൊല്ലാ നീ ഹരിശ്ചന്ദ്രാ'
ദേശികനിങ്ങനെ നമ്മോടരുൾചെയ്തു മുനിശ്രേഷ്ഠൻ.
സംശയം വിട്ടഹോ നമ്മളിവിടത്തിൽവന്നുചാടി
വംശനാശം വരുമല്ലോ ഗുരുവാക്യം നിരസിച്ചാൽ.
സ്വൎണ്ണവൎണ്ണം വിളങ്ങുന്ന മാനിനേക്കണ്ടു മോഹിച്ചാ-
നൎണ്ണവംപോലെ ഗംഭീരൻ ഹരിശ്ചന്ദ്രൻ താനുമപ്പോൾ
നിൎണ്ണയംതന്നുടെ രാജ്യം നശിപ്പിപ്പാൻ പിറന്നൊരു
ദുൎന്നയക്കാരനീയാളെന്നിപ്രകാരം മഹിലോകേ
സജ്ജനങ്ങൾ ദൂഷിച്ചീടുമിജ്ജനത്തെക്കൊണ്ടിദാനീം
ദുൎജ്ജനങ്ങൾക്കൊക്കെ നല്ലോരുത്സവമെന്നതേ വേണ്ടു.
ലജ്ജകൊണ്ടു തലപൊക്കി നടപ്പാനെത്രയുംദുഃഖം
ഇജ്ജനങ്ങൾക്കഹോ കഷ്ടം കഷ്ടമെന്നേ പറയാവൂ.
ഗുരുബ്രഹ്മാ ഗുരുർവിഷ്ണുർ ഗുരുർദ്ദേവോ മഹാദേവോ

ഗുരുതന്നേ ജഗത്തെല്ലാം ഗുരുവിന്നു നമസ്കാരം.
ഗുരുക്കന്മാരിരിക്കുന്ന ദിക്കുനോക്കി വണങ്ങേണം
ഗുരുക്കന്മാക്കോരിക്കലുമപ്രിയത്തെ വരുത്തൊല്ലാ.
ഗുരുശാപമിടിത്തീപോലൊക്കവേ ഭസ്മമാക്കീടും
തരുവല്ലിക്കൂട്ടമെല്ലാം കാട്ടുതീയെന്നതുപോലെ.
വരുവാനുള്ളതു വാദ്ധ്യത്തു പോയങ്ങിരുന്നാലും
വരുമത്രേയിനി ക്ലേശിച്ചിട്ടുമെന്തുകാൎയ്യമിപ്പോൾ.
തേരിലേറിത്തെരിക്കെന്നുനടക്ക കാരണമിങ്ങു
പാരമാലസ്യവുമുണ്ടു നിദ്രയുംവന്നു ബാധിച്ചു.
ചാരുശീലപ്രിയേ! നിൻെറ മടിയിൽ മസ്തകംവച്ചു
തേരുതന്നിൽ ശയിച്ചുംകൊണ്ടുറങ്ങുന്നേനല്പകാലം."
വീരനിത്ഥമരുൾചെയ്തു ഹരിശ്ചന്ദ്രൻ പ്രിയാങ്കത്തിൽ
സൈ്വരമായിത്തലവച്ചു ശയിച്ചുനിദ്രയുംപൂണ്ടു.

ഉത്സാഹശാലി മഹാദേവിതൻെറ
ഉത്സംഗഭാഗേ യുറങ്ങുന്നനേരം
ദുസ്സ്വപ്നമീക്ഷിച്ചു പേടിച്ചുണന്നു
ദുഃഖിച്ചുഖേദിച്ചുരോദിച്ചിരുന്നു.
"എന്തെൻെറ കാന്തൻെറ സന്താപമയ്യോ!
എന്തോന്നു ചിന്തിച്ചു കേഴുന്നുനാഥാ!"
എന്നുള്ള ഭാൎയ്യാഗിരംകേട്ടുധീമാൻ
ഏവം ബഭാഷേ ഹരിശ്ചന്ദ്രഭൂപൻ.
"വല്ലാത്ത ദുസ്സ്വപ്നമാലോകനംചെയ്തു
വല്ലാതെകേഴുന്നു ഞാനെൻെറ ബാലേ!
ഗാഥിക്കു സംഭ്രുതനാകും മുനീന്ദ്രൻ
ബാധിക്കുമാറിങ്ങെഴുന്നള്ളി വേഗാൽ

ബോധിക്ക നീ നിൻെറ താതൻെറയാഗം
സാധിച്ചതിക്കൌശികൻെറ പ്രയത്നം.
ലക്ഷാധികംകോടി രത്നം സുവൎണ്ണം
സക്ഷോണിപാലൻ തരേണം നമുക്കു
തൽപുത്രനാകുംഭവാൻ ദക്ഷിണചെയ്തു
സൽപാത്രതുഷ്ടിവരുത്തീടവേണം.
എന്നങ്ങുയാചിച്ച താപസശ്രേഷ്ഠന്നു
പൊന്നുംപണങ്ങളും ദക്ഷിണചെയ്തേൻ.
പിന്നെക്രമത്താലയോദ്ധ്യാപുരേനിന്നു
നമ്മേപ്പിഴക്കിപ്പുറത്തങ്ങിറക്കി.
നാട്ടുംനഗരവും വീട്ടും കുടികളും
കാട്ടും മലകളും തോട്ടും പുഴകളും
പാടേ പിടിച്ചങ്ങടക്കി സ്വബന്ധുക്ക-
ളോടേ സുഖിച്ചുവാണു മുനീന്ദ്രൻ.
അത്രയുമല്ലന്നയോദ്ധ്യാപുരം സൎവ്വ-
മത്രാന്തരേ വെന്തു ഭസ്മീഭവിച്ചു.
കണ്ടുകണ്ടങ്ങിരിക്കുന്നനേരം പരം
കണ്ടീല!യെന്നായി വന്നു തദാനീം.
ക്രോഷ്ടാക്കൾ വല്ലാത്തശബ്ദം തുടങ്ങീ
ഘോഷ്ടാക്കളോരോന്നു കട്ടും തുടങ്ങി.
കൊള്ളിമീൻചാട്ടക ഭൂകമ്പവും ചോര-
ത്തുള്ളിവൎഷിക്കയും കണ്ടു കിനാവിൽ.
എന്തെന്നറിഞ്ഞീല ദുഷ്കാലമിക്കാല-
മെന്തെങ്കിലും വന്നു സംഭ്രമിപ്പോൾ."
ഏവം ദുൎവ്വിധംകേട്ടു ദേവി കുണ്ഠിതംപൂണ്ടു
ഭാവക്ഷീണതയോടേ ഭാമിനിയു മുരചെയ്തു.

"ഈവണ്ണം കിനാവിങ്കൽ കണ്ടെങ്കിൽ മഹാകഷ്ടം
ദൈവമെന്തൊരുവസ്ഥ ഭാവിച്ചെന്നറിഞ്ഞില്ലാ.
ആപത്തിന്നൊരുമാൎഗ്ഗം ജാതമെന്നുതോന്നുന്നു
താപത്തിന്നിതു മൂലം തന്നേ സങ്ഗതമായി.
കോപത്തിന്നനുകൂലം കൌശിക മുനീന്ദ്രന്റെ
ശാപത്തിന്നവകാശം വന്നീടുവതിനുള്ള
ലാഞ്ഛനമിദമെന്നു തോന്നുന്നു നമുക്കെല്ലാം
കാഞ്ചനം കൊടുക്കാഞ്ഞാൽ കയൎക്കും കൌശികൻ ക്രൂരൻ.
വാസ്സുതെന്നാകിലും സകൽമ്മങ്ങളാശു തുടങ്ങേണം
ഈശ്വരന്മാർ പ്രസാദിപ്പാനതുകൊണ്ടേ മതിയാവൂ.
രാമനാരായണാനന്ത ശ്രീമഹാപത്മനാഭേതി
നാമസങ്കീൎത്തനം ചെയ്ക നാമതല്ലാതെന്തു ചെയ്‌വൂ.
... ... ... ...
അത്ര കണ്ടോരു ദുസ്വപ്നത്തിന്റെ ദോഷം ശമിപ്പിപ്പാ-
നത്ര നന്നല്ല മറ്റൊന്നു"മെന്നിവണ്ണം മൂരചെയ്യും-
ഭാൎയ്യതന്റെ മൊഴികേട്ടു പ്രസാദിച്ചു ഹരിശ്ചന്ദ്രൻ
ധൈൎയ്യശാലീയെഴുന്നേററങ്ങിരുന്നു സംഭൃതാനന്ദം.

---

## 5. സൈരന്ധ്റി.

[‘കവിസാൎവ്വഭൌമ’നായ കൊടുങ്ങല്ലൂർ കൊച്ചുണ്ണിത്തമ്പുരാൻ സാഹിത്യസാമ്രാജ്യത്തെ വിപുലമാക്കുന്നതിനുവേണ്ടി ചെയ്തിട്ടുള്ള പരിശ്രമങ്ങൾ സ

വ്വവിദിതമാണല്ലോ. അവയെല്ലാം ഇന്നും ശാശ്വത ഫലപ്രദായകങ്ങളായി പരിലസിക്കുന്നുണ്ട്. താദൃശ പരിശ്രമങ്ങളുടെ ഉത്തമഫലങ്ങളിലൊന്നാകുന്നു 'പാണ്ഡവോദയം' മഹാകാവ്യം.

പാണ്ഡവന്മാരുടെ അജ്ഞാതവാസകാലത്തു പാഞ്ചാലി വിരാടരാജധാനിയിൽ സൈരന്ധ്രിയായി താമസിക്കുന്ന ഭാഗമാണ് ആ ഗ്രന്ഥത്തിൽനിന്നു് ഇവിടെ ഉദ്ധരിച്ചിരിക്കുന്നതു്. പാഞ്ചാലിയുടെ സാമർത്ഥ്യം ഈശ്വരഭക്തിയുടെ മാഹാത്മ്യം ഇവ പ്രസ്തുത കവിതയിൽ സരസമായി വർണ്ണിക്കപ്പെട്ടിരിക്കുന്നു.]

1. സൈരന്ധ്രിയായ് ദാസികളെന്ന പോലെ
പാരംതദാനീം ഗൃഹകൃത്യജാലം
ഓരോന്നു ചെയ്താളവിടത്തിൽ മുന്നം
പാരിന്നു മുഖ്യേശ്വരിയായ കൃഷ്ണാ:

2. തുടുത്ത നൽത്താമരസത്തിനുള്ളം
മടുത്തകൈകൊണ്ടൊരു ചൂലു കൃഷ്ണാ
പിടിച്ചനേരത്തതയോഗ്യമെന്നോ-
ർത്തടിച്ചമട്ടായവിടം സമസ്തം.

3. മാണിക്യരത്നോപമ കാന്തി ചിന്തും
പാണിദ്വയത്താൽ ദ്രുപദേന്ദ്രപുത്രി
ചേണാർന്നഭംഗ്യാ മെഴുകും ദശായാം
ചാണംപരം കുങ്കുമമായ്ച്ചമഞ്ഞു.

4. വിളഞ്ഞ ഭംഗ്യാ കലശങ്ങളേററം
തെളിഞ്ഞ താൻകൈത്തളിർകൊണ്ടു കൃഷ്ണാ

കളങ്കമെന്ന്യേ കലശങ്ങളേന്തി
വിളങ്ങിനാൾ വൃക്ഷഗണം നനയ്ക്കാൻ.

5. എന്നും നടക്കാതൊരു ദിക്കതിൽത്താൻ
നിന്നാടൽതേടും ലതകൾക്കശേഷം
മന്നിൽച്ചരിക്കുന്നൊരു വള്ളിയായി
മിന്നുന്ന പാഞ്ചാലി ജലം കൊടുത്താൾ.

6. മായംവിനാ നന്ദന നിർവ്വിശേഷ-
മായിട്ടു പാഞ്ചാലി വളർക്കയാലേ
ഞായത്തിൽ നൽപ്പൂവന മങ്ങപാരം
ശ്രീയൊത്തുടൻ നന്ദനതുല്യമായി.

7. ചൊൽപ്പൊങ്ങിടും പാർഷതിതൻ കചത്തിൻ
നൽബ്ഭംഗി കാട്ടിക്കളിയാടിയേററം
പുഷ്പങ്ങൾ തൻ ഗന്ധരസങ്ങൾ തേടി
സൽഭൃംഗപോതാളി മദിച്ചു മോദാൽ.

8. പുത്തൻ മഴക്കാർകുഴൽ ദേവി കൃഷ്ണ-
യെത്തും വിധൌ കോകിലഗാനമോടേ
അത്യന്തമാൺമൈലുകളങ്ങുചെയ്താർ
നൃത്തം സദാ നർത്തകരെന്നപോലെ.

9. പാരം മരുൽപ്രേരണയാൽ തരുക്കൾ
ചേരുംവിധൌ പൌരജനങ്ങൾ പോലെ
നേരററിടും പാണ്ഡവപത്നി ചെല്ലു-
ന്നേരം നമിച്ചാർ തലതാഴ്ത്തി നന്നായ്.

10. പാരാതെ പാഞ്ചാലി പലാശികൾക്ക
നീരഞ്ഞു നൽകുമ്പൊളളിവ്രജങ്ങൾ
പൂരിച്ചുഝങ്കാരമിഷാൽ സ്തുതിച്ചാർ
പരേഷ്ട ദാനേഷു ജനങ്ങൾപോലെ.

11. പാഞ്ചാലിയാം ദാസിയൊടൊത്തു രാജ്ഞി
ചാഞ്ചാടി മോദാലെഴുന്നള്ളിടുമ്പോൾ
പാഞ്ചാലിതാൻ രാജ്ഞി; സുദേഷ്ണ ദാസി
ചാഞ്ചല്യമില്ലെന്നതു പാന്ഥരോർത്താർ.

12. വീശീടുവാൻ മാരുതിജായ കൃഷ്ണ
വീശം മടിക്കാതെ തുടങ്ങിടുമ്പോൾ
കേശാദിപാദാവധി രാജ്ഞിതൻ നൽ-
ക്ലേശം ജവാൽ തീർത്തിതു മന്ദവാതം.

13. ചൊല്ലൊങ്ങിടും ദ്രൗപദി തൊട്ടുകൊണ്ടു
നൽപ്പട്ടുടുപ്പിച്ചിടു മദ്ദശായാം
ഇപ്പട്ടു നിർമ്മിച്ചതു കല്ലുകൊണ്ടെ-
ന്നുൾപ്പൂവിലോർത്താളുടനേ സുദേഷ്ണ.

14. വെട്ടപ്പിലാപ്പാർഷതി നിശ്ചയിച്ചോ-
രുടുപ്പുകൾക്കെല്ലൊരു സമ്പ്രദായം
പഠിപ്പതിന്നായ് വനിതാജനങ്ങ-
ളടുത്ത രാജ്യങ്ങളിൽ നിന്നു വന്നാർ.

15. പഞ്ചാരവാക്കഞ്ചിത പുഞ്ചിരിപ്പാ-
ലഞ്ചാതെ കണ്ടിങ്ങനെ സൽഗുണങ്ങൾ
തഞ്ചുന്ന പാഞ്ചാലിയൊടൊത്തിണങ്ങാൻ
നെഞ്ചിൽക്കിളിക്കഞ്ഞുകൾ വാഞ്ഛപൂണ്ടാർ.

# 6. മഹാത്യാഗം.

[മനുഷ്യവർഗ്ഗത്തിൻെറ പാപപരിഹാരത്തിനുവേണ്ടി സ്വജീവനെ ബലികഴിച്ച മഹാത്യാഗിയായ ശ്രീയേശുഭഗവാൻെറ നിർമ്മലനാമധേയം ശ്രവിച്ചിട്ടില്ലാത്ത ഭൂനിവാസികൾ തുലോം അപൂർവ്വമായിരിക്കും. ദ്വീപാന്തരങ്ങളിൽപ്പോലും ആ ദിവ്യൻെറ തിരുനാമം കീർത്തിക്കപ്പെട്ടുകയും, ലോകത്തിലുള്ള വളരെ ജനങ്ങൾ തത്സ്ഥാപിതമായ മതത്തിൽ പരിപൂർണ്ണനിഷ്ഠരായി ജീവിക്കുകയും ചെയ്യുന്നു. സഹോദരപരിത്രാണത്തിനുവേണ്ടി യാവജ്ജീവം അശ്രാന്തപരിശ്രമം ചെയ്തിരുന്ന ആ മഹായോഗിയെ അവിവേകികളും നിഷ്ഠുരന്മാരുമായ വൈരികൾ കുററക്കാരനാക്കി ബന്ധിച്ച് നീചന്മാരായ ചോരന്മാരോടൊപ്പം മൃഗീയമായവിധത്തിൽ കുരിശിൽ തറച്ചു വധിക്കുകയാണുണ്ടായത്. പ്രാണവേദനയോടുകൂടി കുരിശിൽക്കിടന്നു പിടയ്ക്കുന്ന അന്തിമഘട്ടത്തിലും ലോകസമാധാനപ്രദങ്ങളായ ദിവ്യസന്ദേശങ്ങളാണ് അദ്ദേഹം അരുളിച്ചെയ്തത്. ശ്രീയേശുചരിതത്തിലെ അതിപ്രധാനവും ഹൃദയാവർജ്ജകവുമായ ഈ ഭാഗം ആലോചനാമൃതവും നിസർഗ്ഗസുന്ദരവുംകൂടിയായിട്ടുണ്ട്.]

1. വിവശനായ് പല പീഡസഹിക്കുമവോ-
രവസരത്തിലു മീശ്വരനന്ദനൻ
അവധിയററ പടിയ്ക്കേഴ മൻപിനാ-
ലവ മറന്നു പിതാവൊടപേക്ഷയായ്.

2. "ഇന്നാതാണരികൾ ചെയ്യുവതിപ്പോ-
ളെന്നറിഞ്ഞിടുവതില്ല പിതാവേ!
ഇന്നതേററ മനുകമ്പയൊടോത്ത-
ങ്ങന്നനുഗ്രഹമിവക്കരുളേണം."

3. ചങ്കിൽക്കട്ടപ്പമധികം കലരും ഭടന്മാർ
പങ്കിട്ടു പിമ്പു മിശിഹായുടെ വസ്ത്രമെല്ലാം
ശങ്കിച്ചു, തെല്ലുകലരാതെ ചമച്ചതാം മേ-
ലങ്കിക്കു ചിട്ടിയുമനന്തരമിട്ടെടുത്തു.

4. ചാകാതെ ചത്തു കുരിശാം മൃതിശയ്യയിന്മേൽ
ശോകാത്തനായുയിർ പൊരിഞ്ഞു കിടക്കുവോനാം
ലോകാധിനാഥസുതനുള്ളിലസഹ്യമാം മാ-
ലേകാനരാതികളനന്തര മേവമോതി.

5. "മിന്നു മീശ സദനം തകക്കിലോ -
നന്നുതീക്കുമതു മൂന്നുനാൾക്കകം
എന്നു മുന്ന മുരചെയ്തുനിൻ മിടു-
ക്കിന്നു കാട്ടുക മടിപ്പതെന്തെടോ!

6. അരിയനന്ദന നീശപരനെങ്കിലോ
കുരിശിൽ നിന്നു മിറങ്ങിനിരാകുലം
വരിക, നിൻപരിരക്ഷനടത്തി നീ
പരിഭവങ്ങളശേഷമൊഴിക്കണം."

7. അധിഗതം ജയമെന്നു കുചേഷ്ടിതാം-
ബുധികൾ വൈദികരോത്തു തദന്തരെ
നിധിലഭിച്ചവിധം വദനം തെളി-
ഞ്ഞധികമോദമൊടോതി പരസ്പരം.

8. "അരിയതുണ പലക്കും ചെയ്കിലിത്തന്നനൎത്ഥം
ത്വരിതമിവനൊഴിപ്പാൻ പാടവം തെല്ലുമില്ലേ?
ശരിയൊട്ടുമിസ്രായേൽ ഭൂപനാണെങ്കിലിപ്പോൾ
കുരിശിലെ നിജബന്ധം വിട്ടിറങ്ങാത്തതെന്തോ?"

9. "ഈശനാശ്രയ മിവന്നു പോൽ, ഞെളി-
ഞ്ഞീശപുത്രനിതി ചൊല്ലുവോനിവൻ,
ഈശനുണ്ടിവനി ലിഷ്ടമെങ്കിലീ
നാശമാർദ്രത കലൎന്നകററണം."

10. ഘോരമായ കുരിശിൽ ക്കിടന്നു ദു-
ൎവാരമാമഴൽ സഹിച്ചുഴന്നിട്ടും
ചോരനേകനിതുപോലനല്പമാം
നീരസം ഹൃദി കലൎന്നു ചൊല്ലിനാൻ.

11. "അനന്തനായ ദൈവത്തിൻ
തനയൻ ക്രിസ്തുവെങ്കിൽ നീ
നിനക്കും ഞങ്ങൾ രണ്ടാൾക്കും
വിനപററാതെ പോററണം."

12. ഉള്ളപോൽ പിഴകളോൎത്തു പേടി ത-
ന്നുള്ളതിൽ പെരുകിടുന്ന മററവൻ
തള്ളലൊത്തിവ കഥിച്ചു ദുഷ്ടനാം
കള്ളനോടരുളി ശാസനോക്തികൾ.

13. "അന്തമേററ മരികത്തടുക്കയാൽ
സന്തപിച്ചു വലയുന്ന നേരവും
അന്തരംഗമലിനത്വ മററിടുൻ
ചിന്തവിട്ടു പരനേപ്പഴിക്കയോ?"

14. വേണ്ടാസനത്തിനു മുതിൎന്നതിയാമകൃത്യം
നീണ്ടാചരിച്ചതിനു ശിക്ഷ നമുക്കുകിട്ടി;
വേണ്ടാ വിഷാദമതിനാലപരാധമേതും
തീണ്ടാത്തൊരാൾസുകൃതശോഭിതനീമനുഷ്യൻ."

15. ഇവ ചൊല്ലിയ പിമ്പു താപമുൾക്കൊ-
ണ്ടവനീശാത്മജനോടു കേണിരന്നു;
"തവരാജ്യമണഞ്ഞിടുമ്പൊളങ്ങ-
ന്നിവനേയും സദയം നിനച്ചിടേണം."

16. പങ്കമററ സുതനീശനവന്നാ-
തങ്കശാന്തി വരുമാറരുൾചെയ്തു;
"ശങ്കവേണ്ട, സരസം പറുദീസാ-
യിങ്കലിന്നിവനൊടൊത്തമരും നീ."

17. അരിയപീഡ സഹിപ്പൊരു യേശുവിൻ
കുരിശ്ശുതന്നരികിൽ കദനാഗ്നിയാൽ
പൊരിയുമുള്ളമൊടശ്രു നിരർഗ്ഗളം
ചൊരിയുമേറിയ നാരികൾ മേവിനാർ.

18. ഘനമെഴും കദനാസി കടന്നിടും
മനമൊടേററ മടുത്തനലാദ്രിപോൽ
അനഘനീശസുതന്റെ വിശുദ്ധയാം
ജനനി നിന്നു വിഷാദ നിമഗ്നയായ്.

19. വളരും വ്യഥമൂല മാലിലയ്യോ-
ത്തിളകും ചിത്തമൊടാ വധൂലലാമം
ഇളവററു വിഭാതചന്ദ്രനേപ്പോൽ
വിളറീടും തനയാനനത്തെ നോക്കി.

20. ഭിന്നാന്തരംഗത്തൊടു ശിഷ്യനാം യോ-
ഹന്നാന മപ്പെൺമണി തന്നടുക്കൽ
നിന്നാവരിഷ്ഠൻ ഗുരുവിൻ ചരിത്രം
നന്നായ് വിചാരിച്ചു ചൊരിഞ്ഞു കണ്ണീർ.

21. മാതാവിനേയുമതുപോൽ പ്രിയശിഷ്യനേയും
ശ്രീതാവുമീശസുതനൻപൊടു നോക്കി പിന്നെ;
മാതാവിനോ"ടിനി നിനക്കിവനാത്മജൻ;" "നിൻ-
മാതാവിതെ" ന്നനുഗനോടു മമന്ദമോതി.

22. കരസഹസ്ര മകന്നു തദന്തരേ
തരണി ബിംബമിരുണ്ടു മറഞ്ഞുപോയ്;
ഇരവിലേപ്പടി ക്രൂരികൾ കൂട്ടമായ്-
ധരയിലെങ്ങുമണഞ്ഞിതു വിസ്മയം!

23. "അനല്പമീയൂദജനത്തിനെല്ലാ-
മനൎത്ഥമെത്തുംബത! വൈകിടാതെ"
മനസ്സിലേവം ഭയമോടിവണ്ണം
നിനച്ചു വിദ്വേഷികൾ സംഭ്രമിച്ചു.

24. അനന്തരം താതനൊടേററമുച്ച-
സ്വനത്തിലൎത്ഥിച്ചിതു യേശുദേവൻ
"അനന്ത! സൎവ്വേശ്വര! സൂനുവാമീ-
ജ്ജനത്തെ നീയെന്തിനു സന്ത്യജിച്ചു?"

25. ഊഹിക്കുവാനുമെള്ളതല്ലതുപോലജസ്രം
ദേഹിക്കു നന്മകൾ ചൊരിഞ്ഞവനേ നിതാന്തം

സ്നേഹിച്ചിടുന്ന പരമൻ ജനകന്റെ പുത്രൻ
"ദാഹിച്ചിടുന്നിതിവനെ"ന്നരുൾചെയ്തു പിന്നെ.

26. ക്ഷണമരികൾ ചൊറുക്കാചേർന്ന നീർപ്പഞ്ഞിയേ ഞാ-
ങ്ങണവടിയിലുറപ്പിച്ചിട്ടു മേല്പോട്ടു പൊക്കി
ഗുണഗണനിധിയാകും ദൈവപുത്രൻ തദാ വാ-
യ്ക്കുണയുവൊരതിൽ നിന്നും തൃഷ്ണാശം വരുത്തി.

27. സുവൃത്തരാകാൻ വഴി മർത്ത്യരെത്തൻ-
പ്രവൃത്തിയാൽ കാട്ടി മനസ്സിലേവം
പ്രവൃദ്ധമാം തൃപ്തിയൊടോർത്തിടും പോൽ
"നിവൃത്തിയാ"യെന്നഥ ചൊല്ലി യേശു.

28. "അനഘപര! മദീയാത്മാവിനേ ഞാനിതാ മൽ-
ജനക! തവ കരാംഭോജത്തിലേൽപ്പിച്ചിടുന്നു"
വിനയമൊടഭിഷിക്തൻ പിമ്പിതിൻവണ്ണമുച്ച-
സ്വനമൊടുമരുളിത്തൻ ജീവനെസ്സന്ത്യജിച്ചു.

---

## 7. ഉഗ്രകോപം.

[ദക്ഷന്റെ പുത്രിയായ സതീദേവിയായിരുന്നു ശ്രീപരമേശ്വരന്റെ പത്നി. ഒരിക്കൽ ദക്ഷൻ ശിവനെ നിന്ദിച്ചതിനാൽ അവർ അന്യോന്യം ശത്രുക്കളായിത്തീർന്നു. ശിവനെ ക്ഷണിക്കാതെ ദക്ഷൻ നടത്തി

യ ഒരു യാഗോത്സവത്തിൽ ഭാഗഭാക്കാകുവാൻ ഉപഗതയായ സതീദേവിയെ സ്വപിതാവും യാജികനുമായ ദക്ഷൻ ഒട്ടും ബഹുമാനിച്ചില്ല. അപമാനഭീതിമൂലം നിരാശാഭരിതയായ സതി യോഗവഹ്നിയിൽ ദേഹത്യാഗംചെയ്തു. കോപിഷ്ഠനായ രുദ്രൻ ദക്ഷനെ ഹനിപ്പിച്ചു. നാകികളുടേയും പ്രത്യേകിച്ചു വിധാതാവിന്റേയും അപേക്ഷപ്രകാരം ആ ദക്ഷിണാമൂർത്തി ദക്ഷനെ സജീവനാക്കി രക്ഷിച്ചു.

ദക്ഷന്റെ ഉപാലംഭം, സതീദേവിയുടെ ദേഹത്യാഗം മുതലായ അനിഷ്ടസംഭവങ്ങളെക്കുറിച്ചു നാരദൻ ഗിരിശസന്നിധിയിൽ ഉണർത്തിക്കുകയും, അതു കേട്ടു രുദ്രൻ കോപിച്ച് ദക്ഷോന്മൂലനത്തിനു നിർബ്ബന്ധിതനായിത്തീരുകയും ചെയ്യുന്നതിനെപ്പററി കേരളവ്യാസൻ അഥവാ കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ തിരുമനസ്സുകൊണ്ട് ദക്ഷയാഗശതകത്തിൽ വർണ്ണിച്ചിട്ടുള്ള ഭാഗമാണ് ഈ പാഠം.]

നാരദൻ ശിവസന്നിധിയിൽ ഉണർത്തിക്കുന്നു:—

1. "ശംഭോ! ഹേ ദേവ ശംഭോ! തവ കഴലിണയിൽ
താണിതാ കൈതൊഴുന്നേൻ,-
നമ്പോ! നിൻ വൈഭവത്താൽ ഭുവനമിതു വിധാ-
താവു സൃഷ്ടിച്ചിടുന്നു,
അംഭോജാക്ഷൻ വിശേഷിച്ചിതു വിരവൊടു കാ-
ക്കുന്നു, കല്പാന്തകാലേ
നിൻപേരമ്പാ കടാക്ഷക്കടുകനലിലെരി-
ക്കുന്നു ചിക്കെന്നിതെല്ലാം.

2. കഷ്ടം നാനാവിധത്തിൽ തവ പട്ടത പരം
കണ്ടുകൊണ്ടിട്ടുമിപ്പോഠം
കാട്ടുന്നു നിൻ വിരോധം ശിവ ശിവ ശിവനേ!
ദക്ഷനും കൂട്ടുകാരും,
ഒട്ടും നിൻഭാഗമെന്ന്യേ പുതിയൊരു നിയമം
വെച്ചു യാഗങ്ങഠംകൂട്ടി-
ക്കെട്ടുന്നു, കണ്ടു ഞാനായവിടെയനുദിനം
കാട്ടിട്ടും ഗോഷ്ഠിയെല്ലാം.

3. സൈപരം സാക്ഷാൽ സതീദേവിയു മവിടെയെഴു-
ന്നള്ളിയെന്നിട്ടു പൊയ്യ-
ല്ലാരും മാനിച്ചതില്ലാ ഖലനിവഠം മകളെ-
ന്നുള്ളൊരമ്പ് ഭാവമില്ലാ
പാരിക്കും വീര്യമേറും പരമശിവ! ഭവൽ-
പത്നിയെന്നുള്ള മാനം
നേരിട്ടാരും നടിച്ചില്ലയിപരമവനിൽ-
പ്പേറിട്ടും പേടിമൂലം.

4. നിൻ വീര്യംകൊണ്ടുദിച്ചോരുടലിതു കളയു-
ന്നുണ്ടു ഞാൻ ദേവനെന്നൊ-
ത്തനപീ ദാക്ഷായിണീയെന്നരുളുമധികമാ-
യൂന്നിട്ടും നാണമോടേ.
എൻവിഡ്ഢിത്വം ഭവാൻതൻഭവനമിതുല്ലടൻ
വന്നതെന്നും പറഞ്ഞി-
ട്ടെൻവാക്കിൽഭോഷ്കിതല്ലേപൊരിയെരികനലിൽ
ചുട്ടു പൂമേനിയയ്യോ!

5. ഈ യാഗം ഞങ്ങളിപ്പോൾ പട്ടതയൊട്ട നശി-
പ്പിച്ചിടുന്നുണ്ടതെന്നായ്
കയ്യുംക്കോടാഞ്ഞതുക്കം തവ ഭടനിരയെ-
ത്തൻ തപസ്സിൻബലത്താൽ
കയ്യോടെ തൽക്ഷണത്തിൽ ഭൃഗുമുനി ചിലരെ-
ത്തീയിലുണ്ടാക്കിയേതും
വയ്യിന്നോർത്താനെതൃപ്പിച്ചൊരുവിധമവരെ-
ക്കൊണ്ടു തോല്പിച്ചയച്ചു."

6. ഭുജംകൊണ്ടു കൂപ്പിസ്തുതിച്ചന്നിവണ്ണം
"ഭുജംഗ പ്രയാതാം"ഗനോടോതി നേരേ
നിജാംഗം ഹരൻതൻെറ തൃക്കാൽക്കൽ വീഴി-
ച്ചജാംഗോത്ഭവൻ നിന്നു തന്നന്തികത്തിൽ.

7. പെട്ടെന്നീ നാരദൻതൻ മൊഴിയതു ഭഗവാൻ
കേട്ടനേരത്തുടൻ ദി-
ക്കെട്ടും പൊട്ടുന്നമട്ടിൽ പൊട്ടുപൊടെയുടനൊ-
ന്നട്ടഹാസം പൊഴിച്ചാൻ,
കട്ടത്തീവൃഷ്ടിപെട്ടീടിന തിരുമിഴി തെ-
ല്ലൊന്നു കാണിച്ചു തൻ കൈ-
കൊട്ടിപ്പൊട്ടിച്ചിരിച്ചാൻ, അരിയിവനധികം
തുച്ഛനെന്നുച്ചലിച്ചാൻ.

8. അപ്പോളാച്ചന്ദ്രചൂഡൻ തിരുവുടലുടനേ-
കോപമോടും വിറച്ചു,
ചൊല്ലൊഞ്ഞീടും ജടാവല്ലിയുമഹഹ പറി-
ച്ചന്നിലത്തിട്ടടിച്ചു,

ഒപ്പം ശബ്ദം ജനിച്ചു, പുനരുടനവിട-
ന്നേകനങ്ങൽഭവിച്ചു
ക്ഷിപ്രം തൻ്മമനി വാച്ചു ക്ഷണമഥ സഭയം
നാരദൻ കണ്ണടച്ചു.

9. തീയൊക്കുന്നോരു വൻചെഞ്ചിടയുമധികമാം
ഫാലദേശത്തു കട്ട-
ത്തീയൊക്കുന്നോരു കണ്ണും കനലിനൊടെതിരാ-
കുന്ന മററുള്ള കണ്ണും
കയ്യൊക്കും ക്രൂരശൂലം പരശു ഗദ തുട-
ങ്ങിട്ടനേകായുധം വ-
ന്മെയ്യൊക്കും ഭസ്മ മാനത്തുകില്വ മിവ പരം
പാക്കുകിൽ പേടിവീക്കും.

10. വടിവൊടവനടുത്തു താണുകുപ്പി-
ട്ടുടനെഴുനേൽക്കുമതിന്നു മുമ്പുതന്നെ
"ഝടിതി സഗണനായ ദക്ഷനെക്കൊ-
ന്നിടുക ഗമിക്കുക"യെന്നു രുദ്രനോതി.

11. വിങ്ങീടും വീരഭദ്രദ്ധ്വനിയുലകിൽ മുഴ-
ങ്ങുന്ന നേരത്തു ഭൂതൌ-
ഘങ്ങൾക്കുത്സാഹമേറിപ്പുനരവരഖിലം
ചാരവേ ചെന്നുചേൻ്റു
മങ്ങാതേ നന്ദികേശ പ്രഭൃതികളൊടു മൊ-
ന്നിച്ചഹോ വീരഭദ്രൻ
ഭംഗം ഭൂമിക്കു ചേരുംപടിയുടനടി വ-
ച്ചോടിപ്പാൻ തെക്കുനോക്കി.

12. ചിക്കെന്നൊട്ടക്ഷയാഗക്ഷിതിയതിലമരും
 ദിവ്യലോകം വടക്കൻ-
ദിക്കിൽ പൊങ്ങുന്ന ധൂളിപ്രകരമതു പരം
 കണ്ടു പേടിച്ചു കൊണ്ടു്
ഇക്കോലും ധൂളിയെന്തോ പൊരുതു പതറിടും
 ദസ്യുവർഗ്ഗങ്ങളാവി-
ല്ലോക്കിൽ പ്രാചീന ബർഹിസ്സലകിതു ദൃഢ ദ-
 ണ്ഡേന കാക്കുന്ന കാലം.

13. കാണായ്വന്നീവിധത്തിൽ കരുതിടുമളവിൽ
 കാലവൈരിപ്പടക്കാർ
ചേണാർന്നാർത്താർത്തടുക്കുന്നതുമതിലൊരുവൻ
 നില്പതും ഘോരനായി,
വീണ്ടുപേടിച്ചനേകം ജന, മതിഹ വരും
 ശങ്കരദ്വേഷികൾക്കെ-
ന്താണെന്നുണ്ടോ, പെട്ടം ദുർഘടമിതു ചില സ
 ത്തുക്കൾ ചിന്തിച്ചിരുന്നു.

---

## 8. സ്വയംകൃതാനർത്ഥം.

[ശ്രീബുദ്ധഭഗവാൻെറ ചരിതാമൃതാർണ്ണവത്തിലെ ഒരു ബിന്ദുവിനെ ഉപജീവിച്ചു് മഹാകവി കുമാരനാശാൻ നിർമ്മിച്ച 'കരുണ'യിലെ ഒരു ഭാഗമാണു് ചു

വട്ടേ ചേർത്തിരിക്കുന്നതു്. പണ്ടു് ഉത്തരമധുരാനഗരത്തിൽ ലോകൈകസുന്ദരിയായി 'വാസവദത്ത' എന്നു വിശ്രുതവിഖ്യാതയായ ഒരു പരിവ്രാജികയുണ്ടായിരുന്നു. തന്നെ സമീപിച്ച ജാരന്മാരിൽ ഒരുവനെ, ദ്രവ്യാഗ്രഹത്താൽ വഞ്ചിച്ചു് അവൾ മൃതിപ്പെടുത്തി. നീചനീചമായ ഈ കൃത്യത്തിന്നു് അന്നത്തെ ഭരണകർത്താവിനാൽ വിധിക്കപ്പെട്ടു്, ശിക്ഷയേററു ശ്മശാനത്തിൽ കിടക്കുന്ന അവളുടെ അന്ത്യകാലചിത്രമാണു് ഈ കവിതയിൽക്കൂടി കവി നമ്മെ കാണിച്ചുതരുന്നതു്. മുമ്പു് 'ഉപഗുപ്തൻ' എന്നൊരു ബുദ്ധശിഷ്യനിൽ അവൾക്കു് ദർശനമാത്രയിൽത്തന്നെ യഥാർത്ഥപ്രേമം അങ്കുരിക്കുകയും, തൻെറ ആകാംക്ഷയെ അവൾ അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തിരുന്നു. ദേഹസുഖാദികളിൽ ഭ്രമിച്ചു കൃതദുഷ്കൃത്യയായി ഒടുവിൽ അംഗവിച്ഛേദനമേററു മൃത്യുവശഗയാകുവാൻ പോകുന്ന വാസവദത്തയെ അദ്ദേഹം സമീപിക്കുകയും, ധർമ്മോപദേശത്താൽ ആത്മശോധനം ചെയ്യിച്ചു് ആശ്വസിപ്പിക്കുകയും ചെയ്യുന്ന കഥയാണു് ഇതിൻെറ അനന്തരഭാഗം.]

(നതോന്നത)

അഴകോടന്നഗരത്തിൽ തെക്കുകിഴക്കുവഴി-
യൊഴുകും യമുന തൻെറ പുളിനം കാൺമൂ
ഇളമഞ്ഞവെയിൽ തട്ടി നിറം മാറി നിലവിണ്ണിൽ
വിളങ്ങുന്ന വെൺമുകിലിൻ നിരകണക്കേ

ജനരഹിതമാം മേലേക്കരയിലങ്ങങ്ങ കരും-
പനയും പാറയും പുറവും പാഴ്ച്ചെടികളും
വെളിയിടങ്ങളും വായ്ക്കും സ്ഥലം കാണാം ശൂന്യതയ്ക്കു
കളിപ്പാനൊരുക്കിയിട്ട കളം കണക്കെ
നെടിയ ശാഖകൾ വിണ്ണിൽ നിവന്നു മുട്ടിയിലയും
വിടപങ്ങളും ചുരുങ്ങി വികൃതമായി.
നടുവിലങ്ങ നിൽക്കുന്നു വലിയോരശ്വത്ഥം, മൂത്തു
തടികൾ തേഞ്ഞും തൊലികൾ പൊതിഞ്ഞു വീർത്തും.
ചടുലദലങ്ങളിലും ശൃംഗഭാഗത്തിലും വെയിൽ
തടവിച്ചു വന്നു കാററിലിളകിമെല്ലെ,
തടിയനരയാലതു തലയിൽ തീകാളും നെട്ടം-
ചുടലബ്ഭൂതാ കണക്കേ ചലിച്ചു നിൽപൂ.
അടിയിലതിൻ ചുവട്ടിലധികം പഴക്ക മായ്ക്കൂ-
ല്ലുടഞ്ഞും പൊളിഞ്ഞു മുണ്ടൊരാൽത്തറ ചുററും
ഇടുങ്ങിയ മാളങ്ങളിലിഴഞ്ഞേറും പാമ്പുകൾ പോൽ
വിടവുതോറും പിണഞ്ഞ വേരുകളോട്ടം.
പറന്നടിഞ്ഞരയാലിൻ പഴുത്ത പത്രങ്ങളൊട്ടു
നിറം മങ്ങി നിലം പററിക്കിടപ്പൂ നീളേ,
ഉറുമ്പിഴയ്ക്കു മരിയു മുണങ്ങിയ പൂവും ദർ-
മുറിത്തുമ്പും മറവും ചേർന്നു ചിതറിച്ചിന്നി.
അകലത്തൊരു മൂലയിൽ കെട്ടുന്ന കനലിൽ നിന്നു
പുകവല്ലി പൊങ്ങിക്കാററിൽ പടർന്നുവന്നു.
ചികഞ്ഞെടുത്തെന്തോ ചിലദിക്കിൽ നിന്നു ശാപ്പിടുന്നു
പകലെന്നോക്കാതെ ക്രൂരൻ കുറുനരികൾ.
കുറിയോരങ്കുശം പോലെ കൂർത്തു വളഞ്ഞുള്ള കൊക്കു
നരയെക്കൊത്തി വലിച്ചും നഖമൂന്നിയും

ഇരയെടുക്കുന്ന പെരുങ്കഴുകുകൾ ചില ദിക്കിൽ
പരിഭ്രമിയാതിരുന്നു ഭയങ്കരങ്ങൾ.
ഉടഞ്ഞ ശംഖു്പോലെയു മുരിച്ചു മുറിച്ചു വാഴ-
ത്തടപോലെയും തിളങ്ങു മസ്ഥിഖണ്ഡങ്ങൾ
അവയവശിഷ്ടങ്ങളായടിഞ്ഞു കിടക്കുന്നുണ്ടൊ-
ട്ടവിടവിടെ മറഞ്ഞും മറയാതെയും.
അരയാൽത്തറവരെയും വടക്കു നിന്നൊത്തുന്ന കാൽ-
പെരുമാററം കുറഞ്ഞ പാഴ്നടയ്ക്കാവിൻെറ,
പരിസരങ്ങളിൽ ഭസ്മപ്പാത്തികൾ കാണുന്നു ചുററും
കരിക്കൊള്ളിയും കരിഞ്ഞ കട്ടയുമായി,
ഉടലെടുത്ത നരന്മാൎക്കൊന്നുപോലേവൎക്കും ഭോജ്യ-
മിടരററു പിതൃപൈതാമഹസമ്പ്രാപ്തം,
ഇടമിതിഹലോകത്തിൻ പരമാവധിയാണൊരു
ചുടുകാടാണതു ചൊല്ലാതറിയാമല്ലോ.
മരത്തിൻപിന്നിൽ കൊക്കുകൾ പിളൎത്തിപ്പറന്നും വീണ്ടും
വിരവിൽ വാങ്ങിയും വീണ്ടുമോങ്ങിയുമിതാ,
കാട്ടീടുന്നെന്തോ ശല്യങ്ങൾ കണ്ടു കോലാഹലത്തോടും
കാട്ടെലി വേട്ടയിൽപ്പോലെ മലങ്കാക്കകൾ,
അഹഹ! കഷ്ടമിങ്ങിതാകുനിഞ്ഞിരുന്നൊരു നാരി
സഹിയാത താപമാൎന്നു കരഞ്ഞിടുന്നു,
കരവല്ലിയൊന്നിൽ കാകതൎജ്ജനത്തിന്നേന്തിയുള്ളൊ-
രരയാൽ ചില്ലയാട്ടിയു മശ്രു വൎഷിച്ചും,
കരിയും ചാമ്പലുംപോലെ കറുത്തോരപ്പക്ഷികൾതൻ
ചരിഞ്ഞ നോട്ടങ്ങൾക്കേകെ ശരവ്യമായി,

അരികിൽ കാണുന്നുചേലച്ചീന്തിനാൽമറഞ്ഞു നാല്പാ-
മരമരിഞ്ഞു കൂട്ടിയ മാതിരിയേതോ,
അതുമല്ലവരുതൻ മുമ്പിലാൽത്തറമേൽ നീണ്ടു രൂപ-
വിധുരമാ മൊരു പിണ്ഡം വസ്രൂവിലാമായ്,
രുധിരാക്തമായി വില്പാനിറക്കിയിട്ട കുങ്കുമ-
പ്പൊതി പോലെ കിടക്കുന്നു പുതച്ചു മൂടി.
ഝടിതിയങ്ങിതാപാരം ചാരുവായ് പ്രാംശുവായ് നിഴൽ
പടിഞ്ഞാറു വീശുമൊരു ഭാസുരാകൃതി
നടയ്ക്കാവൂടെ വരുന്നു, ഭാനുമാനിൽ നിന്നു കാററിൽ
കടപൊട്ടിപ്പറന്നെത്തും കതിരു പോലെ.
പാവനമാം മുഖ പരിവേഷമൊന്നു മുശ്ധ യുവ-
ഭാവമോട്ടും ക്രൂറെഴും വാർമിഴികളോട്ടും,
ആ വരും വ്യക്തി നൂനമൊരാഢ്ഥതനാം മെയ്യിൽ മഞ്ഞ-
ച്ചീവരം കാണുന്നു, കൈയിൽ ചട്ടി കാണുന്നു,
ഭിക്ഷതേടി വരികയില്ലിവിടെ യിവനെന്നല്ലി-
ബ്ഭിക്ഷു പാശുപതനല്ല ചുടല പൂകാൻ,
ഇ ക്ഷണം മുങ്ങമാക്കാ കൈയേകുവാൻ പോന്നൊന്നും
തോന്നും
ദക്ഷതയും ത്വരയും ദാക്ഷിണ്യവും കണ്ടാൽ.
ശരി ശരി! പരദുഃഖ ശമനമോർത്തല്ലോ മുററും
ശരണത്രയീധനന്മാർ ഭിക്ഷ തെണ്ടുന്നു.
തിരിഞ്ഞു രക്ഷനൽകുന്ന ദേവതകളല്ലോ സാക്ഷാൽ
ധരണിയിൽ നടക്കു മിദ്ധമ്മദൂതന്മാർ.
അടുക്കുന്നിതവൻ, പറന്നകലുന്നുടൻ കാക്കകൾ
ഞെട്ടുങ്ങിയാരാഗം കണ്ടു പകച്ചു ധന്യൻ,

മടുത്തുനിൽക്കുന്നു; പിന്നാമ്മഹിള മാഴ്കി വാണീടു-
മിടത്തെത്തുന്നു; കണ്ടവം സംഭ്രമിക്കുന്നു.
"വാസവദത്ത താനോ യീവിപന്നാമാം പ്രിയജനം?
നീ സദയം ചൊൽക ഭദ്രേ; 'ഉപഗുപ്തൻ' ഞാൻ"
എന്നാലിഞ്ഞുഴറി യവനരയ്ക്കുന്ന പുതച്ചവം
തന്നരികിൽക്കിടക്കു മത്തടിയെ ച്ചുംബി,
ഉടനപ്പിണ്ഡ മന്നങ്ങാനൊരുങ്ങന്നിതഹോ! പുറ-
പ്പെടുന്നു ഞെരുങ്ങി ശബ്ദം ദീനദീനമായ്
മൃതസഞ്ജീവിനിഃയായി വാക്സുധ? യിവൻെറ നാമ-
ചതുരക്ഷരി താനിത്ര ശക്തിയാന്നതോ?
അംഹഹ! മൃത്യുവിന്നിരുട്ടാഴിയിൽ മുങ്ങിയ സത്വം
മുഹുരിന്ദ്രിയവാതിലിൽ മുട്ടുകല്ലല്ലി?
തലന്തുണവരികല്ലീ, കൃമികോശം തന്നിൽ നിന്നു
ശലഭം കണക്കേ, ചേലച്ചുരുളിൽ നിന്നും?
അതുമല്ലഹഹാ മുക്കാലും പാഴ്മുകിൽ മൂടി, വിഭാത-
മതിവീണു കിടക്കുന്നിങ്ങതിൽ കാണുന്നു,
ജടിലമാം കുറുനിര ചിന്നിടും ശ്വേതമാം വളർ-
നിടിലവും മയ്യുഴിഞ്ഞ നേത്രയുഗവും,
അസംശയമൊരു നാരീമുഖം താനിതാ നയനം
സുസംവൃതമാമിത്തനു വികലാംഗം താൻ.
സസംഭ്രമം പഴക്കത്താൽ ഭ്രലത താനുണന്നോ
പ്രസംഗിപ്പാനൊരുങ്ങുന്നു ഫലിക്കായ്കിലും
ശരി, യസ്സു ചനകണ്ടു ചീവരഖണ്ഡത്താൽ തോഴി-
യരികിൽ കാക്കതെണ്ടിട്ട മപ്പദാർത്ഥത്തെ
അധികം മൂടുന്നു വിരിഞ്ഞുപ്പുമാൻ കാണാതെ ഹന്ത!
മൃതിയിലും മഹിളമാം മറക്കാ മാനം!

പഴതേയാണ ധവായി പ്പരിഭ്രമമെടോ തോഴി
കഴിയാ നിനക്കിവൻെറ കണ്ണു മൂടുവാൻ,
മറവിൽ കിടക്കും ജന്മമൃതി കാരണങ്ങൾ പോലു-
മറിയും സൂക്ഷ്മദൃക്കാകു മാർഹതനിവൻ.
കമ്പമെന്തിനതുമല്ലീ യവയവഖണ്ഡങ്ങൾ നിൻ-
മുമ്പണയും മുമ്പുതന്നെ കണ്ടുപോയിവൻ,
അമ്പിനോടു മിവനുടെ യുടമസ്ഥയിക്കിടക്കും
ചെമ്പകമേനിയാളെന്നും ഗ്രഹിച്ചുപോയി.
തുണിത്തുണ്ടിൽ മറയാതെ കാണുന്നു വെള്ളിക്കൊട്ടവി-
ലണിഞ്ഞ കോലരക്കിൻ ചാരുണങ്ങിപ്പററി,
പാടലകോമളമായ പാദതാരും പരം നൃത്ത-
മാടി യയവാന്ന ചാരു നരിയാണിയും,
കാഞ്ചനകിങ്കിണിയണിത്തളകൾ തൻ മൃദുകിണ-
ലാഞ്ചരനരമ്യമാം പുറവടിയും പൂണ്ടു,
താഴംപൂ മൊട്ടൊത്ത കണങ്കാൽ മുറികളിതാ! മുട്ടിൻ
താഴെച്ചോരയൊലിച്ചാന്ന വേട്ടകളോട്ടും,
അടുത്തു താനതാ! ഹന്ത! മയിലാഞ്ചിയണിഞ്ഞല്പം
തുടുത്തും തന്ത്രികൾ മീട്ടും തഴമ്പു പൂണ്ടും,
മൃദുമിനുസമാം നഖം മിന്നി നന്മണി മോതിര-
മതിചിരമണിഞ്ഞെഴും പാട്ടുകൾ തങ്ങി,
കോമളമായ് ത്തുമ്പുകൂത്ത വിരല്ലലും കരം കാൺമൂ
ഹേമപുഷ്പം പോലെ രക്തകുങ്കുമാക്തമായ്.
രോമങ്ങൾമയിർക്കൊള്ളു മോക്ഷമ്പാൾ കഠിനമയ്യോമുറിച്ചു
ഭൂമിയിലെറിഞ്ഞതാരി പ്പൂവലംഗങ്ങൾ!
ഹാ! മിന്നുന്നിപ്പോഴമിവ—വിലപ്പരിച്ഛേദിച്ചില്ല
കാമരാജ്യത്തിങ്കൽ മുമ്പിക്കല്ലുകൾക്കാരും,

വാസവദത്ത താനിവൾ, ഇവൾതാൻ മലർ മററത്താ-
വാസരാന്തത്തിൽ നാം കണ്ട വിശ്വമോഹിനി.
ഹാ! സുഖങ്ങൾ വെറും ജാലം ആരറിവൂ നിയതിതൻ
ത്രാസു പൊങ്ങുന്നതും താനേ താണു പോവതും?
മലിനകന്ഥയാലംഗം മറിച്ചോരുടൽ മൂടിയ-
ന്നിലയിലിരുന്നോളിവൾ കിടപ്പായയ്യോ,
ഇലയും കലയുമരിഞ്ഞിടവെട്ടിമുറിച്ചിട്ട
മലവാഴത്തടിപോലെ മലർന്നടിഞ്ഞു!
ചോരരാരുമിവളുടെ ചുവരു തുരന്നിടഞ്ഞി-
ഗ്ഘോരകൃത്യം ചെയ്തതല്ല, ധനമോഹത്താൽ;
വാരുണീ മത്തരാം വല്ല വിടരും കലഹത്തിലീ
വാരനാരിയാളെ വെട്ടിമുറിച്ചതല്ല;
സാരമാം മന്ത്രഭേദത്തിൽ സംശയിതയായിവൾക്കി-
ഗ്ഘോരശിക്ഷ തൻ കോയിമ വിധിച്ചതല്ല;
എന്തിനന്യവിപത്തുകളഥവാ തേടുന്നു കഷ്ടം!
സ്വാന്തവാളാൽ സ്വയം വെട്ടി നശിപ്പൂ മർത്ത്യർ!

---

## 9. ഒരു വീരമാതാവ്.

[ഈ ഭാഗം സാഹിത്യഭൂഷണൻ മഹാകവി റാവുസാഹിബ് ഉള്ളൂർ. എസ്സ്. പരമേശ്വരയ്യർ എം. ഏ; ബി. എൽ; എം. ആർ. ഏ. എസ്സ്. അവർകളുടെ ഒരു ഖണ്ഡകാവ്യമാണു്. അദ്ദേഹത്തിൻെറ കവിതകളിൽ സർവ്വത്ര പരിലസിച്ചുകാണുന്ന ആശയ

ഗാംഭീര്യവും, ഭാവനാസൌകുമാര്യവും, ഉല്ലേഖനവൈ ചിത്ര്യവും പ്രശംസാർഹങ്ങളത്രേ. ഭാവനാപരമായും, രചനാസംബന്ധമായും, ഈ വന്ദ്യമഹാകവിയുടെ കാവ്യരത്നങ്ങൾക്കുള്ള പ്രാഗത്ഭ്യവും ആകർഷകത്വവും സുപ്രസിദ്ധമാണല്ലോ. അദ്ദേഹത്തിന്റെ "ഹിര", "വീരമാതാവു്" മുതലായവ ഉചിതമായ ഭാവനയ്ക്കും, "സുഖം സുഖം", "തത്വചിന്ത" ആദിയായവ വിചാരത്തിനും, "മംഗളമഞ്ജരി", "ഭക്തിദീപിക" തുടങ്ങിയുള്ളവ രചനയ്ക്കും പ്രാധാന്യം അർഹിക്കുന്ന കൃതികളാകുന്നു.

കേരളകാളിദാസനാൽ ആരബ്ധങ്ങളായ നവീന സാഹിത്യശാഖകൾക്കെല്ലാം പരിപുഷ്ടവും ഉന്നതവുമായ ഒരു നിലയുണ്ടാക്കിത്തീർത്തതു സാഹിത്യഭൂഷണൻ ഉള്ളൂർവർകളാണു്. ആദ്യം മഹാകാവ്യപ്രസ്ഥാനത്തിനും, തദനന്തരം ഖണ്ഡകാവ്യപ്രസ്ഥാനത്തിനും ഭാഷാസാഹിത്യത്തിൽ സുപ്രതിഷ്ഠയുണ്ടാക്കിയതും ആ മഹാനുഭാവൻതന്നെയാണു്. മഹാകവിയുടെ അനുസ്യൂതമായ ഗവേഷണത്താൽ ഭാഷാസാഹിത്യത്തിനു് അനർഘമായ സമ്പൽസമൃദ്ധിയുണ്ടായിട്ടുണ്ടു്. അദ്ദേഹത്തിന്റെ താത്വികചിന്തകളിൽനിന്നുള്ള ധർമ്മോപദേശങ്ങൾ കേരളീയരിൽ നവ്യമായ പ്രബുദ്ധതയുളവാക്കുവാൻ പര്യാപ്തങ്ങളാണു്.

മലയാളഭാഷാപോഷണത്തിനുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ളതും, ചെയ്തുകൊണ്ടിരിക്കുന്നതുമായ പ്രശസ്തസേവനത്തെ അനുസ്മരിച്ചു മലയാളികൾ എന്നും

അദ്ദേഹത്തോടു കൃതജ്ഞരായിരിക്കേണ്ടതാണ്. സാഹിത്യത്തിൻെറ സർവ്വശാഖകളിലുമായി രചിച്ചിട്ടുള്ള അമൂല്യകൃതികളുടെ വൈപുല്യത്തേയും മാഹാത്മ്യത്തേയും ആദരിച്ചു മഹാകവി ഉള്ളൂരവർകളെ സാഹിത്യസാർവ്വഭൌമനായി ഗണിച്ചുപോരുന്നു. ഉമാകേരളം, കർണ്ണഭൂഷണം, താരഹാരം, പിംഗള, ഭക്തിദീപിക, മണിമഞ്ജൂഷ, തരംഗിണി, ഹൃദയകൗമുദി, കിരണാവലി മുതലായി പ്രസിദ്ധങ്ങളായ അനേകം കൃതികൾ അദ്ദേഹം രചിച്ചിട്ടുണ്ട്.]

“ശപസിച്ചു ചാകുന്നതിലെത്രമെച്ചം
മരിച്ചുജീവിപ്പതു മന്നിടത്തിൽ
അതോർത്തു നീ ചെയ്യുക നിൻെറധർമ്മം!
അതിന്നപ്പുറത്തേയ്ക്കധികാരി ദൈവം!!”

എന്നു പറഞ്ഞു് ഒരു മാതാവു് തൻെറ ഏകപുത്രനെ സമരാങ്കണത്തിലേയ്ക്കു്—ശത്രുസമീപത്തേയ്ക്കു്—അയയ്ക്കുന്ന കരുണാത്മകമായ ഈ ലഘുകൃതി മഹാകവിയുടെ ഭാവപ്രാധാന്യത്തിനു നിദർശനമായി പരിലസിക്കുന്നു. കവിയുടെ അഭിജ്ഞമായ കവിഹൃദയത്തിൽനിന്നു പ്രതിദ്ധ്വനിക്കുന്ന കല്പനാവൈദഗ്ദ്ധ്യവും, കാവ്യകലാവൈഭവവും, രസോൽകർഷവും ഔചിത്യദാബാധവും ഈ പാഠത്തിൽ സവിശേഷം പ്രകാശിച്ചുകാണുന്നുണ്ടു്. കൊച്ചിരാജകുടുംബത്തിലെ ഒരു രാജകുമാരൻ കോഴിക്കോട്ടു സാമൂതിരിയുമായുണ്ടായ സമരത്തിൽ വീരസ്വർഗ്ഗം പ്രാപിച്ച ഒരു വിശിഷ്ടസംഭവമാണ് ഈ ഖണ്ഡകവിതയിലെ ഇതിവൃത്തം.]

1. പെരുമ്പടപ്പൂഴി പടന്നിരുന്ന
പെരുമ്പടപ്പൂഴിയിൽ മുമ്പൊരിക്കൽ
കോയിക്കലെച്ചയ്യൂമറേത്തിനായ്ച്ചെ-
ന്നിരുന്നു രാജന്യ കുമാരനേകൻ.

2. അടക്കളം തേടിനൊരഗ്രജക്കു-
ള്ളനന്തരോദന്ത മറിഞ്ഞിടാതെ
പൊന്നുണ്ണിത്തൻ പൂങ്കവിൾ വിട്ടിരുന്നു
താരുണ്യമർപ്പിച്ച ചുമപ്പുഛായം.

3. ദുരന്തചിന്താ വിഷമജ്വരത്താൽ
ദൂനൻ നൃപനപ്പൊളടിക്കലെത്തിൽ
കായം കുറെ കൈക്രിയ കാട്ടിയാലും
പ്രാണൻ രണക്ഷോണിയിലായിരുന്നു.

4. മനസ്വിനീ മൌക്തിക മാലയായ
മാട ക്ഷമാ മണ്ഡല ഭാഗ്യലക്ഷ്മി
തൻ തൈക്കിടാവിങ്ക ലണച്ചിരുന്നു
താല്പര്യവിസ്താരിത ദൃഷ്ടിപാതം.

5. ഓടിക്കിതച്ചെത്തിന ദൂതനേക-
നൊരോലയപ്പോൾ തിരുമുമ്പിൽവച്ചു
അവന്റെ കണ്ണീരിൽ നനഞ്ഞൊരക്ക-
ത്തച്ഛ്രപ്രകാശാക്ഷരമായിരുന്നു.

6. ഒററക്കരം സ്വല്പമൊരന്നഗോളം
മറേറക്കരം മർമ്മഗ പത്രബാണം
ഇമ്മട്ടിലേന്തും പ്രഭുവിൻ വയസ്സ-
ന്നേറെക്കവിഞ്ഞാൽ പതിനെട്ടുമാത്രം.

7. സ്വദുർല്ലലാടാക്ഷരമാല തന്റെ
സൂക്ഷ്മപ്രതിച്ഛന്ദകമെന്നപോലെ
കാണായൊരപ്പത്രമെടുത്തുനോക്കി
കരംത്തുടിപ്പേറിന കാശ്യപീന്ദ്ര.

8. "പകച്ചിറങ്ങിപ്പടവെട്ടിയെന്റെ
രണ്ടേട്ടരും പെട്ടരുളിക്കഴിഞ്ഞു;
അങ്കം നടക്കുന്നു മുറയ്ക്കു; തായേ!
ഞാനെന്തു മേൽവേണ മതോതിയാലും."

9. എന്നോതി വീർപ്പേറിയിടയ്ക്കു വാക്കു
തട്ടിത്തടഞ്ഞോരു കഴുത്തുയർത്തി
തപ്താശ്രു തങ്ങും മിഴി രണ്ടു മോമൽ-
ത്തങ്കക്കുടം തായുടെ നേർക്കയച്ചു.

10. സന്ധ്യാംബരം പോലെ മകന്റെ ഘനാട്ടം
ശങ്കാതമിസ്രാങ്കമിയന്നു കാൺകെ
തണ്ടാർ തളർന്നാമ്പൽ വിരിഞ്ഞിടാത്ത
വാപിക്കുനേരായ് ജനനിക്കു വക്ത്രം.

11. ആ വീരമാതാവിനിതേവരയ്ക്കു-
മപത്യവാത്സല്യമനോരമങ്ങൾ
ആ ലാക്കിൽ നേത്രങ്ങൾ പകർന്നു കാണാ-
യാക്ഷേപ രൂക്ഷേക്ഷണ ദക്ഷിണങ്ങൾ.

12. വളഞ്ഞ ചില്ലിക്കൊടി ചൊവ്വിൽ വച്ചും
വഹ്നിസ്ഫുലിംഗം മിഴികൊണ്ടുതിർത്തും
മകന്റെ നേർക്കമ്മ വലിച്ചുവിട്ടാൾ
വാഗ്രൂപമായുള്ളൊരു വജ്രബാണം.

13. "എന്തോതി നീയെൻമകനേ? മരിച്ചു
രണ്ടേട്ടരും; ഞാനിനിയെന്തു വേണം?
എന്നോ, നിനക്കമ്മയെ-യെന്നെ-നോക്കി-
ച്ചോദിക്കുവാൻ തോന്നിയ ചോദ്യമിപ്പോൾ?

14. ആദ്യം കുലോദ്ധാരകരാകുവാൻ ര-
ണ്ടാൺമക്കളുണ്ടായ് ച്ചരിതാൎത്ഥയാം ഞാൻ
തദ്ദൃഷ്ടിദോഷം മറവാനൊടുക്കം
പെൺപെട്ടയെപ്പെററൊരു പൊട്ടിയായി!!

15. കാഴ്ചയ്ക്കുള്ളും പൂരുഷനെന്നു തോന്നി;
കാൎയ്യം വരുമ്പോളൊരു ഭീരുമാത്രം!
തങ്കത്തിനും പൂച്ചിനുമുള്ള ഭേദം
ശാണോപലാന്ദോളന വേളകാട്ടി!!

16. അന്തഃപ്പുരത്തിന്നകമക്കിടാവു
കണ്ണും നിറച്ചിന്നു കരഞ്ഞിടട്ടെ;
അല്ലാതെയെന്തെൻ രസനയ്ക്കുരയ്ക്കാം?
അവീരയാം ഞാനസഹായയല്ലോ!

17. 'ഞങ്ങൾക്കു മാനം കുലദൈവ'മെന്നു-
ള്ളാദൎശവാക്യം പൊരുളുള്ളതാക്കി
മാടക്ഷമാനാഥരിതേവരയ്ക്കും
വാണാർ; അതയ്യോ! നിഗതോക്തി മേലിൽ.

18. തടുത്ത നിൻ ജ്യേഷ്ഠരെ വെട്ടി വീഴ്ത്തി-
സ്സാമൂതിരിപ്പാടടരാടിടുമ്പോൾ
കണ്ണും മിഴിച്ചിങ്ങനെ നില്ക്കയെന്നോ
കൎത്തവ്യമൌഢ്യാന്ധരിലഗ്രഗൻ നീ?

19. തേജോധനം ക്ഷത്രിയധൎമ്മമാണു
ജഗത്തിൽ നീയിന്നു ചരിപ്പതെങ്കിൽ
എൻ പൈതലേ! നിൻകരളിന്നിതല്ല
സന്ദേഹദോലാവിഹൃതിക്കു കാലം.

20. ദൂരത്തിലെങ്ങോ പടപോലെ മിന്നു
പൊക്കുന്നു വെള്ളക്കൊടി നിൻ കപോലം!
ഇത്താളിലോ മാററലർ നിൻകുലത്തിൻ
കീൎത്തിക്കൊലച്ചീട്ടുകുറിച്ചിടേണ്ടു?

21. ഈ മാടരാജാനപായ, മെൻെറ കുക്ഷി
മരിച്ചൊരേട്ടൎക്കു സഗൎഭ്യഭാവം
നിൻ ജന്മ,മിച്ചൊന്നതിനൊക്കെ മേന്മ-
യേകുന്ന ഖണ്ഡാപഥമേകമല്ലോ.

22. ശ്വാസം വിടും ശ്രുഷ്കശവങ്ങളെത്ര
മണ്ണോടുമണ്ണായ് മറവാൎന്നിടാതെ
പെററമ്മയാം പാരിനു മാലണപ്പൂ
ഭ്രയിഷു ദുൎഗ്ഗന്ധമലീമസങ്ങൾ!

23. അഖണ്ഡ ചൈതന്യ ജനുസ്സമൂല-
മക്ഷയ്യ സൽകീൎത്തി വപുസ്സുനേടി
കാലാഖ്യജലംഘിപ്പവരേറെയില്ല
കല്യാണധാമാക്കൾ മൃകണ്ഡുപുത്രർ.

24. ശ്വസിച്ചുചാകുന്നതിലെത്ര മെച്ചം
മരിച്ചുജീവിപ്പതു മന്നിടത്തിൽ
അതോൎത്തു നീ ചെയ്യുക നിൻെറ ധൎമ്മം;
അങ്ങപ്പുറത്തേയ്ക്കധികാരി ദൈവം!!”

25. മാടക്ഷിതിദ്രൌപദി തൻപുകഴ്ച്ചപ്പ-
ട്ടരാതി ദുശ്ശാസനനാരഴിക്കും
അസ്സാദ്ധ്യചിതന്നാത്തനിനാദമെത്തീ
പൂൎണ്ണത്രയീശശ്രുതി മണ്ഡലത്തിൽ.

26. ആദ്യത്തിൽ നിന്ദാരസ തിക്തമായു-
മനന്തരം വത്സലരുച്യമായും
തൻമാതൃവാഗാമലകീഫലത്തെ
മന്നൻെറ കണ്ണും സുഖമായ് ഭുജിച്ചു.

27. അടിക്കലം വിട്ടെഴുന്നേററു ശീഘ്രം
കൈവററു ക്രുടിക്കഴുകാതെ മന്നൻ
തൻ വാൾ വലിച്ചൂരിയുലച്ചുകൊണ്ടു
സാംഗ്രാമികക്ഷോണിയിലേക്കു പാഞ്ഞു.

28. കണ്ണീർക്കണത്താൽ നനയാതിരുന്ന
കൈയക്കുമാരൻ രണഭൂവിലെത്തി
പ്രക്ഷാളനം ചെയ്തു വിപക്ഷസേനാ-
കണ്ഠസ്ഥലീ ഗൈരിക നിൎഝരത്തിൽ.

29. അടക്കളപ്പൊയ്കയിലുല്ലസിച്ചോ-
രരാതിഭൂപാല യശോമൃണാളം
അന്നാൾ ബുഭുക്ഷയ്ക്കുടിപെട്ടിരുന്നോ-
രാ രാജഹംസം വഴിപോലശിച്ചു.

30. രണാങ്കണത്തിങ്കലസൂക്കളററു
വീണാൻ നൃപൻ സാധിതപൂരുഷാൎത്ഥൻ
കല്യാണമാല്യം ജയലക്ഷ്മിചാൎത്തി
വീരവ്രണം മിന്നിന തൽഗളത്തിൽ.

## 10. ഭിക്ഷുവിന്റെ അലംഭാവം.

[ആധുനിക കവികളിൽ ഒരു പ്രധാന സ്ഥാന ത്തിന് അർഹനായ ശ്രീമാൻ കുററിപ്പുറത്തു കേശവൻ നായരവർകളുടെ ഒരു ലഘുകൃതിയാണ് ഈ പാഠം. അദ്ദേഹത്തിന്റെ കാവ്യങ്ങൾക്കുള്ള സാരള്യവും ആലങ്കാരികഭംഗിയും കവിയുടെ കവനപാടവത്തെ പ്രസ്പഷ്ടമാക്കുന്നുണ്ട്. ലളിതഭാഷയിൽ കാവ്യങ്ങളെഴുതി പണ്ഡിതലോകത്തെ മാത്രമല്ല സാമാന്യജനങ്ങളേപ്പോലും ആനന്ദിപ്പിക്കുവാൻ സമർത്ഥനായിരുന്ന കുഞ്ചൻനമ്പ്യാരേപ്പോലെ സാരോത്തരങ്ങളായ ധമ്മതത്വങ്ങളെ പ്രക്ഷേപണം ചെയ്യുന്നതിനും, ധമ്മവിമുഖരെ ധമ്മമാർഗ്ഗത്തിലേയ്ക്കു നയിക്കുന്നതിനും പര്യാപ്തങ്ങളായ കവിതകളെഴുതി പേരെടുത്തിട്ടുള്ള കുററിപ്പുറം അവർകൾ ഇപ്പോഴും ഭാഷാസാഹിത്യത്തിന്റെ ഉന്നതിക്കു വേണ്ടി പ്രയത്നിച്ചുകൊണ്ടാണിരിക്കുന്നത്. കാവ്യോപഹാരം, നവ്യോപഹാരം പ്രതിമാനാടകം മുതലായി വിലയേറിയ പല കവനമാല്യങ്ങളും കൈരളീദേവിക്ക് അദ്ദേഹം സമപ്പിച്ചിട്ടുണ്ട്.

ശബ്ദമാധുയ്യവും, രസപുഷ്ടിയും, ആശയസമ്പത്തും അദ്ദേഹത്തിന്റെ കൃതികളിൽ എവിടെയും തെളിഞ്ഞുകാണാം. മധുരമായ ശയ്യ, അക്ലിഷ്ടമായ രചന, സമുചിതമായ ഭാവന ഇത്യാദി കാവ്യഗുണങ്ങളെ പ്രത്യക്ഷീകരിക്കുന്ന ഒരു ഖണ്ഡകാവ്യമാണ് "ഭിക്ഷുവിന്റെ അലംഭാവം." നിസർഗ്ഗസുന്ദ

രമായ ഉലകിൽ ഭിക്ഷുവിനു സാനന്ദം ജീവിക്കുന്നതി നുള്ള എല്ലാ സാഹചര്യങ്ങളേയും കവി ഇതിൽ സ വിശേഷം വർണ്ണിച്ചിരിക്കുന്നു. ഭക്ഷണത്തിനു ഭിക്ഷാ സാധനങ്ങൾ ഫലമൂലങ്ങൾ മുതലായവ, പാനീയത്തി നു നിർമ്മലജലം, ശയ്യോപധാനങ്ങൾക്കു ക്ഷിതിശഷ്പാ ദികൾ, വെളിച്ചത്തിനു സൂര്യചന്ദ്രാദിജ്യോതിസ്സുകൾ, മനോവിനോദത്തിനു മധുരകൂജനങ്ങൾ, കൂട്ടുകെട്ടിനു കുളിരുംകരളുള്ളോർ ആദിയായി ദീനന്മാക്കു സസ ന്തോഷം ജീവിക്കുന്നതിനു പ്രകൃതിയിൽ സുലഭങ്ങളാ യുള്ള സൗകര്യങ്ങളേയും, നിർദ്ധനൻെറ പരമാനന്ദകര മായ ജീവിതശ്രേഷ്ഠതയേയും കുറിച്ചു കവി എത്രയും ഭംഗിയായി ഈ കവിതയിൽ വർണ്ണിച്ചിരിക്കുന്നു. പ്ര കൃതിവസ്തുക്കളുടെ യഥാർത്ഥമായ സൌകുമാര്യവും, ആ ന്തരമായ ഉപയോഗാധിക്യവും അദ്ദേഹം എങ്ങനെ ദർശിക്കുന്നുവെന്നു നോക്കുക.]

1. മലർവള്ളികൾ, മാമരങ്ങൾ, വൻ-
മല, പൂഞ്ചോലകളെന്നിവററിനാൽ
അലമാകെ നിറഞ്ഞു കാണുമീ-
യുലകാ ഹന്ത! നിസർഗ്ഗ സുന്ദരം.

2. ഇഹമേ നിഭൃതപ്രശാന്തമാം
ഗുഹമേവുന്നതിനുണ്ടുമേദുരം
ഗൃഹമേധിനിമാർ തകർത്തെഴും
ഗൃഹമേവം സുഖവാസമാകുമോ?

3. തരുവല്ലൂല മുണ്ടുടുക്കുവാൻ
തരുമേ ഭിക്ഷ നമുക്കു നാട്ടുകാർ
ഉരുമേദിനി പൂക്കിരുന്നിടാ-
മൊരു മോദത്തികവെന്തിതിൽ പരം?

4. ഫലമൂലഗണങ്ങൾ കിട്ടുമേ
പലഹാരത്തിനു പാതിരാവിലും;
സുലഭം ജലവും സുഖത്തോടീ-
യുലകിൽ ജീവിതമാക്കു ദുഷ്കരം?

5. ക്ഷിതിയാകിയ മെത്തമേൽ വിരി-
പ്പതിനോ പൂ മൃദുലങ്ങൾ പുല്ലുകൾ
മതിയായ വിളക്കുമുണ്ടുമേ
മതിയായല്ലിൽ വെളിച്ചമേകുവാൻ.

6. തെളിവാന്ന മനസ്സോടൊത്തു മെയ്-
കുളിരും കാററുകളേററുകൊണ്ടുമേ
തളിർപോലെ മിനുപ്പെഴും ശിലാ-
തളിമം വേറെയുമുണ്ടിരിക്കുവാൻ.

7. വെയിലാകെ മറഞ്ഞ നാളിലും-
കുയിലിൻ പാട്ടു കുറഞ്ഞുപോകിലും
മയിൽ പീലികളും പരത്തി ന-
ന്മയിലാടുന്നു മനോവിനോദനം.

8. കിളി വാണികളെന്തിനാണു? പൈ-
ങ്കിളിയില്ലേ മമ പാട്ടു പാടുവാൻ
തെളിവോടിട ചേന്നു ശങ്കിടി-
ക്കളിവൃന്ദങ്ങളു മുണ്ടതാതിടം.

9. പകലുഷ്ണകരൻ കരങ്ങളാൽ
പക കൂടാതൊരു ചൂടണയ്ക്കുകിൽ
പകരം ഹിമരശ്മി രശ്മിയാൽ
പകരുന്നുണ്ടു തണുപ്പു രാത്രിയിൽ.

10. ഫലശൂന്യതയോർത്തു മൽപ്രിയം
വിലവെയ്ക്കേണ്ട മനുഷ്യരാരുമേ,
നലമേറിന മാൻകുലങ്ങളിൽ-
പലരും നമ്മുടെ കൂട്ടുകെട്ടുകാർ.

11. കുളിയും ജപവും കഴിഞ്ഞു ഞാൻ
വെളിയിൽ പോന്നമരുന്ന വേളയിൽ
കുളിരും കരളോടു ഞാനുമായ്
കളിയാടാനവർ കാത്തു നില്ക്കുമേ.

12. പരമില്ലൊരു കാത്തുമെൻവശം
പരനെന്നാൽ പുനരെന്നൊടേല്ക്കുമോ?
ശരണാഗതനല്ല പിന്നെയെ-
ന്തരചൻ നെററി ചുളിച്ചു നോക്കുമോ?

13. പരമാത്മ വിചാരജന്യമാം
പരമാനന്ദ മരന്ദ ധാരയാൽ
പരമാർദ്രത പൂണ്ട ജീവനം
പരമാർത്ഥം സുഖമൂലമാക്കുമേ.

# 11. പുരാണങ്ങൾ.

കവിസാൎവ്വഭൌമൻ വള്ളത്തോൾ അവർക ളുടെ കൃതിയായ സാഹിത്യമഞ്ജരി രണ്ടാംപുസ്തകത്തി ലെ ഒരു ഖണ്ഡകവിതയാണു് "പുരാണങ്ങൾ."

ജന്മസിദ്ധമായ വാസനയാൽ വികസ്വരങ്ങ ളായിത്തീൎന്ന അദ്ദേഹത്തിൻെറ വചോവിലാസങ്ങൾ ക്കു വിളനിലങ്ങളായിപ്പരിലസിക്കുന്ന ചിത്രയോഗം, വാല്മീകിരാമായണം, അനിരുദ്ധൻ, മഗ്ദലേനമറി യം, സാഹിത്യമഞ്ജരി ഏഴുഭാഗങ്ങൾ, അഭിജ്ഞാന ശാകുന്തളം ആദിയായി അനവധി കൃതികൾ ഇന്നു കേരളഭാഷാകുടുംബത്തിനു സമ്പാദ്യങ്ങളായിട്ടുണ്ടു്. സരസ്വതീപ്രസാദത്തിൻെറ സങ്കേതസ്ഥാനങ്ങളായി ട്ടാണു് അവയോരോന്നും സ്ഥിതിചെയ്യുന്നതു്. ആപാദമധുരങ്ങളും ഹൃദയാകൎഷകങ്ങളുമാണു് അ ദ്ദേഹത്തിൻെറ കവിതകൾ എല്ലാംതന്നെ. ആ ലോചനാമൃതവും. ആശയശുദ്ധവും അല്ലാത്ത ഒരു വരിയെങ്കിലും വള്ളത്തോളിൻെറ കവനതല്ലജങ്ങളിൽ കാണുകയില്ല. അപാരമായ പാണ്ഡിത്യംകൊണ്ടും, ജന്മസിദ്ധമായ വാസനയാലും, ധന്യമായ തച്ചിത്തവൃ ത്തിയിൽനിന്നു സമുൽഭൂതങ്ങളായിട്ടുള്ള കവനപരമ്പ രകളെ അതിശയിക്കുന്ന മററു മലയാളകൃതികൾ ദുർല്ലഭമാകുന്നു.

സ്വഭാവസംസ്കരണത്തിൽ സാഹിത്യത്തി നുള്ള അജയ്യശക്തിയെയും, ബാഹ്യാന്തർദൃഷ്ടികൾക്കു സൌന്ദൎയ്യബോധം വരുത്തുന്നതിനുള്ള അഭംഗുര

ഭംഗിയേയും, സർവ്വേന്ദ്രിയങ്ങളേയും ആഹ്ലാദപ്രദങ്ങളാക്കത്തക്കവണ്ണമുള്ള സാരള്യകോമളതയേയും, സർവ്വോപരി ആത്മസംശോധനം ചെയ്യിച്ച് ആനന്ദാനുഭൂതി നൽകുന്നതിനു ശക്തമായ ആശയശ്രേഷ്ഠതയേയും ഒരുമിച്ച് ഒരേമാത്രയിൽ അനുഭവിപ്പിക്കുന്നതിനു ശക്തങ്ങളായ ഇതരകൃതികൾ മലയാളത്തിലില്ലെന്നാണ് തോന്നുന്നതു്. ശബ്ദാർത്ഥസൌഷ്ഠവമാകുന്നു വള്ളത്തോൾ കവിതയ്ക്കുള്ള ഒരു പ്രത്യേകഗുണം. കേരളീയരിൽ ദേശീയബോധം തട്ടിയുണർത്തുവാൻ പര്യാപ്തങ്ങളായ അനവധി കവിതകൾ ആ ദേശഭക്തനിൽനിന്നും കൈരളിക്കു ലഭിച്ചിട്ടുണ്ടു്. ഒരു ശിശുവിനെപ്പോലെ തുള്ളിക്കളിച്ചു കൂത്താടിയും, ചിലപ്പോൾ പിടഞ്ഞുവീണു നിലവിളിച്ചും പ്രകൃതിയുടെ സൗന്ദര്യത്തെ ദർശിക്കുന്ന മഹാകവി വള്ളത്തോളിനെ കേരളീയർക്കു് ഒരിക്കലും വിസ്മരിക്കുവാൻ കഴിയുകയില്ല.

ലോകോല്പത്തിയുടെ രഹസ്യം ശരിയായി മനസ്സിലാക്കിയിട്ടുള്ളവരും, ത്യാഗംമാത്രം ധനമായി കരുതുന്നവരും, പരമാത്മാവുമായുള്ള ഐക്യത്തിൽമാത്രം താല്പര്യമുള്ളവരുമായ ഋഷീശ്വരന്മാരുടെ ആഡംബരശൂന്യമായ ജീവിതത്തേയും, പുരാണങ്ങളുടെ സുവിശ്രമകരത്വം, നിഗൂഢഭാവത്വം, ഗഹനത, നൈർമ്മല്യം മുതലായവയേയും കവി, "പുരാണങ്ങൾ" എന്ന ഈ ഭാഗത്തു വർണ്ണിക്കുന്നു. പുരാണങ്ങൾ വേദവിധികൾകൊണ്ടു ശാസിച്ചും, മിത്രരീത്യാഹിതോപദേശം ചെയ്തും, കാന്തയെപ്പോലെ കാര്യരസംകൊണ്ടു വശീകരിച്ചും മനുഷ്യരെ ദുർമ്മാർഗ്ഗത്തിൽനിന്നു വിരമിപ്പി

ക്കുന്നുവെന്നും, ലൌകികമായ ഔന്നത്യം പരിത്യജിച്ച് ആദ്ധ്യാത്മികമായ ശ്രേയസ്സിനുവേണ്ടി പ്രയത്നിക്കുവാൻ ഉപദേശിക്കുന്നുവെന്നും, മനുഷ്യന്റെ പരമാദർശമായ മുക്തിക്കുള്ള മാർഗ്ഗങ്ങൾ പ്രബോധനം ചെയ്യുന്നുവെന്നും, മനസാവാചാകർമ്മണാ അതിപ്രയത്നം ചെയ്യിച്ച് ജന്മോദ്ദേശം സാഫലമാക്കുവാൻ സഹായിക്കുന്നുവെന്നും വർണ്ണിച്ച് ഈ കവിസാർവ്വഭൌമൻ സഹൃദയസഹൃദയത്തെ ആനന്ദസാഗരത്തിൽ ആറാടിക്കുന്നതു് എപ്രകാരമാണെന്നു നോക്കാം.]

(കിളിപ്പാട്ട്)

ഭാരതവർഷത്തിലെ പൂർവ്വരാമൃഷീന്ദ്രന്മാർ
പാരിനുള്ളടിക്കല്ലു പാർത്തുകണ്ടറിഞ്ഞവർ,
യോഗൈകനിരതന്മാർ, ഭോഗനിസ്പൃഹർ, പരി
ത്യാഗൈകദ്രവിണന്മാര,-വർതൻ വാസങ്ങളോ
പൊട്ടപ്പുല്ലുകൾകൊണ്ടും ശുഷ്കപത്രൌഘം കൊണ്ടും
കെട്ടിമേഞ്ഞവയായ പാഴ്കുടിലുകളത്രേ.
എങ്കിലുമവയിൽനിന്നിങ്ങുകിട്ടിയ മണി-
ത്തങ്കങ്ങൾ മഹാർഗ്ഘങ്ങൾ, മററെങ്ങുമലഭ്യങ്ങൾ.
പട്ടുമെത്തയെക്കാളുമിഷ്ടമായ് വാഗ്ദേവിയ്ക്കു
ശിഷ്ടരാമവരുടെ ദർഭപ്പുൽ വിരിപ്പുകൾ.
തത്ത്വചിന്താരത്നകത്താലെങ്ങാനുമന്യർക്കു
വിസ്തീർണ്ണത്തിരുനെററി വിയർത്താലപ്പോളെല്ലാം;
പ്രേമവിഹ്വലയായ്ത്തൻ പോർമുലക്കച്ചത്തുമ്പാൽ
കോമളം വീശിപ്പോന്ന വാഗധീശ്വരി തന്റെ

മഞ്ജുകൈത്തണ്ടിൽച്ചിന്നിമിന്നിയ വളകൾ തൻ
ശിഞ്ജിതം പുരാണത്തിൽനിന്നു നാമിന്നും കേൾപ്പൂ;
അമ്മഹാശയന്മാരാം മുനിമാരനുവേലം
ബ്രഹ്മനിശ്ചലധ്യാനം നിർത്തി വിശ്രമിക്കുമ്പോൾ,
നന്മയിൽക്കവിതയാം ദേവിയുമായിച്ചെയ്ത
നമ്മസല്ലാപങ്ങളേ നിങ്ങൾക്കു നമസ്കാരം!
ഭാസകാളിദാസാദ്യന്മാരെയും പുലർത്തിയ
ഭാസുര സാരസ്വത ഭണ്ഡാരപ്പുരകളേ,
ദുർഗ്രഹ മാഹാത്മ്യമാ മാമ്നായാദ്രിയിൽനിന്നു
നിർഗ്ഗമിച്ചൊഴുകിയ നിർമ്മലനദികളേ,
ഉച്ചകൈ രുപനിഷദ്ദേവതാ ക്ഷേത്രങ്ങളേ,
സച്ചതുർവ്വർഗ്ഗാഭിഖ്യസസ്യക ക്ഷേത്രങ്ങളേ,
പേർപെറു മാർയ്യന്മാർ തൻ വിജയസ്തംഭങ്ങളേ,
ശ്രീപുരാണാഗ്ര്യങ്ങളേ, നിങ്ങൾക്കു നമസ്കാരം!
തേനൊലിപ്പഴങ്ങളും, തൂമണം തുളുമ്പുന്ന
സൂനങ്ങൾ തോറും തത്തിക്കളിക്കും കുളിർകാററും,
മാനസം തെളിഞ്ഞുള്ള പക്ഷികളുടെ കള-
ഗാനവും ചേരും ലീലാരാമങ്ങൾ ചിലടിക്കിൽ;
താമരയിലകളാൽ പച്ചവില്ലീസ്സു പുത-
ച്ചാമട്ടിൽ വിളങ്ങുന്ന പൊയ്കകൾ ചിലടിക്കിൽ;
നക്ഷത്രങ്ങളെ ച്ചൂഡാരത്നങ്ങളാക്കും നാനാ-
വൃക്ഷങ്ങൾ തിങ്ങും ശൈലാരണ്യങ്ങൾ ചിലടിക്കിൽ;
പാറമേൽത്തട്ടിപ്പാരം പളുങ്കിന്മണി ചിന്നി-
ച്ചാരാവമോടേ പായും പുഴകൾ ചിലടിക്കിൽ,
പ്രകൃതിരമണീയം, ശാന്തഗംഭീരം, ഹാഹാ!
സുകൃതിനിഷേവ്യമേ നിങ്ങൾ തന്റെ മഹാരാജ്യം!

ദണ്ഡനാധികാരത്താൽ കണ്ണുരുട്ടിയോ, സ്നേഹാ-
ഖണ്ഡശക്തിയാൽ കൈക്കുപിടിച്ചു നിറുത്തിയോ,
ഭംഗിയിലനുരാഗാലണച്ചു് തഴുകിയോ
നിങ്ങൾ പിന്തിരിപ്പിപ്പൂ ദുഷ്കൃതത്തിൽ നിന്നെന്നെ.
മണ്ണിനെപ്പൊന്നാക്കുന്ന മായതൻ കളിത്തരം
കണ്ണിമയ്ക്കാതെ നോക്കിക്കണ്ടേററം ചിരയ്ക്കുന്നു.
മൎത്ത്യജീവിതപുഷ്പം ചേററിൽ വീഴുവതോൎത്തി-
ട്ടത്തലാൽക്കരയുന്നു തൽക്ഷണം തന്നേ നിങ്ങൾ.
നീതിയുമനീതിയും ധൎമ്മവുമധൎമ്മവും
വേർതിരിച്ചിഹ നിങ്ങൾ ഭരണം നടത്തുന്നു;
പൈതലാം ലോകത്തിന്നു വിശ്രമാനന്ദം നൽകാൻ
പ്രീതിയിൽത്താലോലിച്ചു താരാട്ടും പാടീടുന്നു.
ചെങ്കോലു ദൂരത്തിട്ടു യോഗദണ്ഡെടുക്കുന്നു;
പൊങ്കിരീടത്തെജ്ജടാജൂടമായ് മാററീടുന്നു,
സ്വൎഗ്ഗവും തൃണപ്രായം നിങ്ങൾക്കു; ജഗത്തിങ്കൽ
മുഖ്യമായൊന്നേയുള്ളു സ്വാതന്ത്ര്യം-സാക്ഷാൽമോക്ഷം.
പൂതമോംകാരംപോലേ ത്ര്യക്ഷരാത്മകമാമീ
സ്വാതന്ത്ര്യം സാധിപ്പാനായ്ക്കരണത്രിതയത്താൽ
സാദരം പ്രയത്നിപ്പിൻ, സാഫല്യപ്പെടുത്തുവിൻ,
സോദരന്മാരേ, നിങ്ങൾ സാരമാം നരജന്മം!

---

## 12. സോദോം ദഹനം.

[ആധുനിക മഹാകവികളുടെ സ്നേഹാദരങ്ങ
ൾക്കു് അർഹനായ മഹാകവി കെ. വി. സൈമൺ അ
വർകൾ കൈരളീദേവിയെ സ്വാതന്ത്ര്യയും ഭാഷാ

സാഹിത്യകുടുംബത്തെ ഐശ്വര്യസമൃദ്ധവുമാക്കിയിട്ടുള്ള മഹാന്മാരിൽ ഒരാളാണ്. ശാസ്ത്രവിജ്ഞാനി, സംസ്കൃതപണ്ഡിതൻ, വാസനാകവി എന്നിപ്രകാരമുള്ള സുപ്രസിദ്ധിക്ക് അദ്ദേഹത്തിൻെറ കൃതികളുടെ ഓരോ ഭാഗവും സാക്ഷ്യം വഹിക്കുന്നുണ്ട്. സംസ്കൃതം, തമിഴ്, തെലുങ്ക്, കർണ്ണാടകം, ഇംഗ്ലീഷ്, ഹിന്ദി മുതലായ വിവിധഭാഷകളിലുള്ള ശിക്ഷണം അദ്ദേഹത്തെ വിജ്ഞാനസമ്പന്നനാക്കിത്തീർത്തു. ഭാഷാശുദ്ധി, ആശയനൈർമ്മല്യം, വർണ്ണനകളുടെ തന്മയത്വം എന്നിവകൊണ്ട് അദ്ദേഹത്തിൻെറ കൃതിയായ 'വേദവിഹാരം'മഹാകാവ്യം മലയാളസാഹിത്യത്തിൽ ഒരു പ്രതിഷ്ഠാപിത ഗ്രന്ഥമായിത്തീർന്നിരിക്കുന്നു. "അദ്ധ്യാത്മരാമായണം കിളിപ്പാട്ടു മുതലായ ഗ്രന്ഥങ്ങളുടെ കൂട്ടത്തിൽ കൂടിനടക്കുന്നതിനു അർഹമായിരിക്കുന്നു"വെന്നാണ് വേദവിഹാരംമഹാകാവ്യത്തെപ്പററി 'സാഹിത്യപഞ്ചാനനൻ' അവർകളും, രാജശ്രീ പി. ശങ്കരൻ നമ്പ്യാർ എം. എ. (ഓണേഴ്സ്) അവർകളും അഭിപ്രായപ്പെട്ടിരിക്കുന്നതു്.

ബൈബലിലെ ഉല്പത്തിപ്പുസ്തകത്തെ ഉപജീവിച്ച് മുന്നൂററിനാല്പത്തിനാലു പുറങ്ങളിലായി എഴുതപ്പെട്ട ഈ മഹാകാവ്യത്തിലെ ഓരോഭാഗവും ചേതസ്സമാകർഷകമായിരിക്കുന്നു. അവയിലൊന്നാണ് "സോദോം ദഹനം." കവനകലാചാതുര്യം പ്രസ്പഷ്ടമായിട്ടുള്ള ഈഭാഗം സമസ്തകേരളസാഹിത്യപരിഷത്തിൻെറ ചതുർത്ഥസമ്മേളനത്തിൽ വായിക്കപ്പെട്ടതും, അന്നു സമ്മേളനാദ്ധ്യക്ഷനായിരുന്ന സാഹിത്യഭൂഷണൻ

മഹാകവി ഉള്ളൂർഅവർകളുടെ പ്രശംസയെ അർഹിച്ചിട്ടുള്ള തുമാകുന്നു.

ഐശ്വര്യസമ്പൂർണ്ണമായ ഒരു രാജ്യമായിരുന്നു സോദോം. വിഷപരിപോഷിതരായ സോദോം നിവാസികൾ മദമയമഹോദധിയിൽ ആറാടി അതിദൃപ്തരായും, കുപഥസഞ്ചരണത്താൽ മഹാപാപികളായും തീൎന്നു. കരുണാനിധിയായ ജഗന്നിയന്താവിൻെറ ആജ്ഞയനുസരിച്ച് സാരാവാഹികന്മാരായ ദൈവജ്ഞന്മാർ സോദോമ്യരുടെ കലുഷകർമ്മഭയങ്കരതയെപ്പററി ഹൃദയസ്പൃക്കമായവിധത്തിൽ അവരെ ഉദ്ബോധിപ്പിച്ചു. എന്നിട്ടും ഉൽത്രാസരഹിതരായ സോദോം നിവാസികൾ പ്രസ്തുത സുവിശേഷങ്ങളെ നിരാകരിച്ചു വീണ്ടും കുത്സിതപ്രവൃത്തികൾ ചെയ്തു. അതിനാൽ ദൈവം അവരെ ശിക്ഷിച്ച് സോദോംരാജ്യത്തെ നാമാവശേഷമാക്കിത്തീൎത്തു. മഹിതഗുണാന്വിതനും, സോദോം നിവാസിയുമായ ലോത്തിനെ മാത്രമേ ആ ആപത്തിൽനിന്നു ദൈവം രക്ഷിച്ചുള്ളൂ. നന്മതിന്മകളുടെ ജയപരാജയങ്ങളെ കവി ഈ കവിതാഖണ്ഡത്തിൽ ഹൃദയംഗമമായി വൎണ്ണിച്ചിരിക്കുന്നു.]

(അതിസമ്മതാമിശ്രമായ കളകാഞ്ചി)

ഭയജനക രജനിയിതുവിധ മവർകഴിച്ചിട്ടു
ഭാനൂദയത്തിലുണൎന്നു കൊള്ളും വിധൌ,
ദുരിതചയദഹനനുടെ കീലയാൽ ഭൂതലം
ചുട്ടുപൊട്ടിച്ചൊര സ്സോദോംപുരിക്കുമേൽ,

ഗതകരുണ മഖിലജഗദധിപതി നഭസ്സീന്നു
ഗന്ധക മഗ്നിയും വഷിച്ചു ഘോരമായ്.
ഗഗനപഥ മിതിനുടയ നാന്ദിയായിട്ടഹോ
ഗംഭീരശബ്ദം മുഴക്കി ഭ്രുവെങ്ങുമേ.
ജ്വലന ഘന ഘടകളുടെ നടുവി ലിടിവാളുകൾ
ജാതരോഷം പരന്നാകാശവീഥിയിൽ.
പ്രളയമതിലുയരുമൊരു ചണ്ഡവാതങ്ങളും
പ്രത്യുൽക്രമിച്ചു നിഷ്പ്രത്യൂഹമാം വിധം
നിമിഷസമയംകൊണ്ടു ദിവ്യാസ്ത്ര ശുക്ഷണി
നിഗ്ഗളി ച്ചംബരദിക്കിൽ നിന്നാക്ഷണം.
വലിയ നിലയങ്ങളും വന്മാളികകളും
വൻപരാം പൌരരിൻ തുംഗ നിവാസവും
വിപണികളി ലതിനിബിഡ മുയരു മുരുശാലകൾ
വിന്ധ്യാദ്രിയോളം കിളന്ന വന്മേടകൾ,
പ്രപകളൊട്ടു മഠനികര മട്ടഭേദങ്ങളും
പ്രാസാദസൌധങ്ങൾ വേശ്യാഗൃഹങ്ങളും,
കനകമണിമയ നിലയനിചയ നിബിരീസമാം
കാശ്യപീന്ദ്രൻ തൻെറ കാന്തോപകയ്യും
വിഷയ പര വിഷയ ശത മതിനിശിത ബുദ്ധിയാം
വിജ്ഞാന മൂഷയിൽവച്ചുരുക്കി സ്സദാ,
വ ഹിതനിജകൃത്യരായ് മന്ത്രികൾ പാക്കുന്നാ
വിസ്താരമേറും വിനോദഹമ്മ്യങ്ങളും,
സ്ഥപതി ഗണമയസി പണിചെയ്യുവോർ, താമ്രികർ
സ്വണ്ണകാരന്മാർ കലാലവൃന്ദങ്ങളും,
രജക നഥ ശാംഖികൻ തന്തുവായൻ ക്ഷുരി
രസികജനരതനാം ചിത്രകാരൻ കവി
വിരുതുടയ വൈണികൻ മാലികൻ സൌചികൻ
വിദ്യോപജീവിയും മായികശീലവൻ

ഇതിവിവിധ തൊഴിലുകളി ലേപ്പെട്ടിരുന്നിട്ടു-
മിട്ടക്കകൾക്കുള്ള ധിഷ്ണ്യാൽക്കരങ്ങളും,
പണി പെരുത്തു പറയുവതി നഖില നിലയങ്ങളും
പാവകൻ ഭസ്മീകരിച്ചു വീഴ്ത്തിടാൻ,
നഗരജന മധികതര മലറി വിളികൂട്ടിനാർ
നാശം തലയിൽ കരേറിയ കാരണാൽ.
ജ്വലനനുടെ ശിഖകളതി വേഗമായ് പാഞ്ഞുടൻ
ചാടിപ്പിടിച്ചു മർത്ത്യാൽക്കരത്തേഹാൽ
മുടി വസന മിവയി ലരമെത്തി ജ്വലിക്കയാൽ
മൂടിപ്പരന്നതേ മേനിമേലഗ്നിയും,
നിലവിളി തുടങ്ങിനാർ സോദരാമ്യരമ്പര-
ന്നതിവിവശ മോടിനാ രങ്ങുമിങ്ങും ശുചാ
ദഹന ശമനത്തിനായ് വാപിയിൽ ചാടിയും
ഫല മണവുമെന്നിയേ വെണ്ണീറടിഞ്ഞുപോയ്.
അജിര മതിൽനിന്നവർ തിണ്ണയിൽ കേറിനാ-
രുപരി നിലകൊണ്ടവർ തട്ടിന്നു കീഴിലായ്,
അതു മഹലമാം വിധൌ ജീവരക്ഷാർത്ഥമായ്
നിലവറ കടന്നിരുന്നാരഗ്നേയ പീഡയാൽ.
ഒരുവിധവു മനലശമന മുണ്ടായതില്ലെങ്ങു-
മെത്തിജ്വലനൻ ദഹിപ്പിച്ചു പത്തനം.
ബഹുലതര തൊഴിലുകൾ നടത്തുംവിധൌ പലർ
വെന്തു വെണ്ണീറായ് ചമഞ്ഞു പൊട്ടുന്നണ്ണ.
ചിലനരർ ഭുജിക്കവെ, കേചിൽ സ്വപിക്കവേ,
ചീത്തവാക്കോതി ചിലർ പ്രധർഷിക്കവെ,
മദനമഹ മതിനു ചിലർ മത്സരിച്ചോടവേ,
മദ്യകുംഭം ചിലർ കയ്യിലെടുക്കവെ,

പകിടകളി, പടിമവളർ പാശി ചൂതെന്നിവ
പാരമുത്സാഹമായ് കേചിൽ കളിക്കവെ,
വലിയൊരവകാശവാദ സ്ഥാപനത്തിനായ്
വാഠം വടി കേചിൽ കരത്തിൽ ധരിക്കവെ,
കൃപണർ നിജ പിടകമതിലുള്ള നാണ്യം തൃഷാ
കൃത്യമായെണ്ണി ക്കണക്ക നോക്കീടവെ,
ഗഗനതല മതിപിരുഷ മഗ്നിയും ഗ്ഗന്ധിയാം-
ഗന്ധകപ്പാറയും വർഷിച്ചു മൌലിയിൽ.
വിളവിലൊരുതരവു മവശിഷ്ടമാകാ തഗ്നി-
വീണു നശിച്ചുപോയ് സസ്യധാന്യാദികൾ.
യവമപിച കോതമ്പു ചോളം ചണം മല്ലി
ജീരകം നാരകം ഗോസ്തനീവല്ലികൾ
ഒലിവുമര മത്തിയും ദേവദാവ്വാദിക-
ളൊക്കെ ദ്ദഹിച്ചു ഭസിതമായ്ത്തീന്നതേ.
തുരഗഖരമയഭഷക മഹിഷ വൃഷഭാദിയാൽ
തുന്ദിലമായുള്ള നാട്ടുമ്പുറങ്ങളും,
ഹരിണമൊട്ട പുലി കരടി കാട്ടാട്ട ജംബുകം
ഹയ്യക്ഷമെന്നിവ തിങ്ങും വനങ്ങളും
പരിചൊട്ട നശിച്ചുപോയീദൃശം പത്രിണാം
പാളിയും വെന്തുതുലഞ്ഞുപോയ് കഷ്ടമേ.
നിഗമ മിതു നിഗമമതിനരിതനിതരാം പേറി
നിമ്മൂലനത്തിന്നാടിപെട്ടിതേ വിധം.
"സുഭമരുടെ നഗരി ബത ചുട്ടോരു നേരത്തു
സന്ദശ്ശമാശ്ശുന്ന ലോത്തിൻ കളത്രവും
ദ്രവണമതിലിടയിലവർ പിന്നോട്ടു നോക്കാതെ
ധാവനം ചെയ്യാൻ കൊട്ടത്തോരജ്ഞയെ

മനസി വിഗണിച്ചു വീക്ഷിക്കയാലായവൾ
മാനുഷത്വം നീങ്ങി യൂപ്പുത്തുണായിതു.
വിഷയവിഷസപ്പ്മേ!നിന്നെ വിട്ടോടിലും
വിദ്രുതം നീ പാഞ്ഞു ദംശിപ്പു മത്ത്യരേ.
മഹിളയുടെ മനതളിരിലമിത വിഷയാശ താൻ
മാരണഹേതുവായ് മങ്ങിക്കിടന്നതും.
ഹൃദയമതിലണുവളവു ലിപ്സയുണ്ടെങ്കിലോ
സംയമിതാനും സ്ഖലിക്കും സ്വനിഷ്ഠയിൽ,
മുനിയുടെ മനം കരണ്ടുൾ്വമാക്കീടുന്ന
മൂഷികനത്ര വിഷയാശ നിണ്ണയം.
ദഹനനെ ധരിച്ചിടാം, വിസ്താരമേറുന്ന
ജലനിധി കുടിച്ചിടാം, ക്ഷോണീധരത്തിനെ
കരമതിലെടുത്തിടാം, മാനസത്തിൻ ധമം
പെരുത്തു പണി സാധിച്ചുകൊൾവാനസംശയം.
മണലഖില മെണ്ണിടാം ചണ്ഡവാതങ്ങളെ
കയറതിൽ നിയന്ത്രിച്ചു കെട്ടിയും നിത്തിടാം,
ഹൃദയവൃഷഭത്തിനെ സംയമിക്കുന്നതിൽ
പെരിയപണിയെന്തഹോ! മാനുഷക്കിബ് ഭുവി,
നഗരിയതിലതികുതുക മാജ്ജിച്ചവിത്തങ്ങൾ
നാരീമതല്ലിക യോത്തനേരം തൃഷ്ണാ,
പരവശത പെരുകിയവൾ പിന്നോട്ടു നോക്കിനാൾ
പാപഹന്താവിൻ നിദേശ മോക്കാതവൾ.
മനുജരിതുവിധ മഖില ജഗദധിപവാക്കിന്നു
മാറുപാടായ് പ്രവത്തിച്ചു നശിക്കുന്നു.
ഉഷസിനിജശയനമത്തിൽ നിന്നൊണീററബ്രഹാ-
മററു കിഴക്കോട്ടു നോക്കും ദശാന്തരേ,

സുദമപുരിദിശയിലിത ധൂമസംഘാതകം
സുഷ്ഠുവായ് മേലോട്ടുയരുന്നു ഘോരമായ്.
മഹിതഗുണ നിവനെ ഹൃദി സംസ്മരിച്ചല്ലയോ
മാലാററി ലോത്തിനെ രക്ഷിച്ചതീശ്വരൻ.

---

## 13. കാലം.

[ഖണ്ഡകാവ്യത്തിനു പ്രചുരപ്രചാരം സിദ്ധിച്ചിട്ടുള്ള ഒരു കാലമാണു് ഇതു്.

"ഖണ്ഡകാവ്യം ഭവേൽ കാവ്യ
സ്യൈകദേശാനുവത്തിചേൽ."

എന്നാണു് ഖണ്ഡകാവ്യത്തിൻെറ ലക്ഷണനിർവ്വചനം. എന്നാൽ രൂപത്തിലും കാര്യത്തിലും ഖണ്ഡകാവ്യങ്ങൾക്കു് ഇപ്പോൾ സാരമായ വിവിധത വന്നുകൂടിയിട്ടുണ്ടു്. പരസ്പരം കലർത്തി പ്രയോഗിക്കപ്പെട്ടുന്നുണ്ടെങ്കിലും വർണ്ണനാപരം, കഥാപരം, ചിന്താപരം എന്നിങ്ങനെയുള്ള അവാന്തരത്രയങ്ങളോടുകൂടിയാണു് പണ്ഡിതന്മാർ ഖണ്ഡകാവ്യങ്ങളെ വിഭജനം ചെയ്തിരിക്കുന്നതു്. ഖണ്ഡകാവ്യങ്ങൾക്കു സാമാന്യമായി മററു ചില ലക്ഷണങ്ങൾ കൂടിയുണ്ടു്. അവയെപ്പററി സഹൃദയാഗ്രേസരനായ ഡി. പത്മനാഭനുണ്ണി എം. എ. അവർകൾ പറഞ്ഞിരിക്കുന്നതു് ഇപ്രകാരമാണു്. "പല അവാന്തരവിഭാഗങ്ങളോടുകൂടിയ

ഒരു കവിതാപ്രസ്ഥാനത്തെ പൊതുവെ ബാധിക്കുന്ന ലക്ഷണങ്ങൾ അത്യന്തം പരിമിതങ്ങളായിരിക്കുന്നതിനേ ഇടയുള്ളു. വായനക്കാരുടെ ഹൃദയങ്ങളിൽ ഉത്തമമായ വിചാരവും ഉൽകൃഷ്ടമായ വികാരവും ഉല്പാദിപ്പിക്കുന്നതിനുള്ള ശക്തി; ആ വിചാരങ്ങളിലും വികാരങ്ങളിലും കവി പ്രത്യക്ഷപ്പെടുത്തുന്ന ആത്മാൎത്ഥത; അതിൽ ഉപയോഗിക്കുന്ന ആശയങ്ങളുടേയും ഭാഷയുടേയും ഔചിത്യവും സൌന്ദൎയ്യവും; വിഷയത്തിനും ഭാഷയ്ക്കും അവകൊണ്ടു പെരുമാറുന്ന കവിക്കും തമ്മിൽ അവിഭക്തമായ ഐക്യം; സൎവ്വോപരിയായി കാവ്യത്തിന്റെ ഹ്രസ്വത, പരിപൂൎണ്ണത മുതലായവ ഖണ്ഡകാവ്യങ്ങളുടെ സാമാന്യലക്ഷണങ്ങളാകുന്നു."

മേല്പറഞ്ഞ മൂന്നു ഖണ്ഡകാവ്യങ്ങളിലൊന്നിലും ബന്ധമില്ലാതെയും ചിലപ്പോൾ എല്ലാവിഭാഗങ്ങളേയും സംബന്ധിപ്പിച്ചും ഉള്ള മറെറാരുതരം കവിതകൂടി ഇപ്പോൾ പ്രചാരത്തിലിരിക്കുന്നുണ്ടു്. അതിനു "മിസ്റ്റിക്" കവിത എന്നു് അഭിധാനം ചെയ്യപ്പെട്ടുപോരുന്നു. ആ കാവ്യത്തെപ്പററിയും മഹാപണ്ഡിതനായ ഡി. പത്മനാഭനുണ്ണി അവർകൾ ചില നിൎവ്വചനങ്ങൾ നൽകിയിട്ടുണ്ടു്. അവ പ്രത്യേകം ശ്രദ്ധേയങ്ങളാണു്. "'ഗൂഢാൎത്ഥകവിത,' 'ആദ്ധ്യാത്മികതത്വവാദകവിത,' 'ഗുപ്തഭാവമായ ആദ്ധ്യാത്മികകാവ്യം,' 'രഹസ്യവാദകവിത' എന്നിങ്ങനെ പലവിധ

ത്തിൽ വിമശ്കന്മാർ അതിനെ വ്യാഖ്യാനിച്ചുവരുന്നു. ഇവയിലെല്ലാററിലും അതിവ്യാപ്തി, അവ്യാപ്തി മുതലായ ദോഷങ്ങൾ കാണുന്നതുകൊണ്ടു് ഇവയൊന്നും തന്നെ ആ കാൎയ്യരൂപം പൂൎണ്ണമായി കാണിക്കുന്നതിനു ശക്തമല്ല. 'ധ്യാനംകൊണ്ടും ആത്മസംയമനംകൊണ്ടും ഈശ്വരസായൂജ്യസമ്പാദനത്തിനുവേണ്ടി ശ്രമിക്കുന്നവൻ' അല്ലെങ്കിൽ 'ജ്ഞാനാതീതമായ ആദ്ധ്യാത്മിക തത്വബോധാനുഭൂതിയിൽ വിശ്വസിക്കുന്നവൻ' എന്നാണു് ആ പദത്തിനു നിഘണ്ടുവിൽ അൎത്ഥം കൊടുത്തിരിക്കുന്നതു്. ഗ്രീക്കുഭാഷയിൽ 'ചുണ്ടു കൂട്ടുക,' 'കണ്ണടയ്ക്കുക' എന്നീ അൎത്ഥങ്ങളുള്ള ഒരു വാക്കിൽ നിന്നാണു് ഇതുത്ഭവിച്ചിട്ടുള്ളതു്. ചുണ്ടു കൂട്ടിയിരിക്കുക എന്നുള്ളതിൽനിന്നും 'രഹസ്യം' എന്നു് അൎത്ഥഗൎഭപ്രൌഢമായ ഒരു ആഗന്തുകാൎത്ഥം ആ പദത്തിനുണ്ടായി. അതിനാൽ 'മിസ്റ്റിസിസം' എന്നതിനു 'രഹസ്യാനുഭൂതി' എന്നു് അൎത്ഥം പറയാമെന്നു തോന്നുന്നു. ലോകത്തിലുണ്ടായിട്ടുള്ള ഏററവും വലിയ ചിന്തകന്മാർ ഈ രഹസ്യാനുഭൂതിയോടു കൂടിയവരായിരുന്നു. അതിനു വശഗനായ ഒരാളിന്റെ ഏററവും സാരമായ സ്വഭാവത്തിന്റെ കേന്ദ്രം ഈ ആത്മാനുഭൂതിയിലാണു് സ്ഥിതിചെയ്യുന്നതു്. ഈദൃശ സ്വഭാവവിശേഷത്തിനു വശഗന്മാരായവർ സത്യത്തെ പല കോടികളിൽനിന്നു വീക്ഷിക്കുകയും പല വികാരങ്ങളിൽക്കൂടി രൂപാന്തരീകരിക്കുകയും ചെയ്തിട്ടുള്ളതുകൊണ്ടു് അവരുടെ വിവരണങ്ങൾ ചി

ലപ്പോൾ പരസ്പരവിരുദ്ധങ്ങളാണെന്നുകൂടി തോന്നിയേക്കാം; എങ്കിലും അവർ എല്ലാവരും ഒരു കാൎയ്യത്തിൽ യോജിക്കുന്നു. ബാഹ്യമായ നാനാത്വത്തിന്റെ അടിയിൽ ശാശ്വതമായ ഒരു ഐക്യം ഉണ്ട്. ആ ഐക്യത്തെ സന്ദൎശിക്കുകയാണ് രഹസ്യാനുഭൂതിയുടെ ബീജം. അതുകൊണ്ട് മിസ്റ്റിസിസം അല്ലെങ്കിൽ രഹസ്യാനുഭൂതി എന്നതു് വിവിധവസ്തുക്കളിൽ അന്തൎല്ലീനമായിരിക്കുന്ന ഐക്യം വാസനകൊണ്ട് അനുഭവിച്ചറിഞ്ഞിട്ടുള്ള ഹൃദയത്തിന്റെ ഒരു സ്ഥിതിവിശേഷമാണെന്നു വിവരിക്കാവുന്നതാണ്. ഇതുതന്നെയാണ് ഭഗവൽഗീതയിൽ,

"സൎവ്വഭൂതേഷു യേനൈകം
ഭാവമവ്യയ മീക്ഷതെ
അവിഭക്തം വിഭക്തേഷു
തജ്ഞാനം വിദ്ധി സാത്വികം"

എന്നുപറഞ്ഞിരിക്കുന്നതു്. ഇതിൽനിന്നും നമ്മെ ചുററിയിരിക്കുന്ന ചരാചരങ്ങളായ സകല വസ്തുക്കളും ഈശ്വരചൈതന്യത്തിന്റെ പ്രത്യക്ഷ ലക്ഷ്യങ്ങളാണെന്നും അവയിൽ അന്തൎഭവിച്ചിരിക്കുന്ന ഈശ്വരചൈതന്യം മാത്രമാണ് നിത്യമെന്നും ഊഹിക്കേണ്ടിയിരിക്കുന്നു. ഈ വിശ്വാസമാണ് മിസ്റ്റിസിസത്തിന്റെ പ്രഥമഗണനീയമായ തത്വം. ഈശ്വരചൈതന്യം മനസ്സിലാക്കണമെങ്കിൽ നമ്മളും ഈശ്വരതുല്യന്മാരാകണം. രഹസ്യാനുഭൂതിക്കു വശംവദരായ തത്വ

ജ്ഞാനികളുടേയും, കവികൾ, ഗായകന്മാർ മുതലായ കലാകാരന്മാരുടേയും ജീവിതോദ്ദേശ്യം ഈശ്വരസായൂജ്യമാകുന്നു. അങ്ങനെയുള്ളവർ ആ വിശ്വാസം വച്ചുകൊണ്ടിരിക്കുന്നതു് അവരുടെ ആഭ്യന്തരാനുഭവം കൊണ്ടാകുന്നു. അവരുടെ ആഭ്യന്തരദൃഷ്ടിക്കു വിഷയമായ ചിലതിൽനിന്നും അവർ അനുഭവിക്കുന്ന അനിർവ്വാച്യമായ ആനന്ദമാണ് മററുള്ളവരുടെ ഹൃദയത്തിലേയ്ക്കു പകർത്തുവാൻ അവർ ശ്രമിക്കുന്നതു്.

ഈ രഹസ്യാനുഭൂതി ഭാരതീയരായ നമ്മുടെ സമ്പാദ്യമാണ്. വേദങ്ങളും ഉപനിഷത്തുകളും ഇപ്രകാരമുള്ള കവിതകളാകുന്നു. സന്താപനിമഗ്നനായ വാല്മീകിയുടെ മനനഫലമാണ് രാമായണം. ശങ്കരഗുരുപാദരുടെ സകലകവിതകളിലും മിസ്റ്റിസിസം കാണുന്നുണ്ടു്. ഭക്തന്മാരായ ചെറുശ്ശേരി, എഴുത്തച്ഛൻ, പൂന്താനം മുതലായവരുടെ കവിതകളിലും ഈ അംശം ധാരാളമായി കാണുന്നുണ്ടു്. മൂടൽമഞ്ഞിൽക്കൂടി നോക്കിയാലെന്നപോലെ മിസ്റ്റിക് കവിതയിൽ ചിലതു് എത്ര സൂക്ഷിച്ചുനോക്കിയാലും യാതൊരർത്ഥവും മനസ്സിലാക്കുവാൻ കഴിയുന്നവയായിരിക്കുകയില്ല. എങ്കിലും ജന്മസിദ്ധമായ വാസനകൊണ്ടു് അനുഗൃഹീതന്മാരായ ചുരുക്കം ചില സൌന്ദര്യാരാധകന്മാരുണ്ടു്."

അവരിൽ പ്രധാനപ്പെട്ട ഒരു കവികോകിലമാണ് വിദ്വാൻ ജി. ശങ്കരക്കുറുപ്പവർകൾ. അദ്ദേഹം സാഹിത്യകൌതുകം, സ്വപ്നസൌധം, വിലാസലഹരി, സൂര്യകാന്തി, നവാതിഥി, ധർമ്മരശ്മി മുതലായ കാവ്യ

ഭൂഷണങ്ങളണിയിച്ചു കൈരളിയെ പ്രീണിപ്പിക്കുക യും, മിസ്റ്റിസിസം എന്ന കവിതാപ്രസ്ഥാനത്തെ പ്ര ചരിപ്പിക്കുകയും, പ്രകൃതിശക്തിയെ മററുള്ളവക്കു വെ ളിപ്പെടുത്തിക്കൊടുക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന ഒ രു ചിന്തകനാണു്. അതിനാൽ മലയാളത്തിൽ ഖ ണ്ഡകവിതാപ്രസ്ഥാനത്തിന്നു് അധികമായ പരിഷ്കാ രവും വളച്ച്യും സിദ്ധിച്ചിട്ടുണ്ടു്. ആധുനിക യുവക വികളിൽ പ്രധാനസ്ഥാനത്തിന്നു് അഹ്നായ അദ്ദേഹ ത്തിൻെറ കവിതകളെല്ലാം ആശയഗാംഭീയ്യം, രചനാ സൌകുമായ്യം ആദിയായ ഗുണങ്ങളാൽ സരസഗംഭീര ങ്ങളും ഹൃദയസ്പൃക്കുകളുമായവയാണു്. കാലപ്രതാപ ത്തിൻെറ കാക്കശ്യത്തെപ്പററി പ്രതിപാദിച്ചിരിക്കുന്ന ഈ കൃതിയുടെ ആശയഗാംഭീയ്യവും പ്രയോഗവൈശദ്യ വും പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു.]

(കേക)

ജീനിയും കടിഞ്ഞാണു മില്ലാതെ മുൻപോട്ടേത്തും
ഗ്ലാനി കൂടാതോടുന്നു കാലമാം ജവനാശ്വം.
അതി വിസ്തൃതാകാശസൈകതാന്തത്തിൽ ക്കാണാം
പതിയും കുളമ്പിൻ പാടാദിത്യചന്ദ്രന്മാരായു്.
പകലീ മഹാസത്വം വമിക്കും നുര; പാദ-
പതനോത്ഥമാം ധൂളിമണ്ഡലം തമോ ജാലം.
പുഷ്കല പ്രഭങ്ങളാം സന്ധ്യകൾ പൊടി പാററി
നിഷ്കമ്പം പ്രശോഭിക്കും ചാമരശിഖാപൂഗം

അത്യന്തവേഗം പായുമിപ്പെരുംകുതിരയെ
നിത്യതയ്യെഴും കൊച്ചുപൈതങ്ങൾ–നക്ഷത്രങ്ങൾ–
പ്രകടാത്ഭുതോൽഫുല്ല നിന്നിമേഷ നേത്രത്താ-
ലകലെ ത്തിക്കിക്കൂടി നിന്നു സംവീക്ഷിക്കുന്നു.
ഖുര ധൂളിയാൽ മഹാ സാഗരം നികരുന്നു,
ഖുര പാതത്താൽ കുന്നു മായുന്നു നിഴൽ പോലെ!

എന്തിനാ ണെവിടേയ്ക്കാ ണാരയച്ച തീവാജി?
പിൻതിരിക്കാതോടുന്നു വട്ടത്തിൽ ച്ചുററി ച്ചുററി.
ഭാവിയെസ്സമാക്രമിക്കുന്നു ദുർല്ലഭ മസ്സ-
ജ്ജീവിതം ചവിട്ടിത്തേച്ചീമൃഗം വീണ്ടും വീണ്ടും.
സീമയില്ലാതേ പിൻപിൽക്കിടക്കും നിഴലിനെ-
ബ്ഭീമ ഭൂതകാലത്തെ-നോക്കിയാലതിൽ ക്കാണാം.
മൂകമായ് പൊടി മൂടിക്കിടക്കും മതഭേരി;-
യാകവേ ചിതൽ തിന്ന മാണിക്യ കിരീടങ്ങൾ,
സ്വച്ഛ സദ്യശസ്സു പണ്ടാർജ്ജിച്ചു ലസിച്ചാലും
തുച്ഛമായ് ത്തുരുമ്പായിക്കിടക്കും കൈവാളുകൾ;
ലോകതത്വത്തെപ്പററി പ്രകടം പ്രസംഗിച്ചു
മൂകമായ് നിലം പൊത്തി ജ്ജീർണ്ണിച്ച വദനങ്ങൾ.
സുന്ദരപ്രകൃതി തൻ കുറവും തീക്കാൻ തീന്നാ-
നന്ദദായകമായി വത്തിച്ച തങ്കത്തൂവൽ;
ഒരു വെട്ടലാൽ ന്നൂറു മാനസം നുറുക്കിപ്പ-
ണ്ടരുമപ്പേരാർജ്ജിച്ചു മണ്ണായ പുരികങ്ങൾ;
പ്രാണനായ് വിൽക്കാശെണ്ണി പ്പെരുക്കി പ്പെരുക്കിത്താൻ
ക്ഷീണമായ് നിലം ചേന്ന മാംസള കരാഗ്രങ്ങൾ!

കാലമേ ദയാഹീനമാകിയഭവദീയ-
ലീല മേ വളൎത്തുന്നു വിസ്മയം, ഭയം, ശോകം.

---

## 14. പുൽക്കുട്ടിലെ രാജകുമാരകൻ.

പാണ്ഡിത്യമുള്ളവരും വാസനയുള്ളവരും കവിതകളെഴുതാറുണ്ട്. പണ്ഡിതന്മാർ പരിചയംമൂലം മനോഹരങ്ങളായ കവിതകളെഴുതുവാൻ ശക്തിയുള്ളവരായിത്തീരുന്നു. അവരാണ് പണ്ഡിതകവികൾ. വാസനമൂലം കവിതാനിൎമ്മാണത്തിൽ അഭ്യാസദാർഢ്യം സിദ്ധിച്ചിട്ടുള്ളവരത്രേ വാസനാകവികൾ. ആ ഇരുകൂട്ടൎക്കും കവിലോകത്തിൽ സുപ്രതിഷ്ഠ ലഭിക്കുന്നതാണ്. പാണ്ഡിത്യവും വാസനയും സമ്മേളിച്ചുണ്ടായ സാമൎത്ഥ്യത്താൽ അനുഗൃഹീതന്മാരായ കവിശ്രേഷ്ഠന്മാർ സൎവ്വരാലും ആദരണീയന്മാരായിരിക്കുമെന്നുള്ളതിനു സംശയമില്ല. യശശ്ശരീരികളായ കേരളവ്യാസൻ, കേരളകാളിദാസൻ, വെണ്മണിമഹൻനമ്പൂരിപ്പാട്, കൊച്ചുണ്ണിത്തമ്പുരാൻ, കെ. സി. കേശവപിള്ള, മൂലൂർ എസ്. പത്മനാഭപ്പണിക്കർ, കുമാരനാശാൻ എന്നീ സരസകവികൾ വാസനയും പാണ്ഡിത്യവും തികഞ്ഞ കവിശ്രേഷ്ഠന്മാരായിരുന്നു. വാസനാകവിയെന്നു പേരെടുത്തിട്ടുള്ള ഒരു മഹാകവിയായിരുന്നു ഒടുവിൽ കുഞ്ഞുകൃഷ്ണമേനോൻ. ആ സഹൃദയാഗ്രേസരനേപ്പോലെ ഇന്നു

ള്ള വാസനാകവികളിൽ ഒട്ടും അപ്രധാനമല്ലാത്ത സ്ഥാനത്തിന് അർഹനാണ് സരസഗായകകവി വിദ്വാൻ കെ. എം. മാത്തൻതരകൻ എം. ആർ. എസ്സ്. എൽ. അവർകൾ. കൈരളീലീല, പൌരുഷകഥകൾ മുതലായി അനേകം ഗ്രന്ഥങ്ങളും മററനവധി ഖണ്ഡകൃതികളും ഗാനങ്ങളും അദ്ദേഹം ഭാഷാസാഹിത്യത്തിന് ഉപഹാരമായി നൽകിയിട്ടുണ്ട്. അദ്ദേഹത്തിൻെറ ഖണ്ഡകാവ്യങ്ങളെല്ലാം ഹൃദയംഗമങ്ങളാണ്. ഭാഷാമാധുര്യ്യം, ഭാവനാസൌകുമാര്യ്യം അലങ്കാരപ്രാചുര്യ്യം മുതലായ ഗുണങ്ങൾ അദ്ദേഹത്തിൻെറ കവിതകൾക്കുള്ള വൈശിഷ്ട്യങ്ങളാകുന്നു.

ദേവകുമാരകനായ ശ്രീയേശുവിൻെറ അവതാരത്തെക്കുറിച്ചുള്ള ഒരു ഖണ്ഡകൃതിയാണ് "പുൽക്കൂട്ടിലെ രാജകുമാരകൻ." ക്രിസ്തുഭഗവാൻെറ ശക്തിമാഹാത്മ്യം, മഹാത്യാഗം, വിനയം, സ്നേഹം മുതലായവയെക്കുറിച്ച് ഏററവും തന്മയത്വത്തോടുകൂടി കവി ഇതിൽ പ്രകടമായി പ്രതിപാദിച്ചിരിക്കുന്നു. ക്രിസ്തുവിൻെറ അവതാരാനന്തരഘട്ടത്തിൽ പ്രത്യക്ഷപ്പെട്ട പ്രകൃതിവിലാസങ്ങളെ വർണ്ണിക്കുന്നതിൽ കവിക്കുള്ള ഭാവനാവിലാസവും സൌന്ദര്യ്യാവബോധവും പ്രകൃതിപ്രേമവും ഈ ഖണ്ഡകൃതിയിൽ തെളിഞ്ഞു കാണുന്നുണ്ട്.]

(മാകന്ദമഞ്ജരി)

വിഷ്ടപ നാഥ കുമാരകൻ, കേവലം
മാട്ടിൻ തൊഴുത്തിൽ ഭൂജാതനായി.

കട്ടിപ്പൊൻ തൊട്ടിലിൽ താലോല മാടേണ്ടോൻ
കാട്ടു കല്ലിന്മേൽ കിടന്നുറങ്ങി.
പട്ടു ന്നൂലേകം പുഴക്കളെ സൃഷ്ടിപ്പോൻ
പൊട്ടപ്പഴന്തുണി ത്തുണ്ടണിഞ്ഞു.
വിശ്വവൃത്താന്തത്തിൻ മാഞ്ഞഭാഗങ്ങളെ
വായിപ്പാൻ കെല്പുള്ള ദിവ്യനെന്യേ,
മററാരറിയുന്നു സമ്പൽ പ്രഭാവത്തിൻ
മാററവും മാഹേന്ദ്ര ജാലങ്ങളും,
ഇന്നു വിൺമണ്ഡല ത്തട്ടോട്ടു മല്ലിട്ടും
മന്ദിരം നാളെ പ്പൊടിപ്പടലം.
കല്ലൊളി വീശുന്ന പൊന്മുടി ചൂടുവോൻ
നാളെപ്പെരുവഴി പ്പിച്ചക്കാരൻ.
പട്ടിൽപ്പൊതിയുന്ന പൂമേനി വേഗം മൺ-
കട്ടയായ് മാറേണ്ടും മാംസഖണ്ഡം,
ഇങ്ങനെയുള്ളൊരു സംസാര നാടക-
രംഗം പുതുക്കുവാൻ വന്ന ദേവൻ,
കന്നാലിക്കൂട്ടിനെ ത്തന്നെ നരക്കാദ്യം
കാട്ടിയതെത്രയു മത്ഥ ഗർഭം,
ശുദ്ധിയും ധാവള്യ വായ്പും കലരുന്ന
ദുഗ്ദ്ധം ജഗത്തിനു നൽകിടുന്ന,
ഗോകുല മേലുന്ന സ്നേഹവും ത്യാഗവും
നാകലോകേശനെ പ്രീതനാക്കി.
സ്വന്ത സന്താനങ്ങൾ പട്ടിണിയാകട്ടെ,
സ്വന്ത മെയ്യേററം ചടച്ചീടട്ടെ;
കാര്യമറിയാതെ തൻപരിപാലകൻ
ക്രൂരനായ് താഡന മേകീടട്ടെ;

കത്തിയുമായി ക്കശാപ്പുകാർ തന്നുടെ
കണ്ടു മറുക്കാ നൊരുങ്ങിടട്ടെ
തന്മുല പ്പാലിനാലന്യരേ പ്പോററുവാ-
നെന്നു മജ്ജീവികൾ സന്നദ്ധങ്ങൾ
ആരറിഞ്ഞീടുന്നു സർവ്വേശ ലീല തൻ
സാരവും ശാശ്വത സൌന്ദര്യ്യവും?
കോകില ഭേലവ കണ്ടു വിപഞ്ചിയിൽ
കാഞ്ചന ക്കമ്പികൾ പാകുന്നതും
പുമ്മയൂരത്തിൻെറ മഞ്ജുള പിഞ്ഛത്തെ
പൊൽക്കസവിട്ടു വിളക്കുന്നതും,
പൂ മധുവുണ്ണുവാൻ മണ്ടുന്ന കാർവണ്ടിൻ
പത്രത്താൽ തംബുരു മീട്ടുന്നതും,
പൂങ്കോഴികൾക്കെഴും കണ്ഠനാളങ്ങളെ
പാവന കാഹള മാക്കുന്നതും,
മിന്നാമിനുങ്ങിൻെറ മേനിയെ രാത്രിയിൽ
പൊന്നും പ്രദീപമായ് തീക്കുന്നതും,
ചിത്രശലഭത്തിൻ പത്രങ്ങളിൽ പ്പല
ചിത്രങ്ങൾ ഭംഗ്യാ വരയ്ക്കുന്നതും,
യാതൊരു ഭാവനാ ശക്തനാം സ്രഷ്ടാവാ-
ണാ തിരുമേനി ജഗത്സ്വരൂപൻ!
ഗോക്കൾ കടിച്ചു മണപ്പിച്ചു തള്ളിയ
പുൽക്കൊടി മിതെ കിടന്നീടുന്നു.
പാരത്രികാഭനാം രാജകുമാരകൻ
പാരിൻെറ പാലന ഭാരമെല്ലാൻ,
ഉദ്യോഗിച്ചോരാ നിശീഥിനി യെത്രയും
ശാന്ത മനോജ്ഞമായ് ലാലസിച്ചു.
മന്ദ സമീരണൻ കൌതുകാവിഷ്ടനായ്
മന്നിട നായക സ്തോത്ര ഗീതം,

ചൂളത്തിൽ മൂളിക്കൊണ്ടംഭോനിധിയുടെ
ലോലമാം മേനിയിലുമ്മവച്ചു.
ആശുഗൻ മന്ത്രിച്ച ദിവ്യ സന്ദേശം കേ-
ട്ടാഴി മറന്നു പോയ് നിത്യനൃത്തം,
രാപ്പാടി പ്പക്ഷികൾ നിശ്ചല കല്ലോല-
തല്പത്തിൻ മേലേ ചെന്നാവസിച്ചു.
നക്ഷത്ര പാളികൾ പാരം കുതൂഹല-
മക്ഷികളെല്ലാം തുറന്നു നോക്കി.
ദേവകുമാരകൻ വാഴും തൊഴുത്തൊരു
സൌവർണ്ണ സൌധമായ് ത്തീർന്നു വേഗം.
പ്രാഭാതികാഭ പരന്നതു കണ്ടിട്ടു-
മഭ്രം വെടിഞ്ഞില്ലുഡുക്കളൊന്നും.
"മാറുവിൻ! മാറുവിൻ! വാസര നാഥന്റെ
തേരൊലി കേൾക്കുന്നു വാനിലെങ്ങും."
ഏവമുഷഃകാല ദൂതനാം ഭാർഗ്ഗവൻ
വെമ്പലോടോതട്ടെ നൂറുവട്ടം,
കോടി സൂര്യാഭ കലർന്നു വിളങ്ങിടും
കന്യാ തനൂജന്റെ മേനി നോക്കി,
കണ്ണു മറിക്കാതെ നിശ്ചലരായ് നിന്നു
വിണ്ണാകും മച്ചിലാ ത്താരകങ്ങൾ,
പൊന്നുണ്ണിത്തമ്പുരാൻ വാത്സല്യ ശ്രീയാളും
പൊൽക്കര ത്തണ്ടുകളൊന്നുയർത്തി,
ചോരിവായ് മെല്ലെ വിടുർത്തി യുഡുക്കളിൽ
പാരാതനുഗ്രഹ മാരി തൂകി.
വാഞ്ഛിതമൊക്കെ ഫലിച്ചതു പോലവേ
വാനിടം വി[illegible]

MUL
165332
165332
38260
032:1:9
G8
29 MAR 1956